൧. അഞ്ചൽ കൂലി മുൻകൂട്ടി തീൎക്കുന്നതായാൽ അഞ്ചൽ ഉരുപ്പടികൾക്കു താഴെപറയുന്ന നിരക്കിൽ കൂലി ചുമത്തുന്നതാകുന്നു.

എഴുത്തുകൾ.

൧ ത്രപാത്തുക്കത്തിൽ കവിയാത്ത ഒരെഴുത്തിനു	൧൦	കാശു.
൧ ത്രപാത്തുക്കത്തിൽ കവിഞ്ഞും, എന്നാൽ ൨ ത്രപാത്തുക്കത്തിൽ കവിയാതെയും ഉള്ള ഒരെഴുത്തിനു	൧൳	ചക്രം
കൂടുതലുള്ള ഓരോ ൨ ത്രപാത്തുക്കത്തിനും അതിന്റെ അംശത്തിനും	൧൳	ചക്രം

അഞ്ചൽ കാർഡുകൾ.

ഒരു കാർഡിനു ...	൬	കാശു.

പുസ്തകക്കെട്ടുകളും മാതൃകക്കെട്ടുകളും

ഓരോ ൧൦ ത്രപാത്തുക്കത്തിനൊ അതിന്റെ അംശത്തിനൊ	൧൦	കാശു

കുറിപ്പ്— പുസ്തകക്കെട്ടുകൾക്കു അനുവദിച്ചിട്ടുള്ള പരമാവധി ൪൦൦ ത്രപാത്തുക്കവും മാതൃകക്കെട്ടുകൾക്കു ൪൦ ത്രപാത്തുക്കവും ആകുന്നു.

രജിസ്റ്റർചെയ്ത വൎത്തമാനപ്പത്രങ്ങൾ.

൮ ത്രപാത്തുക്കത്തിൽ കവിയാത്ത ഒരു വൎത്തമാനപ്പത്രത്തിനൊ അനുകാലിക ഗ്രന്ഥത്തിനൊ	൩	കാശു
൮ ത്രപാത്തുക്കത്തിൽ കവിഞ്ഞും ൪൦ ത്രപാത്തുക്കത്തിൽ കവിയാത്തതും ആയ ടി	൧൨	കാശു
ഇതിൽ കവിഞ്ഞ ഓരോ ൪൦ ത്രപാത്തുക്കത്തിനും അതിന്റെ അംശത്തിനും	൧൨	കാശു.

ബങ്കികൾ.

൨൦ ത്രപാത്തുക്കത്തിൽ കവിയാത്ത ബങ്കി ഒന്നിനു	൩	ചക്രം
൨൦ ത്രപാത്തുക്കത്തിൽ കവിഞ്ഞു, ൪൦ ത്രപാത്തുക്കത്തിൽ കവിയാത്തതും ആയ ടി	൪൴	ചക്രം.
ഇതിൽ കവിഞ്ഞ ഓരോ ൪൦ ത്രപാത്തുക്കത്തിനും അതിന്റെ അംശത്തിനും	൪൴	ചക്രം.
രജിസ്റ്റർഫീസ് ...	൩	ചക്രം.
രസീതു ...	൧	ചക്രം.

അഞ്ചലിൽ അയച്ചതിനു സർട്ടിഫിക്കെററു കൊടുക്കുന്നതിനുള്ള നിരക്കു കൂലി

൩ എഴുത്തുകൾക്കും കെട്ടുകൾക്കും കൂടി അഥവാ
൪൨ ബങ്കികൾക്കും വി. പി. കെട്ടുകൾക്കും കൂടി ൧ കാശു.

അടിയന്തിരക്കൂലി

പകൽ ഒരു മൈലിനു	...	൭	ചക്രം
രാത്രിയിൽ ഒരു മൈലിനു	...	൧൪	ചക്രം.

൨. അഞ്ചൽ കൂലി തീർക്കാതിരിക്കുകയോ തീർത്ത കൂലി മതിയാകാതിരിക്കുകയോ ചെയ്താൽ അഞ്ചൽ ഉരുപ്പടികൾ കൊടുക്കുമ്പോൾ താഴെ പറയുന്ന നിരക്കിൽ അഞ്ചൽക്കൂലി ചുമത്തുന്നതാകുന്നു.—

കൂലിതീർക്കാത്ത കത്തിനൊ കെട്ടിനൊ	ആദ്യം തീർക്കേണ്ട കൂലിയുടെ ഇരട്ടി
കുറവായിട്ടു കൂലിതീർന്ന കത്തുകൾക്കൊ കെട്ടുകൾക്കൊ	കുറവുള്ള കൂലിയുടെ ഇരട്ടി

൨-ാം ഭാഗം.

അഞ്ചൽ ഉരുപ്പടികളെ അഞ്ചൽമാർഗ്ഗം അയയ്ക്കുന്നതിനുള്ള
പ്രധാന നിബന്ധനകൾ.

കത്തുകൾ.

൩. അഞ്ചൽ കൂലി മുൻകൂട്ടി തീർത്തിട്ടൊ തീർക്കാതെയൊ കത്തുകൾ അഞ്ചൽ മാർഗ്ഗം അയയ്ക്കാവുന്നതാണ്. കൂലിതീർക്കാത്ത കത്തുകൾ കൂട്ടിൽ അടച്ചിട്ടുള്ളതായാലും അല്ലെങ്കിലും അവയെ അയയ്ക്കുന്നവർ ഭദ്രമായി അടച്ചിരിക്കേണ്ടതും ഭദ്രമായി അടയ്ക്കാതെ അഞ്ചലിൽ ഇട്ടിട്ടുള്ള ആ വക വല്ല കത്തിനേയും ൧൨൨-ാം ചട്ടപ്രകാരം ഉടൻതന്നെ നശിപ്പിക്കുന്നതിനായ് അഞ്ചൽ സൂപ്രണ്ടിന്റെ ആഫീസിലേക്കു അയയ്ക്കുന്നതും ആകുന്നു.

അഞ്ചൽ കാർഡുകൾ

൪. കുടികൾ ഉണ്ടാക്കുന്ന ഒററകാർഡുകൾ അഞ്ചൽ കാർഡുകളെപ്പോലെ അഞ്ചൽമാർഗ്ഗം അയയ്ക്കാവുന്നതാകുന്നു. എന്നാൽ

(എ) അവയിൽ അഞ്ചൽ സ്റ്റാമ്പു ഒട്ടിച്ചു അഞ്ചൽ കൂലിമുഴുവൻ മുൻകൂട്ടി തീർത്തിരിക്കേണ്ടതും,

(ബി) അവയുടെ വലിപ്പം ൫½ ഇഞ്ചുനീളം ൩½ ഇഞ്ചു വീതിയിൽ കവിയാതെയും ൪½ ഇഞ്ചുനീളം ൨൩ ഇഞ്ചു വീതിയിൽ കുറയാതെയും ഇരിക്കേണ്ടതും,

(സി) ഘനത്തിന്റെ വിഷയത്തിൽ അവ അഞ്ചൽ ആഫീസിൽ നിന്നു കൊടുക്കുന്ന കാർഡുകളെക്കാൾ കട്ടികുറഞ്ഞവയൊ വളയുന്നവയൊ ആയിരുന്നുകൂടാത്തതും ആകുന്നു.

൫. അഞ്ചലാഫീസിൽ നിന്നു കൊടുക്കുന്ന സർക്കാർ അഞ്ചൽ കാർഡുകളുടെ മേൽവിലാസവശത്തു അച്ചടിക്കുന്നതെല്ലാം കുടികൾ ഉണ്ടാക്കുന്ന കാർഡുകളുടെ മേൽവിലാസവശത്തും അച്ചടിക്കാവുന്നതാണ്.

(൨) അഞ്ചൽ കാർഡിനെ മടക്കുകയോ മുറിക്കുകയോ മററു വിധത്തിൽ ഭേദപ്പെടുത്തുകയോ ചെയ്തുകൂടാ. എന്നാൽ മേൽ പറഞ്ഞ അഞ്ചൽ മുദ്രയുള്ള പക്ഷം ആ മുദ്രയെ അടയാളലിപികളുടെ ആകൃതിയിൽ സ്വീകരിക്കപ്പെടുത്താവുന്നതാണ്. അഞ്ചൽ കാർഡിനെ യാതൊരുവിധത്തിലുള്ള കൂട്ടിലും അടക്കം ചെയ്തുകൂടാത്തതാകുന്നു.

(൩) അഞ്ചൽ കാർഡിന്റെ മേൽവിലാസവശം വലത്തു പകുതി എഴുത്തുകൈപ്പറ്റുന്ന ആളിന്റെ മേൽവിലാസം എഴുതുന്നതിനും മുൻകൂട്ടി കൂലി തീർക്കുന്നതിനു ആവശ്യമുള്ള സ്റ്റാമ്പു ഒട്ടിക്കുന്നതിനും (സ്റ്റാമ്പു കഴിയുന്നതും വലത്തുവശം മേൽഭാഗത്തെ കോണിൽ ഒട്ടിക്കണം) "രജിസ്റ്റർചെയ്തതു" എന്നും "രസീതു അയക്കണം" എന്നുമുള്ള അഞ്ചൽ വക നിയമങ്ങളോ എഴുതുന്നതിനുമായി എപ്പോഴും ഒഴിച്ചിട്ടിരിക്കേണ്ടതാകുന്നു. എന്നാൽ മേൽവിലാസവശത്തിന്റെ ഇടത്തു പകുതിയും പുറവശവും അയക്കുന്ന ആൾ എഴുതുവാനല്ലോ ഉപയോഗിക്കുകയൊ, ഈ ചട്ടത്തിലെ ൪-ാം ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്കുൾപ്പെട്ട, മററുവിധത്തിൽ വിനിയോഗിക്കുകയൊ ചെയ്യാവുന്നതാണ്.

കുറിപ്പ് ൧.—പതിപ്പു മുദ്രയുടെ മുകളിൽ മഹാരാജാവു തിരുമനസ്സിലെ രൂപത്തോടുകൂടി അഞ്ചലാപ്പീസിൽ നിന്നു കൊടുക്കുന്ന അഞ്ചൽകാർഡുകളുടെ മേൽവിലാസവശത്തുള്ള ലംബരേഖ ആ വശത്തെ രണ്ടു തുല്യഭാഗങ്ങളായി പകുക്കുന്നില്ലെങ്കിലും അങ്ങനെ പകുത്തിട്ടുള്ള ഭാഗങ്ങൾ ഈ ചട്ടത്തിലെ കാര്യത്തിനു "മേൽവിലാസവശത്തിന്റെ വലത്തു പകുതിയും" "മേൽവിലാസത്തിന്റെ ഇടത്തു പകുതിയും" ആയി ഗണിക്കപ്പെടേണ്ടതാകുന്നു.

കുറിപ്പ് ൨.—അഞ്ചൽ കാർഡുകളുടെ മേൽവിലാസവശത്തു വലത്തു മുകൾ ഭാഗത്തെ കോണിൽ അഞ്ചൽ സ്റ്റാമ്പു ഒട്ടിക്കേണ്ട സ്ഥലത്തെ കാണിക്കുന്നതിന്, സൂക്ഷ്മരേഖകൾ കൊണ്ടോ ചെറിയകുത്തുകൾ കൊണ്ടോ അടയാളപ്പെടുത്തപ്പെട്ട ഒരു ചെറിയ സ്ഥലം അനുവദിക്കപ്പെട്ടിരിക്കുന്നു.

(൪) (എ) അഞ്ചൽ കൂലിയും രജിസ്റ്റർ ഫീസും തീർക്കുന്നതിനൊ മുദ്രവില തീർക്കുന്നതിനൊ ഉള്ള സ്റ്റാമ്പുകൾ.

(ബി) കാർഡുവാങ്ങുന്നുള്ള ആളിന്റെ പേരും മേൽവിലാസവും അടങ്ങിയതും പശതേച്ചിട്ടുള്ളതുമായ ഒരു നറുക്ക്, (രണ്ടിഞ്ചുനീളം മുക്കാലിഞ്ചു വീതിയിൽ കവിയരുതു.)

(സി) കാർഡു് അയക്കുന്ന ആളിന്റെ പേരും മേൽവിലാസവും അടങ്ങിയ അതുപോലുള്ള ഒരു നറുക്ക്, (ഒട്ടു കടലാസ്.)

(ഡി) നല്ലോം നേർത്ത കടലാസിൽ ചെയ്യപ്പെട്ടിട്ടുള്ളവയും കാർഡിനോടു പൂർണ്ണമായി ഒട്ടിയിരിക്കുന്നവയുമായ കൊത്തുവേലകളും ഉദാഹരണചിത്രങ്ങളും വരച്ചുണ്ടാക്കിയ പടങ്ങളും ഛായാപടങ്ങളും,

ഇവയല്ലാതെ മററു യാതൊന്നും അഞ്ചൽ കാർഡിനോടു സംബന്ധിപ്പിച്ചുകൂടാത്തതാകുന്നു.

മുദ്രവില തീർക്കുന്നതിനുള്ള സ്റ്റാമ്പുകൾ അഞ്ചൽ കാർഡിന്റെ പുറവശത്തു മാത്രമേ പതിക്കാവൂ. (സി) (ഡി) ഖണ്ഡങ്ങളിൽ വിവരിച്ചിരിക്കുന്ന സാധനങ്ങളെ പുറവശത്തോ മേൽവിലാസവശത്തിൽ ഇടത്തു പകുതിയിലോ പതിക്കാവുന്നതാണ്.

൬. മുഴുവൻ അഞ്ചൽ കൂലിയും മുൻകൂട്ടി തീർക്കാതെ ഒരു അഞ്ചൽ കാർഡിനെ അഞ്ചലിൽ ഇടുന്നതായാൽ, ഉടൻ തന്നെ നശിപ്പിച്ചു കളയുന്നതിനു വേണ്ടി അതിനെ അഞ്ചൽ സൂപ്രണ്ടിന്റെ ആഫീസിലേക്കു അയക്കേണ്ടതും, ൪-ം ൫-ം ചട്ടങ്ങളാൽ ചുമത്തപ്പെട്ടിരിക്കുന്ന മററു വല്ല നിബന്ധനകളേയും ലംഘിക്കുന്നതായാൽ ആ അഞ്ചൽകാർഡിനെ ഒരു കത്തായി ഗണിക്കേണ്ടതുമാകുന്നു.

പുസ്തകക്കെട്ടുകൾ.

൭. ഒരു പുസ്തകക്കെട്ടിൽ താഴെ പറയുന്ന ഏതെങ്കിലും ഉരുപ്പടികൾ അടങ്ങിയിരിക്കാവുന്നതാണ്:—

(എ) എല്ലാ മാതിരി വർത്തമാനപത്രങ്ങളും പ്രസിദ്ധീകരണങ്ങളും അച്ചടിച്ചവയൊ അക്ഷരഗ്രന്ഥങ്ങളൊ ആയ പുസ്തകങ്ങൾ; കൊത്തുപണികൾ; ഛായാപടങ്ങളും വരപ്പു ചിത്രങ്ങളും പ്ലാനുകളും ദേശപടങ്ങളും അച്ചടിച്ച സംഗീതവും സംബന്ധപ്പെട്ട കയ്യക്ഷരപ്രതിയോടുകൂടിയൊ കൂടാതെയൊ ഉള്ള പ്രൂഫ് കടലാസുകളും; വെറുംകടലാസൊ തോൽ കടലാസൊ പലക കടലാസൊ (കാർഡ് ബോർഡ്) ഇവയും; അച്ചടികൊണ്ടൊ കൊത്തുപണികൊണ്ടൊ കല്ലച്ചുകൊണ്ടൊ പെരുക്കപ്പകപ്പുയന്ത്രംകൊണ്ടൊ, പകപ്പുയന്ത്രമൊ അച്ചെഴുത്തുയന്ത്രമൊ അല്ലാതെ, എളുപ്പത്തിൽ മനസ്സിലാക്കാവുന്ന മററുവല്ല യന്ത്രപ്രവർത്തനം കൊണ്ടൊ, സാമാന്യേനകടലാസിലൊ തോൽകടലാസിലൊപലകകടലാസിലൊ നിർമ്മിച്ചിട്ടുള്ളതായ യാതൊന്നും,

എന്നാൽ "അഞ്ചൽകാർഡു" എന്ന തലവാചകമുള്ള യാതൊരു കാർഡും ഒരു പുസ്തകക്കെട്ടായി ഉറപ്പായവിധത്തിൽ അഞ്ചൽമാർഗ്ഗം അയയ്ക്കാൻ അനുവദിക്കപ്പെടുന്നതല്ല.

(ബി) ഒരു കത്തിന്റെയൊ സ്വകാര്യസംബന്ധമായ എഴുത്തുകുത്തിന്റെയൊ മട്ടിലല്ലാത്ത ആധാരങ്ങൾ, ചരക്കുകയററിയതിനുള്ള രസീതുകൾ, ചരക്കു വിവരപട്ടികകൾ, കണക്കുകൾ, രക്ഷാഭോഗത്തിനുള്ള അപേക്ഷകളും രക്ഷാഭോഗത്തിനുള്ള ഉടമ്പടികളും, മുക്തിയാർനാമങ്ങൾ, അനുവാദപത്രങ്ങൾ, സർക്കാർ ഉദ്യോഗസ്ഥന്മാരൊ സർക്കാർഉദ്യോഗസ്ഥന്മാർക്കൊ അവരുടെ ഉദ്യോഗനിലയിൽ അയയ്ക്കുന്ന വിവരകണക്കുകൾ, കയ്യക്ഷരത്തിലുള്ള സംഗീതം ഉൾപ്പെടെ സ്വന്ത എഴുത്തുകുത്തിന്റെ മട്ടിലല്ലാത്ത എല്ലാ മാതിരി കയ്യക്ഷരപ്രതികളും, ഇങ്ങനെ മുഴുവനുമൊ ഏതാനും ഭാഗമൊ കൈകൊണ്ടു എഴുതുകയൊ വരയ്ക്കുകയൊ ചെയ്യപ്പെട്ടിട്ടുള്ള തൊഴിൽ സംബന്ധമായ എഴുത്തുകുത്തുകൾ.

(സി) മുമ്പിൽ അഞ്ചൽമാർഗ്ഗം അയച്ചിട്ടുള്ളവയും അവയുടെ ആദ്യപ്രയോജനം സാധിച്ചു കഴിഞ്ഞവയുമായ പഴയ കത്തുകൾ;

(ഡി) അച്ചെഴുത്തു സമ്പ്രദായത്തിൽ മുഴുവനുമൊ ഏതാനുമൊ അച്ചടിച്ചതൊ ക്രോമോഗ്രഫിയും മിമിയോഗ്രഫിയുംപോലെ പകപ്പുകളെ നിർമ്മിക്കുന്നതിനുള്ള ഏതെങ്കിലും യന്ത്രപ്രവർത്തനത്താൽ കയ്യക്ഷരത്തിലൊ അച്ചെഴുത്തിലൊ ഉള്ള അസലിൽ നിന്നു് മുഴുവനുമൊ ഏതാനുമൊ അച്ചടിച്ചതൊ പകർത്തിയതൊ ആയ പ്രമാണങ്ങൾ; എന്നാൽ ആവയെ (i) അഞ്ചലാപ്പീസിലെ കൌണ്ടറിലൊ (പണംമേണ്ണുന്നതിനുള്ളമേശ) ജനലിലൊകൂടി അകത്തേക്കു കൊടുക്കുകയും (ii) അവ ഈ ഉപഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന മാതിരി പ്രമാണങ്ങളാണെന്നുള്ള സംഗതി കൌണ്ടറിന്റെയൊ ജന്നലിന്റെയൊ അവിടെ ഉള്ള ക്ലാർക്കിനെ പ്രത്യേകമായി ധരിപ്പിക്കുകയും; (iii) ശരിയായി ഒരേമാതിരിയിൽ ഉള്ള ഇരുപതു പ്രതിയെങ്കിലും ഒരേസമയത്തു അഞ്ചലിൽ ഇടുകയും ചെയ്യേണ്ടതാകുന്നു;

(ഇ) സർക്കുലറുകൾ, അതായതും അച്ചടിച്ച നോട്ടീസുകളും അച്ചടിച്ച എഴുത്തുകളും; എന്നാൽ അവയിൽ (എ) അച്ചടിത്തീയതികളുടെ സത്യമുള്ള ലകൾ (ബി) അയക്കുന്ന തീയതിയും അയക്കുന്ന ആളിന്റെ പേരും മേൽവിലാസവും വിവരണവും ആക്ക അയക്കുന്നവരോ അവരുടെ മേൽവിലാസവും (സി) സർക്കുലർ ഒരുസഭായോഗത്തെപ്പറ്റിയോ കൂടിക്കാണുന്നതിനുള്ള നിശ്ചയത്തെ പറ്റിയോ ഉള്ള അറിയിപ്പ് ആയിരിക്കുമ്പോൾ സ്ഥലവും തീയതിയും മണിക്കൂറും ഒരു സഭായോഗത്തെപ്പറ്റിയുള്ള അറിയിപ്പിന്റെ സംഗതിയിൽ, ആ യോഗത്തിന്റെ ഉദ്ദേശവും, ഇവയല്ലാതെ കയ്യെഴുത്തായി യാതൊന്നും ഉണ്ടായിരിക്കാൻ പാടില്ലാത്തതാകുന്നു.

കുറിപ്പ്:—"അച്ചടി" എന്നാൽ എളുപ്പത്തിൽ മനസ്സിലാക്കാവുന്ന ഏതുമാതിരി അച്ചടിയും, കല്ലച്ചടിയും, കൈകൊണ്ട് അച്ചു പതിക്കലും, അല്ലെങ്കിൽ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതും ഒരേ മാതിരിയിൽ അനേകം എഴുത്തു പ്രതികൾ എടുക്കുന്ന വകയ്ക്കു സാധാരണമായി ഉപയോഗിക്കുന്ന വല്ല യന്ത്രപ്രവർത്തന സമ്പ്രദായവും എന്നു അർത്ഥമാകുന്നു.

"എഴുത്തു":—എന്നതിൽ അതെച്ചെഴുത്തും ഒററയായ ഒരു പ്രമാണത്തെ നിർമ്മിക്കുന്നതിനു സാധാരണമായി ഉപയോഗിക്കുന്ന വല്ല യന്ത്രമൂലമോ മററുവിധമോ ആയ സമ്പ്രദായവും ഉൾപ്പെടുന്നതാണ്.

(ഫ) മേൽപറഞ്ഞ ഉരുപ്പടികളിൽ ഏതിനോടും അതു അഞ്ചൽമാർഗ്ഗം സുരക്ഷിതമായി അയക്കുന്നതിനു ആവശ്യമുള്ള ഉറയോ മറ്റോ മുതലായ ഏതു സാധനവും അയക്കാവുന്നതും (എ) ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന ഏതു ഉരുപ്പടികളോടുംകൂടി അവയോടു അനുബന്ധങ്ങളോ അല്ലാത്തതോ ആയി ന്യായമായ വല്ല ബൈണ്ടും ചട്ടക്കൂട്ടും പൊതിഞ്ഞുകെട്ടും, പാക്കററ്‌പുസ്തകത്തിന്റെ സംഗതിയിൽ പേനകളും പെൻസിലുകളും ഛായാപട പുസ്തകത്തിന്റെ വിഷയത്തിൽ ഛായാപടങ്ങളും വിസിററിങ്ങ്‌കാർഡിന്റെ (നാമപത്രം) സംഗതിയിൽ കാർഡുറപ്പുറകളും മുതലായി, ആ മാതിരി ഉരുപ്പടികളോടു സാധാരണ സംബന്ധപ്പെട്ട ഏതു സാധനവും അയയ്ക്കാവുന്നതും ആകുന്നു.

(ന) അച്ചടിക്കുന്നതിനുള്ള കയ്യക്ഷരപ്രതി (ബി) ഖണ്ഡത്തിലെ അർത്ഥപ്രകാരം സ്വകാര്യസംബന്ധമായ എഴുത്തുകുത്തിന്റെ സ്വഭാവത്തിൽ ഗണിക്കപ്പെടുന്നതല്ലാത്തതും അതിനെ ഒരു പുസ്തകക്കെട്ടായി അയയ്ക്കാവുന്നതും ആകുന്നു.

വ്വ. ഒരു കത്തിന്റെയോ സ്വകാര്യം സംബന്ധിച്ച എഴുത്തുകുത്തിന്റെയോ സ്വഭാവത്തിലുള്ള യാതൊരു വർത്തമാനവും ഒരു പുസ്തകക്കെട്ടിനോടുകൂടി അടക്കം ചെയ്യുകയോ ആ കെട്ടിന്റെ ഉള്ളടക്കത്തിന്മേൽ എഴുതുകയോ ചെയ്യുകൂടാത്തതാകുന്നു.

എന്നാൽ അയയ്ക്കുന്ന ആൾ ആരെന്നോ ഉരുപ്പടികൾ കൈപ്പററേണ്ട ആൾ ആരെന്നോ വിവരിക്കുന്ന ലേഖനത്തെ അക്കട്ടെ രേഖപ്പെടുത്തലിനെ ആകട്ടെ അല്ലെങ്കിൽ ക്രിസ്തുമസ്, ആണ്ടുപിറപ്പു, പിറന്നാൾ ഇവ സംബന്ധിച്ചയക്കുന്ന കാർഡുകളിലും അതുമാതിരി ഉരുപ്പടികളിലും കേവലം ഉപചാരമായ കുശലവാദങ്ങൾ എഴുതിയൊ മററുവിധത്തിലൊ രേഖപ്പെടുത്തുന്നതിനെയാകട്ടെ ഈ ചട്ടത്തിൽ ഉള്ള യാതൊന്നും വിലക്കുന്നതായി ഗണിക്കപ്പെടുന്നതല്ല.

ൻ. ഒരു പുസ്തകക്കെട്ടിൽ "കടലാസ്‌നാണയം" അടങ്ങിയിരിക്കാൻ പാടില്ല; ഈ ചട്ടത്തിലെ കാര്യങ്ങൾക്കായി "കടലാസ് നാണയം" എന്നതിൽ മുദ്രയേൽക്കപ്പെടാത്ത അഞ്ചൽസ്റ്റാമ്പുകളും മററുസ്റ്റാമ്പുകളും കറൻസിനോട്ടുകളും,

ഹുണ്ഡികളും, ചെക്കകളും, ബാങ്ക്നോട്ടകളും, ബാങ്ക് പോസ്റ്റ്ബില്ലുകളും, കൈമാററപ്പത്രങ്ങളും (ബിൽആഫ്എക്സ്ചേൻജ്), പണം കൊടുക്കുന്നതിനുള്ള എല്ലാ നിയോഗങ്ങളും അധികാരങ്ങളും ഉൾപ്പെടുന്നതാകുന്നു.

വിവരണം. അയയ്ക്കുന്ന ആൾക്കോ അയാൾ പറഞ്ഞിരിക്കുന്ന മററു വല്ലയാൾക്കോ അഞ്ചൽമാൎഗ്ഗം തിരിച്ചെ അയച്ചുകൊടുക്കുന്ന വകക്കായി സ്റ്റാമ്പു പതിച്ചതും മേൽവിലാസം എഴുതിയതും ആയ ലക്കോട്ടോ (എൻവലപ്പ്) അഞ്ചൽകാർഡൊ അടങ്ങിയ പുസ്തകക്കെട്ടിനെ ഈ ചട്ടം സംബന്ധിക്കുന്നതല്ല.

൭൦. ഒരു പുസ്തകക്കെട്ടിന്റെ ആകൃതി ഏതുവിധത്തിലും ഇരിക്കാം. എന്നാൽ അതിന്റെ വലിപ്പമാകട്ടെ രണ്ടടി നീളം ഒരടി വീതി ഒരടി ഘനത്തിൽ കവിഞ്ഞുകൂടാത്തതാകുന്നു. ആ പുസ്തകക്കെട്ട് ഒരു ചുരുളിന്റെ ആകൃതിയിൽ ഇരുന്നാൽ അതിന്റെ നീളം മുപ്പതു ഇഞ്ചിൽ കവിഞ്ഞു കൂടുന്നതല്ല.

എന്നാൽ നീളം ഇരുപത്തിനാലു ഇഞ്ചിൽ (രണ്ടടി) കവിഞ്ഞിരിക്കുന്നതായാൽ വ്യാസം നാലു ഇഞ്ചിൽ കവിഞ്ഞുകൂടാത്തതാകുന്നു.

൭൧. ഒരുപുസ്തകക്കെട്ടിനെ ഒരു കൂട്ടിലാക്കാതെയൊ ഒട്ടിച്ചിട്ടില്ലാത്ത ഒരു ലക്കോട്ടിലൊവല്ല മുദ്രയും പൊട്ടിക്കാതെയൊ വല്ല കടലാസും കീറാതെയൊ ഒട്ടിച്ചിട്ടുള്ള വല്ല സ്ഥലത്തേയും നീക്കംചെയ്യാതെയൊ പരിശോധനവകക്കായി എളുപ്പത്തിൽ മാററാവുന്ന ഒരു കൂട്ടിലൊ അഞ്ചലിൽ ഇടേണ്ടതാകുന്നു. ഒരു കൂടു കൂടാതെ അഞ്ചലിൽ ഇടുന്ന ഒരു പുസ്തകക്കെട്ടിനെ എളുപ്പത്തിൽ പരിശോധിക്കാൻ പാടില്ലാത്തവിധം ബന്ധിക്കുകയൊ മററു വിധത്തിൽ വല്ലതും ചെയ്യുകയൊ ചെയ്തുകൂടാത്തതാകുന്നു.

൭൨. ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടില്ലാത്ത വല്ലതും ഒരു പുസ്തകക്കെട്ടിൽ അടങ്ങിയിരിക്കുകയാകട്ടെ പുസ്തകക്കെട്ടു നിശ്ചിതമായ വലിപ്പത്തിൽ കവിഞ്ഞിരിക്കുകയാകട്ടെ ചട്ടമനുസരിച്ചല്ലാതെ കെട്ടിയിരിക്കുകയാകട്ടെചെയ്യുന്നതായി കണ്ടാൽ അതിന്റെ ചെലവുസമയം കത്തിനൊ ബങ്കിക്കൊ ഉള്ളകൂലി (അതിൽ ഏതുകുറവൊ അതു) ചുമത്തേണ്ടതാകുന്നു. എന്നാൽ അതിൽ പതിച്ചിരിക്കാവുന്ന വല്ല അഞ്ചൽ സ്റ്റാമ്പുകളേയും കൂലിനിശ്ചയിക്കുന്നതിൽ കണക്കാക്കേണ്ടതാകുന്നു.

൭൩. വിവേചനം കൂടാതെ അഞ്ചൽ മുഴുവനുംകൂടി പെരുമാറുന്നതു നിമിത്തം കുഴപ്പം കൊണ്ടുപോകുന്നതിനൊ ചെലവുചെയ്യുന്നതിനൊ താമസം വരുന്ന സംഗതികളിൽ പുസ്തകക്കെട്ടുകൾ (വൎത്തമാനപത്രങ്ങൾ ഒഴികെ കൂടുതൽ ആഫീസിൽ ഒരു ദിവസത്തിൽ കവിയാത്തകാലത്തേക്കും ചെലവാഫീസിൽ അടുത്ത ചെലവുസമയം വരേയും വച്ചുകൊള്ളുന്നതാകുന്നു.

മാതൃകക്കെട്ടുകൾ.

൭൪. (൧) വില്ക്കാൻ തക്ക വില ഇല്ലാത്തവയായി ഉത്തമവിശ്വാസപ്രകാരമുള്ള ചരക്കിന്റെ മാതിരികളൊ മാതൃകകളൊ പുസ്തകക്കെട്ടായി അയക്കാവുന്ന വല്ല സാധനത്തോടുകൂടിയൊ കൂടാതെയൊ ഒരു മാതൃകക്കെട്ടിൽ ഉണ്ടായിരിക്കാവുന്നതാകുന്നു. അയയ്ക്കുന്ന ആളിന്റെ പേരും മേൽവിലാസവും, ആൎക്ക് അയയ്ക്കുന്നുവൊ അയാളുടെ പേരും മേൽവിലാസവും, ചരക്കടയാളവും, നമ്പരുകളും, വിലകളും, വിക്രയത്തിനായി ഇരിപ്പുള്ളതിന്റെ തൂക്കം വലിപ്പം അല്ലെങ്കിൽ പരിമാണം ഇവയെ സംബന്ധിച്ച സൂചനകളും അല്ലാതെ ഒരു മാതൃകക്കെട്ടിന്റെ പുറത്താകട്ടെ ഉള്ളിലാകട്ടെ യാതൊരു കയ്യെഴുത്തും ഉണ്ടായിരിക്കരുത്.

(ഡ) പ്രകൃതി ചരിത്രസംബന്ധമായ വസ്തുക്കളും ഉണക്കിയതോ കേടുവരാതെ സൂക്ഷിക്കപ്പെട്ടിട്ടുള്ളതോ ആയ മൃഗങ്ങളും ചെടികളും മുതലായ ശാസ്ത്രസംബന്ധമായ മാതൃകകളും അതുപോലുള്ള മററ വസ്തുക്കളും മാതൃകപെട്ടികൾക്കുള്ള അഞ്ചൽ കൂലിയുടെ നിരക്കിൽ അഞ്ചൽമാർഗ്ഗം അയയ്ക്കുന്നതിനായി സ്വീകരിക്കപ്പെടുന്നതാണ്. എന്നാൽ അവ കച്ചവടകാര്യത്തിനായി അയച്ചുകൂടാത്തതും സാമാന്യമായി മാതൃകപെട്ടികൾക്കു നിശ്ചയിച്ചിട്ടുള്ളവിധത്തിൽ കെട്ടപ്പെട്ടിരിക്കേണ്ടതും ആകുന്നു.

൧൩. ഒരു മാതൃകപ്പെട്ടിയുടെ നീളം രണ്ടടിയിലും വീതി ഒരടിയിലും ഘനം ഒരടിയിലും കവിഞ്ഞുകൂടാത്തതാകുന്നു.

൧൪. മാതൃകപ്പെട്ടിയെ ഒരു കൂട്ടുകൂടലേയോ രണ്ടററവും തുറന്നതായ ഒരു കുട്ടിലോ ഒട്ടിച്ചിട്ടില്ലാത്ത ഒരു ലക്കോട്ടിലോ ഉള്ളടക്കം ഉടൻ പരിശോധിക്കുന്നതിനായ് എളുപ്പത്തിൽ മാററാവുന്ന മററ കൂട്ടിലോ ആക്കി അഞ്ചലിൽ ഇടേണ്ടതാകുന്നു.

(ഡ) ഒട്ടിച്ചിട്ടില്ലാത്തതോ മാററാവുന്നതോ ആയ ലക്കോട്ടുകളിൽ അയക്കാൻ പാടില്ലാത്ത വിത്തുകൾ, ഔഷധങ്ങൾ, മററ സാധനങ്ങൾ ഇവയുടെ മാതിരികളെ പെട്ടികളിലോ സഞ്ചികളിലോ അടക്കംചെയ്തു അയയ്ക്കാവുന്നതും എന്നാൽ അവ എളുപ്പത്തിൽ തുറക്കത്തക്കവിധം അടച്ചിരിക്കേണ്ടതും ആകുന്നു. അയയ്ക്കുന്ന ആൾ തന്റെ മേൽവിലാസവും പൂർണ്ണമായ കയ്യൊപ്പും വച്ചു ഉള്ളടക്കങ്ങളുടെ സ്വഭാവത്തെ അടപ്പിൽ സാക്ഷിപ്പെടുത്തുന്നതായാൽ, ആവശ്യപ്പെട്ട പക്ഷം, മേൽപറഞ്ഞ സാധനങ്ങൾ കാററു കടക്കാത്ത പെട്ടികളിലും അയയ്ക്കാവുന്നതാകുന്നു. ഈ സർട്ടിഫിക്കേററിന്റെ ആവശ്യത്തിനു, ഒരു വ്യാപാരസംഘത്തിന്റെ മുദ്ര പതിച്ചിരുന്നാൽ അതിനെ അയയ്ക്കുന്ന ആളിന്റെ കയ്യൊപ്പിന്റെ സ്ഥാനത്തു സ്വീകരിക്കാവുന്നതാകുന്നു.

(ണ) കണ്ണാടി സാമാനങ്ങൾ അഞ്ചലിനോ അഞ്ചലാഫീസിലെ ഉദ്യോഗസ്ഥന്മാർക്കോ യാതൊരു ഉപദ്രവം ഉണ്ടാകാതിരിക്കത്തക്കവിധത്തിൽ, ഉറപ്പായി (ലോഹം കൊണ്ടോ മരംകൊണ്ടോ തോലുകൊണ്ടോ കാർഡുബോർഡു കൊണ്ടോ ഉള്ള പെട്ടികളിൽ,) അടച്ചു കെട്ടിയിരിക്കേണ്ടതാകുന്നു.

(ത) ദ്രവങ്ങളും, എണ്ണകളും എളുപ്പത്തിൽ ദ്രവമായിത്തീരുന്ന കൊഴുപ്പു സാധനങ്ങളും കാററു കടക്കാത്ത കണ്ണാടിക്കുപ്പികളിൽ അടക്കം ചെയ്തിരിക്കേണ്ടതാകുന്നു. കുപ്പി ഉടഞ്ഞുപോകുന്നപക്ഷം ആ ദ്രവത്തെ കുടിച്ചുകളയാൻ വേണ്ടടത്തോളം ഈർച്ചപ്പൊടിയോ പഞ്ഞിയോ ദ്രവഗ്രാഹിയായ മററു സാധനമോ അടച്ചിട്ടുള്ള മരപ്പെട്ടിയിൽ ഓരോ കുപ്പിയും വച്ചിരിക്കേണ്ടതാകുന്നു. ഒടുവിൽ ആ പെട്ടിയെ തന്നെ തിരുകടപ്പോടുകൂടിയ ഒരു ലോഹപ്പെട്ടിയിലോ മരപ്പെട്ടിയിലോ കട്ടിയും ബലവും ഉള്ള തോൽപ്പെട്ടിയിലോ അടക്കം ചെയ്യേണ്ടതു മാകുന്നു.

വിവരണം. ഏററവും ഘനംകുറഞ്ഞ ഭാഗത്തു ൧/൧൦ ഇഞ്ച് ഘനമെങ്കിലും ഉള്ളതും ദ്രവഗ്രാഹിയായ സാധനം വേണ്ടടത്തോളം അടച്ചിട്ടുള്ളതും മൂടിയുള്ളതും സുഷിരങ്ങൾ ഉള്ളതുമായ മരംകൊണ്ടുള്ള ബ്ലോക്കുകൾ ഉപയോഗിക്കുമ്പോൾ ആ ബ്ലോക്കുകളെ രണ്ടാമതു ഒരു പെട്ടിയിൽ അടയ്ക്കണമെന്നില്ല.

(ഥ) കുഴമ്പുകൾ മൃദുവായ സോപ്പുകൾ മരക്കറകൾ മുതലായി എളുപ്പത്തിൽ ദ്രവിക്കാത്ത കൊഴുപ്പുപദാർത്ഥങ്ങളെ ആദ്യമായി ഒരു കൂട്ടിൽ (പെട്ടി, ചണത്തുണിയോ തോൽക്കടലാസോ കൊണ്ടുള്ള സഞ്ചി മുതലായവ അടക്കംചെയ്തു അതിനെ മരമോ ലോഹമോ കട്ടിയും ബലവുമുള്ള തോലോ കൊണ്ടുള്ള മററൊരു പെട്ടിയിൽ, അടക്കേണ്ടതാകുന്നു.

(൩) ചായങ്ങൾ ആയിരുന്നാലും അല്ലെങ്കിലും ഉണങ്ങിയ പൊതികളെ കാർഡ്ബോർഡ്കൊണ്ടുള്ള പെട്ടികളിൽ വച്ച് ആ പെട്ടികളെ ചണത്തുണിയൊ തോൽക്കടലാസൊ കൊണ്ടുള്ള സഞ്ചിയിൽ അടക്കം ചെയ്യേണ്ടതാകുന്നു.

൧൭. (൧) ഒരു മാതൃകക്കെട്ടിൽ ചട്ടങ്ങളാൽ അനുവദിക്കപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും സാധനം അടങ്ങിയിരിക്കുകയാകട്ടെ, അതു നിശ്ചിതമായ വലിപ്പത്തേയും തൂക്കത്തേയും അതിക്രമിയ്ക്കുകയാകട്ടെ, ചട്ടങ്ങൾ അനുസരിച്ചല്ലാതെ പൊതിഞ്ഞു കെട്ടിയിരിയ്ക്കുകയാകട്ടെ ചെയ്യുന്നതായി കണ്ടാൽ ചെലവുസമയം അതിന്മേൽ കത്തിനൊ ബുക്കിനോ ഉള്ള കൂലി (ഏതു കുറവൊ അതു ചുമത്തേണ്ടതാകുന്നു. എന്നാൽ കൂലി നിശ്ചയിക്കുമ്പോൾ അതിൽ പതിച്ചിരിക്കാവുന്ന അഞ്ചൽ സ്റ്റാമ്പുകളെ കണക്കു കൂട്ടേണ്ടതാകുന്നു.

(൨) ൧൩-ാം ചട്ടം ൨ മുതൽ ൩ വരെ ഖണ്ഡങ്ങളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും സാധനങ്ങളുടെ മാതിരികൾ അടങ്ങിയിട്ടുള്ള ഒരുകെട്ടു അതിൽ നിശ്ചയിച്ചിരിയ്ക്കുന്ന വിധം കെട്ടിയിട്ടില്ലാത്തപക്ഷം അതിനെ അയച്ചുകൂടാത്തതാകുന്നു.

൧൮. അഞ്ചൽ മേൽവൻകൂടി വിവേചനം കൂടാതെ പെരുമാറുന്നതു നിമത്തം കത്തുകൾ അയക്കുന്നതിനൊ കൊടുക്കുന്നതിനൊ താമസം വന്നുപോകുന്ന സംഗതികളിൽ മാതൃകക്കെട്ടുകളെ കൂടുതൽ ആഫീസിൽ ഒരുദിവസത്തിൽ കവിയാത്ത കാലത്തേക്കും ചെലവാഫീസിൽ അടുത്ത ചെലവു സമയം വരേയും വച്ചുകൊള്ളാവുന്നതാകുന്നു.

രജിസ്റ്റർചെയ്ത വത്തമാനപ്പത്രങ്ങൾ.

൧൯. താഴെ ചേത്തിരിക്കുന്ന നിബന്ധനകൾ അനുസരിച്ചു അവയെ അഞ്ചലിൽ ഇടുന്ന പക്ഷം തിരുവിതാംകോട്ടു അഞ്ചൽ റെഗുലേഷൻ ൧൦-ാം വകുപ്പിനാൽ നിവ്ചിക്കപ്പെട്ടതുപോലെയുള്ള വത്തമാനപ്പത്രങ്ങൾ രജിസ്റ്റർചെയ്ത വത്തമാനപ്പത്രങ്ങളായി അഞ്ചൽ മാഗ്ഗം അയക്കപ്പെടുന്നതാകുന്നു.

(എ) വത്തമാനപ്പത്രത്തെ അഞ്ചൽ സൂപ്രണ്ടിന്റെ ആഫീസിൽ രജിസ്റ്റർചെയ്യേണ്ടതും ഏതു മലയാളവർഷത്തിൽ രജിസ്റ്റർ ചെയ്യുന്നുവൊ ആ വർഷത്തിന്റെ അവസാനത്തിൽ ആ രജിസ്ട്രേഷന്റെ ബലം അവസാനിക്കുന്നതും ആ ഏപ്പാടിൻപ്രകാരമുള്ള അവകാശത്തെ പിന്നെയും നിലനിത്തണമെന്നു ആഗ്രഹിക്കുന്നതായാൽ ആവത്തിച്ചു രജിസ്റ്റർ ചെയ്യേണ്ടതുമാകുന്നു.

(ബി) അഞ്ചൽകൂലി സ്റ്റാമ്പായി മുൻകൂട്ടി തീക്കണം.

(സി) വത്തമാനപ്പത്രത്തിന്റെ മേൽവിലാസത്തിനു നേർമുകളിലായി "രജിസ്റ്റർ ചെയ്തതു" എന്നവാക്കും ആയതിനെ തുടൎന്നു അഞ്ചൽസൂപ്രണ്ടു ആ പത്രത്തിനു കൊടുത്തിരിക്കേണ്ട രജിസ്റ്റർ നമ്പരും അച്ചടിച്ചിരിക്കേണ്ടതാകുന്നു.

(ഡി) വത്തമാനപ്പത്രത്തെ അതു പ്രസിദ്ധപ്പെടുത്തുന്ന സ്ഥലത്തുഅതിന്റെ ഉടമസ്ഥനൊ മാനേജരൊ പ്രസിദ്ധം ചെയ്യുന്ന ആളൊ അഞ്ചലിൽ ഇടേണ്ടതാകുന്നു.

(ഇ) വത്തമാനപ്പത്രത്തെ രണ്ടറ്റവും തുറന്നതായ ഒരു കുറിയ കുട്ടിലാക്കി അഞ്ചലിൽ ഇടേണ്ടതാകുന്നു.

(എഫ്) വത്തമാനപത്രം ആക്കയയ്ക്കുന്നുവൊ അയാളുടെ പേരും മേൽവിലാസവും, വേണമെന്നു തോന്നിയാൽ, വത്തമാനപത്രത്തിന്റെയോ അയക്കുന്ന ആളിന്റെയോ പേരും മേൽവി

വാസവും ഒഴികെ വർത്തമാനപ്പത്രം പ്രസിദ്ധപ്പെടുത്തിയതിനു ശേഷം അതിന്മേലൊക്കെയോ അതിന്റെ കുടിന്മേലൊക്കെയോ യാതൊരു വാക്ക അച്ചടിച്ചിരിക്കുകയോ അതിന്മേലോ അതിന്റെ കൂട്ടിന്മേലോ വല്ല എഴുത്ത് അടയാളമോ വരയ്ക്കുകയോ ചെയ്യുകൂടാത്തതാകുന്നു.

(ങ) അഞ്ചൽ റഗുലേഷൻ ൫൦-ാം വകുപ്പിൽ വിവരിച്ചിരിക്കുന്നപ്രകാരമുള്ള ഒരു വിശേഷാൽ കടലാസോ സപ്ലിമെന്റോ അല്ലാതെ യാതൊരു കടലാസുകളെ വസ്തുവായുള്ള വർത്തമാനപത്രത്തിന്റെ അകത്തോ പത്രത്തോടു ചേർത്തോ അടക്കം ചെയ്യുകൂടുന്നതല്ല.

(ച) പുസ്തകക്കെട്ടുകൾക്ക നിശ്ചയിച്ചിട്ടുള്ള നിബന്ധനകളും നിരക്കുകളും അനുസരിച്ചു മററുപ്രതിയായോ മററു വിധത്തിലൊ വർത്തമാനപത്രങ്ങളെ അഞ്ചൽമാർഗ്ഗം അയക്കാൻ പാടില്ലെന്നു വിരോധിക്കുന്നതായി ഈ ചട്ടത്തിലുള്ള യാതൊന്നിനേയും ഗണിച്ചു കൂടുന്നതല്ല.

ബങ്കികൾ.

൨൦. ഒരു ബങ്കിയിൽ ഒരു കത്തിന്റെയോ സാക്ഷ്യസംബന്ധമായ എഴുത്തുകുത്തിന്റെയോ സ്വഭാവത്തിലുള്ള ഒരു വർത്തമാന എഴുത്ത് ഉണ്ടായിരിക്കാവുന്നതും ഒന്നിലധികം ഉണ്ടായിരിക്കാൻ പാടില്ലാത്തതും ആകുന്നു.

എന്നാൽ ആ ബങ്കിയുടെ മേൽവിലാസക്കാരനുതന്നെ ആ എഴുത്തിൽ മേൽവിലാസം വച്ചിരിക്കേണ്ടതാണ്.

൨൧. ഒരു ബങ്കി ൩൦൦ തൂക്കത്തിൽ കവിഞ്ഞുകൂടാത്തതും, അതിന്റെ വലിപ്പത്താലൊ ആകൃതിയാലൊ കെട്ടിന്റെ മാതിരിയാലൊ മററുകാരണത്താലൊ കഠിനമായ അസൌകര്യമൊ വൈഷമ്യമൊ കൂടാതെ, അഞ്ചൽമാർഗ്ഗം കൊണ്ടുപോകാൻ പാടില്ലാത്ത മാതിരിയിൽ ഇരുന്നുകൂടാത്തതും ആകുന്നു.

൨൨. ഒരു ബങ്കി അഞ്ചലിൽ കൊണ്ടുപോകുമ്പോൾ ഉള്ളടക്കങ്ങൾക്കു നഷ്ടമൊ കേടൊ വരാതെയും വ്യക്തമായി അവയെ ആരും പെരുമാറാതെയും അവയാൽ വല്ല വിധത്തിലും മററ അഞ്ചലുരുപ്പടികൾക്ക കേടുമുണ്ടാകാതെയും ഇരിക്കത്തക്കവിധത്തിൽ ഉറപ്പിച്ചിട്ടുള്ളതും യഥോചിതം ബലമുള്ളതുമായ ഒരു പെട്ടിയിലൊ ഉറയിലൊ (റാപ്പർ) കൂട്ടിലൊ അടക്കംചെയ്തു കെട്ടിയിരിക്കേണ്ടതാകുന്നു.

(൨) ദ്രവങ്ങളും എളുപ്പത്തിൽ ദ്രവിക്കുന്ന സാധനങ്ങളും ഇരട്ടയായ പാത്രത്തിൽ അടക്കം ചെയ്തു അയക്കേണ്ടതാണ്. ആദ്യത്തെ പാത്രത്തിന്റെയും (കുപ്പി, ഫ്ലാസ്ക്, മൺപാത്രം പെട്ടി മുതലായ) രണ്ടാമത്തെ പാത്രത്തിന്റെയും (അതു ലോഹംകൊണ്ടൊ ഉറപ്പുള്ള തടികൊണ്ടൊ ഉള്ള ഒരു പെട്ടിയിലായിരിക്കണം) ഇടയ്ക്കു ഈർച്ചപ്പൊടിയൊ തവിടൊ ദ്രവഗ്രാഹിയായ മററു സാധനമൊ കൊണ്ടു നിറയ്ക്കുന്നവക്കായി കുറെ സ്ഥലം വിട്ടിരിക്കേണ്ടതാകുന്നു.

൨൩. താഴെപറയുന്ന വ്യവസ്ഥകൾ അനുസരിച്ചു മനുഷ്യരുടേയും മററും അന്തരിന്ദ്രിയങ്ങൾ പരിശോധനയ്ക്കായി രസപരീക്ഷകന്മാർക്ക അയച്ചുകൊടുക്കാവുന്നതാകുന്നു.—

(എ) സംശയിക്കപ്പെട്ടതും പരിശോധനയ്ക്കായയ്ക്കേണ്ടതുമായ അന്തരിന്ദ്രിയമാകട്ടെ മററു പദാർത്ഥമാകട്ടെ കല്ലുടപ്പൊ കേടില്ലാത്ത

കിടേശോ കൊണ്ടു മൂടുക്കി അടച്ചിട്ടുള്ള കണ്ണാടിക്കുപ്പിയിലൊ ഭരണിയിലൊ അടക്കം ചെയ്തിരിക്കേണ്ടതാകുന്നു.

(ബി) കുപ്പിയുടെ കല്ലുപ്പാകട്ടെ കിടേശിമട്ടപ്പാകട്ടെ മൂടുകിച്ചേൎന്നിട്ടുണ്ടോ എന്നു നല്ലവണ്ണം സൂക്ഷിക്കേണ്ടതാണ്. കുപ്പിയുടെ അകത്തുള്ള സാധനത്തിന്റെ രക്ഷയ്ക്കായ് മെഴുകു ഒഴിച്ചുവച്ചിട്ടുള്ളപക്ഷം, ഈ കരുതൽ പ്രത്യേകിച്ചും ആവശ്യമാകുന്നു. അങ്ങനെയുള്ള സംഗതികളിൽ അടപ്പിന്റെ നാലുപുറവും കുപ്പിയുടെ വായ്ക്കൽ അതിന്റെ വക്കിനു ചുറ്റും തേൻമെഴുകൊ തിരിമെഴുകൊ കൊണ്ടു അടയ്ക്കേണ്ടതാകുന്നു. അടപ്പിനെ ബ്ലാഡർകൊണ്ടൊ തോലുകൊണ്ടൊ ഉറപ്പിച്ചു മുദ്രവെയ്ക്കുകയും ചെയ്യണം.

(സി) പിന്നീടു ആ കണ്ണാടിക്കുപ്പിയേയൊ ഭരണിയേയൊ ബലമുള്ള ഒരു മരപ്പെട്ടിയിലൊ തകരപ്പെട്ടിയിലൊ വയ്ക്കണം. കുപ്പിയുടെ അല്ലെങ്കിൽ ഭരണിയുടേയും പെട്ടിയുടേയും ഇടയിൽ കുറഞ്ഞപക്ഷം മുക്കാൽ ഇഞ്ചു വണ്ണത്തിൽ പഞ്ഞിയടയ്ക്കാൻതക്ക വലിപ്പം ആ പെട്ടിക്കു ഉണ്ടായിരിക്കേണ്ടതാണ്.

(ഡി) ആ പെട്ടിയെത്തന്നെ തുണികൊണ്ടു ഭദ്രമായി മൂടിക്കെട്ടി മുദ്രവെയ്ക്കണം. മുദ്രകൾ ഓരോ തയ്യൽവഴിയിലും ഇടയ്ക്കിടെ മുന്നു ഇഞ്ചിൽ കവിയാത്ത ദൂരത്തിൽ വെച്ചിരിക്കേണ്ടതും എല്ലാ മുദ്രകളും ഒരേമാതിരി മെഴുകിൽ ആയിരിക്കേണ്ടതും ഒരേ ചിഹ്നത്തിന്റെ വ്യക്തമായ പതിപ്പുകളെ വഹിച്ചിരിക്കേണ്ടതും ആകുന്നു. ആ ചിഹ്നം ഒരു നടപ്പുനാണയത്തിന്റെ രൂപമൊ ഇളക്കങ്ങളൊ വക്രങ്ങളൊ പരസ്പരഛേദിക്കുകളൊ ആയ ഏതാനും രേഖകൾ മാത്രമൊ ആയിരിക്കരുത്.

൨൪. ബങ്കിക്കുള്ള അഞ്ചൽകൂലിയും രജിസ്റ്റർ ചെയ്യുന്നുവെങ്കിൽ അതിലേക്കുള്ള ഫീസും മുഴുവൻ അഞ്ചൽ സ്റ്റാമ്പായി മുൻകൂട്ടി തീർക്കേണ്ടതാണ്. ആ സ്റ്റാമ്പുകളെ ബങ്കിയുടെ മൂട്ടിന്മേൽ പതിച്ചിരിക്കണം. അയയ്ക്കുന്ന ആളോ അയാളുടെ ദൂതനൊ തന്നെ ഈ സ്റ്റാമ്പുകൾ പതിക്കേണ്ടതും അഞ്ചൽ ഉദ്യോഗസ്ഥന്മാർ അവയെ പതിച്ചുകൂടുന്നതു നിഷ്കർഷമായി വിലക്കിയിരിക്കുന്നതും ആകുന്നു. അയയ്ക്കുന്ന ആൾ തന്നെ അങ്ങനെ പതിക്കാത്തപക്ഷം താൻ അഞ്ചൽ ആഫീസിൽനിന്നു പോകുന്നതിനു മുമ്പു തന്റെ മുമ്പിൽ വച്ചുതന്നെ സ്റ്റാമ്പു പതിപ്പിച്ചുകണ്ടുകൊള്ളുന്നതു നന്നായിരിക്കും.

൨൫. അഞ്ചൽമാൎഗ്ഗം അയയ്ക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ള എല്ലാ ബങ്കികളും അഞ്ചൽ ആഫീസിന്റെ ജന്നൽപ്പടിക്കൽ ഹാജരാക്കേണ്ടതും എഴുത്തുപെട്ടിയിൽ കാണപ്പെടുന്ന ഏതു ബങ്കിയേയും രജിസ്റ്റർ ചെയ്ത ബങ്കിയായി ഗണിച്ചു അതിനുള്ള കൂലിചുമത്തുന്നതുമാകുന്നു.

൨൬. ൨൨-ാം വകുപ്പിലെ ൨-ാം ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന വല്ല ഉരുപ്പടികളും അടങ്ങിയ ഒരു ബങ്കി അതിൽനിശ്ചയിച്ചിരിക്കുന്നമാതിരി കെട്ടിയിട്ടില്ലാത്തപക്ഷം അതിനെ അയച്ചുകൂടുന്നതല്ല.

൨൭. അഞ്ചൽ ഉരുപ്പടികളെ മുഴുവൻ വകതിരിക്കാതെ പൈതമാവുന്നതു നിമിത്തം എഴുത്തുകൾ അയയ്ക്കുന്നതിനു താമസമുണ്ടാകുന്ന സംഗതികളിൽ അടുത്ത അഞ്ചൽ അയയ്ക്കുന്നതുവരെ ബങ്കികളെ വച്ചേക്കാവുന്നതാകുന്നു.

—

വിലക്കിട്ടുള്ള സാധനങ്ങൾ.

൨൮. താഴെ പറയുന്ന സാധനങ്ങളെ അഞ്ചൽമാർഗ്ഗം അയച്ചുകൂടാത്തതാകുന്നു:—

(i) വ്യാജച്ചുരക്കോ ഗവണ്മെന്റിന്റെ തീരുവ ചെല്ലേണ്ടതോ ആയ വല്ല സാധനവും;

(ii) ഗവണ്മെന്റു വകയല്ലാതെയുള്ള അഫീൻ, അഫീൻചേന്ന എല്ലാ ക്ഷാരദ്രവ്യങ്ങളും, കറപ്പു, കഞ്ചാവ്, സിദ്ധി, കഞ്ചാച്ചെടിയിൽ നിന്നുണ്ടാക്കുന്ന മററു പദാർത്ഥങ്ങളും;

(iii) ആയുധങ്ങൾ, വെടിമരുന്നു, വെടിയുണ്ട മുതലായവ, യുദ്ധക്കോപ്പുകൾ

൨൯. വല്ല അഞ്ചലുരുപ്പടിയുടേയും ഉള്ളടക്കങ്ങൾ അഞ്ചൽകെട്ടിനോടോ അഞ്ചൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ആളിനു ഉപദ്രവമോ നേരിടാൻ ഇടയുണ്ടാകുന്നതായി ശങ്കിക്കുന്നതിനു ഒരു അഞ്ചൽമാസ്റ്റർക്കു മതിയായ കാരണമുള്ള ഏതു സംഗതിയിലും, സംശയിക്കപ്പെട്ട ഉരുപ്പടിയെ അയാൾ തടഞ്ഞുവെയ്ക്കയും ഉടൻതന്നെ അഞ്ചൽസൂപ്രണ്ടിന്റെ ഉത്തരവിനായി വിവരം എഴുതി അയയ്ക്കുകയും ചെയ്യേണ്ടതാകുന്നു.

൩൦. വല്ല അഞ്ചൽഉരുപ്പടിയിലേയും സാധനങ്ങൾ വ്യാജച്ചുരക്കോ തീരുവച്ചുരക്കോ ആണെന്നു സംശയിക്കുന്നതിനു ഒരു അഞ്ചൽമാസ്റ്റർക്കു മതിയായ കാരണമുള്ള ഏതു സംഗതിയിലും "സംശയമുള്ളതു" എന്നെഴുതി അതിനെ ചെലവാഫീസിലേക്കു അയക്കേണ്ടതും രേഖാമൂലം നോട്ടീസു കൊടുക്കപ്പെട്ടിട്ടുള്ള മേൽവിലാസക്കാരന്റെയോ അയാളുടെ ഏജന്റിന്റെയോ മുമ്പിൽവെച്ചു ചെലവാഫീസിലെ മാസ്റ്റർ അങ്ങിനെയുള്ള ഉരുപ്പടിയെ തുറക്കേണ്ടതുമാകുന്നു.

൩൦. (എ) തിരുവിതാംകൂറിലോ കൊച്ചീസംസ്ഥാനത്തോ ആരെങ്കിലും അയക്കുന്ന അഞ്ചൽഉരുപ്പടികളിലേയോ ബങ്കികളിലേയോ ഏതെങ്കിലും ഭാഗമോ അവ മുഴുവനായോ കറപ്പോ കഞ്ചാവോ മററു ലഹരിപദാർത്ഥമോ ആണെന്നു സംശയിക്കത്തക്ക വല്ല കാരണം തിരുവിതാംകൂറിൽ ഏതെങ്കിലും അഞ്ചൽമാസ്റ്റർക്കുണ്ടായിരുന്നാൽ തന്റെ ആഫീസു കുട്ടഞ്ചലാഫീസാണെങ്കിൽ അഞ്ചൽമാസ്റ്റർ അതിനെ അവിടെ തടഞ്ഞു വെയ്ക്കേണ്ടതും അല്ലാത്തപക്ഷം "സംശയം" എന്നടയാളപ്പെടുത്തി അതിനെ കുട്ടഞ്ചലാഫീസിലെ അഞ്ചൽമാസ്റ്റർക്കു അയച്ചുകൊടുക്കേണ്ടതുമാകുന്നു. ഏതുവിധമായാലും കുട്ടഞ്ചലാഫീസിലെ അഞ്ചൽമാസ്റ്റർ തന്റെ പേരിൽ അധികാരമുള്ളതായ അഞ്ചൽഇൻസ്പെക്ടർക്കു ഈ വിവരം ഉടൻതന്നെ റിപ്പോർട്ടു ചെയ്യേണ്ടതും അഞ്ചൽ ഇൻസ്പെക്ടർ അഞ്ചലാഫീസിൽ ചെന്നു അയച്ച ആളിന്റെയോ അയാളുടെ ഏജന്റിന്റെയോ മുമ്പിൽവെച്ചു, സംശയിക്കപ്പെട്ട ഉരുപ്പടിയേയോ ബങ്കിയേയോ തുറക്കേണ്ടതുമാകുന്നു. അയച്ച ആളിനോ അയാളുടെ ഏജന്റിനോ രേഖാമൂലമായ നോട്ടീസ് കൊടുക്കുകയും വേണം. ഉരുപ്പടിയുടേയോ ബങ്കിയുടേയോ സ്ഥിതിയേയും ഉള്ളടക്കത്തേയുംപററി ഒരു മഹസർ തയാറാക്കേണ്ടതാണ്. അയച്ച ആളോ അയാളുടെ ഏജന്റോ നിശ്ചയിച്ച സമയത്തിനു ഹാജരാകാതിരിക്കുകയാകട്ടെ അവരെ ഹാജരാക്കാൻ നിവൃത്തിയില്ലാതിരിക്കുകയാകട്ടെ ചെയ്താൽ സംശയിക്കപ്പെട്ട ഉരുപ്പടിയേയോ ബങ്കിയേയോ മാന്യരായ രണ്ടു സാക്ഷികളുടെ മുമ്പാകെ വച്ചു തുറന്നു പരിശോധിക്കുകയും അവരെക്കൊണ്ടു മഹസറിൽ ഒപ്പിടുവിക്കുകയും വേണം. ഉരുപ്പടിയിലോ ബങ്കിയിലോ അഫീനാകട്ടെ, കഞ്ചാവാകട്ടെ, ലഹരിസാധനങ്ങളാകട്ടെ ഉണ്ടായിരുന്നാൽ കഞ്ചാവ്റഗുലേഷനോ അഫീൻറഗുലേഷനോ പ്രകാരമുള്ള മേൽ

നടപടിക്കായി അഞ്ചൽഇൻസ്പെക്ടർ അതിനെ ഏററവും അടുത്തുള്ള എക്സൈസ് ഇൻസ്പെക്ടർക്ക അയക്കേണ്ടതാകുന്നു. ഉരുപ്പടിയിലൊ ബങ്കിയിലൊ അഫീനാകട്ടെ, കഞ്ചാവാകട്ടെ, ലഹരിസാധനങ്ങളാകട്ടെ ഇല്ലാതിരുന്നാൽ അതിനെ മേൽവിലാസക്കാരനു അയച്ചുകൊടുക്കേണ്ടതാണ്. സംശയിക്കപ്പെട്ട ഉരുപ്പടിയൊ ബങ്കിയൊ കൂട്ടതലാഫീസിൽ തടയുകയാകട്ടെ കൈപ്പററുകയാകട്ടെ ചെയ്തതിന്റെ ശേഷം ഇരുപത്തിനാലു മണിക്കൂറിനകം അഞ്ചൽഇൻസ്പെക്ടരെ വരുത്തുന്നതിനു സാധിക്കാത്തപക്ഷം അഞ്ചലാഫീസ് ഇരിക്കുന്ന സ്ഥലത്തു, അധികാരമുള്ള എക്സൈസ്ഇൻസ്പെക്ടർക്ക അഞ്ചൽമാസ്റ്റർ എഴുതിഅയക്കേണ്ടതാകുന്നു. എക്സൈസ് ഇൻസ്പെക്ടർ അഞ്ചലാഫീസിൽ ചെന്നു മേൽ നിർണ്ണയിച്ചിട്ടുള്ള വിധത്തിൽ ഉരുപ്പടിയൊ ബങ്കിയൊ തുറന്നു പരിശോധിക്കുകയും മേൽ നടപടി നടത്തുകയും ചെയ്യണം.

സംശയിക്കപ്പെട്ട ഉരുപ്പടിയൊ ബങ്കിയൊ കൂട്ടതലാഫീസിൽ തടയുകയാകട്ടെ കൈപ്പററുകയാകട്ടെ ചെയ്തതിന്റെശേഷം ഇരുപത്തിനാലു മണിക്കൂറിനകം എക്സൈസ് ഇൻസ്പെക്ടരെ വരുത്തുന്നതിനു സാധിക്കാത്ത പക്ഷം അഞ്ചൽഇൻസ്പെക്ടരൊ എക്സൈസ് ഇൻസ്പെക്ടരൊ വന്നുചേരുന്നതുവരെ അഞ്ചൽമാസ്റ്റർ ആ ഉരുപ്പടിയേയൊ ബങ്കിയൊ സൂക്ഷിച്ചുകൊള്ളേണ്ടതും അഞ്ചൽമാസ്റ്ററുടെ പക്കൽ നിന്നു അറിവു കിട്ടിയതിനു ശേഷം അഞ്ചൽഇൻസ്പെക്ടരൊ എക്സൈസ്ഇൻസ്പെക്ടരൊ സംശയിക്കപ്പെട്ട ബങ്കിയൊ ഉരുപ്പടിയൊ തുറക്കുന്നതിനായി താമസംകൂടാതെ അഞ്ചലാഫീസിൽ പോകേണ്ടതുമാകുന്നു.

൩൪. വല്ല അഞ്ചൽഉരുപ്പടിയിലും ആഭാസമായ അച്ചടി, ഛായാപടങ്ങൾ മുതലായവ പ്രത്യക്ഷമായി അടങ്ങിയിരിക്കുകയാകട്ടെ വല്ല എഴുത്തിന്റെയൊ കാർഡിന്റെയൊ മററു അഞ്ചലുരുപ്പടിയുടേയൊ പുറത്തു മയ്യാദകേടായൊ ആഭാസമായൊ രാജദ്രോഹമായൊ വഷളായൊ ഭീഷണിയായൊ തീരെ ക്ലേശപ്രദമായൊ ഉള്ള വല്ല വാക്കുകളൊ അടയാളങ്ങളൊ ചിത്രങ്ങളൊ ഉള്ളതായി കാണുകയാകട്ടെ ചെയ്താൽ, അഞ്ചൽസൂപ്രണ്ടിന്റെ അധികാരപ്രകാരം ഉടൻതന്നെ നശിപ്പിച്ചുകളയുന്നതിനായി അപ്രകാരമുള്ള ഉരുപ്പടികളെ അഞ്ചൽസൂപ്രണ്ടിന്റെ ആഫീസിലേക്ക അയയ്ക്കേണ്ടതാകുന്നു.

അഞ്ചൽ ഉരുപ്പടികളുടെ തിരിയെപ്പോക്ക.

൩൫. അഞ്ചലാഫീസിലെ ഒരു ഉദ്യോഗസ്ഥനൊ അഞ്ചൽ ഉരുപ്പടി കൊടുത്തതിനശേഷം മേൽവിലാസക്കാരന്റെ ഒരു ഏജന്റൊ അഞ്ചൽ നടപ്പുള്ള വല്ല സ്ഥലത്തേക്കും മടക്കി അയക്കുന്ന ഒരു അഞ്ചൽ ഉരുപ്പടിയെ വീണ്ടും അയക്കുന്നതിനു കൂലി കൂടാതെ, അഞ്ചൽമാർഗ്ഗം അയക്കേണ്ടതാകുന്നു. എന്നാൽ

(എ) രജിസ്റ്റർ ചെയ്യാത്ത ഒരു അഞ്ചലുരുപ്പടിയെ മേൽവിലാസക്കാരന്റെ ഏജന്റ മടക്കി അയയ്ക്കുമ്പോൾ, ആ ഉരുപ്പടി തുറന്നിട്ടില്ലാതിരിക്കുകയും അതിനെ അഞ്ചൽ ശിപായിയുടെ പക്കൽ മടക്കിക്കൊടുക്കുകയൊ ചെലവു സ്ഥലത്തു രണ്ടാമതും അഞ്ചലിൽ ഇടുകയൊ ചെയ്തിരിക്കുകയും വേണ്ടതാകുന്നു.

(ബി) രജിസ്റ്റർചെയ്ത ഒരു ഉരുപ്പടിയെ മേൽവിലാസക്കാരന്റെ ഏജന്റ തിരിച്ചയക്കുമ്പോൾ, ആ ഉരുപ്പടി തുറന്നിട്ടില്ലാതിരിക്കുകയും രസീതിൽ ഒപ്പിടാതെ രസീതു സഹിതം അതിനെ ചെലവു സ്ഥലത്തു വച്ചു അഞ്ചൽശിപായിയുടെ പക്കൽ മടക്കിക്കൊടുത്തിരിക്കുകയും വേണ്ടതാകുന്നു.

(൨) ഈ ചട്ടത്തിലെ ഒന്നാംഖണ്ഡികപ്രകാരം വല്ല സ്ഥലത്തേക്കോ ഒരു അഞ്ചൽഉരുപ്പടിയെ മടക്കി അയക്കുമ്പോൾ ആ സ്ഥലത്തെ അഞ്ചൽമാസ്റ്റർ, അഞ്ചൽസൂപ്രണ്ടിന്റെ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവിനാൽ

ഇക്കാര്യത്തിൽ അധികൃതനാക്കപ്പെട്ടിട്ടുള്ള പക്ഷം, തിരിച്ചയക്കപ്പെട്ട ഉരുപ്പടിയുടെ മേൽവിലാസക്കാരനോട് ചെലവു സമയം ആ ഉരുപ്പടിക്ക ഒരു [illegible] വേണമെന്ന് ആവശ്യപ്പെടാവുന്നതാകുന്നു.

൩൩. ചെലവുസ്ഥലത്തല്ലാതെ മറ്റേതു സ്ഥലത്തെങ്കിലും തുറന്നതിനശേഷം മടക്കി അയക്കുന്ന ഒരു അഞ്ചൽ ഉരുപ്പടിയെ ആദ്യമായി അഞ്ചലിൽ ഇട്ട ഒരു അഞ്ചൽഉരുപ്പടിയായി ഗണിക്കേണ്ടതും അതനുസരിച്ച് അഞ്ചൽ കൂലി ചുമത്തേണ്ടതും ആകുന്നു. ചിലവു കഴിഞ്ഞതും രജിസ്റ്റർ ചെയ്തതുമായ ഒരു ഉരുപ്പടിയെ രജിസ്റ്റർചെയ്ത ഒരു ഉടമ്പടി ആദ്യമായി അയയ്ക്കുന്നതിന നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾക്കുടപ്പെട്ട മാത്രമേ വീണ്ടും അഞ്ചലിൽ അയച്ചുകൂടുകയുള്ളു. എന്നാൽ ആ ഉരുപ്പടി തുറന്നിട്ടില്ലാത്തപക്ഷം അഞ്ചൽകൂലി പുതുതായി ചീട്ടിക്കുന്നതല്ലാ.

൩-ാംഭാഗം.

<u>അഞ്ചൽ ഉരുപ്പടികൾ രജിസ്റ്റർ ചെയ്യൽ.</u>

൩൪. അഞ്ചൽമാർഗ്ഗം മററ വല്ല അഞ്ചലാഫീസിലേയ്ക്കു അയക്കുന്നതിന കത്തുകളും അഞ്ചൽ കാർഡുകളും പുസ്തകക്കെട്ടുകളും മാതൃകക്കെട്ടുകളും ബങ്കികളും ഏതു അഞ്ചലാഫീസിലും രജിസ്റ്റർ ചെയ്യാവുന്നതാകുന്നു.

൩൫. ഏതെങ്കിലും അഞ്ചലുരുപ്പടി രജിസ്റ്റർ ചെയ്യുന്നതിന അഞ്ചൽകൂലിക്ക പുറമേ മൂന്ന ചക്രം ഫീസ് ചുമത്തുന്നതാകുന്നു.

൩൬. രജിസ്റ്റർ ചെയ്യുന്ന ഉരുപ്പടികൾക്ക അഞ്ചൽ കൂലിയും രജിസ്റ്റർ ചെയ്യുന്നതിനുള്ള കൂലിയും മുൻകൂട്ടി ഒടുക്കണമെന്ന നിർബന്ധമുള്ളതും അങ്ങനേയുള്ള കൂലികൾ അഞ്ചൽസ്റ്റാമ്പുകൾ ആ ഉരുപ്പടികളിൽ ഒട്ടിച്ചു വീക്കേണ്ടതും ആകുന്നു.

൩൭. രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്ന ഉരുപ്പടിയെ അഞ്ചലാഫീസിലെ ജനാലക്കൽ കൊടുക്കേണ്ടതാകുന്നു. അങ്ങനെയുള്ള ഏതുരുപ്പടിയും നിശ്ചയിക്കപ്പെടാവുന്ന ആഫീസ് ലേബലുകൾ മേൽവിലാസവശത്തു പതിക്കുന്നതിന നിവൃത്തിയില്ലാതിരിക്കത്തക്ക വിധത്തിൽ വിവരെ ചെറുതായിരിക്കുകയോ മേൽവിലാസവശം എഴുത്തുകൊണ്ടോ അടക്കമുദ്രകൊണ്ടോ നിറഞ്ഞിരിക്കുകയോ മററോ ചെയ്താൽ അതിനെ രജിസ്റ്റർ ചെയ്യുന്നതിനായി സ്വീകരിച്ചുകൂടാത്തതാകുന്നു.

<u>വിവരണം</u>.—നിശ്ചയിക്കപ്പെടാവുന്ന ആഫീസ്ലേബലുകൾ മേൽവിലാസവശത്തു ഒട്ടിക്കാൻ പാടില്ലാത്ത വിധം അത്ര ചെറുതല്ലാതേയും ആ വശം എഴുത്തുകൾ കൊണ്ടു നിറയാതേയും ഉള്ള മേൽവിലാസ ലേബൽ ചേർത്തു കെട്ടിയിട്ടുള്ള ഒരു ഉരുപ്പടിയ്ക്കു ഈ ചട്ടം സംബന്ധിക്കുന്നതല്ല.

കുറിപ്പു.—ഉരുപ്പടി ചെലവു വരാത്തപക്ഷം അതിനെ തുറക്കാതേയും താമസം കൂടാതേയും തിരിച്ചുകൊടുക്കുന്നതിനായി രജിസ്റ്റർ ചെയ്യുന്ന ഉരുപ്പടിയുടെ ഉടമസ്ഥൻ തന്റെ പേരും മേൽവിലാസവും കൂടി മേൽ ഇടത്തുവശത്തു താഴത്തെ കോണിൽ എഴുതുന്നതു നന്നായിരിക്കും.

൩൮. ഉരുപ്പടികൾ രജിസ്റ്റർ ചെയ്യുന്നതിനു നിശ്ചയിച്ചിട്ടുള്ള സമയങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനായി അഞ്ചലാഫീസിലെ ജന്നലിങ്കൽ ഉരുപ്പടി കൊടുക്കുന്ന ആളിനു ഒരു രസീതു കൊടുക്കേണ്ടതാകുന്നു.

൩൯. നിശ്ചയിക്കപ്പെടാവുന്ന മാതിരിയിലുള്ള ഒരു രസീതിൽ മേൽവിലാസക്കാരനൊ അയാളുടെ ഏജൻറൊ ഒപ്പിട്ടു കൊടുത്താലല്ലാതെയും അങ്ങനെ കൊടുക്കുന്നതുവരെയും രജിസ്റ്റർ ചെയ്ത യാതൊരു ഉരുപ്പടിയും മേൽവിലാസക്കാരനു കൊടുത്തുകൂടുന്നതല്ല.

൪൦. ഉരുപ്പടി അഞ്ചലിൽ ഇടുന്ന സമയം അതിനുള്ള അഞ്ചൽ കൂലിക്കും രജിസ്റ്റർഫീസിനും പുറമെ അര ചക്രം ഫീസുകൂടി ഒടുക്കുന്നതായാൽ ആ ഉരുപ്പടി കിട്ടിയതായി മേൽവിലാസക്കാരൻ ഒപ്പിട്ട ഒരു രസീതു ഉരുപ്പടി രജിസ്റ്റർ ചെയ്യിക്കുന്ന ആളിനു കിട്ടുന്നതാകുന്നു. അഞ്ചൽസ്റ്റാമ്പു ഉരുപ്പടിയിൽ പതിച്ചു ഈ വിശേഷാൽ രസീതിനുള്ള പീസടക്കേണ്ടതാണ്.

൪൧. രണ്ടുചക്രം വിശേഷാൽ ഫീസ് സ്റ്റാമ്പായി ഒടുക്കുന്ന പക്ഷം ഉരുപ്പടി രജിസ്റ്റർ ചെയ്യിക്കുന്ന ആൾക്കു മേൽവിലാസക്കാരൻ ഒപ്പിട്ട അസൽ രസീതിൻെറ ഒരു പകൎപ്പു അടയാളസഹിതം ലഭിക്കാവുന്നതാണ്.

കുറിപ്പ്—ഉരുപ്പടിപററിയ രസീതിനു ആവശ്യമുള്ള ഫീസ് അതായതു അരചക്രം, അടയ്ക്കുകയോ രജിസ്റ്റർ ചെയ്ത ഉരുപ്പടി തനിക്കു കിട്ടിയില്ലെന്നു മേൽവിലാസക്കാരൻെറ പക്കൽനിന്നു ഒരു എഴുത്തു ഹാജരാക്കുകയോ ചെയ്താൽ മാത്രമെ രജിസ്റ്റർ ചെയ്ത ഉരുപ്പടികൾ ഏല്പിച്ചുകൊടുക്കാത്തതിനെപ്പററിയുള്ള പരാതികളെ ഗൌനിക്കുകയുള്ളു.

പുതുക്കിയ ചട്ടം.

൪൧. എ—നഷ്ടപരിഹാരം.

(൧) താഴെപ്പറയുന്ന വ്യവസ്ഥകൾക്കുൾപ്പെട്ടു, കത്തോ, പാക്കെററോ ബങ്കിയോ, അതിൻെറ ഉള്ളടക്കങ്ങളോ അഞ്ചലിൽ കൊണ്ടുപോകുമ്പോൾ കളഞ്ഞുപോകയാകട്ടെ അതിനു വല്ലകേടും പററുകയാകട്ടെ ചെയ്താൽ ഉരുപ്പടി അയക്കുന്ന ആൾക്കൊ അയാളുടെ ആവശ്യപ്രകാരം മേൽവിലാസക്കാരനോ, ഗവൎമ്മെണ്ടു നഷ്ടപരിഹാരം, നിയമബാദ്ധ്യതയ്ക്കു ഉൾപ്പെടാത്ത ഒരു സൌജന്യമായി മാത്രം, അഞ്ചൽസൂപ്രണ്ടു കൊടുക്കാവുന്നതാകുന്നു:—

(എ) ഉരുപ്പടി കളഞ്ഞുപോയിരിക്കുന്ന സംഗതിയിൽ ഉരുപ്പടി അഞ്ചലിൽ അയച്ച തീയതിമുതൽ മൂന്നുമാസത്തിനകവും ഉരുപ്പടിയുടെ ഉള്ളടക്കങ്ങൾ കളഞ്ഞുപോകയൊ ഉരുപ്പടിക്ക് വല്ലകേടുംപററുകയൊ ചെയ്യുന്ന സംഗതിയിൽ ഉരുപ്പടിയുടെ ചെലവു തീയതിമുതൽ ഒരുമാസത്തിനകവും നഷ്ടപരിഹാരത്തിനുള്ള അപേക്ഷ കൊടുക്കേണ്ടതാകുന്നു.

(ബി) കൊടുക്കുന്ന നഷ്ടപരിഹാരം കളഞ്ഞുപോയ ഉരുപ്പടിയുടെ വാസ്തവത്തിലുള്ള വിലയിലൊ നേരിട്ടിട്ടുള്ള നഷ്ടത്തിൻെറ തുകയിലൊ കവിഞ്ഞുകൂടുന്നതല്ലാത്തതും, ഇങ്ങനെ കൊടുക്കുന്ന തുക വാസ്തവത്തിൽ ഉരുപ്പടിക്കുണ്ടാകുന്ന നഷ്ടത്തിനോടൊ കേടുപാടിനോടൊ നേരിട്ടു സംബന്ധിച്ചിരിക്കേണ്ടതുമാകുന്നു,

(സി) തിരുവിതാംകൂറിൻെറ വെളിയിലുള്ള ഒരു അഞ്ചലാഫീസിലേക്കൊ അഞ്ചലാഫീസിൽനിന്നോ അയക്കുന്ന രജിസ്റ്റർ ചെയ്ത ഉരുപ്പടിയുടെ സംഗതിയി

ൽ ഉരുപ്പടി കളഞ്ഞുപോയതിനോ ഉരുപ്പടിക്കു കേടുപററിയതിനോ ആയി നഷ്ടപരിഹാരം അവകാശപ്പെടാവുന്നതല്ല.

(ഡി) നഷ്ടപരിഹാരത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും അഞ്ചൽ സൂപ്രണ്ടിന്റെ തീർച്ച അവസാനതീർച്ചയായിരിക്കുന്നതാണ്.

൨. (എ) കളഞ്ഞുപോകയോ കേടുപററുകയോ ചെയ്ത സംഗതിയിൽ അപ്രകാരം വന്നിട്ടുള്ളതു അയക്കുന്ന ആളിന്റെ വീഴ്ചകൊണ്ടോ നോട്ടക്കുറവുകൊണ്ടോ ആയിരിക്കുമ്പോഴും രജിസ്റ്റർചെയ്ത ഉരുപ്പടിയുടെ ഉള്ളടക്കങ്ങൾ അഞ്ചൽ വഴി അയക്കാൻപാടില്ലെന്നു വിരോധിച്ചിട്ടുള്ള സാധനങ്ങൾ ആയിരിക്കുമ്പോഴും നഷ്ടത്തിനോ കേടിനോ ആകട്ടെ,

(ബി) രജിസ്റ്റർചെയ്ത ഉരുപ്പടിയുടെ ഉള്ളടക്കങ്ങൾ വല്ല ദ്രാവകങ്ങളോ നശിച്ചുപോകുന്ന സാധനങ്ങളോ, അസാമാന്യമായി ഉറപ്പില്ലാത്ത സാധനങ്ങളോ ആയിരിക്കുമ്പോൾ കേടിനാകട്ടെ, നഷ്ടപരിഹാരം കൊടുക്കുന്നതല്ല.

൪൨. താഴെപറയുന്ന ഉരുപ്പടികൾ രജിസ്റ്റർചെയ്യേണ്ടതു എന്നു നിർബന്ധമുള്ളതാകുന്നു:—

(i) ഇൻഷ്വർചെയ്ത ഏതുബങ്കിയും,

(ii) ഒരു കറൻസിനോട്ടോ കറൻസിനോട്ടിന്റെ വല്ലഭാഗമോ അടങ്ങിയ ഏതുഉരുപ്പടിയും,

(iii) ഉള്ളടക്കം ഇന്നതാണെന്നു കൂടിന്റെ പുറത്തു എഴുതിയിരിക്കുകയോ കൂടിന്റെ നേർമ്മയാലോ ഉറപ്പുകേടിനാലോ പോരായ്മയാലോ മററു വല്ല കാരണത്താലോ ഉള്ളടക്കം ഇന്നതെന്നു അഞ്ചലാഫീസിലെ ഉദ്യോഗസ്ഥൻ അറിഞ്ഞിരിക്കുകയോ അയാൾക്കു സ്പഷ്ടമായി അറിയാറായിരിക്കുകയോ ചെയ്താൽ, അഞ്ചൽസ്റ്റാമ്പുകളോ മററുസ്റ്റാമ്പുകളോ ചെക്കുകളോ ചെക്കോ ഹുണ്ടികയോ (ഹുണ്ടിഅഡ്വൈസ്) ബാങ്കുനോട്ടോ ബാങ്കുപോസ്റ്റ് ബില്ലോ കൈമാററപ്പത്രമോ (ബിൽഓഫ് എക്സ്ചേഞ്ച്) മററുവിലപിടിച്ച ഉള്ളടക്കങ്ങളോ അടങ്ങിയിരിക്കുന്ന ഏതു ഉരുപ്പടിയും,

(iv) "രജിസ്റ്റർ ചെയ്തതു" എന്ന വാക്കുകളോ ആ അർത്ഥം വരത്തക്ക മററു വാക്കുകളോ വചനമോ അടയാളമോ കൂടിന്മേൽ എഴുതുകയോ പതിച്ചിരിക്കുകയോ ചെയ്തിട്ടുള്ള ഏതു ഉരുപ്പടിയും,

(v) ചെലവു വന്നതിനുശേഷം വീണ്ടും അഞ്ചലിൽ ഇടുന്ന രജിസ്റ്റർ ചെയ്ത വല്ല ഉരുപ്പടിയും,

വ്യത്യസ്തം. ൯-ാം ചട്ടത്തിന്റെ വിവരണത്താൽ നിർബന്ധിച്ചിട്ടുള്ളപ്രകാരം സ്റ്റാമ്പു പതിച്ചിട്ടുള്ള ഒരുകവറോ അഞ്ചൽ കാർഡോ അടങ്ങിയിരിക്കുന്നു എന്ന കാരണത്താൽ മാത്രം ഒരു പൊതിക്കെട്ടു രജിസ്റ്റർ ചെയ്യേണ്ടതു നിർബന്ധമാണെന്നു ഈ ചട്ടത്തിൽ അടങ്ങിയിരിക്കുന്ന യാതൊന്നിനാലും ഗണിച്ചുകൂടാത്തതാകുന്നു.

൪൩. രജിസ്റ്റർഫീസ് മുൻകൂട്ടി അടച്ചിട്ടില്ലാത്തപക്ഷം, ഈ ചട്ടപ്രകാരം രജിസ്റ്റർചെയ്യണമെന്നു ആവശ്യപ്പെട്ടിരിക്കുന്ന ഏതു അഞ്ചൽഉരുപ്പടിയും ചെലവുവരുന്ന സമയം അതിന്മേൽ രജിസ്റ്റർഫീസിന്റെ ഇരട്ടിഫീസ് ചുമത്തുന്നതാകുന്നു.

൪-ാംഭാഗം.

അഞ്ചൽ ഉരുപ്പടികളെ ഇൻഷ്വർ ചെയ്ക.

൪൪. ഇൻഷ്വർ (നഷ്ടപരിഹാരം) ചെയ്യുന്നതിനായി ഉരുപ്പടികൾ സ്വീകരിക്കാൻ അഞ്ചൽ സൂപ്രണ്ടുഅധികാരപ്പെടുത്താവുന്ന അഞ്ചലാഫീസുകളിൽ * രജിസ്റ്റർചെയ്ത കത്തുകൾക്കും രജിസ്റ്റർചെയ്തു വില പിരിയേണ്ടും കത്തുകൾക്കും രജിസ്റ്റർചെയ്ത ബങ്കികൾക്കും രജിസ്റ്റർചെയ്തു വില പിരിയേണ്ടും ബങ്കികൾക്കുംതല്ലാം ൧൦൦ രൂപാവരെ ഇൻഷ്വർ ചെയ്യാവുന്നതാകുന്നു. എന്നാൽയാതൊരു സംഗതിയിലും ഈ തുക ഇൻഷ്വർ ചെയ്യപ്പെട്ട ഉരുപ്പടിയുടെ ഉള്ളടക്കങ്ങൾക്കുള്ള യഥാർത്ഥമായ വിലയിൽ കവിഞ്ഞുകൂടാത്തതാകുന്നു.

അഞ്ചലാഫീസ് ഒഴിവുദിവസങ്ങൾ ഒഴിച്ചുമററു ദിവസങ്ങളിൽ പകൽ ൧൨. മണിമുതൽ വൈകീട്ടു ൪-മണിവരെ ഇൻഷ്വറൻസ്ജോലിചെയ്യപ്പെടും.

൪൫. അഞ്ചൽക്കൂലിക്കും രജിസ്റ്റർഫീസിനും പുറമെ, ഇൻഷ്വർ ചെയ്യുന്നതിനു താഴെ എഴുതിയിരിക്കുന്ന പ്രകാരം ഫീസു ചുമത്തുന്നതാകുന്നു—

ഇൻഷ്വർ ചെയ്യപ്പെട്ട തുക. ൫൦ രൂപയിൽ കവിയാത്തപക്ഷം ഒരു ചക്രം.

കൂടുതലായ ഓരോ ൫൦ രൂപായ്ക്കോ അതിന്റെ അംശത്തിനൊ ഒരു ചക്രം

൪൬. ഇൻഷ്വർ ചെയ്ത ഉരുപ്പടികൾക്കുള്ള എല്ലാക്കൂലികളും— അതായതു അഞ്ചൽക്കൂലിയും രജിസ്റ്റർഫീസും ഇൻഷ്വറൻസ് ഫീസും—മുൻകൂട്ടി ഒടുക്കണമെന്നുള്ളതു നിർബന്ധമാകുന്നു. എല്ലാസംഗതിയിലും അഞ്ചൽ സ്റ്റാമ്പു ഉരുപ്പടികളിൽ പതിച്ചാണു കൂലിതീർക്കേണ്ടതു്.

൪൭. ഇൻഷ്വർ ചെയ്വാൻ കൊണ്ടുവരുന്ന എല്ലാ കത്തും കട്ടിയുള്ള കൂട്ടിൽ അടക്കം ചെയ്തു ഭദ്രമായി അടയ്ക്കുകയും മുദ്രകൾ പൊട്ടിക്കാതെയോ പൊട്ടിച്ചതായി സ്പഷ്ടമായ ലക്ഷ്യങ്ങൾ കൂടാതെയോ തുറക്കാൻ പാടില്ലാത്ത വിധത്തിൽ ഒരു സ്വന്തചിഹ്നത്തോടുകൂടിയതും നിർമ്മലവുമായ അരക്കമുദ്ര പതിക്കുകയും ചെയ്തിരിക്കണം. കറുപ്പൊ വർണ്ണവൈചിത്ര്യമുള്ളതൊ ആയ അറിവുകളോടുകൂടിയ കവറുകൾ ഉപയോഗിക്കാൻ പാടില്ല. കൂടിന്റെ ഓരോ മടക്കിലൊ തയ്യൽവരിയിലൊ മുദ്രകൾ വച്ചിരിക്കേണ്ടതും നൂലുകൊണ്ടൊ നാടകൊണ്ടൊ കൂടിനെ ചുററിക്കെട്ടിയിട്ടുള്ളപക്ഷം കെട്ടിയിരിക്കുന്ന സ്ഥലത്തും അതിന്റെ അററങ്ങളിൽ മുദ്രവച്ചിരിക്കേണ്ടതാകുന്നു.

(൧) ഇൻഷ്വർ ചെയ്യുന്നതിനായി കൊണ്ടുവരുന്ന ഓരൊ ബങ്കിയും അതിന്റെ ഉള്ളടക്കങ്ങളുടെ സ്വഭാവത്തേയും അതുകൊണ്ടു പോകേണ്ട ദൂരത്തേയും വേണ്ടപോലെ കരുതി സൂക്ഷ്മത്തോടുകൂടിയും ഉറപ്പായും കെട്ടിയിരിക്കേണ്ടതും മുദ്ര പൊട്ടിക്കാതെയൊ പൊട്ടിച്ചതായിസ്പഷ്ടമായ ലക്ഷ്യങ്ങൾ കൂടാതെയൊ തുറക്കാൻ പാടില്ലാത്തവിധത്തിൽ ഒരു സ്വന്തചിഹ്നത്തോടു കൂടിയ ഒരു ഈയമുദ്രയൊ അരക്കമുദ്രയൊ അതിന്മേൽ പതിച്ചിരിക്കേണ്ടതും ആകുന്നു. ഒരു ബങ്കിയുടെ മൂടപ്പിന്റെ ഓരോതുറന്നുകിടക്കുന്ന മടക്കിലും മുദ്രകൾ വച്ചിരിക്കേണ്ടതാണ് പൊതിഞ്ഞുകെട്ടുന്നതിനു ചരടുപയോഗിക്കുന്നതായാൽ കെട്ടുന്ന സ്ഥലത്തുചരടിന്റെ അററങ്ങളിലും മുദ്രവയ്ക്കേണ്ടതാകുന്നു. ഒരുബങ്കിയിൽ സ്വർണ്ണമൊ വെള്ള

---

* (൧) തിരുവനന്തപുരം (൨) ചാല (൩) നാഗർകോവിൽ (൪) കൊല്ലം (൫) ആലപ്പുഴ (൬) കോട്ടയം.

യോ അവകാശങ്ങളോ നാണയങ്ങളോ ഇട്ടിരുന്നാൽ അതിനെപ്പറ്റിയുള്ള പെട്ടിയിൽ അടച്ചിട്ടും പെട്ടിയെ മുദ്രകെട്ടിയിട്ടോ കൊണ്ടുപോയി പൊതിഞ്ഞു കെട്ടുകയും ചെയ്യേണ്ടതാകുന്നു.

(ന) ഇൻഷ്വർ ചെയ്ത അഞ്ചൽ ഉരുപ്പടിയിൽ പതിക്കുന്ന എല്ലാ മുദ്രകളും ഒരു മുദ്രയിലെങ്കിൽ ആയിരിക്കേണ്ടതും ഒരേ ചിഹ്നം തന്നെ അവയിൽ വ്യക്തമായി പതിച്ചിരിക്കേണ്ടതും ആകുന്നു. ആ ചിഹ്നം ഉണ്ടാക്കിയിരിക്കുന്ന ഒരു നാണയത്തിലെ രൂപമോ ഇല്ലക്കളോ വക്രങ്ങളോ പരസ്പരച്ഛേദികളോ ആയ ഏതാനും രേഖകളോ ആയിരുന്നുകൂടാ.

൨൮. നിശ്ചയിക്കപ്പെടാവുന്ന ആപ്പീസ് ലേബലുകൾ പതിക്കാൻ നിവൃത്തിയില്ലാത്ത വിധത്തിൽ ഉരുപ്പടി ചെറുതായിരിക്കുകയോ മേൽവിലാസവും എഴുത്തുകൊണ്ടോ അടക്കമുദ്രകൊണ്ടോ മററു വിധത്തിലോ നിറഞ്ഞിരിക്കുകയോ ചെയ്താൽ അങ്ങനെയുള്ള യാതൊരു അഞ്ചൽ ഉരുപ്പടിയേയും ഇൻഷ്വർ ചെയ്യുന്നതിനായി യാതൊരു അഞ്ചലാപ്പീസിലും സ്വീകരിച്ചുകൂടാത്തതാകുന്നു.

വിവരണം.—ഒരു മേൽവിലാസലേബൽ ഉരുപ്പടിയുടെ ചേർത്തുകെട്ടിയിരിക്കുമ്പോൾ, നിശ്ചയിക്കപ്പെടാവുന്ന ആപ്പീസ് ലേബലുകൾ അതിന്റെ മേൽവിലാസഭാഗത്തു ഒട്ടിക്കാൻ പാടില്ലാത്ത വിധം ആ ലേബൽ ചെറുതാകുകയും എഴുത്തുകൊണ്ടു നിറഞ്ഞുപോകുകയും ഇരുന്നാൽ അങ്ങനെയുള്ള ഉരുപ്പടികളെ ഈ ചട്ടം സംബന്ധിക്കുന്നതല്ല.

൨൯. ഇൻഷ്വർ ചെയ്വാൻ ഉദ്ദേശിക്കപ്പെടുന്ന ഉരുപ്പടിയെ, അയയ്ക്കുന്ന ആൾ അതിനെ എത്ര തുകയ്ക്കു ഇൻഷ്വർ ചെയ്യുവാൻ ഇച്ഛിക്കുന്നുവോ ആ തുകയെ അതിന്റെ കൂടിന്മേൽ അക്ഷരത്തിലും അക്കത്തിലും വ്യക്തമായി എഴുതി അഞ്ചലാപ്പീസിലെ ജമേദാരിന്റെ കൈവശം കൊടുക്കേണ്ടതാകുന്നു. അയക്കുന്ന ആളിന്റെ പേരും മേൽവിലാസവും കൂടിന്റെ പുറത്തു ഇടത്തുവശം താഴത്തെ കോണിൽ എഴുതിയിരിക്കുകയും അങ്ങനെ എഴുതുന്നതിന്നു കൂടിന്മേൽ സ്ഥലമില്ലാതിരുന്നാൽ പ്രത്യേകം ഒരു തുണ്ടു കടലാസിൽ എഴുതി ഉരുപ്പടിയോടുകൂടി കൊടുക്കുകയോ ചെയ്യുകയും വേണം.

൩൦. ഇൻഷ്വർ ചെയ്ത ഉരുപ്പടികൾ അഞ്ചലിൽ ഇടാൻ നിശ്ചയിച്ചിട്ടുള്ള സമയത്തു, ഇൻഷ്വർ ചെയ്യുന്നതിനായി അഞ്ചലാഫീസിലെ ജമേദാരിങ്കൽ ഒരു ഉരുപ്പടി ഏല്പിക്കുന്ന ആളിന്നു ഒരു രസീതു കൊടുക്കേണ്ടതാകുന്നു.

൩൧. ഇൻഷ്വർ ചെയ്ത ഒരു ഉരുപ്പടി അയയ്ക്കുന്നആളിന്നു ആ ഉരുപ്പടി കിട്ടിയതായി മേൽവിലാസക്കാരൻ ഒപ്പിട്ട ഒരു രസീതു കൂലി കൂടാതെ കിട്ടുന്നതാകുന്നു.

൩൨. ഇൻഷ്വർ ചെയ്തിട്ടുള്ള അഞ്ചൽ ഉരുപ്പടിയോ അതിന്റെ ഉള്ളടക്കങ്ങളിൽ വല്ലതുമോ അഞ്ചലിൽകൊണ്ടുപോകുമ്പോൾ കളഞ്ഞുപോവുകയാകട്ടെ അതിനു വല്ല കേടും പററുകയാകട്ടെ ചെയ്താൽ, അതിലേക്കായി ആ ഉരുപ്പടി എത്ര തുകയ്ക്കു ഇൻഷ്വർ ചെയ്തുവോ അതിൽ കവിയാത്ത നഷ്ടപരിഹാരം അഞ്ചൽ ഉരുപ്പടി ഇൻഷ്വർ ചെയ്തയയ്ക്കുന്ന ആളിന്നു കൊടുക്കേണ്ടതായി വരുന്നതാകുന്നു.

എന്നാൽ നഷ്ടപരിഹാരവിഷയത്തിലോ യാതൊരു സംഗതിയിലും കളഞ്ഞുപോയ ഉരുപ്പടിയുടെയോ അതിന്റെ ഉള്ളടക്കങ്ങളിൽ വല്ലതിന്റെയുമോ വിഷയത്തിലോ നേരിട്ടിട്ടുള്ള നഷ്ടത്തിന്റെ തുകയിലോ കവിയാത്തതും ഉരുപ്പടി കളഞ്ഞുപോ

കുന്ന സംഗതിയിൽ അതയയ്ക്കുന്ന ആറം ആ അഞ്ചൽ ഉരുപ്പടിയിൽ അടങ്ങിയ സാധനങ്ങളുടെ പൂൎണ്ണമായ വിവരവും വിലയും അറിയിച്ചുകൊടുക്കേണ്ടതും ആകുന്നു.—

എന്നതന്നെയുമല്ല,—

(എ) അയക്കുന്ന ആറം എഴുതിയ മേൽവിലാസത്തിന്റെ തെററിനാലോ അപൂൎണ്ണതയാലോ തെററായി ചെലവു വരികയാകട്ടെ;

(ബി) അയയ്ക്കുന്ന ആളോ മേൽവിലാസക്കാരനോ ചതിവു പ്രവൎത്തിക്കുകയാകട്ടെ;

(സി) ഇൻഷ്വർചെയ്ത ഉരുപ്പടി മേൽവിലാസക്കാരനു കൊടുക്കുകയും അയാറം അതിലേയ്ക്കു രസീതു ഒപ്പിട്ടുകൊടുക്കുകയും ചെയ്തിരിക്കുകയാകട്ടെ;

(ഡി) അഞ്ചലിൽ അയച്ച തീയതിമുതൽ മൂന്നുമാസത്തിനുള്ളിൽ, ഉരുപ്പടി കളഞ്ഞുപോയതിനെ പററി അയച്ച ആറം അറിവുകൊടുക്കാതിരിക്കുകയാകട്ടെ;

(ഇ) കളഞ്ഞുപോകയോ കേടുപററുകയോ ചെയ്തതു ശരിയായൊ ഉറപ്പായോ കെട്ടാത്തതുനിമിത്തം ആയിരിക്കയാകട്ടെ;

(എഫ്) കൂടിനോ മുദ്രകറക്കോ കാണത്തക്ക അററകുററം ഇല്ലാതിരിക്കയാകട്ടെ;

(ജി) കറൻസിനോട്ടുകളുടെ പകുതി നോട്ടുകറം കളഞ്ഞുപോകുന്ന സംഗതിയിൽ കളയാതിരിക്കുന്ന പകുതി നോട്ടുകറം അഞ്ചലാപ്പീസിൽ ഏല്പിക്കാതിരിക്കയാകട്ടെ;

(എച്ച്) ഇൻഷ്വർചെയ്ത സാധനത്തിന്റെ സ്വഭാവം നിമിത്തം അററകുററം ഉണ്ടാവുകയാകട്ടെ;

(ഐ) ഇൻഷ്വർചെയ്ത അഞ്ചലുരുപ്പടിയുടെ ഉള്ളടക്കം ൩൦൦ രൂപാവിലയിൽ കവിഞ്ഞ സ്വൎണ്ണനാണയങ്ങളോ സ്വൎണ്ണക്കട്ടിയൊ ആയിരിക്കുകയാകട്ടെ;

ചെയ്താൽ യാതൊരു നഷ്ടപരിഹാരവും കൊടുക്കേണ്ടതായി വരുന്നതല്ല.

൭൩. വിചാരണകഴിയുന്നതുവരെ നഷ്ടപരിഹാരം കൊടുക്കാൻ പാടില്ലെന്നു അഞ്ചൽ സൂപ്രണ്ടു വിചാരിക്കാവുന്ന സംഗതികളിൽ ഒഴികെ, അയയ്ക്കുന്ന ആറം നഷ്ടത്തെപ്പററി അഞ്ചലാഫീസിലേക്കു അറിവുകൊടുക്കുന്ന തീയതിമുതൽ ഒരുമാസം കഴിഞ്ഞു നഷ്ടപരിഹാരം കൊടുക്കേണ്ടതായി വരുന്നതാകുന്നു.

൭൪. നാണയം, ലോഹക്കട്ടി, രത്നങ്ങറം, ആഭരണങ്ങറം, കറൻസിനോട്ടുകറം അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗങ്ങറം, സ്വൎണ്ണമൊ വെള്ളിയൊ കൊണ്ടുള്ള ഉരുപ്പടികറം ഇവയെ ഇൻഷ്വർചെയ്തു രജിസ്റ്റർചെയ്തകത്തുകളിലൊ ഇൻഷ്വർചെയ്ത ബങ്കികളിലൊ മാത്രമേ അഞ്ചൽമാൎഗ്ഗം അയയ്ക്കാൻ പാടുള്ളു. അഞ്ചലാപ്പീസിലെ ജന്നലിങ്കൽ ഹാജരാക്കുന്ന ഒരു കത്തിലൊ ബങ്കിയിലൊ മേൽപറഞ്ഞ മാതിരി വിലപിടിച്ച വല്ലാസധനവും അടങ്ങിയിരിക്കുന്നതായി കണ്ടാൽ അയയ്ക്കുന്ന ആറം അതിനെ ഇൻഷ്വർ ചെയ്യുന്നവെങ്കിൽ അല്ലാതെ അ

ത്തിൽ അയയ്ക്കുന്നതിനായി അതിനെ സ്വീകരിച്ചുകൂടുന്നതല്ല. അപ്രകാരമുള്ള വിലപിടിച്ച വസ്തുവിനേയും സ്പഷ്ടമായി അടങ്ങിയിരിക്കുന്നതും ഇൻഷുർ ചെയ്യാത്തതുമായ ഒരു ഉരുപ്പടി അഞ്ചൽ ഉദ്യോഗസ്ഥന്മാരാൽ കാണപ്പെടുന്നതായാൽ അതിനെ തടഞ്ഞ് വെച്ച് ആൾക്ക് തിരിച്ച് അയച്ചുകൊടുക്കുകയോ അയക്കേണ്ട സ്ഥലത്തേയ്ക്കു മേൽവിലാസക്കാരൻ ഒരു രൂപാ കൂലി കൊടുക്കുന്നപക്ഷം. അവർക്കു കൊടുക്കുകയോ ചെയ്യേണ്ടതാണ്. ഈ കൂലി ഒടുക്കുന്നതിന് മേലാൽ ഗവർമെന്റിന് യാതൊരു ബാധ്യതയും ഉണ്ടാകുന്നതല്ല.

വിവരണം—ഈ ചട്ടത്തിൽ "സ്വർണ്ണമോ വെള്ളിയോ കൊണ്ടുള്ള ഉരുപ്പടികൾ" എന്നതിൽ മുഴുവനായോ ഭാഗികമായോ സ്വർണ്ണമോ വെള്ളിയോ കൊണ്ടുണ്ടാക്കിയിട്ടുള്ള ഉരുപ്പടികൾ ഉൾപ്പെടുന്നതും എന്നാൽ ഇലക്ട്രോപ്ലേറ്റ് ചെയ്തതോ മറവിധത്തിലോ പൂശിയിട്ടുള്ള സാമാനങ്ങൾ ഉൾപ്പെടാത്തതും ആകുന്നു. കറൻസിനോട്ടുകൾ എന്നതിൽ വിവരിക്കപ്പെട്ടിട്ടുള്ളവയും (അതായതു, റൊക്കമായി മാറ്റുന്നതിനു ഒപ്പു വെട്ടിക്കളഞ്ഞിട്ടുള്ള) ബ്രിട്ടീഷ് ഇൻഡ്യയുടെ കറൻസി ഡിപ്പാർട്ടുമെന്റ് വക ആയി അയയ്ക്കപ്പെടുന്നവയുമായ നോട്ടുകൾ ഉൾപ്പെടുന്നതല്ല.

൭-ാംഭാഗം.

വിലപിടിയേണ്ടും അഞ്ചലുരുപ്പടികൾ.

൭൫. രജിസ്റ്റർ ചെയ്തതും ചെയ്യാത്തതുമായ ബുക്കുകളും രജിസ്റ്റർചെയ്ത കത്തുകളും, രജിസ്റ്റർചെയ്ത പുസ്തകക്കെട്ടുകളും, വർത്തമാനപത്രങ്ങൾക്കുള്ള കൂലി നിരക്കിൻപ്രകാരം മുൻകൂട്ടി കൂലി തീർത്ത വർത്തമാനപത്രങ്ങളും, മുഴുവൻ കൂലി തീർത്തവയും രജിസ്റ്റർ ചെയ്യാത്തവയുമായ പുസ്തകക്കെട്ടുകളും വിലപിടിയേണ്ടും അഞ്ചലുരുപ്പടികളായി അഞ്ചലാഫീസിൽനിന്നു അയയ്ക്കാവുന്നതാകുന്നു. എന്നാൽ അങ്ങനെയുള്ള അഞ്ചലുരുപ്പടി അയയ്ക്കുന്ന ആൾ ഈടാക്കിക്കൊടുക്കേണ്ടുന്ന തുക ൫൦൦ രൂപായിൽ കവിഞ്ഞിരിക്കരുതാത്തതാകുന്നു.

൭൬. വിലപിടിയേണ്ടും ഉരുപ്പടികളെ ഹുണ്ഡികമണിയാർഡർ ആഫീസായ ഏതു അഞ്ചലാഫീസിൽ നിന്നും ഹുണ്ഡി കൊടുക്കുന്ന ആഫീസായ വേറെ ഏതു അഞ്ചലാഫീസിലേക്കും അയയ്ക്കാവുന്നതാകുന്നു.

൭൭. ഉത്തമവിശ്വാസമായി തനിക്കു ലഭിച്ച ആർഡർ അനുസരിച്ച് അയയ്ക്കുന്നതാണെന്നു അയയ്ക്കുന്ന ആൾ സത്യ ബോധപ്പെടുത്തിയാലല്ലാതെ വിലപിടിയേണ്ടും ഉരുപ്പടിയായി അഞ്ചൽമാർഗ്ഗം അയയ്ക്കുന്നതിനു മേൽപറഞ്ഞ മാതിരിയുള്ള യാതൊരു അഞ്ചലുരുപ്പടിയും യാതൊരഞ്ചലാഫീസിലും സ്വീകരിച്ചുകൂടാത്തതാകുന്നു. അതിനു പുറമെ, ഇതിലേക്കായി അഞ്ചൽ സൂപ്രണ്ട് അതാതുസമയം നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുന്ന ഏതെങ്കിലും അഞ്ചലാഫീസിൽ ആ ഉരുപ്പടി വിലപിടിയേണ്ടും ഉരുപ്പടിയായി അഞ്ചൽമാർഗ്ഗം അയയ്ക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള ഒന്നാണെന്നു കൂടി സത്യബോധപ്പെടുന്നതിനു അയയ്ക്കുന്നആൾ നിബന്ധിതനായിരിക്കുന്നതാണ്. അങ്ങനെ കൂടുതലായി സത്യബോധപ്പെടുത്താതെ മേൽ പറഞ്ഞ അഞ്ചലുരുപ്പടികൾ ഒന്നും ഈ അഞ്ചലാഫീസുകളിൽ സ്വീകരിക്കപ്പെടുന്നതല്ല.

വിവരണം:— ഒരു ഉരുപ്പടി സ്വഭാവേന വിലപിടിച്ചതല്ലെങ്കിലും അതിനെ വിലപിടിയേണ്ടും അഞ്ചലായി അയയ്ക്കാവുന്നതാകുന്നു. അതിനാൽ നിയമ സംബന്ധമായ പ്രമാണങ്ങൾ, കടപത്രങ്ങൾ ഇൻഷ്വറൻസ് പാളിസികൾ (രക്ഷാഭോഗത്തിനുള്ള ഉടമ്പടികൾ,) പ്രാമിസറിനോട്ടുകൾ, റയിൽവഴി അയക്ക

ന്ന സാമാനങ്ങളുടേയും ബങ്കികളുടേയും രസീതുകൾ, ചരക്കുവിവരപ്പട്ടിക (ബിൽസ് ആഫ് ലേഡിങ്) പിരിവു ബില്ലുകൾ ഇവയെല്ലാം വിലപിരിയേണ്ടും അഞ്ചലുരുപ്പടികളായി അടയ്ക്കാവുന്നതാകുന്നു. റയിൽവെ രസീതൊ ചരക്കുവിവരപ്പട്ടികയൊ വിലപിരിയേണ്ടും ഉരുപ്പടിയായി അയയ്ക്കുന്ന കാര്യത്തിൽ ആ റയിൽവെ രസീതൊ ചരക്കുവിവരപ്പട്ടികയൊ സംബന്ധിക്കുന്നതായ സാധനം ഉത്തമവിശ്വസമായി കിട്ടീട്ടുള്ള ഒരു ആർഡർ അനുസരിച്ച് അയക്കുന്നതായിരുന്നാൽ ഈ ചട്ടത്തിന്റെ ആവശ്യത്തിനു മതിയാകുന്നതാകുന്നു. മേൽവിവരിക്കപ്പെട്ട മററു പ്രമാണങ്ങളുടെ സംഗതിയിൽ ആ പ്രമാണം തന്നെ അയക്കുന്നതിനുള്ള ഉത്തമവിശ്വാസമായ ഒരു ആർഡർ അനുസരിച്ച് അതിനെ അയയ്ക്കുന്നതായിരിക്കണം.

൭൯. വാല്യൂപേയബിൾ (വിലപിരിയേണ്ടും) ഉരുപ്പടിയായി അഞ്ചൽ മാർഗ്ഗം അയക്കുന്നതിനു ഉദ്ദേശിക്കപ്പെടുന്ന എല്ലാ അഞ്ചലുരുപ്പടികളും അഞ്ചൽ ആഫീസിൽ കിട്ടുന്നതും ഇതിലേയ്ക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ളതും അച്ചടിച്ചതുമായ ഫാറത്തോടുകൂടി അഞ്ചലാഫീസിൽ ഹാജരാക്കേണ്ടതും അയക്കുന്ന ആൾ തനിക്കു കിട്ടേണ്ട തുകയും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളും ആ ഫാറത്തിൽ എഴുതിയിരിക്കേണ്ടതും ൭൧-ാം ചട്ടത്താൽ ആവശ്യപ്പെട്ടിട്ടുള്ള സത്യബോധ വാചകം ഒപ്പിടേണ്ടതും ആകുന്നു. ആ ഉരുപ്പടി രജിസ്റ്റർ ചെയ്യാത്ത ഒരു ബങ്കിയൊ രജിസ്റ്റർ ചെയ്യാത്ത ഒരു പുസ്തകക്കെട്ടൊ വർത്തമാനപത്രങ്ങൾക്കുള്ള നിരക്കിൽ മുൻകൂട്ടി കൂലി തീർത്തിട്ടുള്ള വർത്തമാന പത്രമൊ ആയിരുന്നാൽ അയക്കുന്ന ആളിനു ഈടാക്കി കൊടുക്കേണ്ടതായി വിവരിച്ചിട്ടുള്ള തുകയ്ക്കു താഴെകാണിച്ചിരിക്കുന്ന നിരക്ക് അനുസരിച്ചിട്ടുള്ള പീസ് അയക്കുന്ന ആൾ ആ ഉരുപ്പടികൾ അഞ്ചൽ സ്റ്റാമ്പായി പതിച്ച് അയക്കേണ്ടതാകുന്നു. വിലപിരിയേണ്ടതായി അഞ്ചൽമാർഗ്ഗം അയയ്ക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഉരുപ്പടി അയയ്ക്കുന്ന ആൾ ആ ഉരുപ്പടിയുടെ പുറത്തുതന്നെ,

(എ) ഇടത്തുവശം മേൽഭാഗത്തു —"വി. പി." എന്ന അക്ഷരങ്ങളും അതിനെ തുടർന്നു തനിക്കു പിരിഞ്ഞുകിട്ടേണ്ടതുക അക്ഷരത്തിലും അക്കത്തിലും,

(ബി) ഇടത്തുവശം കീഴ്ഭാഗത്തു—തന്റെപേരും പൂർണ്ണമായ മേൽവിലാസവും വ്യക്തമായി എഴുതേണ്ടതാകുന്നു.

൫ ബ്രി. രൂപയിൽ കവിയാത്ത തുകയ്ക്കു ൧½ ചക്രം

൫ ബ്രി. രൂപയിൽ കവിഞ്ഞതും ൧൦ ബ്രി. രൂപയിൽ കവിയാത്തതും ആയ തുകയ്ക്കു ൨½ ചക്രം.

൧൦ ബ്രി. രൂപയിൽ കവിഞ്ഞതും ൧൫ ബ്രി. രൂപയിൽ കവിയാത്തതും ആയ തുകയ്ക്കു ൩½ ചക്രം

൧൫ ബ്രി. രൂപയിൽ കവിഞ്ഞതും ൨൫ ബ്രി. രൂപയിൽ കവിയാത്തതും ആയതുകയ്ക്കു ൫ ചക്രം.

൨൫ ബ്രി. രൂപ മുതൽ ൧൦൦ ബ്രി. രൂപവരെയുള്ള തുകയിൽ ഓരോ ൨൫ രൂപയ്ക്കു ൫ ചക്രം വീതവും ശേഷമുള്ളതിന്നു ൫ ചക്രവും ആകുന്നു. എന്നാൽ ശേഷമുള്ളതുക ൫ രൂപയിൽ കവിയാതെയിരുന്നാൽ ൧½ ചക്രവും, ൧൦ രൂപയിൽ കവിയാതെയിരുന്നാൽ ൨½ ചക്രവും, ൧൫ രൂപയിൽ കവിയാതെയിരുന്നാൽ ൩½ ചക്രവും മാത്രം കൂലിയായിരിക്കുന്നതാണ്.

൮൦. നിശ്ചയിക്കപ്പെടാവുന്ന ആഫീസ് ലേബലുകൾ ആ ഉരുപ്പടിയിൽ

പതിക്കാൻ നിവൃത്തിയില്ലാത്തവിധത്തിൽ ഉരുപ്പടി തിരെ ചെറുതായിരിക്കുകയൊ മേൽവിലാസവശം എഴുത്തുകൊണ്ടോ അടയാളംകൊണ്ടോ നിറഞ്ഞിരിക്കുകയൊ മററുവിധത്തിൽ കെട്ടുണ്ടാക്കപ്പെട്ടിരിക്കുകയൊ ചെയ്താൽ അങ്ങിനെയുള്ള യാതൊരു ഉരുപ്പടിയേയും വിലപിരിയേണ്ടും ഉരുപ്പടിയായി അഞ്ചൽവഴി അയക്കുന്നതിന്നു യാതൊരു അഞ്ചലാഫീസിലും സ്വീകരിച്ചുകൂടാത്തതാകുന്നു.

വിവരണം നിശ്ചയിക്കപ്പെടാവുന്ന ആഫീസ് ലേബലുകൾ മേൽവിലാസവശത്തു പതിക്കാൻ നിവൃത്തിയില്ലാതിരിക്കത്തക്ക വിധം ലേബൽ ചെറുതായിരിക്കുകയൊ മേൽവിലാസവശത്തു എഴുത്തുനിറഞ്ഞിരിക്കുകയൊ ചെയ്യുന്നപക്ഷം ഈ ചട്ടം മേൽവിലാസം അടങ്ങിയ ലേബൽ കെട്ടിയിട്ടുള്ള ഒരു ഉരുപ്പടിക്കു സംബന്ധിക്കുന്നതല്ല.

൱൦. അയക്കുന്ന ആൾ തനിക്കു പിരിഞ്ഞു കിട്ടേണ്ടതായി വിവരിച്ചിട്ടുള്ള തുകയും രജിസ്റ്റർ ചെയ്ത ബങ്കികളുടെയും രജിസ്റ്റർ ചെയ്ത കത്തുകളുടേയും രജിസ്റ്റർ ചെയ്ത പുസ്തകക്കെട്ടുകളുടേയും സംഗതിയിൽ ൧൮-ാം ചട്ടപ്രകാരം കണക്കാക്കിയ ഒരു പീസും കൂട്ടിയാൽ കിട്ടുന്ന തുക മേൽവിലാസക്കാരന്റെ പക്കൽനിന്നു വസൂലാക്കേണ്ടതുക ആയിരിക്കും. മേൽവിലാസക്കാരനിൽനിന്നു തുക ഈടാക്കിയാൽ ഉരുപ്പടി അയച്ച ആൾക്കു അയച്ചുകൊടുക്കേണ്ട തുകയെ ഹുണ്ടി (മണി ആർഡർ) ആയി അയച്ചുകൊടുക്കേണ്ടതാകുന്നു.

൱൧. ഒരു വില പിരിയേണ്ടും ഉരുപ്പടിയുടെ മേൽവിലാസക്കാരനെ കാണാതിരിക്കുകയൊ അതിനെ അയാൾ കൈപ്പററാതെ നിഷേധിക്കുകയൊ ആ ഉരുപ്പടി വന്നിരിക്കുന്ന വിവരത്തിനു നോട്ടീസു കൊടുത്തതിനുശേഷം ആ നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാലത്തിനുള്ളിൽ (അതായതു [illegible] ദിവസത്തിനുള്ളിൽ) ആ ഉരുപ്പടി അയാൾ വാങ്ങാതിരിക്കുകയൊ ചെയ്താൽ, അതിനെ അയച്ച ആൾക്കു തിരിയെ അയച്ചുകൊടുക്കേണ്ടതും അതിന്മേൽ വരേണ്ടതായ ഏതെങ്കിലും കൂലികൾ തീർക്കുന്നതിനും അഞ്ചൽശിപായി കൊടുക്കുന്ന ഫാറത്തിൽ ഒപ്പിട്ടു ഉരുപ്പടി കിട്ടിയവകയ്ക്കു രസീതു കൊടുക്കുന്നതിനും അയാളോടു ആവശ്യപ്പെടുന്നതും ആകുന്നു. രജിസ്റ്റർചെയ്യാത്ത ബങ്കിയൊ രജിസ്റ്റർചെയ്യാത്ത പുസ്തകക്കെട്ടോ വർത്തമാനപത്രമോ ആയ വില പിരിയേണ്ടും ഉരുപ്പടിയുടെ കാര്യത്തിൽ സ്റ്റാമ്പായി മുമ്പിൽ കൂട്ടി ഒടുക്കിയ അഞ്ചൽകൂലിയും ഹുണ്ടി കമ്മീഷനും യാതൊരു സംഗതിയിലും മടക്കിക്കൊടുക്കുന്നതല്ല.

൱൨. ഒരു വില പിരിയേണ്ടും ഉരുപ്പടി അയക്കുന്ന ആൾ ആ ഉരുപ്പടിയെ മേൽവിലാസക്കാരനു വിലകൂടാതെ കൊടുക്കുന്നതിനോ തനിക്കു പിരിഞ്ഞു കിട്ടേണ്ടതായി ആദ്യം വിവരിച്ചിട്ടുള്ള തുകയെ ഭേദപ്പെടുത്തുന്നതിനോ രേഖാമൂലമായ അപേക്ഷപ്രകാരം ചെലവാപ്പീസിലെ അഞ്ചൽമാസ്റ്ററെ അധികാരപ്പെടുത്താവുന്നതാകുന്നു. എന്നാൽ അങ്ങിനെയുള്ള അപേക്ഷകൾ ഉരുപ്പടി മേൽവിലാസക്കാരനെ ഏല്പിക്കുന്നതിനുമുമ്പിൽ കൂടുതലാപ്പീസ് വഴി അയക്കുകയും ആ അപേക്ഷ ചെലവാപ്പീസിൽ എത്തുന്നസമയം ആ വില പിരിയേണ്ടും ഉരുപ്പടി കൂടുതലാപ്പീസിലേയ്ക്കു തിരിച്ചു അയച്ചിട്ടില്ലാതിരിക്കുകയും വേണം.

൱൩. ഒരു വില പിരിയേണ്ടും ഉരുപ്പടി കിട്ടിയ ഉടൻതന്നെ അതു മോശവിചാരത്തോടുകൂടിയൊ ചതിവായൊ അയച്ചതാണെന്നു മേൽവിലാസക്കാരൻ ആവലാധി ബോധിപ്പിക്കുന്നതായാൽ, മേൽവിലാസക്കാരനെ ചതിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ആ വില പിരിയേണ്ടും ഉരുപ്പടി അയച്ചതാണെന്നു വിശ്വസിക്കുന്നതിനു പ്രഥമദൃഷ്ട്യാ കാരണങ്ങൾ ഉള്ളതായി ബോദ്ധ്യപ്പെട്ടാൽ മേൽവിലാസക്കാരന്റെ പക്കൽനിന്നു ഈടാക്കിയ പണം ഉരുപ്പടി അയച്ച ആളിനു കൊടു

ക്കാതെ അഞ്ചൽ സൂപ്രണ്ടു പിടിച്ചു വച്ചുകൊള്ളാവുന്നതാകുന്നു. ആവശ്യമുള്ള അന്വേഷണങ്ങൾ നടത്തിയതിനുശേഷം ആ വില പിരിയേണ്ടും അഞ്ചൽ ഉരുപ്പടി മേൽപ്പറഞ്ഞ ഉദ്ദേശത്തോടുകൂടി അയച്ചതാണെന്നു പൂർണ്ണമായി ബോദ്ധ്യപ്പെട്ടുന്നപക്ഷം, അയച്ച ആൾക്കു ഉരുപ്പടി മടക്കി അയയ്ക്കുന്നതിനും ആ ഉരുപ്പടി ഏല്പിച്ചപ്പോൾ ഈടാക്കിയ പണം മേൽവിലാസക്കാരനു മടക്കി കൊടുക്കുന്നതിനും അഞ്ചൽസൂപ്രണ്ടു ഉത്തരവു കൊടുക്കാവുന്നതാകുന്നു.

൩൪. ഒരു വില പിരിയേണ്ടും അഞ്ചൽ ഉരുപ്പടി അയക്കുന്ന ആളാകട്ടെ അതിന്റെ മേൽവിലാസക്കാരനാകട്ടെ ആ വില പിരിയേണ്ടും അഞ്ചൽ ഉരുപ്പടി ഏല്പിക്കുന്നതിനേയോ അതിലേക്കുള്ള പണം കൊടുക്കുന്നതിനേയൊ പററി ഒരു ആവലാതി ബോധിപ്പിക്കുമ്പോൾ, ഒരു ചക്രം ഫീസ് അടയ്ക്കുന്നതായാൽ അഞ്ചലാഫീസിൽനിന്നു ഒരു അന്വേഷണം നടത്തണമെന്നു ആവശ്യപ്പെടാൻ അയാൾക്കു അവകാശമുള്ളതാകുന്നു. ഫീസിനുള്ള അഞ്ചൽ സ്റ്റാമ്പൊ സ്റ്റാമ്പുകളൊ ആവലാതി ബോധിപ്പിക്കുന്ന എഴുത്തിൽ പതിച്ചിരിക്കണം. ആവലാതിക്കായ കാരണത്തിന്മേലാണെന്നു കാണപ്പെട്ടാൽ ഈ ഫീസ് മടക്കി കൊടുക്കുന്നതാകുന്നു.

൩൫. ഒരു അഞ്ചൽ ഉരുപ്പടിയെ സംബന്ധിച്ചു അയയ്ക്കുന്ന ആളിനു അയച്ചു കിട്ടേണ്ടതായി വിവരിച്ചിട്ടുള്ള തുക മേൽവിലാസക്കാരന്റെ പക്കൽനിന്നു ഈടായിരുന്നാലും ഈടായതിൽപിന്നെയും അല്ലാതെ ആ തുകയെ സംബന്ധിച്ചു യാതൊരു ബാദ്ധ്യതയും ഗവൺമെന്റിനു ഉണ്ടായിരിക്കുന്നതല്ല.

൩൬. വില പിരിയേണ്ടും ഉരുപ്പടികളെ അഞ്ചൽമാസ്റ്റരുടേയൊ ചുമതലക്കാരനായ ക്ലാക്കിന്റേയോ കൈവശം ഏല്പിക്കയല്ലാതെ എഴുത്തുപെട്ടിയിൽ ഇട്ടുകൂടാത്തതാകുന്നു.

വിദേശ വി. പി. സർവീസ്.

൧. തിരുവിതാംകോട്ടു ഹുണ്ടി ഏർപ്പാടു നടപ്പുള്ള ഏതെങ്കിലും അഞ്ചലാഫീസിൽ വിലപിരിയേണ്ടും ഉരുപ്പടികൾ സ്വീകരിച്ചു കൊച്ചിയിൽ ഹുണ്ടി ഏർപ്പാടു നടപ്പുള്ളതും ചിലവാഫീസുമായ ഏതെങ്കിലും അഞ്ചലാഫീസിലേയ്ക്കു ചിലവിനായി അയക്കാവുന്നതും അതുപോലെ കൊച്ചിയിൽ ഹുണ്ടി ആഫീസായ ഏതെങ്കിലും അഞ്ചലാഫീസിൽ വില പിരിയേണ്ടും ഉരുപ്പടികൾ സ്വീകരിച്ചു തിരുവിതാംകോട്ടു അപ്രകാരമുള്ളതും ചിലവാഫീസുമായ ഏതെങ്കിലും അഞ്ചലാഫീസിലേക്കു ചിലവിനായി അയക്കാവുന്നതുമാകുന്നു.

൨. വില പിരിയേണ്ടും ഉരുപ്പടികൾ ഒരു രാജ്യത്തു നിന്നു മറെറാരു രാജ്യത്തിലേക്കു പോകേണ്ടതു ഓരോ രാജ്യത്തുമുള്ള സെൻട്രൽ ആഫീസ് മുഖാന്തിരം വേണ്ടതാണ്. വിലപിരിയേണ്ടും ഉരുപ്പടികൾ കൈമാറുന്നതിനായി നിശ്ചയിക്കപ്പെടുന്ന സെൻട്രൽ ആഫീസുകൾ രണ്ടു രാജ്യങ്ങളും തമ്മിൽ ഹുണ്ടികൾ കൈമാറുന്ന ആഫീസുകൾ തന്നെ ആയിരിക്കേണ്ടതും അവ തിരുവിതാംകോട്ടു ആലുവായും കൊച്ചിയിൽ എറണാകുളവും ആയിരിക്കുന്നതുമാകുന്നു.

൩. ഒരു രാജ്യത്തുനിന്നു മറെറാരുരാജ്യത്തിലേക്കു പോകുന്ന വില പിരിയേണ്ടും ഉരുപ്പടികൾ "വിലപിരിയേണ്ടും ഉരുപ്പടികൾ" എന്നു എഴുതീട്ടുള്ള ഒരു പ്രത്യേക സഞ്ചിയിൽ അടക്കം ചെയ്തിരിക്കകയും ഉള്ളടക്കം സാമാനങ്ങളുടെ ലിസ്റ്റോടുകൂടി ആ സഞ്ചിയെ അതാതു ദിവസത്തേക്കുള്ള അഞ്ചൽ ഉറപ്പയിൽ അടക്കം ചെയ്തിരിക്കുകയും വേണം.

൮. അതാതു രാജ്യത്തു നടപ്പുള്ള ചട്ടങ്ങൾപ്രകാരം അടക്കുന്ന അള്ളംവരവാഫീസാം പൂരിപ്പിച്ചിട്ടുള്ള ഒരു വി. പി. ഹുണ്ടിഫാറം ഓരോ വി. പി. ഉരുപ്പടിയോടുംകൂടി ഉണ്ടായിരിക്കേണ്ടതാണ്.

൯. കൊച്ചിയിൽ ചിലവിനായി തിരുവിതാംകോട്ടു വരവുള്ള വി. പി. ഉരുപ്പടികളോടു ചേർത്തയക്കുന്ന വി. പി. ഹുണ്ടിഫാറങ്ങൾ നീലമഷിയിൽ അച്ചടിച്ചിരിക്കേണ്ടതും തിരുവിതാംകോട്ടു ചിലവിനായി കൊച്ചിയിൽ വരവുള്ള വി. പി. ഉരുപ്പടികളോടു ചേർത്തയക്കുന്നവ മടങ്ങിയ പച്ചമഷിയിൽ അച്ചടിച്ചിരിക്കേണ്ടതുമാകുന്നു.

൰. നാണയങ്ങൾ, ഏററവും കൂടിയതും കുറഞ്ഞതുമായ തുകകൾ, കമ്മീഷന്റെ നിരക്ക ഈ കാര്യങ്ങളിൽ വി. പി. ഹുണ്ടികൾക്കുള്ള ചട്ടം സാധാരണ ഹുണ്ടികൾക്കുള്ളവതന്നെയായിരിക്കും.

൧. രജിസ്റ്റർ ചെയ്യാത്ത വി. പി. ഉരുപ്പടികളുടെ സംഗതിയിൽ അയയ്ക്കുന്ന ആളിൽനിന്നു വരവാഫീസും രജിസ്റ്റർ ചെയ്ത ഉരുപ്പടികളുടെ സംഗതിയിൽ മേൽവിലാസക്കാരനിൽനിന്നു ചിലവാഫീസും അതാതു രാജ്യത്തുള്ള നിരക്കുകൾ അനുസരിച്ചു കമ്മീഷൻ ഈടാക്കുന്നതാണ്. അപ്രകാരമുള്ള കമ്മീഷൻ അതു ഈടാക്കുന്ന രാജ്യത്തെ വകയായിരിക്കും.

൨. രണ്ടു സെൻട്രൽ ആഫീസുകളിൽനിന്നും ഓരോ രാജ്യത്തെ അഞ്ചൽ സൂപ്രണ്ടിനു ഇപ്പോൾ അയച്ചുവരുന്ന നാൾവഴി ഹുണ്ടി കണക്കുകളിൽ ഓരോ രാജ്യത്തുനിന്നു സ്വീകരിച്ചതും അവിടേക്കു അയച്ചതുമായ എല്ലാ വി. പി. ഹുണ്ടികളേയും ഉൾപ്പെടുത്തേണ്ടതാണ്. സാധാരണ ഹുണ്ടികളിൽനിന്നു തിരിച്ചറിയുന്നതിനായി നാൾവഴികണക്കുകളിൽ ഓരോ വി. പി. ഹുണ്ടിയുടെ നമ്പരിനോടുകൂടി വി. പി. എന്ന അക്ഷരങ്ങൾ എഴുതിയിരിക്കണം.

<u>റയിൽവെ രസീതു നോട്ടുകൾ ഉറസ്സായ വിധത്തിൽ വിലപിരിയേണ്ടും</u>

<u>ഉരുപ്പടികളായി അഞ്ചൽമാർഗ്ഗം അയക്കൽ.</u>

൰൧. ചരക്കുകൾക്കുള്ള റയിൽവെ രസീതുനോട്ടു ഉറസ്സായി വില പിരിയേണ്ടും (വി. പി.) അഞ്ചൽ ഉരുപ്പടിയായി അഞ്ചൽമാർഗ്ഗം അയക്കാവുന്നതാകുന്നു.

എന്നാൽ

(എ) ആ റെയിൽവെ രസീതുനോട്ടു സംബന്ധിക്കുന്ന ചരക്കുകളുടെ വില ൫൦൦ രൂപയിൽ കവിഞ്ഞുകൂടാത്തതും.

(ബി) റയിൽവെരസീതു നോട്ടുസംബന്ധിക്കുന്ന ചരക്കുകൾ നോട്ടു അയയ്ക്കുന്ന ആളിന്റെ പേർക്കുതന്നെ അയച്ചിരിക്കുന്നതായും ചരക്കുകൾ ആർക്കു കൊടുക്കേണമെന്നൊ അയാളുടെ പേർക്കു നോട്ട് ഇണ്ടോസ് ചെയ്തിരിക്കുന്നതായും അയയ്ക്കുന്നആൾ നോട്ടിൽ ഒപ്പിട്ടിട്ടുള്ളതായും സ്പഷ്ടമായി കാണാമായിരിക്കേണ്ടതും

ആകുന്നു.

൰൨. ഉറന്ന റയിൽവേ രസീതുനോട്ടിനെ രജിസ്റ്റർ ചെയ്തു വില പിരിയേണ്ടും അഞ്ചലുരുപ്പടികൾക്കു നിശ്ചയിച്ചിട്ടുള്ള അച്ചടിച്ച ഫാറത്തോടുകൂടി അഞ്ചലാഫീസിൽ ഹാജരാക്കേണ്ടതാകുന്നു. അയയ്ക്കുന്ന ആൾ ആ ഫാറത്തിൽ തനിക്കു കിട്ടേണ്ടതു ക്ലിപ്തപ്പെടുത്തി എഴുതുകയും ആവശ്യമുള്ള വിവരങ്ങൾ എഴുതി അതിനെ

പൂരിപ്പിക്കുകയും ഉത്തമവിശ്വാസത്തിന്മേൽ തനിക്കു ലഭിച്ച ഒരു ആർഡർ അനുസരിച്ചാണ് ആ ഉരുപ്പടി അയക്കുന്നതെന്നു ഒരു സത്യബോധവാചകം എഴുതി ഒപ്പിടുകയും ചെയ്യേണ്ടതാകുന്നു.

൯. അഞ്ചൽ മാർഗ്ഗം ഉരുസ്സായി അയക്കുന്നതിനു ഹാജരാക്കപ്പെടുന്ന ഓരോ റയിൽവേ രസീതുനോട്ടിനും രണ്ടു ചക്രം ഫീസ് അഞ്ചൽസ്റ്റാമ്പുകളായി ഒട്ടക്കേണ്ടതും അയക്കുന്ന സ്റ്റാമ്പുകളെ ആ രസീതുനോട്ടിൽ പതിക്കേണ്ടതും ആകുന്നു.

൧൦. അഞ്ചലാഫീസിൽ നിന്നു ആ ഉരന്ന റയിൽവെരസീതും നാട്ടിനെ ചെലവാഫീസിലേക്കു അയക്കുകയും ഈടാക്കേണ്ട തുക കൊടുത്താൽ അയച്ച ആൾ ആർക്കു കൊടുക്കുന്നതിനു പുറത്തെഴുതിയിരിക്കുന്നുവോ അയാൾക്കു, രജിസ്റ്റർ ചെയ്ത വില പിരിയേണ്ടും അഞ്ചൽ ഉരുപ്പടി കൊടുക്കുന്നതിനു അതാതു കാലം നിശ്ചയിക്കാവുന്ന വിധത്തിൽ, കൊടുക്കുകയും ചെയ്യുന്നതാകുന്നു.

൧൧. ഈടാക്കേണ്ട സംഖ്യ ഈടായാൽ, അതിനെ രജിസ്റ്റർ ചെയ്ത വില പിരിയേണ്ടും അഞ്ചൽ ഉരുപ്പടികളെ സംബന്ധിച്ച അപ്പഴപ്പോൾ ഉർജിതത്തിൽ ഇരിക്കുന്ന ചട്ടങ്ങൾ അനുസരിച്ചു, ഉരുപ്പടി അയച്ച ആൾക്കു അയച്ചുകൊടുക്കുന്നതാകുന്നു.

൧൨. ചരക്കുകൾ വിലപിരിയേണ്ടും ഏർപ്പാടിൻപ്രകാരം അയച്ചതാണെന്നു ബൂക്കിങ്ങ് ആഫീസിൽ സത്യാംബന്ധപ്പെടുത്തി എഴുതിയിട്ടുള്ളതായി ആ റയിൽവെരസീതു നോട്ടിന്റെ പുറത്തു കാണുന്നതായാൽ, ൩൧-ാം ചട്ടത്തിലെ രണ്ടാം ക്ലിപ്തത്തിൽ നിശ്ചയിച്ചിരിക്കുന്ന നിബന്ധനകൾ അനുസരിക്കാതെ, മേൽപറഞ്ഞിരിക്കുന്ന ചട്ടങ്ങൾ പ്രകാരം ചരക്കുകൾക്കുള്ള റെയിൽവേ രസീതുനോട്ടു അഞ്ചൽമാർഗ്ഗം ഉരുസ്സായി അയക്കാവുന്നതാകുന്നു.

൧൩. വാല്യൂപേയബിൾ (വിലപിരിയേണ്ടും) അഞ്ചലിനെ സംബന്ധിച്ച സാമാന്യമായി തൽക്കാലം ഉർജ്ജിതത്തിൽ ഇരിക്കുന്ന ചട്ടങ്ങൾപ്രകാരം രസീതുനോട്ടുകൾ അഞ്ചൽമാർഗ്ഗം അയക്കുന്നതിനെ വിരോധിക്കുന്നതായി ഈ ചട്ടങ്ങളിലുള്ള യാതൊന്നിനേയും ഗണിച്ചുകൂടാത്തതാകുന്നു.

൩-ാം ഭാഗം

ഹുണ്ടി അല്ലെങ്കിൽ മണിയാഡർ.

(എ) സ്വദേശ ഹുണ്ടികൾ.

൧൪. എല്ലാ അഞ്ചലാഫീസുകളും ഹുണ്ടി ആപ്പീസുകളാകുന്നു. എന്നാൽ ഈ ചട്ടങ്ങളുടെ അവസാനത്തുചേർത്തിരിക്കുന്ന ലിസ്റ്റിൽ പ്രത്യേകം കാണിച്ചിരിക്കുന്ന ആഫീസുകളിൽ നിന്നു ഹുണ്ടികൾക്കു പണം കൊടുക്കുന്നതല്ല.

൧൫. ഒരു ഹുണ്ടിവഴി അയക്കാവുന്ന തുക ൫൦൦ ബ്രി. രൂപയിൽ കവിഞ്ഞിരിക്കരുത്.

൧൬. തിരുവിതാംകോട്ടിനുള്ളിൽ അയയ്ക്കുന്ന ഹുണ്ടികൾക്കു താഴെ എഴുതിയിരിക്കുന്ന നിരക്കിൽ കമ്മിഷൻ ചുമത്തുന്നതാകുന്നു.—

ഹുണ്ടി കമ്മിഷൻ.

൫ ബ്രി. രൂപയിൽ കവിയാത്ത തുകക്കു .... [illegible] ചക്രം.

൫ ബ്രി. രൂപയിൽ കവിഞ്ഞതും ൧൦ ബ്രി. രൂപയിൽ

കവിയാത്തതും ആയ തുകകൾക്കു	൨½ ചക്രം.
൫൦ ബ്രി. രൂപയിൽ കവിഞ്ഞതും ൭൫ ബ്രി. രൂപയിൽ കവിയാത്തതും ആയ തുകകൾക്കു	൩½ ചക്രം.
൭൫ ബ്രി. രൂപയിൽ കവിഞ്ഞതും ൨൫ ബ്രി. രൂപയിൽ കവിയാത്തതും ആയ തുകകൾക്കു	൫ ചക്രം.

൨൫ ബ്രി. രൂപ മുതൽ ൫൦൦ ബ്രി. രൂപാ വരെയുള്ള തുകയിൽ ഓരോ ൨൫ രൂപക്കു ൫ ചക്രം വീതവും, ശേഷമുള്ളതിനു ൫ ചക്രവും ആകുന്നു. എന്നാൽ ശേഷമുള്ള തുക ൫ രൂപയിൽ കവിയാതെയിരുന്നാൽ ൧½ ചക്രവും ൫൦ രൂപയിൽ കവിയാതെയിരുന്നാൽ ൨½ ചക്രവും, ൭൫ രൂപയിൽ കവിയാതെയിരുന്നാൽ ൩½ ചക്രവും മാത്രം കൂലിയായിരിക്കുന്നതാണ്.

൧൭. ഹുണ്ടി അയക്കുന്ന ആൾ ഒരു ഹുണ്ടിഫാറത്തിൽ അച്ചടിച്ചിട്ടുള്ള നിശ്ചയിക്കപ്പെട്ടാവുന്ന വിവരങ്ങൾ മഷികൊണ്ടു എഴുതേണ്ടതും അങ്ങനെയുള്ള വിവരങ്ങൾ ഇംഗ്ലീഷിലൊ മലയാളത്തിലൊ തമിഴിലൊ എഴുതാവുന്നതുമാകുന്നു.

൧൮. ക്രമപ്രകാരം എഴുതിചേൎക്കപ്പെട്ട ഹുണ്ടിഫാറവും ഹുണ്ടി അയക്കുന്നതിനുള്ള പണവും കമ്മീഷൻ വകക്കുള്ള പണവും കൂടി ഗവൎമ്മെണ്ട നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയങ്ങളിൽ അഞ്ചലാഫീസിലെ ജനാലക്കൽ ഹാജരാക്കേണ്ടതാകുന്നു.

൧൯. പണം പറവാനുള്ള ആളെപ്പററി നിസ്സംശയം അഭിജ്ഞാനമുണ്ടാകാൻ തക്കവണ്ണവും തെററായി കൊടുത്തുപോകാൻ ഇടവരാതിരിക്കത്തക്കവണ്ണവും വാങ്ങിക്കുന്ന ആളുടെ പേരും മേൽവിലാസവും പൂൎണ്ണമായി എഴുതിയിരിക്കണം. കഴിയുമെങ്കിൽ പണം പററനുള്ള ആൾ പാൎക്കുന്ന തെരുവിന്റെ പേരും ഗൃഹത്തിന്റെ നമ്പരും പേരും കൂടി എഴുതിയിരിക്കണം, ആ ആളിന്റെ ഉദ്യോഗമൊ സ്ഥാനമൊ വ്യാപാരമൊ തൊഴിലൊ ഇവയും പററുകാരനെ നിൎണ്ണയപ്പെടുത്തുന്നതിൽ സഹായിക്കുന്നതായ മററു വിവരങ്ങളും കൂടി എഴുതിയിരിക്കണം. പററുകാരനായി ഒരാളുടെ പേരുമാത്രമേ എഴുതാവൂ. എന്നാൽ കച്ചവട സംഘങ്ങളുടേയും ഏകീകൃതയോഗങ്ങളുടേയും വിഷയത്തിൽ അവയുടെ പതിവായുള്ള പേർ എഴുതേണ്ടതാകുന്നു.

൨൦. അയക്കുന്ന ആൾക്കു അയാളുടെ ഹുണ്ടിയുടെ വകക്കും കമ്മീഷൻ വകക്കും കൂടി ഒടുക്കിയപണത്തിനു ഒരു രസീതു കൊടുക്കേണ്ടതാണ്.

൨൧. പററുകാരൻ ഹുണ്ടിയും പററുവാചകവും ഒപ്പിട്ട അഞ്ചൽ ശിപായിയുടെ പക്കൽ കൊടുത്താൽ സാധാരണമായി പററുകാരന്റെ മേൽവിലാസസ്ഥലത്തുവച്ചു ഹുണ്ടിത്തുക കൊടുക്കുന്നതാകുന്നു. കൌണ്ടർ ചീട്ടിനെ പററുകാരൻ വച്ചുകൊള്ളേണ്ടതാകുന്നു.

൨൨. ഹുണ്ടിവക പണം ൫൦൦ രൂപയിൽ കവിഞ്ഞിരുന്നാൽ, ആ ഹുണ്ടി പണമിരിക്കുന്ന വിവരത്തിനു ചെലവാഫീസിൽ നിന്നു അറിവുചീട്ട അയക്കേണ്ടതും ആ അറിവുചീട്ട മേൽവിലാസക്കാരൻ അഞ്ചലാഫീസിൽ ഹാജരാക്കുമ്പോൾ ഹുണ്ടിപ്രകാരമുള്ള പണം കൊടുക്കേണ്ടതുമാകുന്നു.

൨൩. അയച്ച ആൾ പറഞ്ഞിരിക്കുന്ന പററുകാരനൊ പററുകാരൻ തനിക്കു വേണ്ടി രേഖാമൂലം അധികാരപ്പെടുത്തിയ ഏതെങ്കിലും ആളൊ ഹുണ്ടിയിലും പററുവാചകത്തിലും ഒപ്പിടേണ്ടതാകുന്നു. ഒപ്പിടുന്നതിനായി വിട്ടിട്ടുള്ള സ്ഥലത്തു മഷികൊണ്ടു ഒപ്പിടണം.

൮൪. ഹുണ്ടിയുടെ പററുകാരൻ ഹുണ്ടിചെലവില്ലാത്ത സ്ഥലത്തു പാൎക്കുന്നു പതിവായുള്ള വിധത്തിൽ പണം കൊടുക്കാൻ പാടില്ലാതിരിക്കയും ചെയ്താൽ ഹുണ്ടിവന്നിരിക്കുന്ന വിവരം കാണിച്ചും പററുകാരൻ തന്നെ ഹാജരായിട്ടോ അയാൾക്കു വേണ്ടി ഹുണ്ടിയിൽ ഒപ്പിട്ടു കൊടുത്തു പണം വാങ്ങിക്കുന്നതിൽ ക്രമമായി രേഖാമൂലം അയാൾ അധികാരപ്പെടുത്തിയ ആളെ അയച്ചിട്ടോ പണം പററിക്കൊള്ളണമെന്നു അപേക്ഷിച്ചും അഞ്ചൽ മാസ്റ്റർ അയാൾക്കു ഒരു നോട്ടീസ് അയക്കേണ്ടതാകുന്നു. ഏതു സംഗതിയിലും അഞ്ചലാപ്പീസിൽ നിന്നു അയച്ച നോട്ടീസ് അഞ്ചൽമാസ്റ്റൎക്കു മടക്കി കൊടുക്കുകയും വേണം.

൮൫. ഹുണ്ടി അയക്കുന്ന ആളോ പററുന്ന ആളോ അക്ഷരജ്ഞാനമില്ലാത്ത ആളായിരുന്നാൽ അയാളെക്കൊണ്ടു അടയാളം വയ്പിക്കുകയും അഞ്ചൽ സൂപ്രണ്ട് ആജ്ഞാപിക്കാവുന്ന വിധത്തിൽ ആ അടയാളത്തെ സാക്ഷിപ്പെടുത്തുകയും വേണം.

൮൬. പററുകാരന്റെ രേഖാമൂലമായ അപേക്ഷപ്രകാരം അയാൾ പറയുന്ന സ്ഥലത്തു ഹുണ്ടിയെ അയാൾക്കു കൂലികൂടാതെ മടക്കി അയച്ചു കൊടുക്കേണ്ടതാകുന്നു.

൮൭. ഹുണ്ടിയുടെ തുക പററുകാരനു കൊടുത്തിട്ടില്ലാത്ത പക്ഷം പററുകാരന്റെ മേൽവിലാസം ഭേദപ്പെടുത്തണമെന്നോ ഹുണ്ടി കൊടുക്കേണ്ടതായ അഞ്ചലാപ്പീസിന്റെ പേരു ഭേദപ്പെടുത്തണമെന്നോ ഹുണ്ടി അയയ്ക്കുന്ന ആൾ ആവശ്യപ്പെടാവുന്നതാകുന്നു. ഏതു അഞ്ചലാഫീസിൽ നിന്നു ഹുണ്ടി അയച്ചുവോ ആ ആഫീസിൽ ഹുണ്ടി വകയ്ക്കുള്ള രസീതു ഹാജരാക്കി ഹുണ്ടി അയച്ച ആൾ രേഖാമൂലം അപേക്ഷിക്കുന്നതായാൽ ഭേദഗതി മാററങ്ങൾ കൂടുതൽ ചെലവുകൂടാതെ ചെയ്യപ്പെടുന്നതായിരിക്കും.

൮൮. ഹുണ്ടിയുടെ തുക പററുകാരനു കൊടുത്തിട്ടില്ലാത്തപക്ഷം ഹുണ്ടി ആർഡറിൽ പറഞ്ഞിരിക്കുന്ന പററുകാരനല്ലാതെ മറെറാരാളിനെങ്കിലും ആൾക്കു പണം കൊടുക്കണമെന്നു ഹുണ്ടി അയയ്ക്കുന്നയാൾ ആവശ്യപ്പെടാവുന്നതാണ്. അയച്ച ആൾ ഹുണ്ടിവകയ്ക്കു കിട്ടീട്ടുള്ള രസീതിനെ ഹുണ്ടിഅയച്ച അഞ്ചലാഫീസിൽ ഹാജരാക്കി അവിടത്തെ മാസ്റ്ററോടുരേഖാമൂലം അപേക്ഷിക്കുകയും ആദ്യം അടച്ച കമ്മിഷൻ സമേതമായി രണ്ടാമതു ഒരു കമ്മിഷൻ അടയ്ക്കുകയും ചെയ്താൽ, ആവശ്യപ്പെട്ട മാററങ്ങൾ ചെയ്യപ്പെടുന്നതാകുന്നു.

൮൯. ഹുണ്ടിയുടെ തുക പററുകാരനു കൊടുത്തിട്ടില്ലാത്തപക്ഷം ഹുണ്ടി അയച്ച ആൾ പണം കൊടുക്കുന്നതിനെ തടയാവുന്നതും തനിക്കു തന്നെ പണം തിരിയെ കിട്ടണമെന്നു ആവശ്യപ്പെടാവുന്നതും ആകുന്നു. ഹുണ്ടി അയച്ച ആൾ അതിലേക്കു കിട്ടിയിട്ടുള്ള രസീതിനെ ഹുണ്ടിഅയച്ച അഞ്ചലാഫീസിൽ ഹാജരാക്കി അവിടത്തെ മാസ്റ്ററോടു രേഖമൂലം അപേക്ഷിക്കുകയും ഹുണ്ടിയിൽ എഴുതിയിട്ടുള്ളവിധം പററുകാരന്റെ മേൽവിലാസം സംബന്ധിച്ച സകല വിവരങ്ങളും പറഞ്ഞുകൊടുക്കുകയും ചെയ്താൽ കൂടുതൽ ചെലവു കൂടാതെ അയാളുടെ അപേക്ഷയെ നിൎവഹിക്കുന്നതാകുന്നു. എങ്കിലും അയച്ചയാളിന്റെ അപേക്ഷപ്രകാരം ഹുണ്ടിയുടെ ചെലവിനെ തടയാൻ സാധിക്കാതിരിക്കയൊ തടയുന്നതിൽ വീഴ്ചവരികയൊ ചെയ്താൽ അതിലേക്കു യാതൊരു സംഗതിയിലും അഞ്ചലാഫീസ് ഉത്തരവാദിയാകുന്നതല്ല.

൯൦. പററുകാരനെ കാണ്മാനില്ലാതിരിക്കുകയൊ അയാൾ പണം പററുന്നതിനു വിസമ്മതിക്കുകയൊ ചെയ്താൽ ഹുണ്ടി അയച്ച ആളിനു അതിന്റെ തുക കൂലി കൂടാതെ ഉടൻ മടക്കികൊടുക്കുന്നതാകുന്നു. യാതൊരു സംഗതിയിലും കമ്മിഷൻ തുക മടക്കികൊടുക്കുന്നതല്ല.

൯൫. ഹുണ്ടിയുടെ തുക പറവകാരനു കൊടുക്കാൻ പാടില്ലാതെയും ഹുണ്ടി അയച്ച ആളെ കണ്ടുപിടിപ്പാൻ പാടില്ലാതെയും വരുമ്പോൾ ഹുണ്ടി ക്ലേയിമായി തീരുന്നതും അതിന്റെ തുക ഗവർമ്മെന്റിലേക്ക മുതൽ കൂട്ടുന്നതുമാകുന്നു. എന്നാൽ ഹുണ്ടി ആദ്യം അയച്ച തീയതി മുതൽ ഒരു വർഷത്തിനകം പറവകാരനോ അയക്കുന്ന ആളോ അവരുടെ അവകാശികളോ അപേക്ഷിക്കുന്നതായാൽ അയാൾക്കൊ അവൎക്കൊ ഹുണ്ടിയുടെ തുക കൊടുക്കുന്നതാകുന്നു.

൯൬. ഖജനാബാക്കിയുടെ അസാധാരണസ്ഥിതിനിമിത്തമോ മററു വിശേഷാൽ കാരണത്താലൊ ഹുണ്ടിയുടെ ചെലവു ഒരു ന്യായവട്ടത്തിൽ കവിയാതെയുള്ള കാലത്തേക്ക താമസിപ്പിക്കാവുന്നതാകുന്നു.

(ബി) വിദേശഹുണ്ടികൾ.

൯൭. കൊച്ചി സംസ്ഥാനത്തു് ഹുണ്ടി ജോലി നടത്തുന്ന ഏതെങ്കിലും അഞ്ചലാപ്പീസിൽ നിന്നു പണം കൊടുക്കുന്നതിനായി തിരുവിതാംകൂർ സംസ്ഥാനത്തു ഹുണ്ടി ഏൎപ്പാടു നടപ്പിലിരിക്കുന്ന ഏതെങ്കിലും അഞ്ചലാപ്പീസിൽ നിന്നു ഒരു ഹുണ്ടി അയയ്ക്കാവുന്നതും അതുപോലെതന്നെ തിരുവിതാംകൂർ സംസ്ഥാനത്തു ഹുണ്ടി ഏൎപ്പാടുള്ള ഏതെങ്കിലും അഞ്ചലാപ്പീസിൽ നിന്നു പണം കൊടുക്കുന്നതിനായി കൊച്ചി സംസ്ഥാനത്തു അതുപോലെയുള്ള ഏതെങ്കിലും അഞ്ചലാപ്പീസിൽ നിന്നു് ഒരു ഹുണ്ടി അയയ്ക്കാവുന്നതും ആകുന്നു. ഓരോ സംസ്ഥാനത്തിലേയും അഞ്ചലാപ്പീസുകളിൽ നിന്നു ഹുണ്ടികൾ അയക്കുകയും കൊടുക്കുകയും ചെയ്യുന്നതു ആ സംസ്ഥാനത്തിൽ ആ കാലത്തു നടപ്പിലിരിക്കുന്ന ചട്ടങ്ങൾ അനുസരിച്ചിരിക്കുന്നതാകുന്നു.

൯൮. ഒരു സംസ്ഥാനത്തു നിന്നു മററെ സംസ്ഥാനത്തേക്ക അയക്കുന്ന ഹുണ്ടിയുടെ തുക ബ്രി. നാണയങ്ങളായി എഴുതേണ്ടതാണ്. ഒററ ഹുണ്ടിയിലെ തുക ൬൦൦ ബ്രി. രൂപയിൽ കവിഞ്ഞുകൂടാത്തതും ഒരു അണയുടെ അംശം അതിൽ ഉൾപ്പെട്ടുകൂടാത്തതും ആകുന്നു. ഓരോ സംസ്ഥാനത്തു നിന്നും അയക്കുന്ന ഹുണ്ടിക്ക ആ സംസ്ഥാനത്തേക്ക നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കമ്മീഷൻ ചുമത്താവുന്നതാകുന്നു.

൯൯. സൌകൎയ്യത്തിനും കണക്കുകൾ ശരിയായി തീൎക്കുന്നതിനും വേണ്ടി ഈ രണ്ടു സംസ്ഥാനങ്ങൾ തമ്മിലുള്ള എല്ലാ ഹുണ്ടി ഇടപാടുകളും "സെൻട്രൽ ആഫീസ്" എന്ന പേരോടുകൂടി ഓരോ സംസ്ഥാനത്തും ഉണ്ടായിരിക്കുന്ന ഓരോ അഞ്ചലാപ്പീസു മുഖാന്തിരം നടത്തപ്പെടുന്നതാകുന്നു.

൧൦൦. തിരുവിതാംകോട്ട ആലുവായും കൊച്ചിയിൽ എറണാകുളവും സെൻട്രൽ ആപ്പീസ് ആയിരിക്കുന്നതാണ്.

൧൦൧. തിരുവിതാംകോട്ട സംസ്ഥാനത്തുള്ള ഏതെങ്കിലും അഞ്ചലാപ്പീസിൽ നിന്നും അയക്കുന്ന എല്ലാ ഹുണ്ടികളും ആദ്യം ആലുവാ അഞ്ചലാപ്പീസിലേക്ക പോകുന്നതും അവിടെ നിന്നു അവയെ എറണാകുളം അഞ്ചലാപ്പീസിലേയ്ക്കു അയക്കുന്നതും അവിടെനിന്നു കൊച്ചി സംസ്ഥാനത്തിൽ ആ ഹുണ്ടി ചെലവു വരേണ്ട അഞ്ചലാപ്പീസുകളിലേക്ക അയക്കുന്നതും ആകുന്നു.

കുറിപ്പ്:—കൊച്ചിസംസ്ഥാനത്തിൽ ഹുണ്ടി അയയ്ക്കുന്നതിനും കൊടുക്കുന്നതിനും അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ആപ്പീസുകളുടെ ഒരു ലിസ്റ്റ് ഈ ചട്ടങ്ങളുടെ ഒടുവിൽ ചേൎത്തിട്ടുണ്ട്.

൯൮. സ്വദേശഹുണ്ടികളെ സംബന്ധിക്കുന്ന ൭൮-ം ൭൯-ം ൮൧-ം ൮൫-ം ചട്ടങ്ങൾ വിദേശഹുണ്ടികൾ അയക്കുന്നതിനും അതുപോലെതന്നെ സംബന്ധിക്കുന്നതാകുന്നു.

൯൯. സ്വദേശഹുണ്ടികളെ സംബന്ധിക്കുന്ന ൮൪-ം ൮൫-ം ൮൬-ം ൯൧-ം ചട്ടങ്ങൾ വിദേശഹുണ്ടികൾക്കു പണം കൊടുക്കുന്നതിനും അതുപോലെ തന്നെ സംബന്ധിക്കുന്നതാകുന്നു.

(സി) റവന്യൂഹുണ്ടികൾ.

൧൦൦. ഭൂമിയിന്മേൽ ഗവണ്മെന്റിനു ചെല്ലാനുള്ള ഏതെങ്കിലും കരവും പിഴവക കരങ്ങൾ മുതലായി ഭൂനികുതിയിൽപ്പെട്ട മററു ഇനങ്ങളും അതിലേക്കായി നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ എഴുതി ഹുണ്ടികളായി അയയ്ക്കാവുന്നതാകുന്നു.

൧൦൧. ഭൂനികുതിയല്ലാതെ ഗവണ്മെന്റിലേക്കു ചെല്ലാനുള്ള പണം അടയ്ക്കുന്നതിനു ഗവണ്മെന്റു ഉദ്യോഗസ്ഥന്മാരുടെ പേർക്കു അയയ്ക്കുന്ന ഹുണ്ടികൾ അതിലേക്കായി നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ എഴുതേണ്ടതാകുന്നു.

൧൦൨. സ്വദേശഹുണ്ടികളെ സംബന്ധിച്ച ൭൫ മുതൽ ൯൦ വരെ ചട്ടങ്ങളും ൯൨-ാംചട്ടവും വേണ്ട ഭേദഗതികളോടുകൂടി ൧൦൧-ം ൧൦൨-ം ചട്ടങ്ങൾപ്രകാരമുള്ള റവന്യൂ ഹുണ്ടികൾക്കും സംബന്ധിക്കുന്നതാകുന്നു.

൧-ാംഭാഗം.

സർക്കാർവക അഞ്ചലുരുപ്പടികൾ.

൧൦൩. സർക്കാർവക അഞ്ചലുരുപ്പടികൾ താഴെ ചേർത്തിരിക്കുന്ന നിബന്ധനകൾ അനുസരിച്ചു അഞ്ചൽമാർഗ്ഗം അയയ്ക്കേണ്ടതാകുന്നു.

(എ) സർക്കാർവകയല്ലാത്ത പലമാതിരി അഞ്ചലുരുപ്പടികൾ അയക്കുന്നതിനു ഇതിനുമുമ്പു നിശ്ചയിച്ചിട്ടുള്ള നിബന്ധനകളും അഞ്ചൽക്കൂലി നിരക്കും ആ ഉരുപ്പടികളെ രജിസ്റ്റർ ചെയ്യുക, ഇൻഷ്വർ ചെയ്യുക, ഇവയ്ക്കുള്ള ചട്ടങ്ങളും സർക്കാർവക അഞ്ചലുരുപ്പടികൾക്കുകൂടി സംബന്ധിക്കുന്നതാകുന്നു.

(ബി) നീതി അഞ്ചലിൽ അയയ്ക്കാവുന്ന ഒരു സർക്കാർവക എഴുത്തിന്റെ ഘനം ൫൦ ഉറുപ്പികത്തൂക്കത്തിൽ കവിഞ്ഞുകൂടാത്തതാകുന്നു. എങ്കിലും അടിയന്തിരമായി അയയ്ക്കുന്ന സർക്കാർവക എഴുത്തുകൾ ൫൦ ഉറുപ്പികത്തൂക്കത്തിൽ കവിഞ്ഞു ൩൦൦ ഉറുപ്പികത്തൂക്കം വരെ ആയിരുന്നാലും നീതി അഞ്ചലിൽ അയക്കാവുന്നതാണ്. എന്നാൽ സർക്കാർവകയല്ലാത്ത പലമാതിരി ഉരുപ്പടികൾക്കു നിശ്ചയിച്ചിട്ടുള്ള നിരക്കുകളിൽ അഞ്ചൽക്കൂലി അടയ്ക്കുകയും കൂടിന്റെ പുറത്തു "അടിയന്തിരം" എന്ന വാക്കും "നീതി അഞ്ചൽവഴി" എന്ന വാക്കുകളും എഴുതുകയും കൂടുതൽ അഞ്ചൽക്കൂലി അടയ്ക്കുകയും ചെയ്യേണ്ടതാകുന്നു.

(സി) എഴുത്തല്ലാത്ത ഒരു സർക്കാർവക ഉരുപ്പടിയുടെ ഘനം ൫൦൦ ഉറുപ്പികത്തൂക്കത്തിൽ കവിഞ്ഞിരിക്കരുത്. എന്നാൽ കുമിളിക്കും ദേവികുളത്തിനും ഇടയ്ക്കുള്ള ഹൈറേഞ്ചിൽ കൊണ്ടുപോകുന്നതിനുള്ള അസൌകര്യം നിമിത്തം അവിടെ അയയ്ക്കുന്ന

ഉരുപ്പടികളുടെ കൂട്ടവായ ഘനം ൪൦൦ രൂപാത്തൂക്കത്തിൽ കവിഞ്ഞിരിക്കരുതാത്തതാകുന്നു.

(ഡി) സക്കാർവക അഞ്ചൽഉരുപ്പടികളുടെ പുറത്തു "സക്കാർകാര്യം" എന്നു എഴുതുകയും (താഴെ മാതൃകഫാറത്തിൽ എഴുതിയിരിക്കുന്ന പോലെ) ആ ഉരുപ്പടി അയയ്ക്കുന്ന ഉദ്യോഗസ്ഥനൊ ആ ഉദ്യോഗസ്ഥന്റെ ആപ്പീസിലെ മാനേജരോ ഹെഡ്ക്ലാക്കൊ ഉരുപ്പടികൾ അയയ്ക്കുന്ന ജോലി ഏല്പിക്കപ്പെട്ടിട്ടുള്ള ചുമതലപ്പെട്ട മററുദ്യോഗസ്ഥനൊ ആ ഉരുപ്പടിയുടെ ഇടത്തുഭാഗത്തു കീഴ്മൂലയിൽ ഒപ്പിടുകയും ഉദ്യോഗപ്പേർ എഴുതുകയും ചെയ്യണം.

തിരുവനന്തപുരം ഡിവിഷൻകച്ചേരിയിൽ നിന്നു്

സക്കാർകാര്യം.

കൊല്ലം തഹശീൽദാക്കു

എ. ബി.

ഡിവിഷൻ ശിരസ്തദാർ

കുറിപ്പു്—സക്കാർ കാർഡുകളിൽ മേൽവിലാസവശത്തു ഉദ്യോഗപ്പേരെഴുതി ഒപ്പിടാൻ പാടില്ല; എന്നാൽ അയയ്ക്കുന്ന ആൾ മറുവശത്തുതന്റെ ഒപ്പിന്റെ കീഴായിതന്റെ ഉദ്യോഗപ്പേരു പൂർണ്ണമായിഎഴുതിയിരിക്കണം.

വിവരണം—സക്കാർ അഞ്ചൽ കാർഡുകളിൽ മുദ്ര അടിച്ചിരിക്കുന്നതിന്റെ ഉടൻ മുകളിൽ "സക്കാർകാര്യം" എന്നു അച്ചടിച്ചിട്ടുള്ളതിനാൽ അവയുടെ സംഗതിയിൽ കൂട്ടമലായി യാതൊന്നും പുറത്തെഴുതേണ്ടതില്ല.

വിവരണം—൧. ഉദ്യോഗപ്പേരുകളുടെ ചുരുക്കമായ സംജ്ഞകളെ, അവ പ്രസിദ്ധിയുള്ളതായിരുന്നാൽ, അഞ്ചൽമാസ്റ്റർമാർ അംഗീകരിക്കാവുന്നതാകുന്നു. ഉദ്യോഗപ്പേരു പൂർണ്ണമായിഎഴുതണം എന്നു ചട്ടമുള്ള സ്ഥിതിക്കു ചുരുക്കമായ സംജ്ഞയെ അംഗീകരിക്കണമെന്നു യാതൊരു ഉദ്യോഗസ്ഥനും അവകാശപ്പെട്ടുകൂടുന്നതല്ല.

വിവരണം—൨. മുദ്രകൾ പതിച്ച ഒപ്പുകളുടെ പ്രതിലിപിയായ (facsimili) പതിപ്പുകൾഎടുത്തിട്ടുള്ളവയെ അഞ്ചൽമാസ്റ്റർമാർ അംഗീകരിക്കാവുന്നതാകുന്നു. എന്നാൽ അങ്ങനെയുള്ള പതിപ്പുകൾ കല്ലച്ചടിച്ചോ മററുവിധത്തിലൊ എടുത്തിരുന്നാൽ അവയെ അംഗീകരിച്ചുകൂടുന്നതല്ല. അങ്ങനെയുള്ള മുദ്രകളെ ഉപയോഗിക്കുന്ന സക്കാർ ഉദ്യോഗസ്ഥന്മാർ അവരുടെ ശരിയായ സൂക്ഷിപ്പിനും ഉപയോഗത്തിനും വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. അങ്ങനെയുള്ള 'വല്ല' മുദ്രയേയും ദുരുപയോഗം ചെയ്യുമെന്നൊ അങ്ങനെ ദുരുപയോഗം ചെയ്യാതിരിക്കുന്നതിനു വേണ്ടകരുതലുകൾ ചെയ്തിട്ടില്ലെന്നൊ ശങ്കിക്കുന്നതിനു വല്ല കാരണവും ഉണ്ടായിരുന്നാൽ അഞ്ചൽമാസ്റ്റർമാർ മുദ്രപതിപ്പിനെ അംഗീകരിക്കയില്ലെന്നു പറയാവുന്നതും ചട്ടത്തെ നിഷ്കർഷയായി അനുവർത്തിക്കണമെന്നു ആവശ്യപ്പെടാവുന്നതും ആകുന്നു. സക്കാർ ഗസററുകൾ പ്രസിദ്ധപ്പെടുത്തുന്ന

ആഫീസിൽ നിന്നു അവയെ ഉറന്ന ചിപ്പുകളിൽ ആക്കി അനേകം പ്രതികൾ ഒന്നിച്ചു അഞ്ചലിൽ ഇടുന്ന സംഗതിയിൽ ഒഴികെ ഒപ്പുകൾക്കുപകരം അച്ചടിച്ചിട്ടുള്ള പേരുകളെ അംഗീകരിച്ചുകൂടുന്നതല്ല.

(ഇ) നിശ്ചയിച്ചിട്ടുള്ള വിവരങ്ങൾ പുറത്തെഴുതി അയയ്ക്കുന്ന ആളിന്റെ ഒപ്പും ഉദ്യോഗപ്പേരും വച്ചിട്ടില്ലാതിരുന്നാൽ, ഒരു ഉരുപ്പടിയിൽ പതിച്ചിട്ടുള്ള സർക്കാർ വക സ്റ്റാമ്പുകളെ, അഞ്ചൽകൂലി അടയ്ക്കുന്ന കാര്യത്തിൽ, അഞ്ചലാഫീസു വകവച്ചുകൂടാത്തതാകുന്നു.

(എഫ്) "സർക്കാർകാര്യം" എന്നു പുറത്തെഴുതീട്ടുള്ള ഉരുപ്പടികളുടെ ചെലവും തിരിയെപ്പോക്കം മേൽവിലാസക്കാരന്റെ ഉദ്യോഗപ്പേരിനെ (ഉദ്യോഗപ്പേർ എഴുതിയിട്ടുള്ളപ്പോൾ) ആശ്രയിച്ചിരിക്കുന്നതാകുന്നു.

൧൦൮. അഞ്ചൽകൂലി മുൻകൂട്ടി തീർക്കാതിരിക്കയോ മുൻകൂട്ടി തീർത്തു പോരാതെ വരികയോ ചെയ്തിട്ടുള്ള സർവീസ് അഞ്ചൽഉരുപ്പടികൾ 'കൊടുക്കുമ്പോൾ താഴെപറയുംപ്രകാരം കൂലി ചുമത്തേണ്ടതാകുന്നു. കൂലിതീർക്കാത്ത എഴുത്തിനും കെട്ടിനും മുൻകൂട്ടി തീർക്കേണ്ട കൂലിക്രമമനുസരിച്ചും, കൂലിമതിയാകാത്തതെയുള്ള എഴുത്തിനും കെട്ടിനും ബാക്കിയുള്ള കൂലിയുടെ ഇരട്ടിയും.

൧൦൯. സർക്കാർ വകയുള്ള സ്റ്റാമ്പുകളും കാർഡുകളും അഞ്ചലാഫീസുകളിൽ വിൽക്കപ്പെടുന്നതല്ല. വിലകൊടുത്താൽ എല്ലാ ഡിപ്പാർട്ടുമെന്റു മേലധികാരികൾക്കും ആഫീസ് മേലധികാരികൾക്കും സർക്കാർ കാര്യമായി അഞ്ചൽമാർഗ്ഗം ഉരുപ്പടികൾ അയയ്ക്കുന്നതിനു അവകാശമുള്ള മററാളുകൾക്കും അവയെ സർക്കാർ ഖജനാവുകളിൽ നിന്നു കൊടുക്കുന്നതായിരിക്കും. അങ്ങനെ വില്ക്കുന്നതിൽ ഡിസ്കൌണ്ടു അനുവദിക്കുന്നതല്ല.

൧൧൦. (എ) തങ്ങൾ അയയ്ക്കുന്ന ഉരുപ്പടികൾ ഉത്തമവിശ്വാസത്തന്മേലും സർക്കാർ കാര്യത്തിലേക്കായി മാത്രവും ആയിരുന്നാൽ അവധിയിലിരിക്കുന്നവരോ അടുത്തുൺപററി ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞവരോ അല്ലാത്ത എല്ലാ ഗവന്മെന്റുദ്യോഗസ്ഥന്മാക്കും സർക്കാർ കാര്യമായി സർക്കാർ വക അഞ്ചലുരുപ്പടികൾ അയയ്ക്കുന്നതിനു അവകാശം ഉള്ളതാകുന്നു.

(ബി) ഒരു പട്ടണപരിഷ്കരണക്കമ്മററിയിലെ ഉദ്യോഗസ്ഥനോ പട്ടണ പരിഷ്കരണ കമ്മററി സംബന്ധമായ ഉദ്യോഗനിലയിൽ കാര്യം വിചാരിക്കുന്ന ഒരു ഗവണ്മെന്റു ഉദ്യോഗസ്ഥനോ അയക്കുന്ന എഴുത്തുകുത്തുകൾ ഈ ചട്ടങ്ങളുടെ അർത്ഥത്തിൽ ഉദ്യോഗസംബന്ധമായ എഴുത്തുകുത്തായി ഗണിച്ചുകൂടാത്തതും അവയ്ക്കു സർക്കാർ കാര്യം എന്നു പുറത്തെഴുതാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ പട്ടണ പരിഷ്കരണക്കമ്മററി വക കാര്യങ്ങളെസംബന്ധിക്കാവുന്ന എഴുത്തുകുത്താണെങ്കിലും ഗവണ്മെന്റുദ്യോഗസ്ഥന്റെ നിലയിൽ പ്രവർത്തിക്കുന്ന ഒരു ഗവർണ്മെന്റുദ്യോഗസ്ഥൻ സർക്കാർ കാര്യമായി ഉരുപ്പടി അയക്കുന്നതിനെ ഈ ഉപഖണ്ഡത്തിലുള്ള യാതൊന്നും വിരോധിക്കുന്നതല്ല.

൧൧൧. (എ) സർക്കാർകാര്യമായി അയച്ചുകൂടാത്തവല്ല 'അഞ്ചലുരുപ്പടിക്കും അഞ്ചൽകൂലി തീർക്കുന്നവകയ്ക്കു യാതൊരാളും സർവീസ് സ്റ്റാമ്പുപയോഗിച്ചുകൂടാത്തതും സർവീസ് കാർഡിനെ സ്വന്തംവക വല്ല എഴുത്തുകുത്തിനും ഉപയോഗിച്ചുകൂടാത്തതും ആകുന്നു.

(ബി) ൧-ാം ഉപഖണ്ഡത്തിലെ ചട്ടത്തെ ലംഘിക്കുന്ന യാതൊരാളും അൻപതു രൂപയോളം വരാവുന്ന ഒരു പിഴശിക്ഷയ്ക്കു പാത്രമായി വരുന്നതാണ്,

൧൦൮. സക്കാർ വക അഞ്ചലുരുപ്പടികൾക്കു അഞ്ചൽ കൂലിയും മററു ഏതെങ്കിലും കൂലിയുണ്ടെങ്കിൽ അതും കൊടുക്കേണ്ടതില്ലാത്തതാകുന്നു. സർവ്വീസ് സ്റ്റാമ്പുകൾ മാത്രമേ ഉപയോഗിക്കപ്പെടുന്നതിനു പാടുള്ളു. എന്നാൽ സക്കാർ കായ്യമല്ലാത്ത അഞ്ചലുരുപ്പടിയിൽ സർവീസ് സ്റ്റാമ്പിനു പകരം സാധാരണമായ അഞ്ചൽ സ്റ്റാമ്പു ഉപയോഗിച്ചിരുന്നാൽ ആ ഉരുപ്പടിയെ സക്കാർ കായ്യമായ ഉരുപ്പടിയായി അഞ്ചലാഫീസ് അംഗീകരിക്കേണ്ടതാണ്. എന്നാൽ ആ ഉരുപ്പടി കൂടുന്ന ആഫീസിലെ ചുമതലക്കാരനായ ഉദ്യോഗസ്ഥൻ ആ കൃത്യത്തോട് സംബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ബോദ്ധ്യപ്പെടുത്തുകയും അങ്ങനെയുള്ള കൃത്യങ്ങൾ കൂടക്കൂടെ ഉണ്ടാകുന്നതായാൽ വിവരം അഞ്ചൽ സൂപ്രണ്ടിനെ ഗ്രഹിപ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

൧൦൯. കുടികളുടെ ആളുകൾക്കോ സംഘങ്ങൾക്കോ ഗവർണ്മെന്റുദ്യോഗസ്ഥന്മാർ തങ്ങളുടെ ഉദ്യോഗനിലയിൽ അയക്കുന്ന കത്തുകളും കവറുകളും കെട്ടുകളും അവ ആ ആളുകളുടെയോ സംഘങ്ങളുടെയോ സ്വന്ത കായ്യത്തെ സംബന്ധിച്ചുള്ളതായിരുന്നാലും സർവീസ് സ്റ്റാമ്പുകൾ മൂലം കൂലിതീർത്തു സക്കാർ കായ്യമായ അഞ്ചൽ ഉരുപ്പടികളായി അയക്കേണ്ടതാകുന്നു.

൧൧൦. "സക്കാർ കായ്യം" എന്ന മേലെഴുത്തുള്ള ഉരുപ്പടികൾ ചെലവു വരുമ്പോൾ, പിഴയെന്നോ അവയിൽ കുറിക്കപ്പെട്ടിട്ടുള്ള അഞ്ചൽ കൂലിയുടെ ഇരട്ടി ചെലവാഫീസിലെ അഞ്ചൽ മാസ്റ്റർ ചുമത്തേണ്ടവയല്ലാത്തതാണ്. തങ്ങൾക്ക വരുന്ന സക്കാർവക എല്ലാ അഞ്ചലുരുപ്പടികളേയും ഗവർണ്മെന്റുദ്യോഗസ്ഥന്മാർ കയ്യേറ്റുകയും മേൽവിലാസമോ ഒപ്പോ പൂർണ്ണമായി വയ്ക്കാത്തതു നിമിത്തമോ ഏതെങ്കിലും പിശകു നിമിത്തമോ അഞ്ചലാഫീസിൽ നിന്നു അവയ്ക്കു ചുമത്താവുന്ന വല്ല അഞ്ചൽ കൂലി കൊടുക്കുകയും വേണം. അങ്ങനെ വരുന്ന ഉരുപ്പടികളുടെ മേൽവിലാസക്കാരൻ ആ ഉരുപ്പടി ഏതു ഉദ്യോഗസ്ഥന്റെ ആഫീസിൽ നിന്നു അയച്ചുവോ ആ ഉദ്യോഗസ്ഥന് ആ കൂലിയെ ഒരു സാക്ഷ്യപത്രമായി അയച്ച് ആ വക കൂലിക്ക മുറപ്രകാരം എഴുതി ചോദിക്കുകയും അങ്ങനെ എഴുതി ചോദിക്കപ്പെട്ട ഉദ്യോഗസ്ഥൻ വീഴ്ച ചെയ്ത ആളിന്റെയോ ആളുകളുടെയോ പക്കൽ നിന്നു ആ അഞ്ചൽ കൂലി ഈടാക്കുന്നതിൽ തന്റെ യുക്തം പോലെ തീരുമാനിക്കുകയും ചെയ്യേണ്ടതാകുന്നു.

൧൧൧. കൊട്ടാരത്തിൽ നിന്നോ, മഹാരാജശ്രീ റസിഡന്റ സായ്പ് അവർകളിൽ നിന്നൊ റസിഡന്റാഫീസിൽ നിന്നോ, അഞ്ചൽ ഡിപ്പാർട്ടുമെന്റവകയായൊ സക്കാർകായ്യമായി അയക്കുന്ന എഴുത്തുകുത്തുകളേയും മററുരുപ്പടികളേയും കൊട്ടാരത്തിലെ ഉപയോഗത്തിനായുള്ള ഉരുപ്പടികളേയും കൂലികൂടാതെ കൊണ്ടുപോകുന്നതിനു ഇപ്പോൾ ഉള്ള ഏർപ്പാടുകളെ മേൽ പറഞ്ഞ ചട്ടങ്ങൾ ബാധിക്കുന്നതല്ല.

വിവരണം—കൊട്ടാരം എന്ന വാക്കിൽ താഴെ എഴുതിയിരിക്കുന്നവ ഉൾപ്പെടും.

൧. വലിയകൊട്ടാരം,
൨. നിത്യച്ചിലവു.
൩. മതിലകം. (ശ്രീ പത്മനാഭസ്വാമിക്ഷേത്രം)
൪. പണിവക.
൫. വലിയകൊട്ടാരം ഖജാനാ.
൬. ശ്രീപാദം കൊട്ടാരം; ശ്രീപാദം കൊട്ടാരം എന്നതിൽ വലിയകോയിത്തമ്പുരാൻ, കൊച്ചുകോയിത്തമ്പുരാൻ, ആററങ്ങൽ അധികാരം, എടക്കോട്ട, മുട്ടക്കാട്ട കഴഞ്ചിയം, കടിയപട്ടണം കഴഞ്ചിയം, ആവണിപുരം

ദേവസ്വവും, അതിന്റെ കീഴായുള്ള ഒൻപതു ദേവസ്വങ്ങളും [(൧) പെരിയാടയാർ (൨) ആവണീശ്വരം (൩) വീരളം (൪) കീഴാററിങ്ങൽ (൫) കൊട്ടമൺ (൬) വഞ്ചിയൂർ (൭) നിലമേക്കന്നം (൮) അവനവഞ്ചേരി (൯) ഇളമ്പ] തിരുവനന്തപുരം പിറവക, ചിറയിൻകീഴ് പിറവക, ആററങ്ങൽ കോയിക്കൽ, തോന്നക്കൽ ഊട്ടുപുര ഇവ ഉൾപ്പെടുന്നതാണ്.

കുറിപ്പ്—൧. വലിയകൊട്ടാരം ചെല്ലംവകയ്ക്കു മേൽവിലാസം വച്ചിട്ടുള്ള കൂടുകൾക്കും അഞ്ചൽ കൂലി ഇല്ല.

കുറിപ്പ്—൨. കൊച്ചി രാജകുടുംബത്തിലും കൊടുങ്ങല്ലൂർ രാജകുടുംബത്തിലും ഉള്ള അംഗങ്ങൾ അയക്കുന്ന സക്കാർ ഉരുപ്പടികളിൽ സർവീസുസ്റ്റാമ്പു പതിക്കേണ്ട ആവശ്യം ഇല്ലാത്തതാകുന്നു.

൮-ാം ഭാഗം.

ചെലവു വരാത്ത അഞ്ചലുരുപ്പടികളുടെ തടങ്ങലും പെരുമാററവും.

അഞ്ചലാഫീസിൽ

൧൧൨. (i) ചെലവു ചെയ്യാൻ നിവൃത്തിയില്ലാത്ത വിധം അവ്യക്തമായും അപൂർണ്ണമായും മേൽവിലാസം എഴുതിട്ടുള്ളവയാകട്ടെ;

(ii) യാതൊരു മേൽവിലാസവും ഇല്ലാത്തവയാകട്ടെ;

(iii) അഞ്ചൽ കൂലി തീക്കാത്തതൊ കുറവായി തീത്തതൊ ആയും തിരുവിതാംകോട്ടിനും കൊച്ചിക്കും പുറമെ ഉള്ള സ്ഥലങ്ങളിലേക്ക ഉദ്ദേശിച്ചിട്ടുള്ളതായും ആകട്ടെ;

ആയ ഉരുപ്പടികളെ അഞ്ചൽ സൂപ്രണ്ടിന്റെ ആഫീസിലുള്ള ഡെഡ്‌ലററർ ആഫീസിലേക്ക അയക്കുന്നതാകുന്നു.

൧൧൩. (൧) മേൽവിലാസക്കാരനെ അറിയാൻ പാടില്ലാതിരിക്കുകയൊ തന്റെ പുതിയ മേൽവിലാസത്തെപ്പററി അഞ്ചലാഫീസിൽ അറിവുകൊടുക്കാതെ മേൽവിലാസസ്ഥലം വിട്ടു മേൽവിലാസക്കാരൻ പോവുകയൊ ചെയ്ക നിമിത്തം ചെലവു വരാത്ത അഞ്ചലുരുപ്പടിയെ മേൽവിലാസക്കാരനെ കാണുന്നതിന്ന നടത്തിയ അന്വേഷണങ്ങളെല്ലാം വിഫലമായി തീന്നതിനു ശേഷം ചെലവാഫീസിൽ സാധാരണമായി ഏഴു ദിവസക്കാലത്തേയ്ക്കു വച്ചു സൂക്ഷിക്കുന്നതാകുന്നു.

(൨) "വരുന്നതുവരെ വച്ചുകൊള്ളണം" എന്നൊ "ആവശ്യപ്പെട്ടു ചോദിക്കുന്നതുവരെ വച്ചുകൊള്ളണം" എന്നോ ഇതുപോലെയുള്ള മററു ആജ്ഞകളൊ പുറത്തെഴുതീട്ടുള്ളതും ചെലവു വരാത്തതുമായ അഞ്ചലുരുപ്പടിയെ ആയതു ചെലവാഫീസിൽ വന്നുചേന്ന തീയതി മുതൽ ഒരു മാസത്തേക്കു ആ ആഫീസിൽ വച്ചു സൂക്ഷിക്കുന്നതാകുന്നു.

൧൧൪. ചെലവു വരാത്ത അഞ്ചലുരുപ്പടിയെ, മേൽവിലാസക്കാരനെ കണ്ടുകിട്ടുകയില്ലെന്നു നിണ്ണയിക്കപ്പെട്ടതിന്റെ ശേഷം ആ ഉരുപ്പടി തിരിച്ചയയ്ക്കപ്പെട്ട അഞ്ചലാഫീസിൽ സാധാരണമായി വച്ചുകൊള്ളാൻ പാടില്ലാത്തതാകുന്നു.

൧൧൫. ചെലവുവന്നിട്ടില്ലാത്ത ഒരു കമ്പി അഞ്ചൽമാഗ്ഗം അയയ്ക്കുന്നതായാൽ ആയതു ചെലവാഫീസിൽ എത്തുന്ന തീയതി മുതൽ എഴു ദിവസത്തേക്ക അതിനെ അവിടെ വച്ചു സൂക്ഷിക്കുന്നതാകുന്നു.

൮൮൬. (i) മേൽവിലാസക്കാരൻ [illegible] ൽ നിന്നു മറുപടി [illegible] രജിസ്ട്രേഷന് കൊടുക്കേണ്ടതിനു ശേഷം ഏതു [illegible] മനസ്സില്ലെന്നു പറകയോ ഏതെങ്കിലും വാങ്ങാതിരിക്കുകയോ ആകട്ടെ;

(ii) തനിക്കു വരുന്ന എഴുത്തുകളും മറ്റും ഇന്ന സ്ഥലത്തേക്കു തിരിച്ചയക്കണമെന്ന് അഞ്ചലാഫീസിൽ അറിവു കൊടുക്കാതെ [illegible] ഒഴിഞ്ഞുപോയിരിക്കയോ [illegible] അറിയപ്പെടാതിരിക്കയോ ആകട്ടെ;

(iii) മരിച്ചുപോകുകയും മറ്റും ഉരുപ്പടി ഏറ്റുവാങ്ങുന്നതിനു യാതൊരാളും ഇല്ലാതിരിക്കുകയും ആകട്ടെ;

ചെയ്താൽ, അപ്രകാരം [illegible] ഉരുപ്പടിയെ [illegible] നിന്നും അഞ്ചൽ സൂപ്രണ്ടിന്റെ ആപ്പീസിലുള്ള ഡെഡ്‌ലെറ്റർ [illegible] അയക്കേണ്ടതും ആകുന്നു.

എങ്കിലും അയച്ച ആളിന്റെ പേർ ഉരുപ്പടിയുടെ പുറത്തു എഴുതിയിരുന്നാൽ അതു മടക്കി കൊടുക്കുന്നതിനായി കൂടെ [illegible] അവിടെ അയക്കേണ്ടതാണ്.

൮൮൭. മേൽവിലാസക്കാരൻ ബ്രിട്ടീഷ് ഇൻഡ്യയിലേക്ക് പോയിരിക്കയാണെന്ന് ചെലവാപ്പീസിന് അറിവുണ്ടായിരിക്കുകയും അയാളുടെ മേൽവിലാസം അറിയാമെന്നിരിക്കുകയും ചെയ്താൽ ആ ഉരുപ്പടിയെ ബ്രിട്ടീഷ് [illegible] അയയ്ക്കുകയും വേണം.

അഞ്ചൽ സൂപ്രണ്ടാഫീസിലുള്ള ഡെഡ്‌ലെറ്റർ ആഫീസിൽ.

൮൮൮. (i) റഗുലേഷൻ ൩൬-ാം വകുപ്പിൻപ്രകാരം വിനിയോഗിക്കാൻ നിവൃത്തിയില്ലാത്തതും കച്ചവടസംബന്ധമായോ മറ്റോ ഉള്ള വിലവിവരപ്പട്ടികകൾ മുതലായി വിലപിടിയാത്തവയെന്നു സ്പഷ്ടമായി അറിയാവുന്ന അച്ചടിച്ചകടലാസുകൾ അടങ്ങിയിരിക്കുന്നതുമായ കെട്ടുകളെ ഉടൻതന്നെ പാഴ് കടലാസായി വിൽക്കുകയോ നശിപ്പിക്കുകയോ ചെയ്യാവുന്നതാകുന്നു.

(ii) റഗുലേഷൻ ൩൬-ാം വകുപ്പിൻപ്രകാരം വിനിയോഗിക്കാൻ നിവൃത്തിയില്ലാത്തതായി (i)-ാം ഉപഖണ്ഡത്തിൽ പറഞ്ഞ കെട്ടുകളല്ലാത്ത പുസ്തകക്കെട്ടുകളേയും, വർത്തമാനപത്രങ്ങളേയും മറ്റുകെട്ടുകളേയും മൂന്നുമാസത്തേക്കു വച്ചു സൂക്ഷിക്കേണ്ടതും അതിനുശേഷം വിൽക്കുകയോ നശിപ്പിക്കയോ ചെയ്യാവുന്നതും ആകുന്നു. മാസികകളും അനുകാലിക ഗ്രന്ഥങ്ങളും വർത്തമാനപത്രങ്ങളും അഞ്ചൽസൂപ്രണ്ടിന്റെ യുക്തംപോലെ ഏതെങ്കിലും പൊതുകാര്യത്തിനായി ഉപയോഗിക്കാവുന്നതാകുന്നു.

൮൮൯. റഗുലേഷൻ ൩൬-ാം വകുപ്പിൻപ്രകാരം വിനിയോഗിക്കാൻ നിവൃത്തിയില്ലാത്ത അഞ്ചൽകാർഡുകളെ ഒരു മാസത്തേക്കു വച്ചു സൂക്ഷിക്കേണ്ടതും പിന്നീട് അവയെ ചുട്ടു നശിപ്പിച്ചുകളയാവുന്നതും ആകുന്നു.

എന്നാൽ മുൻകൂട്ടി കൂലി തീർത്തിട്ടില്ലാത്ത അഞ്ചൽ കാർഡുകളെ ഉടൻതന്നെ ചുട്ടു കളയേണ്ടതാണ്.

൧൨൦. റെഗുലേഷൻ ൩൯-ാം വകുപ്പ് (ബി) ക്ലാസ്സിലെ വ്യവസ്ഥയ്ക്കു ഉൾപ്പെട്ട്, ൩൭-ാം വകുപ്പിൻപ്രകാരം വിനിയോഗിക്കാൻ നിവൃത്തിയില്ലാത്ത ബങ്കികളെ മൂന്നു മാസത്തേയ്ക്കു വച്ചുസൂക്ഷിക്കേണ്ടതും അതിനുശേഷം, ആ ബങ്കിയുടെ ഉള്ളടക്കങ്ങൾക്കു വിൽക്കത്തക്ക വിലയില്ലെന്നു കണ്ടാൽ അവയെ നശിപ്പിച്ചുകളയാവുന്നതും ആകുന്നു.

൧൨൧. റെഗുലേഷൻ ൩൭-ാം വകുപ്പിൻപ്രകാരം വിനിയോഗിക്കാൻ പാടില്ലാത്ത കത്തുകളെ താഴെ പറഞ്ഞിരിക്കുന്നപ്രകാരം ചെയ്യേണ്ടതാകുന്നു.

(എ) സ്വന്തെ വിലപിടിച്ചതായി യാതൊന്നും അടങ്ങിയിട്ടില്ലാത്ത കത്തുകളെ

(i) രജിസ്റ്റർ ചെയ്യിട്ടില്ലാത്തവയായാൽ ഒരു മാസത്തേയ്ക്കും;

(ii) രജിസ്റ്റർ ചെയ്യിട്ടുള്ളവയായാൽ മൂന്നുമാസത്തേയ്ക്കും;

വച്ചു സൂക്ഷിക്കണം.

(ബി) മററുകത്തുകളെ,

(iii) അഞ്ചൽ കൂലിമുൻകൂട്ടി തീർക്കാതിരിക്കുകയോ കുറവായി തീർത്തിരിക്കുകയോ ചെയ്താൽ മൂന്നുമാസത്തേയ്ക്കും,

(iv) അഞ്ചൽകൂലി മുഴുവൻ മുൻകൂട്ടി തീർത്തിരുന്നാൽ ആറുമാസത്തേയ്ക്കും, വച്ചുസൂക്ഷിക്കണം.

നിശ്ചയിച്ചിട്ടുള്ള സമയംകഴിഞ്ഞാൽ ആ കത്തുകളെ ചുട്ടു നശിപ്പിച്ചുകളയേണ്ടതാകുന്നു.

എന്നാൽ അയയ്ക്കുന്നവർ ഭ്രമമായി അടച്ചിട്ടില്ലാത്തതും കൂലി തീർന്നിട്ടില്ലാത്തതുമായ കത്തുകളെ ഉടൻതന്നെ ചുട്ടു നശിപ്പിച്ചുകളകയുംവേണം.

വ്യത്യസ്തം—തിരുവതാംകോട്ടെ അഞ്ചൽ മുഖാന്തരം ചെലവാക്കുന്നതിനായി ഏതെങ്കിലും ബ്രിട്ടീഷ്തപാലാപ്പീസിൽ നിന്നോ കൊച്ചിയിലെ അഞ്ചലാപ്പീസിൽനിന്നോ വരുന്ന ഉരുപ്പടികൾക്കു ഈ ചട്ടം സംബന്ധിക്കുന്നതല്ല. അങ്ങനെയുള്ള ഉരുപ്പടികളെ, കാര്യത്തിന്റെ അവസ്ഥപോലെ, ബ്രിട്ടീഷ്തപാലിലെക്കൊ കൊച്ചി ഡെഡ്‌ലറർ ആഫീസിലേയ്ക്കോ മടക്കി അയച്ചു കൊടുക്കേണ്ടതാകുന്നു.

൧൨൨. റെഗുലേഷൻ ൨൨-ാം വകുപ്പ് (൩)-ാം ഉപവകുപ്പിൻപ്രകാരം നൽകപ്പെട്ട അധികാരമനുസരിച്ചു വല്ല അഞ്ചൽ ഉരുപ്പടിയേയും ഉടൻതന്നെ നശിപ്പിച്ചുകളയുന്നതിനെ ഈ ചട്ടത്തിൽ അടങ്ങിയ യാതൊന്നും തടുക്കുന്നതല്ല.

൯-ാംഭാഗം

സാമാന്യ ചട്ടങ്ങൾ.

൧. അഞ്ചൽകൂലി മുമ്പിൽകൂട്ടി തീർക്കേണ്ട വിധം.

൧൨൩. ഒരു അഞ്ചലുരുപ്പടിക്കു മുൻകൂട്ടി അഞ്ചൽകൂലി തീർക്കുന്നതായാൽ റെഗുലേഷൻ ൧൭-ാംവകുപ്പിൻപ്രകാരം നമ്മുടെ ഗവർമ്മെന്റിന്റെ ഉത്തരവുകൾ അനുസരിച്ചു ഇക്കാര്യത്തിലേക്കായി വ്യവസ്ഥപ്പെടുത്തിയിട്ടുള്ള ശരിയായ സ്റ്റാമ്പോ സ്റ്റാമ്പുകളൊ കൊണ്ടു കൂലിതീർക്കേണ്ടതാകുന്നു.

൧൨൪. (എ) റെഗുലേഷൻ ൧൭-ാം വകുപ്പിൻപ്രകാരം ഒരു അഞ്ചൽ സ്റ്റാമ്പായി ഉപയോഗിക്കുന്നതിനു വ്യവസ്ഥപ്പെടുത്തിയിട്ടില്ലാത്ത ഒരു സ്റ്റാമ്പായി ... ഫലാകളെ,

(ബി) സ്റ്റാമ്പു പതിച്ചിട്ടുള്ളതോ, വിലപ്പെട്ടതോ, കീറിയതോ, മുറിക്കപ്പെട്ടതോ മറവിധത്തിൽ വികൃതപ്പെടുത്തിയിട്ടുള്ളതോ ആയിരിക്കരുതു്.

(സി) അഞ്ചലിൽ ഇടുന്നതിനു മുമ്പ് സ്റ്റാമ്പിന്റെ പുറത്തു നമ്മുടെ ഗവൺമെണ്ടിന്റെ അധികാരം കൂടാതെ വല്ല എഴുത്തോ അക്ഷരമോ മുദ്രയോ അച്ചടിച്ചിട്ടുള്ളതോ പതിച്ചിട്ടുള്ളതോ ചെയ്യരുതു്.

(ഡി) സ്റ്റാമ്പു അടിച്ചു പതിച്ചിട്ടുള്ള ലക്കോട്ടിൽനിന്നോ അഞ്ചൽ കാർഡിൽ നിന്നോ റാപ്പറിൽ നിന്നോ സ്റ്റാമ്പു മുറിച്ചു മറവിധത്തിലോ വേർതിരിക്കപ്പെട്ടിരിക്കരുതു്;

ശരിയായ ഒരു സ്റ്റാമ്പുള്ള അഞ്ചലുരുപ്പടികളും അഞ്ചൽക്കൂലി മുൻകൂട്ടി കൊടുത്തതായി ഗണിക്കപ്പെടുന്നതല്ല.

എന്നാൽ സൂക്ഷ്മമായ സംഗതികളെക്കൊണ്ടു അഞ്ചൽ സ്റ്റാമ്പുകളിൽ പതിക്കപ്പെട്ടു വരുന്നതിനെയോ തിരിച്ചറിയുന്നതിനുള്ള മറ്റു അടയാളങ്ങളോ വല്ലതും ഉള്ളതിനെയോ ഈ ചട്ടത്തിൽ അടങ്ങിയ യാതൊന്നും വിരോധിക്കുന്നില്ലാത്തതാകുന്നു.

കുറിപ്പു. രജിസ്റ്റർ ചെയ്യുന്നതിനുള്ള കൂലിക്കും എത്തിയതിന്റെ ചീട്ടിനും കൂടെ കൊടുക്കേണ്ടതായ സ്റ്റാമ്പു അടിച്ചുപതിച്ചിട്ടുള്ളതായി രജിസ്റ്റർചെയ്യുന്ന വകയ്ക്കു അഞ്ചലാഫീസിൽ വിശേഷാൽ ഏർപ്പെടുത്തിയിട്ടുള്ള ലക്കോട്ടുകളെ രജിസ്റ്റർചെയ്യുന്ന അഞ്ചൽ ഉരുപ്പടികൾ അയക്കുന്നതിനായി ഉപയോഗിച്ചുകൂടാത്തതാകുന്നു.

൨. സ്റ്റാമ്പുകളുടെ വിക്രയം വില്പനയും.

൧൨൮. ജനങ്ങളുടെ ആവശ്യത്തിനായി അഞ്ചലാഫീസ് സൂക്ഷിക്കുന്ന ഏതു സമയത്തും എല്ലാ അഞ്ചലാഫീസുകളിലും അവരുടെ ഉപയോഗത്തിനുള്ള അഞ്ചൽ സ്റ്റാമ്പുകളും, ലക്കോട്ടുകളും അഞ്ചൽ കാർഡുകളും എത്രകുറഞ്ഞ സംഖ്യയായും, വിൽക്കപ്പെടുന്നതാകുന്നു. സ്റ്റാമ്പു അടിച്ചുപതിച്ചിട്ടുള്ള ലക്കോട്ടുകളും സ്റ്റാമ്പുകളും അഞ്ചൽകാർഡുകളുംചെലവുസാധനക്കാരും ഗ്രാമീണവണ്ടിയിൽ സർട്ടർമാരും (എഴുത്തുതിരിക്കുന്നവർ) വിൽക്കുന്നതാണ്. ഇതിലേക്കുവേണ്ടതായ സാധനങ്ങളും അവരുടെ കൈവശം ഉള്ളതാകുന്നു.

൧൨൯. താഴെ കാണിച്ചിരിക്കുന്ന വിലയ്ക്കുള്ള അഞ്ചൽസ്റ്റാമ്പുകളും ലക്കോട്ടുകളും അഞ്ചൽകാർഡുകളും അഞ്ചലാഫീസുകളിൽ വിൽക്കപ്പെടുന്നു.—

൪ കാശു, ൮ കാശു, ൩ കാശു, ൧൧, ൧, ൧½, ൨, ൩, ൪, ൭, ൧൪ ചക്രം, ഇതുകളും വിലയ്ക്കുള്ള സ്റ്റാമ്പുകൾ പത്തു, കാശു വിലയുള്ള സാധാരണ ലക്കോട്ടുകൾ.

മൂന്നരചക്രം വിലയിൽ സാധാരണയും നാലുചക്രംവിലയിൽ അകത്തു തുണിയിട്ടുള്ളതുമായ രജിസ്റ്റർ ലക്കോട്ടുകൾ.

൩. മടങ്ങാട്ടുള്ള ഉരുപ്പടികൾ.

൧൩൦. കൊച്ചിയിലെ അഞ്ചലാഫീസുകളിൽ ഇടുന്ന എല്ലാ അഞ്ചലുരുപ്പടികളും തിരുവിതാംകോട്ടിലും അതുപോലെ തിരുവിതാംകോട്ടു അഞ്ചലാഫീസുകളിൽ ഇടുന്ന ഉരുപ്പടികൾ കൊച്ചിയിലും ചെലവു ചെയ്യുന്നതാകുന്നു. എന്നാൽ തിരുവിതാംകോട്ടിൽ അഞ്ചലിൽ ഇടുന്ന ഉരുപ്പടികൾക്കുള്ള അഞ്ചൽ കൂലിവകയ്ക്കു കൊച്ചിയിലെ സ്റ്റാമ്പുകളെ സ്വീകരിക്കുന്നതല്ല.

൪. കൂടുതൽ സർട്ടിഫിക്കേറ്റ്.

൧൩൧. അഞ്ചലാഫീസിൽ നിന്നു രസീതു കൊടുക്കാത്ത ഏതെങ്കിലും അഞ്ചലുരുപ്പടികളുടെ വകയ്ക്കു താഴെ പറയുന്ന നിബന്ധനകൾ അനുസരിച്ചു ഒരു കൂടുതൽ സർട്ടിഫിക്കേറ്റ് ലഭിക്കാവുന്നതാകുന്നു.

അതാവിതു

(എ) കൂടുതൽ സർട്ടിഫിക്കെററ മഷിയിൽ എഴുതുകയും അയയ്ക്കേണ്ട ഉരുപ്പടിയോടു കൂടി അഞ്ചൽമാസ്റ്ററുടെ പക്കലൊ അഞ്ചലാഫീസിൽ ജോലി നടത്തുന്ന മററുദ്യോഗസ്ഥന്റെ പക്കലൊ, അങ്ങനെയുള്ള സർട്ടിഫിക്കെററുകൾ കൊടുക്കുന്നതിന കല്പിക്കപ്പെട്ടിട്ടുള്ള സമയത്ത്, ഏല്പിക്കുകയും ചെയ്യണം.

(ബി) സർട്ടിഫിക്കെററിൽ അതിനെ സംബന്ധിക്കുന്ന ഉരുപ്പടികളുടെ മേൽവിലാസങ്ങൾക്ക ശരിയായ ഒരു പകർപ്പു അടങ്ങിയിരിക്കുകയും താഴെ കാണിച്ചിരിക്കുന്നപ്രകാരം ചുമത്തുന്ന ഫീസ് വകയ്ക്കുള്ള സ്റ്റാമ്പൊ സ്റ്റാമ്പുകളൊ പതിച്ചിരിക്കുകയും വേണം.—

(i) ഒരേ ആൾ ഒരേ സമയം അഞ്ചലിൽ ഇടുന്ന രജിസ്റ്റർചെയ്യാത്ത കത്തുകളുടേയും അഞ്ചൽകാർഡുകളുടേയും (രജിസ്റ്റർചെയ്ത വർത്തമാനപത്രങ്ങൾ ഉൾപ്പെടെ) പുസ്തകക്കെട്ടുകളുടേയും മാതൃകക്കെട്ടുകളുടേയും സംഗതിയിൽ — ഈ ഇനത്തിൽ വല്ലതിലും ഉൾപ്പെട്ട ആറ ഉരുപ്പടികൾ വീതമുള്ള ഓരോ കൂട്ടത്തിനൊ അതിൽ കുറഞ്ഞ എണ്ണത്തിനൊ അര ചക്രം.

(ii) ഒരേ ആൾ ഒരേസമയം അഞ്ചലിൽ ഇടുന്ന രജിസ്റ്റർ ചെയ്യാത്ത ബങ്കികളുടേയും (സാധാരണയായുള്ള വില പിരിയേണ്ടതാകട്ടെ) വില പിരിയേണ്ടതായ രജിസ്റ്റർചെയ്യാത്ത പുസ്തകക്കെട്ടുകളുടേയും സംഗതിയിൽ—ഈ ഇനത്തിൽ ഏതിലെങ്കിലുമൊ രണ്ടിലുമൊ ഉൾപ്പെട്ട പന്ത്രണ്ടു ഉരുപ്പടികൾ വീതമുള്ള ഒരു കൂട്ടത്തിനൊ അതിൽകുറഞ്ഞ എണ്ണത്തിനൊ ൧ ചക്രം വീതം.

(൨) മേൽപറഞ്ഞ (i)-ാം ഇനത്തിൽപ്പെട്ട ഉരുപ്പടികൾക്ക "കത്തുകൾക്കുള്ള കൂടുതൽ സർട്ടിഫിക്കെററ" എന്ന തലവാചകത്തോടുകൂടിയും (ii)-ാം ഇനത്തിൽപ്പെട്ട ഉരുപ്പടികൾക്ക "ബങ്കികൾക്കുള്ള കൂടുതൽ സർട്ടിഫിക്കെററ" എന്ന തലവാചകത്തോടുകൂടിയും ഇങ്ങനെ രണ്ടു പ്രത്യേകവിധം സർട്ടിഫിക്കെററുകൾ ഉണ്ടായിരിക്കും. സർട്ടിഫിക്കെററ ആവശ്യപ്പെടുന്ന ഉരുപ്പടികളുടെ ശരിയായ എണ്ണത്തെ ആ സർട്ടിഫിക്കെററിന്റെ ചുവട്ടിൽ അക്ഷരത്തിൽ എഴുതണം.

(൩) ഹാജരാക്കപ്പെട്ട ഉരുപ്പടികളുടെ എണ്ണത്തേയും അവയിലെ മേൽവിലാസങ്ങളേയും സർട്ടിഫിക്കെററിൽ എഴുതിട്ടുള്ള വിവരങ്ങളോടു അഞ്ചൽമാസ്റ്ററോ ആ ജോലിനോക്കുന്ന മററുദ്യോഗസ്ഥനോ ഒത്തുനോക്കുകയും സർട്ടിഫിക്കെററിൽ എഴുതിട്ടുള്ള വിവരങ്ങൾ ശരിയാണെങ്കിൽ തീയതി മുദ്രപതിച്ച അഞ്ചൽസ്റ്റാമ്പു റദ്ദാക്കുകയും ചെയ്തതിന്റെ ശേഷം ആ സർട്ടിഫിക്കെററിനെ ഹാജരാക്കിയ ആൾക്ക മടക്കിക്കൊടുക്കേണ്ടതാകുന്നു.

൭. താമസിച്ച കത്തുകളും താമസിച്ചകത്തുകൾക്കുള്ള ഫീസും.

൧൨൯. താമസിച്ച കത്തുകൾ എന്നാൽ അഞ്ചൽ കെട്ടുന്നതിന നിശ്ചയിച്ച മണിക്കൂറ കഴിഞ്ഞതിനശേഷം അഞ്ചലിൽ ഇട്ടവയും, കൂടുതലായ ഒരു ഫീസ്കൊടുക്കാതെ, അപ്പോൾ അയക്കുന്നതിന തയാറാക്കി വരുന്ന അഞ്ചലിൽ അയപ്പാൻ പാടില്ലാത്തവയുമായ കത്തുകൾ എന്നർത്ഥമാകുന്നു.

൧൩൦. സ്വദേശഅഞ്ചൽവഴിയൊ വിദേശഅഞ്ചൽവഴിയൊ അയക്കേണ്ട ബങ്കി ഒഴികെയുള്ള അഞ്ചൽ ഉരുപ്പടികൾക്ക സാധാരണമായ താമസപ്പീസ് ഓരോ അഞ്ചലുരുപ്പടിക്കും അര ചക്രമായിരിക്കുന്നതാണ്.

൧൩൧. സ്വദേശഅഞ്ചൽവഴിയൊ വിദേശഅഞ്ചൽവഴിയൊ അയക്കേണ്ട ഉരുപ്പടികൾ രജിസ്റ്റർചെയ്യുന്നതിനുള്ള താമസപ്പീസ് ഓരോ അഞ്ചലുരുപ്പടിക്കും ഒരു ചക്രമായിരിക്കുന്നതാണ്.

൨൩൨. താമസ്സ് ചീട്ടുകളുള്ള കെട്ടുകളെ, അഞ്ചൽസൂപ്രണ്ട് ഇ കാര്യത്തിലേക്കായി നിശ്ചയിച്ചിട്ടുള്ള മണിക്കൂറുകളിൽ, അഞ്ചലാഫീസിലെ ജനാലകൾ വഴിയായും അഞ്ചൽക്കൂലിയും താമസപ്പീസും അഞ്ചൽസ്റ്റാമ്പായി മുഴുവൻ മുൻകൂട്ടി അടക്കേണ്ടതും ആകുന്നു.

ന്ദ. <u>അഞ്ചൽവഴി പോവിക്കേണ്ടതിന്നു അഞ്ചൽ ഉരുപ്പടികളെ അയച്ച ആളിനു മടക്കി ഏല്പിക്കൽ.</u>

൨൩൩. തിരുവിതാംകോട്ടിനകത്തു ഏല്പിക്കുന്ന വകയ്ക്കായി ഒരു അഞ്ചലാഫീസിൽ ഇട്ട എഴുത്തുകൾ, അഞ്ചൽകാർഡുകൾ, പുസ്തകക്കെട്ടുകൾ, മാസിക്കെട്ടുകൾ, രജിസ്റ്റർചെയ്ത അഞ്ചലുരുപ്പടികൾ ഇവയെ, അവ അഞ്ചൽവഴിപോയിക്കഴിഞ്ഞിരിക്കുമ്പോൾ, താഴെ ചേർത്തിരിക്കുന്ന നിബന്ധനകൾ അനുസരിച്ചു മേൽവിലാസക്കാരന്റെ സമ്മതംകൂടാതെ പിൻവലിക്കപ്പെടാവുന്നതാകുന്നു.

(എ) മേൽപറഞ്ഞ മാതിരി യാതൊരു അഞ്ചലുരുപ്പടിയും ഗവണ്മെന്റിന്റെയോ അഞ്ചൽസൂപ്രണ്ടിന്റെയോ ഉത്തരവനുസരിച്ചല്ലാതെ അയച്ച ആളിനു മടക്കിക്കൊടുക്കുന്നതല്ല.

(ബി) അയച്ച ആളിനു മടക്കിക്കിട്ടണമെന്ന് അപേക്ഷിക്കപ്പെടുന്ന ഓരോ അഞ്ചൽ ഉരുപ്പടിക്കും ഒരു ചക്രം ഫീസ് അടയ്ക്കണം.

(സി) ഒരു അഞ്ചൽ ഉരുപ്പടി അയച്ച ആളിനു മടക്കിക്കിട്ടണമെന്നുള്ള അപേക്ഷ, മേൽപറഞ്ഞ ഏതെങ്കിലും അധികാരസ്ഥന്നു നേരിട്ടോ ഒരു അഞ്ചലാഫീസിലെ മേൽവിചാരം വഹിക്കുന്ന ഉദ്യോഗസ്ഥൻ മുഖാന്തരമോ ആയി അയക്കാവുന്നതാകുന്നു.

(ഡി) അഞ്ചലുരുപ്പടി അയച്ച ആളുടെ ഇഷ്ടത്തിന്മേലായി അതിന്റെ മേൽവിലാസം അധികരിക്കപ്പെട്ടിട്ടുള്ള സംഗതിയിൽ ആവശ്യപ്പെടുന്ന അപേക്ഷമാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ.

(ഇ) മടക്കിക്കിട്ടാൻ ആവശ്യപ്പെടുന്നതിനുള്ള കാരണങ്ങളുടെ വിവരം അടങ്ങിയ സ്റ്റേറ്റുമെന്റു (അതിനെ മുദ്രവച്ചു ഒരു കവറിൽ അടക്കം ചെയ്യു.) ഓരോ അപേക്ഷയോടുംകൂടി ഉണ്ടായിരിക്കണം. ആ മാതിരിയുള്ള മുദ്രവച്ച കവറിനെ ഏതു അധികാരസ്ഥന് ആ അപേക്ഷ അയക്കപ്പെട്ടിരിക്കുന്നുവോ ആ അധികാരസ്ഥനോ അങ്ങേയറ്റുള്ള അധികാരസ്ഥൻ ഗവണ്മെന്റായിരുന്നാൽ ഗവണ്മെന്റ് ചീഫ് സെക്രട്ടറിയോ മാത്രമേ തുറക്കാൻ പാടുള്ളൂ.

(എഫ്) ഇങ്ങനെയുള്ള അപേക്ഷയും സ്റ്റേറ്റുമെന്റും മേൽപറഞ്ഞ പ്രകാരം നിശ്ചയിക്കപ്പെട്ട ഫീസും കിട്ടിക്കഴിയുമ്പോൾ, അഞ്ചലാഫീസിലെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ ഉടൻതന്നെ അതിനെ താൻ ഏതു ഡിവിഷനിൽ ജോലിയിൽ ഇരിക്കുന്നുവോ ആ ഡിവിഷനിലെ അഞ്ചൽ ഇൻസ്പെക്ടർ മുഖാന്തരം അഞ്ചൽ സൂപ്രണ്ടിന് അയക്കണം.

(ജി) മടക്കിക്കിട്ടുന്നതിന് ആവശ്യപ്പെട്ട അഞ്ചൽ ഉരുപ്പടി തന്റെ കൈവശം ഇരിക്കയാണെങ്കിൽ മേൽപറയപ്പെട്ട ഉദ്യോഗസ്ഥൻ ആ ഉരുപ്പടിയെ മേൽവിലാസക്കാരന് അയച്ചുകൊടുക്കാതെ അനാമത്തായി വച്ചുകൊള്ളുകയും അപേക്ഷയെ മേൽപറഞ്ഞ അധികാരസ്ഥന് അയച്ചുകൊടുക്കുകയും വേണം.

(എച്ച്) അഞ്ചൽ ഉരുപ്പടി തന്റെ കൈവശം ഇല്ലാതിരുന്നാൽ, മേല്പറഞ്ഞ ഉദ്യോഗസ്ഥൻ ആ ഉരുപ്പടിയെ മേൽവിലാസക്കാരനെ ഏല്പിക്കുകയാകട്ടെ മേൽവിലാസസ്ഥലത്തേക്ക അയക്കുകയാകട്ടെ ചെയ്യാതെ അനാമത്തായിവച്ചുകൊള്ളണമെന്ന് മേൽവിലാസം വച്ചിരിക്കുന്ന അഞ്ചലാപ്പീസിലെ ചുമതലവഹിക്കുന്ന ഉദ്യോഗസ്ഥനോട ആവശ്യപ്പെടണം. അങ്ങനെ അയച്ചു ആവശ്യപ്പാട് കമ്പിമാർഗ്ഗം അയക്കാവുന്നതും എന്നാൽ അതയക്കുന്നതു സംബന്ധിച്ച സകലചെലവുകളും അപേക്ഷക്കാരൻ വഹിക്കേണ്ടതും ആകുന്നു.

(ഐ) നിബന്ധനായിൽ പറഞ്ഞിരിക്കുന്നപ്രകാരം ഒരു അധികാരസ്ഥന്റെ പക്കൽ അപേക്ഷ എത്തുമ്പോൾ ആ അധികാരസ്ഥൻ അപേക്ഷകൻ ഉരുപ്പടി അയച്ച ആൾതന്നെയെന്നും മടക്കികിട്ടുന്നതിന മതിയായ കാരണങ്ങൾ കാണിച്ചിട്ടുണ്ടെന്നും ബോദ്ധ്യപ്പെട്ടാൽ, ആ അഞ്ചൽ ഉരുപ്പടിയെ അയച്ച ആളിന മടക്കികൊടുക്കാൻ ഉത്തരവുകൊടുക്കാവുന്നതും അല്ലാത്തപക്ഷം ആ അഞ്ചൽ ഉരുപ്പടിയെ ഉടൻതന്നെ മേൽവിലാസക്കാരന അയക്കേണ്ടതും ആകുന്നു.

(ജെ) അഞ്ചൽവഴി പോയിക്കൊണ്ടിരിക്കുന്ന ഒരു കത്തിനേയോ അഞ്ചൽ കാർഡിനേയോ അതു അയച്ച ആളിനോ ഇക്കാര്യത്തിലേക്കായി അയാൾ രേഖാമൂലം അധികാരപ്പെടുത്തിട്ടുള്ള വല്ല ആളിനോ മാത്രമേ മടക്കിക്കൊടുക്കാൻ പാടുള്ളു.

൭. അഞ്ചലാഫീസിന്റെ പേരിൽ പരാതികൾ.

൧൩൪. അഞ്ചലാഫീസിന്റെപേരിൽ പരാതികൾ അടങ്ങിയതും അഞ്ചൽസൂപ്രണ്ടിനോ അഞ്ചൽ ഇൻസ്പെക്ടർമാർക്കോ മേൽവിലാസം വച്ചിട്ടുള്ളതും ആയ കത്തുകളെ കൂലിക്കൂടാതെ അയക്കാവുന്നതാകുന്നു. എന്നാൽ അവ അഞ്ചലാഫീസിന്റെ പേരിലുള്ള പരാതികളാണെന്ന ആ എഴുത്തിന്റെകൂടി പുറത്തു പരാതിക്കാരന്റെ പൂർണ്ണമായ ഒപ്പും മേൽവിലാസവും വച്ചു സാക്ഷിപ്പെടുത്തിയിരിക്കണം.

നോട്ട്—"എന്നാൽ അഞ്ചൽഡിപ്പാർട്ടുമെൻറിൽ ഒരു ഹുണ്ടി മേൽവിലാസക്കാരന തെററായികൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യുന്നതിനെക്കുറിച്ചുള്ള എല്ലാ പരാതികളും ആ ഹുണ്ടി അയച്ച തീയതിമുതൽ പന്ത്രണ്ടുമാസത്തിനകം ബോധിപ്പിക്കേണ്ടതും ആ കാലാവധി കഴിഞ്ഞതിനുശേഷം അവയെപ്പററി ഗൌനിക്കുന്നതല്ലാത്തതുമാകുന്നു.

൮. അടിയന്തിരം

൧൩൫. അഞ്ചൽമാർഗ്ഗം പൊതുജനങ്ങൾ അയക്കുന്ന അടിയന്തിരത്തിനുള്ള കൂലി ഒരു മൈലിനും അതിന്റെ അംശത്തിനും പകൽസമയം എട്ടുചക്രവും രാത്രി അതായതു വൈകിട്ടു ൬ മണിമുതൽ കാലത്തു ൬ മണിവരെ, പതിനാലുചക്രവുംവീതം ആകുന്നു. അടിയന്തിരത്തിൽ അയക്കുന്ന എഴുത്തുകളെ രജിസ്റ്റർചെയ്യണം. അല്ലെങ്കിൽ മേൽവിലാസക്കാരന്റെ പക്കൽനിന്നു ഒരു രസീതു കിട്ടണമെന്ന് അഞ്ചലാഫീസിനെ അപേക്ഷിക്കുവാൻ പാടില്ല.

കുറിപ്പ്.—ഫീസ് കണക്കുകൂട്ടുന്നതിൽ എഴുത്തയക്കപ്പെടുന്ന സ്ഥലത്തേക്ക അഞ്ചൽ വഴിക്കുള്ള ദൂരത്തെയാണ് ഗണിക്കേണ്ടതു്.

൧൩൬. ഒരു അടിയന്തിരം ആർക്ക് അയച്ചുവോ അയാൾ ആ സ്ഥലം വിട്ടു മറെറാരു സ്ഥലത്തു പോയിരിക്കയാണെങ്കിൽ ആ സ്ഥലത്തേക്ക അതിനെ നീതി അഞ്ചലിൽ അയക്കുന്നതായിരിക്കും.

൧൩൭. മേൽവിലാസക്കാരനെ കണ്ടെത്തിക്കയും അവരുടെ സ്ഥാന കണ്ടുപിടിക്കുന്നതിനു അഞ്ചലാഫീസിനു കഴിവില്ലാതിരിക്കയും ചെയ്യുമ്പോൾ, ആ എഴുത്തിനെ ചെലവുവരാത്ത എഴുത്തായി ഗണിക്കുന്നതാകുന്നു. ഡെഡ്ലെറ്റർ ആഫീസിൽ അതിനെ മുദ്ര വയ്ക്കാതെ വച്ചു സൂക്ഷിക്കയും പിന്നീട് അയച്ച ആളുടെ തിരികെ അയച്ചു കൊടുക്കയും ചെയ്യും.

൯. സക്കാർ അടിയന്തിരങ്ങൾ.

൧൩൮. മേലിൽ പറയുന്ന ഉദ്യോഗസ്ഥന്മാർ മാത്രം സക്കാർ കല്പനപ്രകാരമുള്ള പല അടിയന്തിരങ്ങൾ അയക്കാവുന്നതാകുന്നു. മേൽ പറയുന്ന സർവാധികാര്യക്കാരൻ ഒരു ഉദ്യോഗസ്ഥന്മാർ പ്രത്യേകിച്ചു ഏല്പിച്ചിട്ടുള്ളവർ; ദിവാൻ, ഗവണ്മെൻറ് ചീഫ് സെക്രട്ടറി, അഞ്ചൽ സൂപ്രണ്ട്, ആജ്ഞകളോടുകൂടി ആ വക അടിയന്തിരങ്ങൾ അയച്ചാൽ അല്ലാതെ മറ്റുവക അഞ്ചൽ മാസ്റ്റർമാർ സ്വീകരിക്കുന്നതല്ല.

കുറിപ്പ്— ദിവാനോ ചീഫ്സെക്രട്ടറിയോ അധികാരപ്പെടുത്തി ദിവാൻറെയോ ചീഫ്സെക്രട്ടറിയുടെയോ ഉത്തരവുകൾ അനുസരിച്ചോ അയക്കുന്ന അടിയന്തിരങ്ങൾക്ക സാധാരണമായുള്ള നിരക്കിൽ കൂലി കൊടുക്കുന്നതാണ്.

൧൩൯. കൊട്ടാരത്തിലെ ഉപയോഗത്തിനായ സാമാനങ്ങൾ മുതലായവ നിശ്ചിതകാലങ്ങളിൽ അടിയന്തിരത്തിൽ ഇപ്പോൾ അയച്ചു വരുന്ന ഏർപ്പാടിനെ അടിയന്തിരം സംബന്ധിച്ച് മേൽ പറഞ്ഞ ചട്ടങ്ങൾ യാതൊരു വിധത്തിലും ബാധിക്കുന്നതല്ല.

അഞ്ചൽ ആഫീസ് ഒഴിവു ദിവസങ്ങൾ.

എല്ലാ ഞായറാഴ്ചകൾ, ചക്രവർത്തിതിരുമനസ്സിലെ തിരുനാൾ, മഹാരാജാവു തിരുമനസ്സിലെ തിരുനാൾ, വിഷു, തിരുവോണം, എന്നീ ദിവസങ്ങൾ എല്ലാ അഞ്ചലാപ്പീസുകൾക്കും ഒഴിവു ദിവസങ്ങളാണ്.

മേൽ പറഞ്ഞ ഒഴിവു ദിവസങ്ങളിൽ അഞ്ചലാഫീസുകളിൽ അഞ്ചൽ അയക്കുക വരുന്ന അഞ്ചൽ സ്വീകരിക്കുക കൂലിയിന്നു രജിസ്റ്റർ ചെയ്യാത്ത ഉരുപ്പടികൾ വിലവു കൊടുപ്പിക്കുക എന്നീ ജോലികൾ അല്ലാതെ മേറെ യാതൊരു ജോലികളും ചെയ്യപ്പെടുന്നതല്ലാ.

ദിവസം പ്രതി ഒന്നിലധികം പ്രാവശ്യം ചിലവു കൊടുപ്പുള്ള അപ്പീസുകളിൽ ടി ഒഴിവു ദിവസങ്ങളിൽ ഒരിക്കൽ മാത്രമേ ചിലവു കൊടുപ്പു ഉണ്ടായിരിക്കയൊള്ളു.

ഒഴിവു ദിവസങ്ങളിൽ രജിസ്ത്രേഷൻ ഉണ്ടിയൽ വി. പി. സേവിംങ്സ് ബാംക എന്നീ ജോലികൾ ചെയ്യപ്പെടുന്നതല്ലാ.

വിൻഡൊ ഡലിവറി സംബന്ധിച്ചുള്ള റൂൾസ്.

൧. സക്കാർ കാര്യം എഴുത്തുകളേയും മററു സക്കാർകാര്യം സാമാനങ്ങളേയും അഞ്ചൽ ആഫീസുകളിൽ നിന്നു കിട്ടുന്നതിൽ താമസമില്ലായ്മ ചെയ്യുന്നതിനു സ്വന്ത ശിപായികൾ ഉള്ള എല്ലാ ഉദ്യോഗസ്ഥന്മാരും അവർക്ക് ഒരോ അഞ്ചലാഫീസിൽ അയക്കയും തങ്ങളുടെ മേൽവിലാസത്തിൽ വരുന്ന എഴുത്തുകളേയും മററ സാമാനങ്ങളേയും ജനാലിൽ കൂടി (വിൻഡൊ ഡലിവറിയായി) വാങ്ങിച്ചു കൊള്ളുകയും ചെയ്യേണ്ടതാകുന്നു.

൨. അഞ്ചൽ൩൯-ാം വകുപ്പു അനുസരിച്ചു രജിസ്റ്റർചെയ്തിട്ടുള്ള എഴുത്തുകൾക്കും സാമാനങ്ങൾക്കും രസീതുകൾ ഒപ്പിട്ടു കൊടുക്കുന്നതിനു ഈ ശിപായിയെ അധികാരപ്പെടുത്താവുന്നതാകുന്നു.

൩. ഗവർൺമെണ്ട് (വിൻഡോ ഡലിവറിയായി) ജന്നലിൽ കൂടി ഉരുപ്പടികളെ ചിലവെഴുതി കൊടുക്കുന്നതിനു മാസം ഒന്നിനു ഒരു രൂപാ വീതം ഫീസു അനുവദിക്കുന്നതു. ഇതു പൂട്ടുകളും ഇരട്ടതാക്കോലുകളും ഉള്ള തപാൽപെട്ടികളെ ഉപയോഗിക്കാൻ പ്രിയപ്പെടുന്ന ഉദ്യോഗസ്ഥന്മാർ അഞ്ചൽ ഡിപ്പാർട്ടുമെണ്ടിലേക്കു കൊടുക്കേണ്ടതാകുന്നു. ഇരട്ട താക്കോലുകളിൽ ഒന്നിനെ അവരുടെ തപാലുകളെ ജന്നലിൽകൂടി (വിൻഡോ ഡലിവറിയായി) വാങ്ങുന്നതിനു അഞ്ചൽമാസ്റ്റരുടെ കൈവശം ഏല്പിക്കാവുന്നതാകുന്നു. ഈ ഫീസ്സ് ആ ഉദ്യോഗസ്ഥന്റെ തഞ്ചിലവു ഫണ്ടിൽ നിന്നു കൊടുക്കാവുന്നതാകുന്നു.

൪. സർക്കാർ ഉദ്യോഗസ്ഥന്മാർ അല്ലാത്ത ആളുകളും ഇതുപോലെ തന്നെ അഞ്ചൽ ഡിപ്പാർട്ടുമെന്റിലേക്കു മാസം ഒന്നിനു ഒരു രൂപാ വീതം ഫീസു കൊടുത്തു തങ്ങൾക്കുള്ള ഉരുപ്പടികളെ ജന്നലിൽ കൂടി (വിൻഡോ ഡലിവറിയായി) വാങ്ങിക്കൊള്ളുന്നതിനു തപാൽ പെട്ടികളെ ഉപയോഗിക്കാവുന്നതാകുന്നു.

൫. ഈ ചട്ടങ്ങൾ ൧൦൮൪ വൈകാശി ൨൩- മുതൽ നടപ്പിൽ വരുന്നതാകുന്നു.

തിരുവിതാംകൂർ

അഞ്ചൽ സേവിംങ്ങ്സ്ബാങ്ക ചട്ടങ്ങൾ.

വിഷയാനുക്രമണിക.

	വകുപ്പു.		വകുപ്പു.
സാമാന്യകാൎയ്യം	൧	പലിശ	൨൨
അൎത്ഥവിവരണങ്ങൾ ...	൨	നിക്ഷേപക്കണക്കുകൾ സ്ഥലം മാറ്റിക്കൊടുക്കുന്നതു	൨൭
നിക്ഷേപക്കണക്കുകളും നിക്ഷേപങ്ങളും ഇടങ്ങൾ നടത്തുന്നതിനുള്ള അതിരുകൾ ...	൩	നിക്ഷേപക്കണക്ക അവസാനിപ്പിക്കൽ	൩൧
പണം മടക്കി വാങ്ങാനുള്ള അധികാരങ്ങളും മടക്കിവാങ്ങിക്കുന്ന പണത്തിന്നുള്ള അതിരുകളും	൭	നിക്ഷേപക്കണക്ക വീണ്ടും തുറക്കൽ ...	൩൪
		കാലാവധിക്കുശേഷം നിക്ഷേപക്കണക്കുകൾ ...	൩൬
നിക്ഷേപക്കണക്കു തുറക്കേണ്ടുന്ന വിധം	൧൦	പിൻതുടൎച്ചയും ഉടമാവകാശവും രക്ഷകൎത്തൃത്വവും ...	൩൭
പാസ്ബുക്ക	൧൪	പണ്ടുള്ള കണക്കുകൾ	൩൮
പണം മടക്കി വാങ്ങിക്കുന്ന വിധം	൧൭	ജോയിന്റ നിക്ഷേപക്കണക്കുകൾ	൪൦
		പലവക	൪൧

സാമാന്യകാൎയ്യം.

൧. സേവിംഗ്സ്ബാങ്ക ഏൎപ്പെടുത്തുന്നതിൽ ഗവൎമ്മെന്റിന്റെ ഉദ്ദേശ്യം ജനങ്ങൾക്ക ചിലവു നീക്കി ഇരിപ്പുള്ള തുകകളെ ശേഖരിച്ചു വെക്കുന്നതിലേക്ക എളുപ്പം ആയ ഒരു മാൎഗ്ഗത്തെ ഉണ്ടാക്കുന്നതിനും അവരുടെ ഇടയിൽ മിതവ്യയശീലത്തെ വൎദ്ധിപ്പിക്കുന്നതിനും ആകുന്നു.

അൎത്ഥവിവരണങ്ങൾ.

൨. ഈ ചട്ടങ്ങളുടെ ആവശ്യത്തിലേക്ക—

"നിക്ഷേപം" എന്നാൽ ഒരു നിക്ഷേപകനോ നിക്ഷേപകനു വേണ്ടിയോ അഞ്ചൽ സേവിംഗ്സ് ബാങ്കിൽ കെട്ടുന്ന പണം എന്നു അൎത്ഥം ആകുന്നു.

"നിക്ഷേപകൻ" എന്നാൽ ആരാൽ അല്ലെങ്കിൽ ആൎക്ക വേണ്ടിയോ പണം നിക്ഷേപിക്കുന്നുവോ അയാൾ എന്നു അൎത്ഥം ആകുന്നു.

"നിക്ഷേപക്കണക്ക" എന്നാൽ ഒരു അഞ്ചൽ സേവിംഗ്സ് ബാങ്കിൽ ഒരു നിക്ഷേപകന്റെ വക കണക്ക എന്നു അൎത്ഥം ആകുന്നു.

"നീക്കിയിരിപ്പു" എന്നാൽ ഒരു നിക്ഷേപക്കണക്കിൻപടി നിക്ഷേപകനു കൊടുക്കേണ്ടതായിരിപ്പുള്ള പണം എന്നു അൎത്ഥമാകുന്നു.

"മൈനർ" എന്നാൽ, ൧൮ വയസ്സു തികഞ്ഞിട്ടില്ലാത്ത ആൾ എന്നു അൎത്ഥം ആകുന്നു.

"രക്ഷകൻ" എന്നതിൽ, ഒരു മക്കത്തായം കുടുംബത്തിൽ, അച്ഛനും മരുമക്കത്തായകുടുംബത്തിൽ കാരണവരും, അച്ഛനോ കാരണവനോ മരിച്ചിരുന്നാൽ അമ്മാവനും അമ്മയും മരിച്ചിരിക്കയും മരണശാസനത്താലോ മററു ശാസനത്താലോ

൧൦൭൭-ാണ്ടത്തെ ൮-ാം റെഗുലേഷൻപ്രകാരം മൈനർക്കു രക്ഷകൻ നിയമിക്കപ്പെടാതിരിക്കയും ചെയ്താൽ മൈനർ ആരോടുകൂടി താമസിക്കുന്നുവോ അല്ലെങ്കിൽ ആരാൽ രക്ഷിക്കപ്പെടുന്നുവോ അങ്ങനെയുള്ള ആളുടെ പ്രായംചെന്ന ബന്ധുവും ഉൾപ്പെടുന്നു. ഒരു മരുമക്കത്തായ കുടുംബത്തിൽ, മൈനരായ കുട്ടികൾക്കു വേണ്ടി നിക്ഷേപങ്ങൾ അച്ഛൻ ചെയ്തിരുന്നാൽ ഒരു മൈനരുടെ അച്ഛനും കൂടി ഉൾപ്പെടുന്നു.

നിക്ഷേപക്കണക്കുകളും നിക്ഷേപങ്ങളും തുടങ്ങുന്നതിനുള്ള അതിരുകൾ.

൩. മൈനർ അല്ലാത്ത വല്ല ആണോ പെണ്ണോ (എ) അവനോ അവൾക്കോ വേണ്ടിയാകട്ടെ (ബി) മൈനർ ആയ വല്ല ബന്ധുവിനും വേണ്ടിയാകട്ടെ (സി) അവനോ അവളോ ഏതു മൈനരുടെ രക്ഷകൻ ആയിരിക്കുന്നുവോ അങ്ങനെയുള്ള വല്ല മൈനർക്കും വേണ്ടിയാകട്ടെ, അഞ്ചൽ സേവിങ്ങ്സ് ബാങ്കിൽ പണം നിക്ഷേപിക്കാവുന്നതാകുന്നു.

൪. യാതൊരാൾക്കും അവന്റെയോ അവളുടേയോ സ്വന്തം പേരിൽ ഒന്നിൽ അധികം നിക്ഷേപക്കണക്കു ആരംഭിക്കാവുന്നതല്ല. തന്റെ സ്വന്തപ്പേരിൽ തുടങ്ങാവുന്ന നിക്ഷേപക്കണക്കിനു പുറമെ ഒരാൾ തനിക്കു ബന്ധുക്കൾ ആയിരിക്കയോ താൻ രക്ഷകനായിരിക്കയോ ചെയ്യുന്ന മൈനരായ യാതൊരു ആളുകൾക്കും വേണ്ടി വെവ്വേറെ നിക്ഷേപക്കണക്കുകൾ എത്രയും എണ്ണം ആരംഭിക്കാവുന്നതാകുന്നു. എന്നാൽ അപ്രകാരമുള്ള ഓരോ മൈനർക്കും വേണ്ടി ഒന്നിൽ അധികം നിക്ഷേപക്കണക്കു ആരംഭിക്കാവുന്നതല്ല. വിവാഹം ചെയ്ത ഒരു സ്ത്രീക്കു അവളുടെ ഭർത്താവിന്റെ നിക്ഷേപക്കണക്കിൽ നിന്നു വ്യതിരിക്തം ആയ ഒരു നിക്ഷേപക്കണക്കു ആരംഭിക്കാം. എന്നാൽ അവൾ നിക്ഷേപിക്കുന്നതായ പണം അവളുടെ സ്വന്തം സ്വത്തോ സമ്പാദ്യമോ അല്ലെങ്കിൽ അവൾക്കു യഥേഷ്ടം വിനിയോഗിക്കാവുന്നതോ ആയിരിക്കണം. ഖജനാ സേവിങ്ങ്സ് ബാങ്കിൽ കണക്കു ആരംഭിച്ചിട്ടുള്ള ഒരു നിക്ഷേപകനു അഞ്ചൽ സേവിങ്ങ്സ് ബാങ്കിലും മറ്റൊരു കണക്കു ആരംഭിക്കാവുന്നതാണ്. അതുപോലെതന്നെ അഞ്ചൽ സേവിംഗ്സ് ബാങ്കിൽ കണക്കുള്ള നിക്ഷേപകനു ഖജനാ സേവിംഗ്സ് ബാങ്കിലും കണക്കു ആരംഭിക്കാവുന്നതാണ്.

൫. കൂട്ടായുള്ള നിക്ഷേപങ്ങൾ അനുവദിക്കയോ അവയെ സമ്മതിക്കയോ ചെയ്യുന്നതല്ല, എന്നാൽ പബ്ലിക് കണക്കുകളുടെ കാര്യത്തിൽ അപ്രകാരമുള്ള നിക്ഷേപങ്ങളുടെ തുകകൾ ൧൦൦ രൂപയിൽ കുറവായിരുന്നാൽ അപ്രകാരം ചെയ്യാം. രണ്ടോ അധികമോ ആളുകളുടെ പേരിൽ കൂട്ടായിട്ടു പണം നിക്ഷേപിച്ചുകൂടാ. എന്നാൽ സംഘടിതം ആയ ഒരു വർത്തകസംഘത്തിന്റെ (ഫേറം) പേരിൽ പണം നിക്ഷേപിച്ചു വെക്കുന്നതിനെ ഈ വകുപ്പു തടുക്കുന്നില്ല.

൬. വല്ല സമയത്തും നിക്ഷേപിക്കാവുന്ന ഏററവും കുറഞ്ഞ തുക അരരൂപായാകുന്നു. അരരൂപായിൽ കുറഞ്ഞ തുക അടങ്ങിയ യാതൊരു തുകയും നിക്ഷേപിക്കാവുന്നതല്ല.

൭. ഒരു നിക്ഷേപകൻ ചെല്ലേണ്ടതായി ഏതെങ്കിലും കാലത്തു ഉണ്ടായിരിക്കാവുന്ന മൊത്തം നിക്ഷേപത്തുക തന്നാണ്ടത്തേക്കുള്ള പലിശക്കു പുറമെ ൧൦,൦൦൦ രൂപയായിരിക്കുന്നതാകുന്നു.

പണം മടക്കി വാങ്ങിക്കാനുള്ള അധികാരങ്ങളും മടക്കി വാങ്ങിക്കുന്ന പണത്തിനു അതിരുകളും.

൮. നിക്ഷേപകൻ ജനുവരി മുതൽ ഡിസംബർവരെ ഉള്ള ആണ്ടുവട്ടത്തിൽ രണ്ടു തവണയിൽ കൂടുതലായി തന്റെ കണക്കിൽനിന്നും പണം മടക്കി വാങ്ങിക്കാൻ പാടില്ല. ഒരു മൈനർക്കുവേണ്ടി നിക്ഷേപിച്ചിരിക്കുന്ന പണത്തെ മൈനരുടെ മൈനർ കാലത്തിനിടക്ക മാത്രമെ രക്ഷകന്നു തിരിയെ വാങ്ങിക്കാവൂ. വിവാഹം ചെയ്തവരൊ ചെയ്യാത്തവരൊ ആയ സ്ത്രീകൾക്ക അവരുടെ സ്വന്തപേരിൽ അവർ നിക്ഷേപിച്ചിട്ടുള്ള പണങ്ങളെ തിരിയെ വാങ്ങിക്കാവുന്നതാകുന്നു.

൯. നിക്ഷേപിക്കാൻ ഒരു രൂപയിൽ കുറഞ്ഞ വല്ല തുകയെ അല്ലാതെ ഒരു രൂപയിൽ കുറഞ്ഞ തുക അടങ്ങിയ വല്ല സംഖ്യയെയും കൂട്ടെ തന്റെ നിക്ഷേപങ്ങളെ അവസാനിപ്പിക്കുന്ന സമയത്തു ഒഴികെ, വാങ്ങിക്കാവുന്നതല്ല.

നിക്ഷേപങ്ങളെ ആരംഭിക്കേണ്ട വിധം.

൧൦. ഒരു നിക്ഷേപകനാകാൻ ആഗ്രഹിക്കുന്ന ഏതൊരാളും തന്റെ പേരും തൊഴിൽ അല്ലെങ്കിൽ വൃത്തിയും അഛന്റെ അല്ലെങ്കിൽ ഭൎത്താവിന്റെ പേരും തന്റെ ജാതിയും വാസസ്ഥലവും കാണിച്ചു ഏററവും സമീപത്തുള്ള സേവിങ്ങ്സ്ബാങ്ക് അഞ്ചലാഫീസിൽ (എ) ഫാറത്തിൽ അപേക്ഷിക്കേണ്ടതാകുന്നു.

അപേക്ഷക്കാരൻ തന്നെ നേരിട്ടു ചെന്നു അപേക്ഷിച്ചേതീരു എന്നില്ല.

൧൧. പണം നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന ഒരാൾ സേവിങ്ങ്സ് ബാങ്കു ചട്ടങ്ങളെ താൻ വായിക്കയും അംഗീകരിക്കയും ചെയ്തിട്ടുണ്ടെന്നു ഒരു പ്രതിജ്ഞാപത്രം (ബി) ഫാറത്തിൽ ഒപ്പിടേണ്ടതാകുന്നു. അയാൾക്ക എഴുതാൻ കഴികയില്ലെങ്കിൽ അയാൾതന്നെ ഹാജരായി പ്രതിജ്ഞാപത്രത്തിൽ തന്റെ ഒപ്പോ മുദ്രയൊ വെക്കേണ്ടതും അതിൽ ഒരു സാക്ഷി ഒപ്പിട്ടു സാക്ഷ്യപ്പെടുത്തേണ്ടതും ആകുന്നു. അയാൾ നേരിട്ടു അപേക്ഷിക്കേണ്ടതാണെങ്കിൽ, ഈ ചട്ടങ്ങളുടെ ഒരു പ്രതി വായിക്കാനായി അയാൾക്ക കൊടുക്കയൊ, അയാൾക്ക വായിക്കാൻ കഴികയില്ലെങ്കിൽ അവയെ അയാളെ വായിച്ചു മനസ്സിലാക്കുകയൊ ചെയ്യുന്നതാണ്. അയാൾ നേരിട്ടു അപേക്ഷിക്കേണ്ടതല്ലെങ്കിൽ, പ്രതിജ്ഞാപത്രത്തിന്റെ ഫാറത്തോടുകൂടി ഈ ചട്ടങ്ങളുടെ ഒരു പ്രതി അയാൾക്ക അയക്കുന്നതും അതിൽ മുറപ്രകാരം ഒപ്പിട്ടു അതിനെ അയാൾ ഹാജരാക്കേണ്ടതും ആകുന്നു.

൧൨. പ്രതിജ്ഞാപത്രത്തെ വേണ്ടപോലെ ഒപ്പിട്ടു അതിനെ ആദ്യം ഒടുക്കുന്ന നിക്ഷേപത്തുകയോടുകൂടി ഹാജരാക്കുമ്പോൾ ഒടുക്കിയ പണത്തിന്റെ വിവരം, നിക്ഷേപകന്നു കൊടുക്കുന്നതായ (ഡി) ഫാറത്തിലുള്ള ഒരു പാസ്ബുക്കിൽ എഴുതുന്നതും അതിൽ എഴുതിയ സ്ഥലത്തു അഞ്ചൽമാസ്റ്റർ ഒപ്പിടുന്നതും അഞ്ചലാഫീസ് മുദ്ര കൊണ്ടു മുദ്രവെയ്ക്കുന്നതും ആകുന്നു.

൧൩. അഞ്ചലാഫീസിൽ വെച്ചിരിക്കുന്നതായ (ഡി) ഫാറത്തിൽ ഒപ്പുകൾക്കുള്ള ഒരു പുസ്തകത്തിൽ പാസ്ബുക്ക കിട്ടിയവകയ്ക്കു ഒരു രസീതു നിക്ഷേപകൻ എഴുതിക്കൊടുക്കണം. ഈ ഒപ്പുകൾ സേവിംഗ്സ് ബാങ്കിന്റെ മേലിൽ ഉള്ള മാർഗ്ഗദർശനത്തിനു മാതൃക ഒപ്പുകളായി സൂക്ഷിച്ചു വയ്ക്കുന്നതാകകൊണ്ടു ഈ ഒപ്പുകൾ സൂക്ഷ്മത്തോടുകൂടി ഇടേണ്ടതാകുന്നു.

അപേക്ഷകൻതന്നെ നേരിട്ടു അഞ്ചലാഫീസിൽ ഹാജരാകാത്തപക്ഷം അയാളുടെ ഒപ്പിനെ (ഐ) നമ്പർ ഫാറത്തിൽ അച്ചടിച്ച സ്ലിപ്പിൽ എഴുതി വാങ്ങിക്കേണ്ടതും അഞ്ചൽമാസ്റ്ററുടെ പരിചിതൻ ആയ ഒരു സാക്ഷി ഒപ്പിട്ടിരിക്കേണ്ടതു ആവശ്യമാണെന്നു ആ മാസ്റ്റർ വിചാരിക്കുന്നപക്ഷം അപ്രകാരം ഉള്ള വിശ്വസ്തനായ സാക്ഷി ആ സ്ലിപ്പിൽ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതും ആകുന്നു.

പാസ്ബുക്ക്.

൫൪. നിക്ഷേപകന്റെ പാസ്ബുക്കിൽ നിക്ഷേപകന്റെ വക നിക്ഷേപക്കണക്കിന്റെ നമ്പരും ഏതു അഞ്ചലാഫീസിൽ നിന്നു ബുക്കു കൊടുക്കപ്പെട്ടുവോ ആ ആഫീസിന്റെ പേരും നിക്ഷേപകന്റെ പേരും തൊഴിൽ അല്ലെങ്കിൽ വൃത്തിയും മേൽവിലാസവും നിക്ഷേപകൻ ആഗ്രഹിക്കുന്നപോലെ ആ സ്ഥലത്തിലെ നാട്ടുഭാഷയിലൊ ഇംഗ്ലീഷിലൊ കാണുന്നതാകുന്നു. പാസ്ബുക്കിനെ ഹാജരാക്കാതെ ഒരിക്കലും ഒരു കണക്കിൽ പണം കൊടുക്കുകയാകട്ടെ ഒരു കണക്കിൽനിന്നു പണം തിരിയെ പററുകയാകട്ടെ ചെയ്തുകൂടാ. പാസ്ബുക്കിൽ വരവു വച്ചിട്ടില്ലാത്ത വല്ല തുകയ്ക്കാകട്ടെ പാസ്ബുക്കിനെ വല്ല ആളും കൈവശത്തിലാക്കി നിക്ഷേപകന്റെ വകയായ വല്ല തുകയേയും വാങ്ങി കൈക്കലാക്കുന്നതു നിമിത്തം നിക്ഷേപകനു ഉണ്ടാകുന്ന വല്ല നഷ്ടത്തിനാകട്ടെ അഞ്ചലാഫീസ് ഉത്തരവാദിയായിരിക്കുന്നതല്ല.

൫൫. ഒരു നിക്ഷേപകനു ആദ്യമായി കൊടുക്കുന്ന പാസ്ബുക്കിനു ആകട്ടെ ആദ്യത്തെ ബുക്കിനു തുടർച്ചയായി അയാൾക്കു കൊടുക്കുന്ന ബുക്കിനും ആകട്ടെ വില വാങ്ങുന്നതല്ലാ. അങ്ങനെ തുടർച്ചയായി പാസ്ബുക്കു കൊടുക്കുമ്പോൾ ആദ്യത്തെ പാസ്ബുക്കിനെ അഞ്ചലാഫീസിൽ വെച്ചുകൊള്ളേണ്ടതാകുന്നു. എന്നാൽ ഒരു പാസ്ബുക്കു (നിക്ഷേപകന്റെ നിയന്ത്രണാധികാരത്തിൽ ഉൾപ്പെടാത്ത അവസ്ഥകളിൽ ഒഴികെ) കളഞ്ഞുപോകയൊ ചീത്തയായിപ്പോകയൊ ചെയ്കയാകട്ടെ ഒരു നിക്ഷേപക്കണക്കു നിറുത്തിയ തീയതി മുതൽ ൩ മാസം കഴിയുന്നതിനു മുമ്പു അക്കൗണ്ട് ആഫീസരുടെ അനുവാദത്തോടുകൂടി (൩൪-ാം ചട്ടപ്രകാരം) വല്ല നിക്ഷേപക്കണക്കും വീണ്ടും ആരംഭിക്ക ആകട്ടെ ചെയ്യുന്നപക്ഷം, നിക്ഷേപകൻ പുതിയ ഒരു പുസ്തകത്തിനു അരരൂപാ വില കൊടുക്കേണ്ടതാകുന്നു.

൫൬. നിക്ഷേപകൻ ഏതു അഞ്ചലാഫീസിൽ തന്റെ നിക്ഷേപക്കണക്കു വെയ്ക്കുന്നുവോ ആ ആഫീസിൽ തന്റെ ഇഷ്ടംപോലെ എത്ര എങ്കിലും തവണ പണം ഒടുക്കിക്കൊള്ളാവുന്നതാകുന്നു. എന്നാൽ ആകപ്പാടെ ഇത്രയേ ഒടുക്കാൻ പാടുള്ളു എന്നുള്ള ക്ലിപ്തതുകയെ കവിയരുത്. നിക്ഷേപകൻ ചെയ്യേണ്ടുന്നതെല്ലാം പാസ്ബുക്കിനോടു കൂടി ഒടുക്കാനുള്ള പണത്തുകയെ താൻതന്നെ കൊണ്ടുപോകുകയൊ അയയ്ക്കുകയൊ ചെയ്കയും തുക പാസ്ബുക്കിൽ ചേർത്തു വരവു വച്ചിട്ടുണ്ടൊ എന്നും ബാക്കി ഇത്രയെന്നു എഴുതി അഞ്ചൽമാസ്റ്റർ ഒപ്പിടുകയും തീയതി മുദ്ര അടിക്കയും ചെയ്തിട്ടുണ്ടൊ എന്നും ബോദ്ധ്യപ്പെട്ടുകൊള്ളുകയും മാത്രമേയുള്ളു.

പണം മടക്കിവാങ്ങിക്കുന്ന വിധം.

൫൭. നിക്ഷേപകനു പണം മടക്കി വാങ്ങിക്കേണ്ടിയിരുന്നാൽ, ഏതു അഞ്ചലാഫീസിൽ താൻ പണം നിക്ഷേപിച്ചിരിക്കുന്നുവോ ആ ആഫീസിൽ തന്റെ പാസ്ബുക്കും, തിരിയെ വാങ്ങിക്കുന്നതിനുള്ള (ഇ) ലക്കം അപേക്ഷ ഫാറം ആ ആഫീസിൽ കിട്ടുന്നതാകകൊണ്ടു തനിക്കു ചെല്ലാനുള്ള ബാക്കിത്തുക ഇത്ര

എന്നും താൻ തിരിയെ എടുക്കാൻ ആഗ്രഹിക്കുന്ന തുക ഇത്ര എന്നും അതിൽ എഴുതി ഒപ്പിട്ട ആ അപേക്ഷഫാറവും, ഹാജരാക്കേണ്ടതാകുന്നു. പാസ് ബുക്കിനേയും പണം തിരിയെ വാങ്ങിക്കുന്നതിനുള്ള അപേക്ഷയും ഹാജരാക്കുന്നതു ഒരു ഏജണ്ട് ആണെങ്കിൽ പണം തിരിയെ വാങ്ങിക്കുന്നതിനുള്ള അപേക്ഷഫാറം നിക്ഷേപകന്റെ കൈവശത്തിൽ നിന്നു പോകുന്നതിനു മുമ്പു അതിൽ ഏജണ്ടിന്റെ പേരും കയ്യൊപ്പും വച്ചിരിക്കേണ്ടതും ഏതു സംഗതിയിലും, അപേക്ഷ അഞ്ചലാഫീസിൽ ഹാജരാക്കും മുമ്പു ഈ വിവരങ്ങൾ ചേർക്കേണ്ടതും ആകുന്നു.

൨൮. നിക്ഷേപകനു എഴുതാൻ കഴിവില്ലെങ്കിൽ അയാൾ തന്നെ ഹാജരായി തന്റെ അപേക്ഷയിൽ തന്റെ ഒപ്പായ അടയാളമോ മുദ്രയോ വെക്കേണ്ടതാകുന്നു. നേരിട്ടു ഹാജരാകുന്നതിന് അയാൾക്കു ഒട്ടും നിവൃത്തിയില്ലെങ്കിൽ അയാൾ തന്റെ അപേക്ഷയിൽ തന്റെ ഒപ്പായ അടയാളമോ മുദ്രയോ വച്ചു മാന്യനായ വല്ല സാക്ഷിയേയും കൊണ്ടു അതിനെ സാക്ഷ്യപ്പെടുത്തിക്കേണ്ടതാകുന്നു. അപ്പോൾ അഞ്ചൽമാസ്റ്റർ നിക്ഷേപകനു ഹാജരാവാൻ കഴിവില്ലായിരുന്നു എന്നുള്ളതിനേയും അപേക്ഷ വാസ്തവത്തിൽ ഉള്ളതാണെന്നുള്ളതിനേയും പററി തനിക്കു യുക്തം എന്നു തോന്നുന്ന വിധത്തിൽ ഉള്ള അന്വേഷണം കൊണ്ടു സ്വയം തൃപ്തിപ്പെട്ടതിൽപിന്നെ അപേക്ഷയും പാസ് ബുക്കിനോടു കൂടി ഹാജരാക്കുന്ന ആളുടെ കയ്യിൽ പണം കൊടുക്കേണ്ടതാകുന്നു. എഴുതാൻ കഴിവില്ലാത്ത നിക്ഷേപകനോ എഴുതാൻ കഴിവില്ലാത്ത ഒരുവനോ ഒപ്പായ അടയാളമാകട്ടെ മുദ്രയാകട്ടെ പണം തിരിയെ വാങ്ങുന്ന സമയത്തു വയ്ക്കുമ്പോൾ, ഒടുക്കം ആളുടേയോ ഒന്നാമന്റെയോ (സംഗതിയുടെ സ്ഥിതിപോലെ) പരിചിതനും, അഞ്ചൽമാസ്റ്റർക്കോ അഞ്ചലാഫീസിലെ മററു വല്ല ഉദ്യോഗസ്ഥനോ അറിയാവുന്നവനും ആയി പണം കൊടുക്കുന്ന ഉദ്യോഗസ്ഥൻ അല്ലാത്ത മാന്യനായ ഒരു സാക്ഷി അതിൽ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാകുന്നു. നിക്ഷേപകന്നു ചെല്ലേണ്ടതായി അയാളുടെ പാസ് ബുക്കിൽ കാണിച്ചിട്ടുള്ള ബാക്കി തുക മുഴുവനും തിരിയെ വാങ്ങുന്നതിനു നിക്ഷേപകൻ ആഗ്രഹിക്കുന്നതായാൽ അയാൾ തന്റെ നിക്ഷേപകക്കണക്കിനെ അവസാനിപ്പിക്കേണ്ടതാകുന്നു.

൨൯. മൈനർക്കുവേണ്ടി ആരംഭിച്ചിരിക്കുന്ന നിക്ഷേപകക്കണക്കുകളിൽ നിന്നു പണം തിരിയെ വാങ്ങിക്കുന്ന സംഗതിയിൽ പണം തിരിയെ വാങ്ങുന്നതിനുള്ള അപേക്ഷയിൽ അച്ഛനോ കാരണവനോ മററു രക്ഷകനോ:

“തിരിയെ വാങ്ങിക്കാൻ അപേക്ഷിക്കുന്ന സംഖ്യ മൈനരുടെ ഉപയോഗത്തിനു ആവശ്യപ്പെട്ടിരിക്കുന്നു എന്നു ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു” എന്നു സർട്ടിഫിക്കെററു് എഴുതി ഒപ്പിടേണ്ടതാകുന്നു.

൩൦. ഒരു മൈനർക്കുവേണ്ടി ആരംഭിച്ചിട്ടുള്ള ഒരു നിക്ഷേപകണക്കിൽ നിന്നു പണം തിരിയെ വാങ്ങിക്കുന്നതിനു അച്ഛനോ കാരണവനോ, അവർ മരിച്ചിരുന്നാൽ അമ്മയോ അല്ലാത്ത വല്ല ആളും ആഗ്രഹിക്കുകയും ആ മൈനരുടെ രക്ഷകൻ എന്നുള്ള നിലയിൽ അതിലേക്കു അപ്രകാരം അവകാശപ്പെടുകയും ചെയ്യുന്നപക്ഷം, അയാളോടു താഴെ പറയുന്ന ചോദ്യങ്ങൾക്കും ആവശ്യമെന്നു തോന്നുന്നവയായ മററു ചോദ്യങ്ങൾക്കും ഉത്തരം പറയുന്നതിനു ആവശ്യപ്പെടുന്നതും ൧൮-ാം ചട്ടം അനുസരിച്ചു അക്കൌണ്ടാഫീസരുടെ ഉത്തരവിന്മേൽ മാത്രം പണം തിരിയെ വാങ്ങിക്കുന്നതിനു അയാളെ അനുവദിക്കുന്നതും ആകുന്നു.

(എ) മൈനരുമായിട്ടുള്ള ചാർച്ച എന്തു്?

(ബി) മൈനരുടെ അച്ഛനൊ അമ്മയൊ കാരണവനൊ മരിച്ചുപോയൊ? അല്ലെങ്കിൽ അച്ഛനമ്മമാർ ആകട്ടെ കാരണവൻ ആകട്ടെ മരിച്ചുപോയൊ? മൈനർക്കു അടുത്ത ഏതു ചാർച്ചക്കാരൻ ജീവിച്ചിരിപ്പുണ്ടു?

(സി) മരണശാസനത്താലൊ മറവു ശാസനത്താലൊ തിരുവിതാംകോട്ടിൽ നടപ്പുള്ള വല്ല റെഗുലേഷൻ അനുസരിച്ചൊ നിങ്ങൾ മൈനരുടെ രക്ഷകനായി നിയമിക്കപ്പെട്ടിട്ടുണ്ടൊ?

കുറിപ്പു.—ഈ ചോദ്യത്തിനു ഉത്തരം 'അതെ' എന്നാണെങ്കിൽ, അപേക്ഷിക്കുന്ന ആൾ തന്റെ അവകാശത്തെ സ്ഥാപിക്കുന്നതിനു ആധാരഭൂതം ആയ രേഖ ഹാജരാക്കണം.

(ഡി) മൈനർ നിങ്ങളോടുകൂടി താമസിക്കുന്നുവൊ അല്ലെങ്കിൽ അയാൾ നിങ്ങളുടെ രക്ഷയിൽ ഇരിക്കുന്നുവൊ?

൨൭. (i) തിരിയെ വാങ്ങിക്കാൻ പോകുന്ന തുക ഇത്ര എന്നു പാസ്ബുക്കിൽ എഴുതി, പണം നിക്ഷേപിക്കുന്നതിൽ എന്നപോലെ, ആ പേരിൽ നീക്കിയിരുപ്പുള്ള തുകയും അതിൽ എഴുതി അഞ്ചൽമാസ്റ്ററുടെ ഒപ്പും ആഫീസിലെ തീയതിമുദ്രയും വെക്കേണ്ടതാകുന്നു. പിന്നീടു തുകയെ നിക്ഷേപകനൊ പാസ്ബുക്കും അപേക്ഷയും ഹാജരാക്കുന്ന ആൾക്കൊ കൊടുക്കുന്നതും എല്ലാസംഗതികളിലും പണം കൊടുക്കുന്നതിനു ഉത്തരവു എഴുതീട്ടുള്ള സ്ഥലത്തു, സ്റ്റാമ്പുകൂടാതെ അയാളുടെ രസീതു എഴുതി വാങ്ങേണ്ടതും ആകുന്നു.

(ii) ഒരു അഞ്ചലാഫീസിൽ പണം തിരികെ കൊടുക്കുന്നതു ആ ആഫീസിൽ പണം ഉണ്ടെന്നുള്ള നിബന്ധനയ്ക്കു ഉൾപ്പെട്ടിരിക്കുന്നു. പണം ഇല്ലാതിരുന്നാൽ അതു കഴിയുന്ന വേഗത്തിൽ ലഭിക്കുന്നതാണ്, ആ സംഗതിയിൽ, പണം വാങ്ങിക്കാൻ അഞ്ചലാഫീസിൽ വരേണ്ട തീയതിയെ നിക്ഷേപകനെ അറിയിക്കുന്നതും പാസ്ബുക്ക അയാൾ വച്ചുകൊള്ളുന്നതും ആകുന്നു. ഈ തുക പാസ്ബുക്ക ഹാജരാക്കുമ്പോൾ, പറഞ്ഞിട്ടുള്ള തീയതിയിലൊ ആ തീയതി മുതൽ ഒരാഴ്ചവട്ടത്തിനകം പിന്നീടു വല്ല തീയതിയിലൊ കൊടുക്കുന്നതാകുന്നു.

പലിശ.

൨൮. ഇനി ഒരു അറിയിപ്പു കൊടുക്കുന്നതുവരെ പലിശ മാസം തോറും ൱ രൂപായ്ക്കു കാൽ ചക്രം വീതം, അതായതു ആണ്ടിൽ ആറിനു നൂറ്റിയിൽ സ്വല്പം കൂടുതൽ വീതം, അനുവദിക്കുന്നതാകുന്നു. എന്നാൽ ൱ രൂപായുടെ വല്ല ഗുണസംഖ്യയിലും കവിഞ്ഞ ഒരു തുകയ്ക്കൊ ൧൦,൦൦൦ രൂപായിൽ കവിഞ്ഞ തുകയ്ക്കൊ പലിശ അനുവദിക്കുന്നതല്ല. ഓരോ മാസത്തേക്കും ഈ പലിശ അനുവദിക്കുന്നതു ആ മാസത്തിന്റെ ൪-ാംനു-യുടെ അവസാനത്തിനും ആ മാസാവസാനത്തിനും നടുക്കുള്ള കാലത്തിൽ ആ കണക്കിൽ നിക്ഷേപകന്റെ പേരില്ലുണ്ടായി കാണുന്ന തുകകളിൽ എത്രയും കുറഞ്ഞ തുകയിന്മേൽ ഉള്ള പലിശയായിരിക്കുന്നതാകുന്നു.

കുറിപ്പു.—ഒരു മാസം ൪-ാംനു കഴിഞ്ഞതിൽ പിന്നീടു ആരംഭിക്കുന്ന കണക്കിനു ആ മാസത്തിൽ പലിശ അനുവദിക്കുന്നതല്ല.

൨൯. നിക്ഷേപകണക്ക അവസാനിപ്പിക്കുന്നതിനായി ഉത്തരവു കൊടുക്കപ്പെടുമ്പോൾ ഏതു മാസത്തിൽ ഉത്തരവു കൊടുക്കപ്പെടുന്നുവൊ ആ മാസത്തിലെ ൧-ാംനു മുതൽ പലിശകൂടി വരുന്നതു നിന്നുപോകും.

൧൪. നിക്ഷേപകൻ മരിച്ചുപോയാൽ അയാളുടെ നിക്ഷേപകണക്കിൽ ബാക്കിയുള്ള തുക വാങ്ങുന്നതിന അവകാശം ഉള്ള ആളുടെയോ ഗവൎമ്മെണ്ട സമ്മതിക്കുന്ന ആളോ ആളുകളോ ഏതുമാസത്തിൽ നോട്ടീസ അയക്കുന്നുവോ ആ മാസത്തിലെ ൧-ാംതീയതി മുതൽ അതിന്മേലുള്ള പലിശ കൂടിവരുന്നതു നിന്നുപോകും.

കുറിപ്പു—വല്ല നിക്ഷേപകന്റെയും മരണത്തെക്കുറിച്ചു മരിച്ചയാളുടെ നിയമപ്രകാരമുള്ള അവകാശിയുടേയോ അവകാശികളുടേയോ പേരോടുകൂടി അവരുടെ മേൽവിലാസത്തോടുകൂടി അഞ്ചൽമാസ്റ്റർ അക്കൌണ്ടാഫീസിലേക്കു എഴുതി അയക്കേണ്ടതാകുന്നു. അതിന്മേൽ ആവശ്യമുള്ള നോട്ടീസ് അക്കൌണ്ടാഫീസിൽ നിന്നു അയക്കേണ്ടതാകുന്നു.

൧൫. മേല്പറഞ്ഞപ്രകാരം എത്രയും കുറഞ്ഞതായി കാണുന്ന നീക്കിയിരിപ്പുകൾക്കു ഓരോ മാസത്തേക്കും കണക്കു കൂട്ടുന്ന പലിശയെ ഓരോ ആണ്ടിലും ഓരോ നിക്ഷേപകണക്കിന്റെയും നീക്കിയിരിപ്പുതുകയോ ചേൎക്കേണ്ടതാകുന്നു.

൧൬. നിക്ഷേപകന്മാർ ആണ്ടവസാനത്തിൽ പിന്നെ കഴിയുന്ന വേഗത്തിൽ തങ്ങളുടെ പാസ്ബുക്കുകളിൽ ആവശ്യമുള്ള വിവരങ്ങൾ ചേൎക്കുന്നതിലേക്കായി അവയെ ഹാജരാക്കേണ്ടതോ പാസ്ബുക്ക് ഉടൻതന്നെ മടക്കിക്കിട്ടിയില്ലെങ്കിൽ കൊടുത്തതുവകയ്ക്കു ഒരു രസീതു (എഫ്) ഫാറത്തിൽ വാങ്ങിക്കൊള്ളേണ്ടതും ആകുന്നു.

൧൭. കൎക്കടകമാസം കഴിഞ്ഞതിൽപിന്നെ തന്നാണ്ടിലെ പലിശകൂട്ടിഎഴുതിയതിന്മേൽ അതതു പാസ്ബുക്കിൽ നീക്കിയിരിപ്പുതുക എഴുതുന്നതല്ലാ.

നിക്ഷേപകണക്കുകൾ സ്ഥലംമാററികൊടുക്കുന്നതു.

൧൮. ഒരു നിക്ഷേപകൻ തന്റെ കണക്കിനെ ചിലവു കൂടാതെ ഒരു സേവിംഗ്സ്ബാങ്കായ യാതൊരു അഞ്ചലാഫീസിലേക്കും മാററിവാങ്ങിക്കാവുന്നതാണ്; എന്നാൽ അങ്ങനെ മാററുന്നതിനു മുമ്പു ആ കണക്കു ഉണ്ടായിരിക്കണം. നിക്ഷേപകൻ തന്റെ നിക്ഷേപകണക്കിനെ ഇങ്ങനെ മാററിക്കാൻ ആഗ്രഹിക്കുന്നപക്ഷം, അയാൾതന്നെ പാസ്ബുക്കിനെ അഞ്ചലാഫീസിലേക്കു കൊണ്ടുപോകയോ അല്ലെങ്കിൽ അയക്കയോ ചെയ്യേണ്ടതും ഈ രണ്ടു സംഗതിയിലും അതിനെ മാററിക്കുന്നതിലേക്കു (ജി) ഫാറത്തിൽ അപേക്ഷിക്കേണ്ടതും ആകുന്നു. പാസ്ബുക്കിനെ നിക്ഷേപകനു മടക്കികൊടുക്കുന്നതും അതിനെ അയാൾ ഏതു അഞ്ചലാഫീസിലേക്കു അയാളുടെ നിക്ഷേപകണക്കിനെ മാററണമെന്നു ആ പുതിയ ആഫീസിൽ കഴിയുന്നവേഗത്തിൽ ഹാജരാക്കേണ്ടതും ആകുന്നു.

൧൯. നിക്ഷേപകണക്കുകളെ കൎക്കടകമാസത്തിൽ ഒരു അഞ്ചലാഫീസിൽ നിന്നു മറെറാരു അഞ്ചലാഫീസിലേക്കു മാററിക്കൂടാ; അവസാനിപ്പിക്കുന്നതിലേക്കു ഉത്തരവു കൊടുത്തിട്ടുള്ള നിക്ഷേപകണക്കുകളേയും മാററിക്കൂടാ.

കുറിപ്പു.—ഒരു നിക്ഷേപകന്റെ മരണശേഷം യാതൊരു കണക്കും മാററിക്കൂടാ.

നിക്ഷേപകണക്കു അവസാനിപ്പിക്കൽ.

൨൦. നിക്ഷേപകൻ തന്റെ നിക്ഷേപകണക്കിനെ അവസാനിപ്പിക്കാൻ ആഗ്രഹിക്കുമ്പോൾ അയാൾ തന്റെ പാസ്ബുക്കിനെ പണം തിരിയെ കിട്ടുന്നതിനുള്ള അപേക്ഷ ഫാറത്തോടുകൂടി ഹാജരാക്കേണ്ടതാകുന്നു, ൧൧-ാം ചട്ട

പ്രകാരമുള്ള പലിശയുടെ തുക പാസ്ബുക്കിൽ ചേൎക്കുന്നതും അവസാനത്തെ നീക്കിയിരിപ്പ എന്താണെന്ന അക്കൌണ്ട ആഫീസിൽ കണക്ക കൂട്ടി എഴുതുന്നതും ആകുന്നു. പിന്നീട അതിനെ നിക്ഷേപകന്ന കൊടുക്കുന്നതും അതിലേക്ക പാസ്ബുക്കിൽ അയാളുടെ രസീതു വാങ്ങി ആ പാസ്ബുക്കിനെ അക്കൌണ്ട് ആഫീസിലേക്ക അഞ്ചലാഫീസിൽ നിന്ന അയക്കുന്നതും ആകുന്നു.

൩൧. തിരിയെ പണം വാങ്ങീട്ടുള്ള ഒരു ആഴ്ചവട്ടത്തിൽതന്നെ നിക്ഷേപക്കണക്കിനെ അവസാനിപ്പിക്കാവുന്നതാകുന്നു.

൩൨. ഈ ചട്ടങ്ങൾ അനുസരിച്ച ഒരു നിക്ഷേപക്കണക്കിനെ അവസാനിപ്പിക്കുന്നതിന ഉത്തരവു കൊടുത്തിട്ടുണ്ടെങ്കിൽ നിക്ഷേപകനോട അയാളുടെ പാസ്ബുക്കിനെ ഹാജരാക്കുന്നതിന ആവശ്യപ്പെട്ട് ഒരു നോട്ടീസ് എഴുതി അയാൾക്ക അയക്കുന്നതാകുന്നു. അങ്ങിനെ നോട്ടീസ് അയച്ച തീയ്യതി കഴിഞ്ഞതിൽ പിന്നെ ആ കണക്കിൽ പിന്നീട പണം ഒടുക്കിയാൽ സ്വീകരിക്കുന്നതല്ല ആ തീയതിക്ക മുമ്പിലത്തെ കലണ്ടർ മാസാവസാനം കഴിഞ്ഞതിൽ പിന്നെ നീക്കിയിരിപ്പുള്ള തുകക്ക പലിശ അനുവദിക്കുന്നതല്ല.

൩൩. ഒരു മൈനരുടെ പേൎക്ക ആരംഭിക്കപ്പെട്ട ഒരു നിക്ഷേപക്കണക്ക അയാൾക്ക ൧൮ വയസ്സ തികയുമ്പോൾ അവസാനിക്കപ്പെടാതെ കിടക്കുന്നപക്ഷം, ആ വയസ്സ തികയുമ്പോൾ അയാൾ അതിനെ അവസാനിപ്പിക്കേണ്ടതാകുന്നു. മൈനൎക്ക ഏതു മാസത്തിൽ ൧൮ വയസ്സ ആകുന്നുവൊ ആ മാസം കഴിഞ്ഞതിൽ പിന്നെ ഉള്ള മാസത്തിലെ ഒന്നാംതീയതി മുതൽ ആ മൈനൎക്ക വേണ്ടി ആരംഭിക്കപ്പെട്ടിരിക്കുന്ന കണക്കിന്മേൽ പലിശകൂടിവരുന്നതു നിന്നുപോകും.

നിക്ഷേപങ്ങൾക്ക വീണ്ടും ആരംഭിക്കൽ

൩൪. ഒരിക്കൽ ഒരു നിക്ഷേപക്കണക്ക അവസാനിപ്പിച്ചിട്ടുള്ള ഒരു നിക്ഷേപകൻ അങ്ങിനെ അവസാനിപ്പിച്ച തീയതി മുതൽ ഒരു മാസം അവസാനിച്ചതിൽ പിന്നീട അല്ലാതെ അക്കൌണ്ടാഫീസരുടെ അനുവാദം കൂടാതെ മറ്റൊരു നിക്ഷേപക്കണക്ക ആരംഭിച്ചുകൂടാ. ആരുടെ നിക്ഷേപക്കണക്ക ഉത്തരവിൻപ്രകാരം അവസാനിപ്പിക്കപ്പെട്ടിട്ടുണ്ടൊ അയാൾക്ക ആ കണക്കിനെ അവസാനിപ്പിക്കാൻ ഉത്തരവുകൊടുത്ത അധികാരസ്ഥന്റെ അനുവാദം ഇല്ലാതെ യാതൊരു സംഗതിയിലും ഒരു പുതിയ നിക്ഷേപക്കണക്ക ആരംഭിച്ചുകൂടാ.

കാലഹരണം വന്ന നിക്ഷേപക്കണക്കുകൾ

൩൫. താഴെവിവരിക്കുന്ന കാലങ്ങൾക്ക യാതൊരു കൊടുക്കൽ വാങ്ങലും നടത്തീട്ടില്ലാത്ത നിക്ഷേപക്കണക്കുകളെ "കാലഹരണം വന്ന നിക്ഷേപക്കണക്കുകൾ" ആയി ഗണിക്കുന്നതാകുന്നു. അങ്ങിനെയുള്ള നിക്ഷേപക്കണക്കുകളുടെ കാൎയ്യത്തിൽ അക്കൌണ്ടാഫീസിലെ ഉത്തരവു മുമ്പിൽകൂട്ടി വാങ്ങാതെ പിന്നീട പണം ഒടുക്കുകയൊ തിരിയെ വാങ്ങിക്കയൊ ചെയ്യുന്നതിന അനുവദിക്കുന്നതല്ല.

നിക്ഷേപക്കണക്കിലെ നീക്കിയിരിപ്പ തുക		൨ പൂൎണ്ണസംവത്സരങ്ങൾക്ക യാതൊരു കൊടുക്കൽ വാങ്ങലും ചെയ്തിട്ടില്ലെങ്കിൽ		
	൧൦ രൂപായിൽ കവിയാതിരിക്കുമ്പോൾ			
൧൦ രൂപായിൽ കവിയുകയും എന്നാൽ ൧൦൦ രൂപായിൽ കവിഞ്ഞിരിക്കുമ്പോൾ	ടി	൪	ടി	ടി
	ഞ്ഞിരിക്കുമ്പോൾ	ടി	ടി	ടി

കുറിപ്പ് — ൧. ഈ ചട്ടത്തിൽ "കൊടുക്കേണ്ട വകയാൽ" എന്നതിന്ന പണം നിക്ഷേപിക്കയോ തിരികെ വാങ്ങിക്കയോ ചെയ്യുന്നതുമാത്രം അല്ലാ പലിശ ചേർത്തു എഴുതുന്നതിന്ന പാസ് ബുക്കിനെ ഹാജരാക്കുന്നതുകൂടി എന്നു അർത്ഥം ആകുന്നു.

൨. ഒരു കാലഹരണം വന്ന നിക്ഷേപകന്മാർക്ക ഗവർമ്മേൻറിലേക്കു ഒഴിയുന്നില്ല. എന്നാൽ നിക്ഷേപകൻെറ അപേക്ഷയിൽ അതിനെ ഏതുസമയത്തിൽ എങ്കിലും വീണ്ടും ആരംഭിക്കാവുന്നതും, അങ്ങിനെ പുനർജീവിപ്പിക്കുമ്പോൾ എന്നുപലിശ കൂടിട്ടുണ്ടോ അതിനെ മുതലിനോടുകൂടി ചേർക്കുന്നതും ആകുന്നു.

പിൻതുടർച്ചയവകാശവും രക്ഷകർത്തൃത്വവും.

൩൬. ഒരു സേവിങ്ങ്സ് ബാങ്കിൽ ബാക്കി തുക ഇരിക്കുമ്പോൾ നിക്ഷേപകൻ മരിച്ചുപോകയും, അയാൾ മരിച്ചു മൂന്നു മാസത്തിനകം ൧൦൦൦-ാമാണ്ടത്തെ ൻ൦ റെഗുലേഷൻപ്രകാരം ഒരു സർട്ടിഫിക്കേറ്റ ഹാജരാക്കപ്പെടാതിരിക്കയും ചെയ്താൽ, ബാക്കി തുകയെ വാങ്ങുന്നതിന്ന അവകാശം ഉള്ളതായി കാണുന്ന ഏതു ആൾക്കും ആ ബാക്കി തുകയെ അക്കൗണ്ടാഫീസർ കൊടുക്കാവുന്നതാകുന്നു.

൩൭. നിക്ഷേപകന്നു ഭ്രാന്തുപിടിക്കയോ മററു വിധത്തിൽ അയാൾക്കു തന്റെ കാര്യം ലഭിക്കുന്നതിന്ന അശക്തന് ആയിത്തീരുകയോ ചെയ്കയും അങ്ങനെ ഭ്രാന്തോ അശക്തതയോ ഉണ്ടെന്നു അക്കൗണ്ട ആഫീസർക്ക ബോദ്ധ്യം ആകുംവണ്ണം തെളിയിക്കപ്പെടുകയും ചെയ്താൽ ആ ആഫീസർ അയാളുടെ പേരിൽ നിക്ഷേപമുള്ള തുകയിൽ നിന്നു പണം നിക്ഷേപകന്റെ ആയ ഏതു ആൾക്കും കൊടുക്കാവുന്നതാകുന്നു. നിക്ഷേപകന്റെ സ്വത്തിനെ ഭരിക്കുന്നതിന്ന ഒരു കമ്മട്ടി ആയതു മാനേജർ ആ കേട്ട ക്രമപ്രകാരം നിയമിക്കപ്പെട്ടിരിക്കുന്നപക്ഷം, ആ കമ്മട്ടിക്കോ മാനേജർക്കോ അല്ലാതെ മററുവല്ല ആൾക്കും പണം കൊടുക്കുന്നതിന്ന ഈ വകുപ്പിൽ ഉള്ള യാതൊന്നും അധികാരപ്പെടുത്തുന്നില്ല.

൩൮. മൈനർക്കുവേണ്ടി ആരംഭിച്ചിട്ടുള്ള നിക്ഷേപങ്ങളിൽ നിന്നു ആ മൈനരുടെ രക്ഷകൻ എന്നുള്ള നിലയിൽ പണം തിരികെ വാങ്ങുന്നതിന്ന അച്ഛനോ അമ്മയോ കാരണവനോ അല്ലാത്ത വല്ല ആളും അവകാശപ്പെടുന്നപക്ഷം മൈനരുടെ ഉപയോഗത്തിനായി താഴെപറയുന്ന വ്യവസ്ഥകൾക്കധീനപ്പെട്ട്, പണം തിരികെ വാങ്ങിക്കുന്നതിന്ന അപേക്ഷകനെ അക്കൗണ്ടാഫീസർ അധികാരപ്പെടുത്താവുന്നതാകുന്നു —

(എ) അപേക്ഷകൻ നിയമപ്രകാരം രക്ഷകൻ ആണെന്നു അവകാശപ്പെടുമ്പോൾ, ആ അവകാശത്തിന് തെളിവു ഹാജരാക്കിയാൽ.

(ബി) അപേക്ഷകൻ മരണശാസനത്തിനാലൊ മററു ശാസനത്താലൊ നിയമിക്കപ്പെട്ട രക്ഷകൻ ആണെന്നു അവകാശപ്പെടുമ്പോൾ ആ അവകാശത്തെ സ്ഥാപിക്കുന്ന രേഖകൾ ഹാജരാക്കിയാൽ.

(സി) മററു സംഗതികളിൽ പണം അപേക്ഷകന്നു കൊടുക്കുന്നതിന്നു മുമ്പു അപേക്ഷിക്കുന്ന ആളെക്കൊണ്ടു ൧൦൮൦-ാമാണ്ടത്തെ ൻ-ാം റെഗുലേഷൻ പ്രകാരമുള്ള സർട്ടിഫിക്കേററു ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതാകുന്നു.

പബ്ലിക് കണക്കുകൾ.

൩൯. "പബ്ലിക്" കണക്കുകൾ ആരംഭിക്കുന്നതിനേയും ആ കണക്കുകൾ സംബന്ധമായ കൊടുക്കൽവാങ്ങലുകളേയും താഴെഎഴുതിയിരിക്കുന്ന ചട്ടങ്ങൾക്കനുസരിച്ചു നടത്തേണ്ടതാകുന്നു:—

(എ) വല്ല ഡിസ്പെൻസറിയുടെയൊ ദേവസ്വത്തിൻേറയൊ മററു മതസ്ഥാപനത്തിൻേറയൊ പള്ളിക്കൂടത്തിൻേറയൊ ആർഫനേജിൻേറയൊ (അനാഥശാലാ) അസൈലത്തിൻേറയൊ ലൈബ്രറിയുടേയൊ വക മുതലുകളുടെ ആകട്ടെ ഓഹരി കൊടുക്കുന്നവരുടെ സ്വന്ത ഗുണം മാത്രം അല്ലാത്ത കാര്യങ്ങൾക്കായി ഓഹരികൊടുത്തു ചേക്കപ്പെട്ട മററു വല്ല മുതലിൻേറയോ ആകട്ടെ സിക്രട്ടറിമാരൊ ട്രെഷറർമാരൊ മാനേജർമാരൊ കണക്കുകൾ ആരംഭിക്കാവുന്നതാകുന്നു. കുതിരപ്പന്തയം, പന്തുകളി, ബില്ലിയാർഡ്, മെസ്സ് മുതലായി കേവലം ചില ആളുകളുടെ സ്വകാര്യമായോ അവക്കു സ്വന്തമായൊ ഉള്ള ഉദ്ദേശങ്ങളോടുകൂടിയ ഫണ്ടുകളുടെ വകയ്ക്കു കണക്കുകൾ ആരംഭിക്കുന്നതിനു അനുവദിക്കാൻ പാടില്ലാ.

(ബി) ൧൦൯൨-ാമാണ്ടത്തെ ൧-ാം റെഗുലേഷൻ ആയ തിരുവിതാംകോട്ടു കൂട്ടുവ്യവസായസംഘം റെഗുലേഷൻ അനുസരിച്ചു രെജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ആളുടെ സെക്രട്ടറിമാരൊ ട്രെഷറർമാരൊ കണക്കുകൾ ആരംഭിക്കാൻ അനുവദിക്കാവുന്നതാകുന്നു.

(സി) ഗൃഹങ്ങളിൽ നേരിടുന്ന ആപത്തുകൾക്കു നിവാരണമായ രക്ഷാമാർഗ്ഗമായി പരസ്പരം വരികൊടുത്തു രൂപിക്കപ്പെട്ടിട്ടുള്ള പരസ്പരഗുണകര ഫണ്ടുകളുടെ സെക്രട്ടറിമാരും മാനേജർമാരും കണക്കുകൾ ആരംഭിക്കാൻ അനുവദിക്കാവുന്നതാകുന്നു.

(ഡി) തങ്ങളുടെ കീഴ്ജീവനക്കാരിൽ നിന്നു ഡിപ്പാർട്ട്മെണ്ടൽ കാര്യങ്ങൾക്കായി മനസ്സാലെയൊ ഡിപ്പാർട്ട്മെണ്ടു മുഖേനയൊ, കൊടുക്കുന്ന വരികളെ ശേഖരിക്കുന്ന റയിൽവെ കമ്പനികൾ സ്റ്റീമർ കമ്പനികൾ, മുതലായ സക്കാർ സ്ഥാപനങ്ങളിലേയൊ പൊതു സ്ഥാപനങ്ങളിലേയൊ ഉദ്യോഗസ്ഥന്മാർ കണക്കുകൾ ആരംഭിക്കുന്നതിനു അനുവദിക്കാവുന്നതാകുന്നു.

൪൦. മേൽ വിവരിച്ച വിധത്തിലുള്ള പബ്ലിക് അക്കൌണ്ടുകളെ ഡിസ്പെൻസറി ഫണ്ട്, പട്ടാളം ഉടുപ്പു വകയ്ക്കുള്ള ഫണ്ട്, ദുർഗ്ഗുണപരിഹാരപാഠശാലയിൽ മാക്കിനു പണം കൊടുക്കുന്നതിനുള്ള ഫണ്ട്, എന്നിങ്ങനെ ഏതുകാര്യങ്ങൾക്കായി പണത്തെ ഉപയോഗപ്പെടുത്തുന്നുവൊ ആ കാര്യങ്ങളെ വ്യക്തമായി കാണിക്കുന്നതായ പേരുകൾ കൊടുക്കേണ്ടതാകുന്നു.

൪൧. ഫണ്ടിൻെറ ഉദ്ദേശത്തേയും അതിനു വരവിനുള്ള ഉൽപത്തിയേയും സംബന്ധിച്ച വിവരങ്ങൾ രേഖാമൂലം കൊടുക്കേണ്ടതാകുന്നു.

൪൨. ഓരോ പുതിയ പബ്ലിക് അക്കൌണ്ടും ആരംഭിക്കുംമുമ്പെ അതിലേക്കു അക്കൌണ്ട് ആഫിസർ അധികാരം കൊടുത്തിരിക്കേണ്ടതാകുന്നു.

൪൩. ആരംഭിച്ച ഒരു പബ്ലിക് കണക്കിൻെറ ഉദ്ദേശം ചട്ടപ്രകാരം ആ പ്രകാരം ഒരു കണക്കു ആരംഭിക്കാൻ പാടില്ലാത്തതായിരുന്നാൽ ആ പബ്ലിക് കണക്കിനെ നിറുത്തിക്കളയണം എന്നു ആജ്ഞാപിക്കാൻ അക്കൌണ്ട് ആഫീസരെ അധികാരപ്പെടുത്തിയിരിക്കുന്നു.

൪൪. ഒരു ഗവർൺമെണ്ട് ഉദ്യോഗസ്ഥൻ ആ ഉദ്യോഗസ്ഥന്റെ നിലയിൽ വഹിച്ചിരിക്കുന്ന ഒരു പബ്ലിക് അക്കൌണ്ടു അല്ലാതെ ഒരു പബ്ലിക് അക്കൌണ്ടിന്റെ ധാരകൻ മാറിവരുന്ന എല്ലാ സംഗതിയിലും പൂരിപ്പിച്ച ഒരു പ്രതിജ്ഞാപത്രം എല്ലാ വിവരങ്ങളോടും കൂടി എഴുതിവെക്കേണ്ടതാകുന്നു. (൧൧൦ വകുപ്പു നോക്കുക).

൪൫. ൪൪-ാം വകുപ്പിൽ വിധിച്ചിരിക്കുന്ന അനുമതികൾ കനിവായി സൌജന്യമായ കണക്കോ പബ്ലിക് കണക്കോ ആരംഭിക്കുന്നതിൽ നിന്ന് യാതൊരു ആളേയും തടുക്കുന്നതായി ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

൪൬. പബ്ലിക് കണക്കുകൾ രണ്ടോ അധികമോ ആളുകളുടെ പേരിൽ കൂട്ടായി ഇരിക്കാവുന്നതും ആകുന്നു.

നിക്ഷേപങ്ങൾക്കും (൭-ം ചട്ടം) അതുപോലെതന്നെ പലിശക്കണക്കു കൂട്ടുന്നതിനും (൨൨-ം ചട്ടം) ഉള്ള ൧൦,൦൦൦ രൂപ എന്ന അതിരു പബ്ലിക് അക്കൌണ്ടുകൾക്കു സംബന്ധിക്കുന്നില്ല. എന്നാൽ യാതൊരു പബ്ലിക് അക്കൌണ്ടു വകയായും അതിലേക്കു ചെല്ലേണ്ടതായ തന്നാണ്ടത്തെ പലിശക്കു പുറമെ, ൨൦,൦൦൦ രൂപയിൽ കൂടുതലായ തുക യാതൊരു കാലത്തും ഉണ്ടായിരിക്കാവുന്നതല്ല. ൨൦,൦൦൦ രൂപയിൽ കവിഞ്ഞ യാതൊരു തുകക്കും പലിശ കിട്ടുന്നതും അല്ല.

൪൭ A. നിക്ഷേപിക്കയും തിരിയെ വാങ്ങിക്കയും ചെയ്യുന്ന തുകകളെ സംബന്ധിച്ച ൩൦-ം ൩൧-ാം വകുപ്പുകളിൽ വിവരിച്ചിട്ടുള്ള നിയന്ത്രണങ്ങൾ പബ്ലിക് കണക്കുകൾക്കു സംബന്ധിക്കുന്നില്ല.

൪൮. ഓരോ നിക്ഷേപകനും ഒപ്പിടേണ്ടതായി ൧൧൦ വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന പ്രതിജ്ഞാപത്രത്തിന്റെ ഫാറത്തിൽ "മേറ്റ വല്ല അഞ്ചൽ സേവിങ്സ് ബാങ്കിലും എന്റെ പേരിൽ (അല്ലെങ്കിൽ മൈനരുടെ പേരിൽ യാതൊരു നിക്ഷേപകണക്കും ഇല്ലാ എന്നും" എന്നുള്ള വാക്കുകളെ മുഴുവനും ഒരു പബ്ലിക് അക്കൌണ്ടിന്റെ കാര്യത്തിൽ, വെട്ടിക്കളയേണ്ടതാകുന്നു.

൪൯. (൧) ഗവർൺമെണ്ട് വക മുതലായിരിക്കുന്നതോ;

(൨) ഗവർൺമെണ്ടിലേക്കു മുതൽ വയ്ക്കാനായി സ്വീകരിച്ചിട്ടുള്ളതൊ,

(൩) ഗവൺമെണ്ട് വക ആവശ്യത്തിനായി ചിലവു ചെയ്യാൻ ഖജനാവിൽ നിന്നു വാങ്ങിച്ചിട്ടുള്ളതോ,

(൪) അതാതു സ്ഥലം വക നികുതിയായോ മുൻസിപ്പാലിററി വക നികുതിയായൊ പിരിച്ചിട്ടുള്ളതൊ,

(൫) പണം ഗവർൺമെണ്ട് വക മുതലല്ലായിരുന്നാൽ, വല്ല നിയമവും അനുസരിച്ചു, വല്ല സർക്കാർ ഉദ്യോഗസ്ഥനെ കോർട്ടൊ പിരിച്ചതൊ സ്വീകരിച്ചതൊ ട്രസ്ടായി ധരിച്ചിരിക്കുന്നതൊ,

ആയ പണത്തിലേക്കു യാതൊരു കണക്കും അനുവദിക്കാവുന്നതല്ല.

കുറിപ്പ്.—ഒരു പ്രത്യേക കേസിൽ പണത്തെ സർക്കാർ സേവിങ്സ് ബാങ്കിൽ നിക്ഷേപിക്കണം എന്നു ആജ്ഞാപിച്ച് ഒരു നീതിന്യായ കോർട്ട് കൊടുക്കുന്നതായ ഒരു പ്രത്യേക ഉത്തരവിൻപടി ഒരു ജുഡിഷ്യൽ ഡിപ്പാസിററ് വകയ്ക്കു

ഒരു കണക്ക ആരംഭിക്കുന്നതിനെ ഈ ചട്ടങ്ങളിൽ ഉള്ള യാതൊന്നും തടുക്കുന്നില്ല. അപ്രകാരം ഉള്ള ഒരു കണക്ക സ്വീകരിക്കപ്പെട്ടപ്പോൾ, സക്കാരല്ലാത്ത സാധാരണ കണക്കുകളെ ഭരിക്കുന്നതായ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും അതു സർവ്വപ്രകാരേണ ഉൾപ്പെട്ടിരിക്കുകയും ചെയ്യും.

ജാമ്യംവക നിക്ഷേപ കണക്കുകൾ.

൫൦. ജാമ്യംവക നിക്ഷേപകണക്ക ആരംഭിക്കുന്നതും അവയിലുള്ള കൊടുക്കൽ വാങ്ങലുകളും താഴെ എഴുതിയിരിക്കുന്ന വിശേഷാൽ നിബന്ധനകൾ അനുസരിച്ചു വേണ്ടതാകുന്നു:—

(എ) ജാമ്യം വെക്കേണ്ടവരായ സക്കാർ ജീവനക്കാരും പട്ടണപരിഷ്കരണ കമ്മിററികളിലെ ജീവനക്കാരും കൺട്രാക്ടർമാരും ജാമ്യ നിക്ഷേപങ്ങൾക്ക മാത്രം പ്രത്യേക കണക്കുകൾ ആരംഭിക്കുന്നതിന അനുവദിക്കുന്നതാകുന്നു.

(ബി) ഓരോ പ്രത്യേകകണക്കിനും എത്രയും കൂടിയാൽ നിക്ഷേപിക്കാവുന്ന തുകയെ സംബന്ധിച്ചു ൭-ാംവകുപ്പിൽ വിധിച്ചിരിക്കുന്ന നിയന്ത്രണങ്ങളും നിക്ഷേപിക്കുന്നതാകും തിരിയെ എടുക്കുന്നതാകും ഉള്ള തുകകളെസംബന്ധിച്ചു ൰-ാംവകുപ്പിലും ൻ-ാംവകുപ്പിലും വിധിച്ചിരിക്കുന്ന നിയന്ത്രണങ്ങളും ജാമ്യംവക നിക്ഷേപങ്ങൾക്ക സംബന്ധിക്കുന്നില്ല.

(സി) ഒരാൾ അയാളുടെ സ്വന്തം വകയ്ക്കായൊ മററൊരാൾക്ക വേണ്ടിയൊ ഒരു ജാമ്യ നിക്ഷേപ കണക്ക ആരംഭിക്കാവുന്നതാകുന്നു എന്നു വരികിലും ഒരേ പണിയേയൊ കുത്തകയേയൊ സംബന്ധിച്ചു ഒരേ ആൾക്ക വേണ്ടി ജാമ്യം വകയ്ക്കായി ഒന്നിലധികം കണക്കുകൾ ആരംഭിക്കാവുന്നതല്ല.

(ഡി) ഒരേ പണിയൊ കുത്തകയൊ നടത്തുവാൻ ഏൾക്കുന്ന ആളുടെ കൂട്ടപ്പേരിൽ ഒരു ജാമ്യനിക്ഷേപകണക്ക ആരംഭിക്കാവുന്നതാകുന്നു.

(ഇ) ഒരേകാലത്തു ഒന്നിലധികം പണിയൊ കുത്തകയൊ നടത്താൻ ഏൾക്കുന്ന ഒരാൾ ഓരോന്നിനേയും സംബന്ധിച്ചു പ്രത്യേകം ഒരു കണക്ക ആരംഭിക്കാൻ സമ്മതിക്കാവുന്നതാകുന്നു.

(എഫ്) ഏതു ഉദ്യോഗസ്ഥന്റെ പേക്ക ജാമ്യത്തുകയെ പണയമായി കൊടുത്തിരിക്കുന്നുവൊ ആ ഉദ്യോഗസ്ഥന്റെ രേഖാമൂലമായും വെളിവായും ഉള്ള അനുവാദത്തോടു കൂടിയല്ലാതെ, നിക്ഷേപത്തുകയുടെ മുതലൊ അതിന്മേലുള്ള വല്ല പലിശയൊ സേവിങ്ങ്സ് ബാങ്കിൽ നിന്നു കിട്ടണം എന്നു യാതൊരു അവകാശവും താൻ പുറപ്പെടുവിക്കുന്നതല്ലെന്നും മേല്പറഞ്ഞ ഉദ്യോഗസ്ഥൻ ആ മുതലൊ പലിശയൊ മുഴുവനായൊ അതിൽ വല്ല ഭാഗമൊ കിട്ടണമെന്നുള്ളതായാൽ ബാങ്ക് അതിനെ അയാൾക്ക കൊടുക്കുന്നതിന താൻ ആക്ഷേപിക്കയില്ലെന്നും മുതൽ ആ ആൾക്ക കൊടുത്തതുകൊണ്ടു പലിശ കൂടുന്നതു നിന്ന പോയ തീയതി മുതലൊ, നിക്ഷേപത്തുക മടക്കിക്കൊടുക്കുന്നതിന ആ ആൾ അനുവദിച്ചിരിക്കുന്ന തീയതി മുതലൊ പലിശക്ക യാതൊരു അവകാശവും പുറപ്പെടുവിക്കയില്ലെന്നും ഒരുവെടുന്നതായി (എച്ച്) നംബർ ഫാറത്തിൽ നിക്ഷേപകൻ ഒരു പ്രതിജ്ഞാപത്രം ഒപ്പിട്ടു കൊടുക്കുന്നതിന അയാളോടു ആവശ്യപ്പെടുന്നതാകുന്നു.

(ജി) ജാമ്യ നിക്ഷേപങ്ങൾ കൊടുക്കുന്നവരായ ആളുകൾ ഒപ്പുകൾക്കുള്ള പുസ്തകത്തിൽ (൧൩-ാംവകുപ്പു) ഒപ്പിടുന്നതിന്നായി നേരിട്ടു ഹാജരാവേണ്ടതു എന്നില്ല. സംബന്ധപ്പെട്ട ഡിപ്പാർട്ട്മെണ്ടിലെ മേലധികാരിയോ അല്ലെങ്കിൽ ഒരു രാജിസ്ത്രേട്ടോ ക്രമപ്രകാരം സാക്ഷ്യപ്പെടുത്തിയതായ ഒരു മാതൃകയിലുള്ള ഒപ്പുകൾ ഒപ്പുകൾക്കുള്ള പുസ്തകത്തിൽ ഫൈൽ ചെയ്യപ്പെടാവുന്നതാകുന്നു.

(എച്ച്) മൂന്നുമാസംകാലത്തേക്കു ഒരു നിക്ഷേപകനു കൂടെയിരിക്കുന്നതായാൽ അല്ലാതെ അതിനെ മറെറാരു സ്ഥലത്തേക്കു മാററിച്ചു കൂടാ (൨൪-ാം വകുപ്പു) എന്നുള്ള നിരോധനം ഏതു ഉദ്യോഗസ്ഥന്മാർക്കു ആ കണക്കുകളെ പണയമായി വച്ചിരിക്കുന്നുവൊ ആ ഉദ്യോഗസ്ഥന്മാർ, പാസ്ബുക്കുകളോടുകൂടി, അപേക്ഷിക്കുന്നതായാൽ, സ്ഥലം മാററവുന്നതായ ജാമ്യം വക നിക്ഷേപകണക്കുകൾക്കു സംബന്ധിക്കുന്നതല്ല.

(ഐ) ജാമ്യകണക്കുകളുടെ കാര്യത്തിൽ, കണക്കു അവസാനിപ്പിക്കുമ്പോൾ (൩൦-ാംവകുപ്പു) മുതൽ പററിയതായി രസീതു കൊടുക്കുന്നതിനു നിക്ഷേപസ്ഥലമായ അഞ്ചലാപ്പീസിൽ നിക്ഷേപകൻ തന്നെ ഹാജരാകണമെന്നു നിർബന്ധിക്കണമെന്നില്ല. നിക്ഷേപകൻ പണം പററിയിരിക്കുന്നതായി പാസ് ബുക്കിൽ ഒപ്പിട്ടും ഏതുഡിപ്പാർട്ട്മെണ്ട് മേലധികാരിയുടെ പേരിലൊ ആഫീസ് മേലധികാരിയുടെ പേരിലൊ ആ ജാമ്യത്തെ പണയമായി വച്ചിരിക്കുന്നുവൊ ആ മേലധികാരി സാക്ഷ്യപ്പെടുത്തിയും പാസ്ബുക്കു കിട്ടുന്നതായാൽ നിക്ഷേപകന്റെ ചിലവിന്മേൽ അഞ്ചൽ ഹുണ്ഡിയായി നിക്ഷേപകനു പണം അയക്കാവുന്നതാകുന്നു.

(ജെ) ൨൮-ാം വകുപ്പിൻപ്രകാരം ആവശ്യപ്പെട്ട അറിവിപ്പു ഏതു ഡിപ്പാർട്ട്മെണ്ട് മേലധികാരിയുടെയൊ ആഫീസ് മേലധികാരിയുടെയൊ പേർക്കു ജാമ്യത്തെ പണയം വച്ചിരിക്കുന്നുവൊ ആ മേലധികാരി, ജാമ്യനിക്ഷേപങ്ങളുടെ കാര്യത്തിൽ, അയക്കേണ്ടതാകുന്നു.

(കെ) ഏതു ഉദ്യോഗസ്ഥന്റെ പേർക്കു കണക്കിനെ പണയം വച്ചിരിക്കുന്നുവൊ ആ ഉദ്യോഗസ്ഥൻ ജാമ്യം വിട്ടുകൊടുത്തിരിക്കുന്നു എന്നറിയിപ്പു ഏതുമാസത്തിൽ നിക്ഷേപകനു കൊടുക്കുന്നുവൊ ആ മാസം ൧-ാം തീയതി മുതൽ ജാമ്യനിക്ഷേപങ്ങൾക്കു പലിശ കൂടുന്നതല്ല. അപ്രകാരമുള്ള അറിയിപ്പിന്റെ ഒരു പകർപ്പു സംബന്ധപ്പെട്ട അഞ്ചൽമാസ്റ്റർക്കു നിയമേന അയക്കേണ്ടതും ആകുന്നു.

പലവക.

൭൧. ഈ ചട്ടങ്ങളിലെ വ്യവസ്ഥകളെ നടത്തുന്നതിൽ വ്യാപരിക്കുന്നവർ അഞ്ചൽ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരോടല്ലാതെ മററാരോടും നിക്ഷേപകന്റെ പേർവിവരമൊ ഒടുക്കുന്നതൊ തിരിയെവാങ്ങിക്കുന്നതൊ ആയ പണത്തുകയെപ്പററിയുള്ള വിവരമൊ ഈ കൊടുക്കൽ വാങ്ങലിന്റെ നിക്ഷേപകരൊ അഞ്ചൽ ഡിപ്പാർട്ടുമെണ്ടിലെ ജീവനക്കാർ വെളിപ്പെടുത്തരുതു.

൭൨. ഏതുസമയത്തും ഈ ചട്ടങ്ങളെ ഭേദപ്പെടുത്തുവാനൊ കൂട്ടിച്ചേർക്കുവാനൊ പുതിയ ചട്ടങ്ങൾ നടപ്പാക്കാനൊ സർക്കാരിനു അധികാരം ഉള്ളതാകുന്നു. അങ്ങിനെ ഭേദപ്പെടുത്തലൊ കൂട്ടലൊ ചെയ്യുന്ന വിവരം മുമ്പിൽകൂട്ടി ഗസററിൽ പ്രസിദ്ധപ്പെടുത്തപ്പെടുത്തുന്നതാകുന്നു.

ഫാറം എ.

........................അഞ്ചലാഫീസിലെ അഞ്ചൽമാസ്റ്റർ അവർകൾക്കു

സർ,

താങ്കളുടെ അഞ്ചലാഫീസിനോടുചേർന്ന അഞ്ചൽ സേവിങ്സ് ബാങ്കിൽ എന്റെ സ്വന്തപേരിൽ അല്ലെങ്കിൽ (ക്കുവേണ്ടി) ഒരു നിക്ഷേപകണക്കു ആരംഭിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ആദ്യത്തെ നിക്ഷേപത്തുക   രൂപാ   ചക്രം   എന്നു ആകുന്നു.

സ്ഥലം   അപേക്ഷകന്റെ പേരും ഒപ്പും

തിയതി   ൧൦ൻ

ഇരുപ്പേര.
മേൽവിലാസം
മററു വല്ല കൂടുതൽ വിവരങ്ങൾ

ഫാറം ബി.

അഞ്ചലാഫീസ്,

സേവിങ്സ് ബാങ്ക്

നിക്ഷേപകണക്കു നമ്പർ

അഞ്ചൽ സേവിങ്സ് ബാങ്ക് വക ചട്ടങ്ങളെ ഞാൻ വായിച്ചു (അല്ലെങ്കിൽ എന്നെ വായിച്ചു കേൾപ്പിച്ചു) എന്നും അവ എന്നെബന്ധിക്കുന്നതായി ഞാൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. മററു വല്ല അഞ്ചൽ സേവിങ്സ് ബാങ്കിലും എന്റെ പേരിൽ (ഈ മൈനരുടെ പേരിൽ) യാതൊരു നിക്ഷേപകണക്കും ഇല്ലാ എന്നും ൟ നിക്ഷേപത്തുക എന്റെതാകുന്നു എന്നും
അല്ലെങ്കിൽ മൈനർ   തിയതി ജനിച്ചു
എന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു

സേവിങ്സ് ബാങ്ക്സ് ചട്ടത്തിൽ ഒരു പകർപ്പും ഞാൻ പററിയ വിവരവും ഞാൻ സമ്മതിക്കുന്നു.

അഞ്ചൽ മാസ്റ്ററുടെ ഒപ്പു

ചുരുക്കൊപ്പു

നിക്ഷേപകന്റെ
- ഒപ്പ്
- മേൽവിലാസം
- തൊഴിൽ

ഫാറം സി.

സേവിങ്സ്ബാങ്ക് പാസ്ബുക്ക.

............അഞ്ചലാഫീസ്

നിക്ഷേപക്കണക്ക നംബർ———

തീയതി	അഞ്ചലാഫീസ് മുദ്ര	ഓരോ തവണയും പണം നിക്ഷേപിക്കയോ തിരിയെ വാങ്ങിക്കയോ ചെയ്യുന്ന തുക (അക്ഷരത്തിൽ)	തുക						ഓരോ ഇടപാടും നടന്നതിൽ പിന്നെ ഇരിപ്പുതുക			അഞ്ചൽമാസ്റ്ററുടെ അടയാളം
			നിക്ഷേപിച്ച			തിരിയെ വാങ്ങിച്ച						
			രൂപാ	ചക്രം	കാശു	രൂപാ	ചക്രം	കാശു	രൂപാ	ചക്രം	കാശു	

ഫാറം ഡി.

ഒപ്പുകൾക്കുള്ള പുസ്തകം

തിയതി.	പാസ്ബുക്കിന്റെ നമ്പർ.	ഇരട്ടപ്പേരും മേൽവിലാസവും തൊഴിലും.	നിക്ഷേപകന്റെ ഒപ്പു.

ഫാറം ഇ.

പണം തിരിയെ വാങ്ങിക്കാനുള്ള അപേക്ഷ.

... ... ലുള്ള അഞ്ചൽ സേവിങ്ങ്സ് ബാങ്കിന

ഇത്ര രൂപാ ചക്രം കാശുള്ള എന്റെ ബാക്കി തുകയിൽ നിന്നും ഇത്ര (അക്ഷരത്തിൽ) രൂപാ എന്റെ ാം നമ്പർ നിക്ഷേപകണക്കിൽ നിന്നും തിരിയെ വാങ്ങിക്കാൻ ഞാൻ ആഗ്രഹിക്കുന്നു ഇന്നാർ വശം ടി തുകയെ അയച്ചുതരാൻ അപേക്ഷ. അയാളുടെ ഒപ്പിന്റെ മാതിരി താഴെ ചേർത്തിരിക്കുന്നു

തീയതി

നിക്ഷേപകന്റെ ഒപ്പ്.

കാര്യസ്ഥന്റെയൊ ദൂതന്റെയൊ ഒപ്പ്

കുറിപ്പു. നിക്ഷേപകൻ നേരിട്ടു സേവിങ്ങ്സ് ബാങ്കിൽ ഹാജരാകുന്നില്ലെന്നു വരികിൽ, പണം ഏതു കാര്യസ്ഥന്റെയൊ ദൂതന്റെയൊ പക്കൽ കൊടുക്കേണമൊ അയാളുടെ പേരു എഴുതേണ്ടതും ആ കാര്യസ്ഥനൊ ദൂതനൊ മേൽ ഒഴിച്ചുവച്ചിട്ടുള്ള സ്ഥലത്തിൽ പേരെഴുതി ഒപ്പിടേണ്ടതും ആകുന്നു. നിക്ഷേപകൻ നേരിട്ടു പണം വാങ്ങിക്കണം എന്നു ഉദ്ദേശിക്കുന്നു എങ്കിൽ മേൽ പറഞ്ഞ അപേക്ഷയിൽ ഒടുവിലത്തെ രണ്ടു വാചകങ്ങളെ വിട്ടുകളയണം

(അക്ഷരത്തിൽ) ഇത്ര രൂപാ കൊടുക്കണം

തീയതി മുദ്ര

അഞ്ചൽമാസ്റ്റർ

മേൽ വിവരിച്ച തുക കൈപ്പററി എന്നു ഞാൻ സമ്മതിക്കുന്നു

നിക്ഷേപകന്റെ ഒപ്പ്

തീയതി

അല്ലെങ്കിൽ കാര്യസ്ഥന്റെയൊ

ദൂതന്റെയൊ ഒപ്പ്

൧൦ൻ

നിക്ഷേപകന്മാർ അറിഞ്ഞു നടക്കേണ്ട സംഗതികൾ—

(i) പാസ് ബുക്ക കൊടുക്കുന്നതിനു മുമ്പെ എഴുതുന്നതായി വിട്ടിട്ടുള്ള സ്ഥലങ്ങളിൽ എഴുതേണ്ടവയെ നിങ്ങൾ തന്നെ എഴുതണം

(ii) ഓരോ ഇടപാടിന്റെ അവസാനത്തിലും പാസ്ബുക്കിനെ ശ്രദ്ധാപൂർവ്വം പരിശോധിക്കണം

(iii) വല്ല തെററൊ തിരുത്തലൊ കാണുന്നതായാൽ അഞ്ചൽ മാസ്റ്ററോടു നേരിട്ടു അറിയിക്കണം

(iv) നിങ്ങളുടെ പാസ്ബുക്കിനെ വളരെ ശ്രദ്ധയോടെ സൂക്ഷിക്കണം

ഫാറം എഫ്.

നിക്ഷേപകൻെറ പാസ്ബുക്കിനു രസീതു.

(പാസ്ബുക്കിനെ അയാളുടെ പക്കൽ നിന്നും വാങ്ങി അഞ്ചൽസൂപ്പർഇ ണ്ടെഡണ്ടു ആഫീസിലേയ്ക്കു അയക്കുമ്പോഴെല്ലാം നിക്ഷേപകനു കൊടുക്കേണ്ട താകുന്നു)

അഞ്ചൽ സൂപ്പർഇണ്ടെഡണ്ട് ആഫീസിലേയ്ക്കു അയക്കുന്നതിലേക്കായി നിക്ഷേപകൻ രുടെ സേവിങ്ങ്സ് ബാംക കണക്ക .... നംബർ പാസ്ബുക്ക കൈപ്പററിയിരിക്കുന്നു. പാസ്ബുക്കിൽ കൊള്ളിച്ചിരിക്കുന്നപ്രകാരം ഇന്നേദിവസം നിക്ഷേപകനു ചെല്ലേണ്ട ബാക്കി രൂപാ (അക്ഷത്തിൽ)

തീയതിമുദ്ര

അഞ്ചൽമാസ്റ്ററുടെ ഒപ്പ്.

൧൦ൻ നു- നിക്ഷേപകണക്ക നംബരുവ കയായ പാസ്ബുക്കിനെ തിരിയെ വാങ്ങിച്ചിരിക്കുന്നു.

നിക്ഷേപകൻെറ ഒപ്പു.

നിക്ഷേപകനു അറിയിപ്പ്.

പാസ്ബുക്ക തിരിയെ വാങ്ങിക്കുമ്പോൾ അതിനെ ശ്രദ്ധാപൂർവ്വം പരിശോധിക്കണം. അതിൽ വല്ല തിരുത്തലൊ ചുരണ്ടലൊ എഴുതാൻ വിട്ടുപോയതൊ വ്യത്യാസമോ ഉണ്ടെന്നുവരികിൽ അഞ്ചൽമാസ്റ്ററോടു വല്ല സമാധാനത്തിനും ആവശ്യപ്പെടാതെതന്നെ അഞ്ചൽസൂപ്രണ്ടിനു നേരിട്ടു ഉടൻ എഴുതി അയക്കണം.

ഫാറം ജി.

... ... അഞ്ചലാഫീസിലെ അഞ്ചൽമാസ്റ്റർ അവർകൾക്ക

.... അഞ്ചലാഫീസുവക നംബർ പാസ്ബുക്കിനെ ഇതോടൊന്നിച്ചു

അയക്കുന്നു

ഹാജരാക്കിയിരിക്കുന്നു.

എൻെറ സ്വന്തപേരിൽ ഉള്ളതായ നിക്ഷേപക്കണക്കിനെ

മൈനർ ( ) പേരിൽ

അഞ്ചലാഫീസിലേക്ക മാററിത്തരണം എന്നു അപേക്ഷിച്ചു കൊള്ളുന്നു

സ്ഥലം

തീയതി ൧൦ൻ

എന്നു

നിക്ഷേപകൻെറ പേരും ഒപ്പും.

പേരുവിവരവും }
മേൽവിലാസവും }

ഫാറം എച്ച്.

പ്രതിജ്ഞാപത്രം

ജാമ്യനിക്ഷേപക്കണക്ക സേവിംഗ്സ്ബാങ്ക്

സ്ഥലം }
നമ്പർ }

൧	പേർ	
൨	ഉദ്യോഗപ്പേര	
൩	ജാമ്യത്തുക	
൪	ആദ്യത്തെതവണ ഒടുക്ക തീയതി	

ഞാൻ ഈ പ്രതിജ്ഞാപത്രം മൂലം ഈ ജാമ്യത്തുകയെ പണമായി കൊടുത്തിരിക്കുന്നതായ (ടെ) വെളിവായും രേഖാമൂലമായുമുള്ള അനുവാദത്തോടുകൂടി അല്ലാതെ ഈ നിക്ഷേപത്തുകയുടെ * മുതലൊ അതിന്മേലുള്ള വല്ല പലിശയൊ സേവിംഗ്സ് ബാങ്കിൽ നിന്ന കിട്ടണമെന്ന യാതൊരു അവകാശവും പുറപ്പെടുവിക്കുന്നതല്ലെന്നും മേല്പറഞ്ഞ ഉദ്യോഗസ്ഥൻ ആ മുതലൊ പലിശയൊ മുഴുവനമൊ അതിൽ വല്ല ഭാഗമൊ കിട്ടണം എന്ന അവകാശപ്പെടുന്നതായാൽ അതിനെ അദ്ദേഹത്തിന്ന ബാങ്കിൽ നിന്ന കൊടുക്കുന്നതിന്ന ഞാൻ വിരോധം പറയുന്നതല്ലെന്നും ഞാൻ ഒരുമ്പെടുന്നു.

നിക്ഷേപകന്റെ കൈഒപ്പ്.

തീയതി

അനുവദിച്ചു ഒപ്പിട്ടു

സ്ഥലം

ഡിപ്പാർട്ടുമെണ്ടിലെ

________________ മേലധികാരി

തീയതി

ആഫീസിലെ

ജാമ്യനിക്ഷേപക്കണക്ക എന്ന കണക്കിൽ വിവരിച്ചു കാണിച്ചിരിക്കുന്ന എന്നും അതിലെ നമ്പർ എല്ലാ രെജിസ്റ്റർകളിലും അപ്രകാരം പ്രകതപ്പെടുത്തിയിരിക്കുന്നു എന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു

അഞ്ചലാഫീസ്

അഞ്ചൽമാസ്റ്റർ.

തീയതി

ടി ഡിപ്പാർട്ട്മെന്റിലെ മേലധികാരിയായ ഉദ്യോഗസ്ഥന്റെയൊ അല്ലെങ്കിൽ ടി യാരാൽ അധികാരപ്പെടുത്തപ്പെട്ട ആഫീസരുടേയൊ ഉദ്യോഗപ്പേര എഴുതണം.

---

* ജാമ്യത്തുക തവണകളിലായി നിക്ഷേപിക്കുന്നതായാൽ വേണ്ട ഭേദഗതികൾ ചെയ്തുകൊള്ളണം.

തിരുവിതാംകൂർ.

സക്കാർ സേവിങ്ങ്സ് ബാങ്ക് ചട്ടങ്ങൾ.

വിഷയാനുക്രമണിക.

	വകുപ്പു
സാദ്ധ്യകാര്യം	൧൩൩
വ്യാഖ്യാനം	,,
നിക്ഷേപക്കാരും നിക്ഷേപങ്ങളും തുടങ്ങുന്നതിനുള്ള അനുമതികൾ ...	൧൩൭
പണം തിരിയെ വാങ്ങിക്കാനുള്ള അധികാരങ്ങളും തിരിയെ വാങ്ങിക്കുന്ന പണത്തിനു അനുമതികളും ...	൧൩൮
നിക്ഷേപക്കണക്ക തുറക്കേണ്ട വിധം ...	,,
പാസ്ബുക്ക്	൧൩൯
പണം തിരിയെ വാങ്ങിക്കുന്ന വിധം ...	൧൪൦
പലിശ	൧൪൨
നിക്ഷേപക്കണക്കുകൾ സ്ഥലം മാററി കൊടുക്കുന്നതു ...	൧൪൩
നിക്ഷേപക്കണക്ക അവസാനിപ്പിക്കൽ ...	,,
നിക്ഷേപക്കണക്ക വീണ്ടും ആരംഭിക്കൽ ...	൧൪൪
കാലഹരണം വന്ന നിക്ഷേപകണക്കുകൾ ...	,,
പിന്തുടച്ചാവകാശവും രക്ഷകർത്തൃത്വവും ...	൧൪൫
പബ്ലിക്കണക്കുകൾ	൧൪൬
ജാമ്യനിക്ഷേപക്കണക്കുകൾ	൧൪൮
പലവക	൧൫൦

തിരുവിതാംകോട്ട സക്കാർ സേവിങ്ങ്സ് ബാങ്ക് ചട്ടങ്ങൾ.

സാദ്ധ്യകാര്യം.

൧. സേവിങ്സ് ബാങ്ക് ഏപ്പെടുത്തുന്നതിൽ ഗവർൺമെണ്ടിൻെറ ഉദ്ദേശ്യം ജനങ്ങൾക്ക ചിലവുനീക്കി ഇരിപ്പുള്ള തുകകളെ ശേഖരിച്ചു വെക്കുന്നതിലേക്ക എളുപ്പം ആയ ഒരു മാഗ്ഗത്തെ ഉണ്ടാക്കുന്നതിനും അവരുടെ ഇടയിൽ മിതവ്യയശീലത്തെ വദ്ധിപ്പിക്കുന്നതിനും ആകുന്നു.

വ്യാഖ്യാനം.

൨. ഈ ചട്ടങ്ങളുടെ ആവശ്യത്തിലേക്ക—

"നിക്ഷേപം" എന്നാൽ ഒരു നിക്ഷേപകനൊ നിക്ഷേപകനു വേണ്ടിയോ സക്കാർസേവിങ്ങ്സ് ബാങ്കിൽ കൊടുക്കുന്ന പണം എന്നു അത്ഥം ആകുന്നു.

"നിക്ഷേപകൻ" എന്നാൽ ആരോ അല്ലെങ്കിൽ ആക്കുവേണ്ടിയൊ പണം നിക്ഷേപിക്കുന്നുവൊ അയാൾ എന്നു അത്ഥം ആകുന്നു,

"നിക്ഷേപക്കണക്ക" എന്നാൽ ഒരു സർക്കാർ സേവിങ്സ് ബാങ്കിൽ ഒരു നിക്ഷേപകൻെറ വക കണക്ക എന്നു അൎത്ഥമാകുന്നു.

"നീക്കിയിരിപ്പ്" എന്നാൽ ഒരു നിക്ഷേപക്കണക്കിൻപടി നിക്ഷേപകനു ചെല്ലേണ്ടതായിരിപ്പുള്ള പണം എന്നു അൎത്ഥമാകുന്നു.

"മൈനർ" എന്നാൽ ൧൮ വയസ്സു തികഞ്ഞിട്ടില്ലാത്ത ആൾ എന്നു അൎത്ഥം ആകുന്നു.

"രക്ഷകൻ" എന്നതിൽ, ഒരു മക്കത്തായം കുടുംബത്തിൽ, അഛനും അഛൻ മരിച്ചുപോയിരുന്നാൽ അമ്മയും അഛനമ്മമാർ രണ്ടാളും മരിച്ചുപോയിരിക്കയും മരണശാസനത്താലൊ മററ് ശാസനത്താലോ ൧൦൭൭-മാണ്ടേത്തെ ൪-ം റഗുലേഷൻപ്രകാരമൊ മൈനൎക്ക രക്ഷകൻ നിയമിക്കപ്പെടാതിരിക്കയും ചെയ്തിരുന്നാൽ മൈനർ ആരോടുകൂടി താമസിക്കുന്നുവോ അല്ലെങ്കിൽ ആരാൽ രക്ഷിക്കപ്പെടുന്നുവോ അങ്ങനേയുള്ള ആ മൈനരുടെ പ്രായം ചെന്ന ബന്ധുവും, ഒരു മരുമക്കത്തായം കുടുംബത്തിൽ, അമ്മാവൻ അല്ലെങ്കിൽ കാരണവനും അല്ലെങ്കിൽ അഛനും അമ്മാവൻ മരിച്ചിരുന്നാൽ അമ്മയും, സഹോദരനും സഹോദരിയും അല്ലെങ്കിൽ അവരും ഉൾപ്പെടുന്നതാകുന്നു എന്നാൽ അഛൻെറ സംഗതിയിൽ മൈനരായ കുട്ടികളുടെ പേൎക്ക് അയാൾ പണം നിക്ഷേപിച്ചിരിക്കേണ്ടതാകുന്നു.

നിക്ഷേപക്കണക്കുകളും നിക്ഷേപങ്ങളും

തുടങ്ങുന്നതിനുള്ള അനുമതികൾ.

൩. മൈനർ അല്ലാത്ത വല്ല ആണോ പെണ്ണോ (എ) അവനോ അവളോ വേണ്ടിയാകട്ടേ (ബി) മൈനർ ആയ വല്ല ബന്ധുവിനും വേണ്ടിയാകട്ടെ (സി) അവനൊ അവളോ ഏതു മൈനരുടെ രക്ഷകൻ ആയിരിക്കുന്നുവൊ അങ്ങനേയുള്ള വല്ല മൈനൎക്കും വേണ്ടിയാകട്ടെ, സർക്കാർ സേവിംഗ്സ്ബാങ്കിൽ പണം നിക്ഷേപിക്കാവുന്നതാകുന്നു.

൪. യാതൊരാൾക്കും അവൻെറയോ അവളുടേയൊ സ്വന്തം പേരിൽ ഒന്നിലധികം നിക്ഷേപക്കണക്ക ആരംഭിക്കാവുന്നതല്ല. ഈ നിക്ഷേപക്കണക്കിനു പുറമേ, അവനൊ അവളൊ നിക്ഷേപകൻ ആയിരുന്ന മൈനർമാൎക്കു വേണ്ടിയോ മൈനർ ആയ ബന്ധുക്കൾക്ക വേണ്ടിയോ എത്രയെങ്കിലും എണ്ണം വെവ്വേറെ നിക്ഷേപക്കണക്കുകൾ ആരംഭിക്കാവുന്നതാകുന്നു. എന്നാൽ അപ്രകാരം ഉള്ള ഓരോ മൈനൎക്കുവേണ്ടിയും ഒന്നിൽ അധികം നിക്ഷേപക്കണക്ക ആരംഭിക്കാവുന്നതല്ല. വിവാഹം ചെയ്ത ഒരു സ്ത്രീക്ക അവളുടെ ഭൎത്താവിൻെറ നിക്ഷേപക്കണക്കിൽ നിന്നും വ്യതിരിക്തം ആയ ഒരു നിക്ഷേപക്കണക്ക ആരംഭിക്കാം. എന്നാൽ അവൾ നിക്ഷേപിക്കുന്നതായ പണം അവളുടെ സ്വന്തം സ്വത്തൊ സമ്പാദ്യമൊ അല്ലെങ്കിൽ അവൾക്ക യഥേഷ്ടം വിനിയോഗിക്കാവുന്നതൊ ആയിരിക്കണം.

കുറിപ്പ്.—ഖജനാ സേവിംഗ്സ് ബാങ്കിൽ കണക്ക ആരംഭിച്ചിട്ടുള്ള ഒരു നിക്ഷേപകനു അഞ്ചൽ സേവിംഗ്സ് ബാങ്കിലും വേറെ ഒരു കണക്ക ആരംഭിക്കാവുന്നതാണ്. അതുപോലെതന്നേ അഞ്ചൽ സേവിംഗ്സ്ബാങ്കിൽ കണക്കുള്ള നിക്ഷേപകനു ഖജനാ സേവിംഗ്സ്ബാങ്കിലും കണക്ക ആരംഭിക്കാവുന്നതാണ്.

൫. ട്രസ്റ്റായി പണം നിക്ഷേപിക്കാൻ അനുവദിക്കുകയൊ അപ്രകാരം സമ്മതിക്കയൊ ചെയ്യുന്നതല്ല; എന്നാൽ പബ്ലിക്ക കണക്കുകളുടെ തുക ൧൦൦ രൂപയിൽ കുറഞ്ഞിരുന്നാൽ അപ്രകാരം ഒടുക്കാൻ അനുവദിക്കുന്നതാണ്.

൫ എ. രണ്ടൊ അധികമൊ ആളുകളുടെ പേരിൽ കൂട്ടായിട്ടു പണം നിക്ഷേപിച്ചു കൂടുന്നതല്ല. എന്നാൽ സ്വജാതമായ ഒരു കച്ചവടസംഘത്തിന്റെ (Firm) പേരിൽ പണം നിക്ഷേപിക്കുന്നതിനെ ഈ ചട്ടത്തിൽ അടങ്ങിയ യാതൊന്നും തടുക്കുന്നില്ല.

൬. വല്ല സമയത്തും ഒടുക്കാവുന്ന ഏറ്റവും കുറഞ്ഞ തുക അര രൂപായാകുന്നു. അര രൂപായിൽ കുറഞ്ഞ തുക അടങ്ങിയ യാതൊരു തുകയേയും ഒടുക്കാവുന്നതല്ല.

൭. ഒരു നിക്ഷേപകനു ചെല്ലേണ്ടതായി ഏതെങ്കിലും കാലത്തു ഉണ്ടായിരിക്കാവുന്ന മൊത്തം നിക്ഷേപത്തുക തന്നാണ്ടത്തേക്കുള്ള പലിശക്കു പുറമെ ൧൨,൦൦൦ രൂപയായിരിക്കുന്നതാകുന്നു.

പണം തിരിച്ചു വാങ്ങിക്കാനുള്ള അധികാരവും തിരിച്ചു വാങ്ങിക്കുന്ന പണത്തിനു അതിരുകളും.

൮. നിക്ഷേപകൻ തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ ഉള്ള ആഴ്ചവട്ടത്തിൽ രണ്ടു പ്രാവശ്യത്തിൽ കൂടുതലായി തന്റെ കണക്കിൽ നിന്നും പണം തിരിച്ചു വാങ്ങിക്കാൻ പാടില്ല. ഒരു മൈനർക്കുവേണ്ടി നിക്ഷേപിച്ചിരിക്കുന്ന പണത്തെ മൈനരുടെ മൈനർ കാലത്തിനിടക്കു മാത്രമെ രക്ഷകനു തിരിയെ വാങ്ങിക്കാവൂ. വിവാഹം ചെയ്തവരൊ ചെയ്യാത്തവരൊ ആയ സ്ത്രീകൾക്കു അവരുടെ സ്വന്ത പേരിൽ അവർ നിക്ഷേപിച്ചിട്ടുള്ള പണങ്ങളെ തിരിയെ വാങ്ങിക്കാവുന്നതാകുന്നു.

൯. നിക്ഷേപകൻ ഒരു രൂപായിൽ കുറഞ്ഞ വല്ല ഒരു തുകയെ ആകട്ടെ തന്റെ നിക്ഷേപകണക്കു അവസാനിപ്പിക്കുന്ന സമയത്തു ഒഴികെ ഒരു രൂപായിൽ കുറഞ്ഞ തുക അടങ്ങിയ വല്ല സംഖ്യയെയാകട്ടെ തിരിയെ വാങ്ങിക്കാവുന്നതല്ലാ.

നിക്ഷേപകണക്കു ആരംഭിക്കേണ്ട വിധം.

൧൦. ഒരു നിക്ഷേപകണക്കു ആരംഭിക്കാൻ ആഗ്രഹിക്കുന്ന ഏതു ആളും തന്റെ പേരും തൊഴിൽ അല്ലെങ്കിൽ വൃത്തിയും അഛന്റെ അല്ലെങ്കിൽ കാരണവന്റെ പേരും തന്റെ ജാതിയും വാസസ്ഥലവും കാണിച്ചു ഏറ്റവും സമീപത്തുള്ള സക്കാർ ഖജനാവിൽ (എ) ഫാറത്തിൽ അപേക്ഷിക്കേണ്ടതാകുന്നു.

അപേക്ഷക്കാരൻതന്നെ നേരിട്ടു ചെന്നു അപേക്ഷിച്ചേതീരു എന്നില്ലാ.

൧൧. പണം നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നയാൾ സേവിംഗ്സ് ബാങ്കുവക ചട്ടങ്ങളെ താൻ വായിക്കയും അംഗീകരിക്കയും ചെയ്തിട്ടുണ്ടു എന്നു ഒരു പ്രതിജ്ഞാപത്രം (ബീ) ഫാറത്തിൽ ഒപ്പിടേണ്ടതാകുന്നു. അയാൾക്കു എഴുതാൻ കഴിവില്ലെങ്കിൽ അയാൾതന്നെ ഹാജരായി പ്രതിജ്ഞാപത്രത്തിൽ തന്റെ ഒരു ഒപ്പോ മുദ്രയോ വെക്കേണ്ടതും അതിൽ ഒരു സാക്ഷി ഒപ്പിട്ടു സാക്ഷ്യപ്പെടുത്തേണ്ടതും ആകുന്നു.

൧൨. പ്രതിജ്ഞാപത്രത്തെ വേണ്ടപോലെ ഒപ്പിട്ട് അതിനെ ആദ്യം ഒടുക്കുന്ന നിക്ഷേപത്തുകയോടുകൂടി ഹാജരാക്കുമ്പോൾ ഒടുക്കിയ പണത്തിന്റെ വിവരം, നിക്ഷേപകന്ന കൊടുക്കുന്നതായ (സി) ഫാറത്തിലുള്ള ഒരു പാസ്ബുക്കിൽ എഴുതുന്നതും അതിൽ എഴുതിയ [illegible] ട്രഷറി ആഫീസർ ഒപ്പിടുന്നതും ട്രഷറി മുദ്രകൊണ്ട് മുദ്ര വെക്കുന്നതും ആകുന്നു.

൧൩. ഖജനാവിൽ വെച്ചുകൊള്ളുന്നതായ (ഡി) ഫാറത്തിൽ ഒരു പുസ്തകത്തിൽ പാസ്ബുക്കിന്റെ വകക്കു ഒരു രസീതു നിക്ഷേപകൻ എഴുതി കൊടുക്കണം. ഈ ഒപ്പിനെ സേവിംഗ്സ് ബാങ്കിലെ മേലിൽ ഉള്ള ഉദ്ദേശത്തിന്നു മാതൃക ഒപ്പായി സൂക്ഷിച്ചു വരുന്നതാകകൊണ്ട് ഈ ഒപ്പുകൾ സൂക്ഷ്മത്തോടുകൂടി എഴുതേണ്ടതാകുന്നു.

അപേക്ഷകൻ തന്നെ നേരിട്ടു ഖജനാവിൽ ഹാജരാകാത്ത പക്ഷം, അയാളുടെ ഒപ്പിനെ (ഐ) നമ്പർ ഫാറത്തിൽ അച്ചടിച്ച സ്ലിപ്പിൽ എഴുതി വാങ്ങിക്കേണ്ടതും ട്രഷറി ആഫീസരുടെ പരിചിതൻ ആയ ഒരു സാക്ഷി ഒപ്പിട്ടിരിക്കേണ്ടതും ആവശ്യം ആണെന്നു ആ ആഫീസർ വിചാരിക്കുന്നപക്ഷം അപ്രകാരം ഉള്ള വിശ്വസ്തനായ സാക്ഷി ആ സ്ലിപ്പിൽ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതും ആകുന്നു.

നിക്ഷേപകന്മാരുടെനിർദ്ദേശം

൧൪. എ. ഒരുനിക്ഷേപകൻ ഏതുസമയത്തും തന്റെ ആഗ്രഹം പോലെ ഒരു നിർദ്ദേശം ചെയ്യാവുന്നതും അതുമൂലം താൻ മരണശാസനം എഴുതാതെയും തന്റെ അവകാശികളോ ആശ്രിതന്മാരോ ഒരു പിന്തുടർച്ചാവകാശസർട്ടിഫിക്കറ്റിനായി ഒരു നീതിന്യായകോടതിയിൽ അപേക്ഷിക്കാതെയും തന്റെ അവകാശികൾക്കോ ആശ്രിതന്മാർക്കോ തനിക്കു ബാങ്കിലുള്ളപണത്തെ കൊടുക്കാവുന്നതും ആകുന്നു.

ബി. എ. ഒരുനിർദ്ദേശം ചെയ്യാൻ ആഗ്രഹിക്കുന്ന (പ്രവൃത്തിക്കാൻ നിയമത്താൽ അപ്രാപ്തനല്ലാത്ത) ഒരു നിക്ഷേപകൻ ഒരു ട്രഷറി ആഫീസരുടെ മുമ്പാകെവച്ച് ഐ- ൨ ഫാറത്തിൽ രേഖാമൂലം അപ്രകാരം ചെയ്യേണ്ടതും നിക്ഷേപകൻ ശരിയായുള്ള ആളുതന്നെ എന്നതും തിട്ടപ്പെടുത്തിയെന്നും തന്റെ മുമ്പാകെ വച്ചുഫാറം ഒപ്പിട്ടുഎന്നും ട്രഷറിആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതും ആകുന്നു. ഫാറത്തിന്റെ മൂന്നുപ്രതിയിൽ നിക്ഷേപകൻ ഒപ്പിടുകയും ട്രഷറിആഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു. ഒരു പ്രതിനിക്ഷേപകന്ന് മടക്കിക്കൊടുക്കുകയും ഒരു പ്രതി അക്കൗണ്ടാഫീസ്സിൽ അയക്കുകയും മറ്റെ പ്രതി ഖജനാവിൽവച്ചുകൊള്ളുകയും ചെയ്യുന്നതാകുന്നു.

ബി. ൨. നിർദ്ദേശരജിസ്റ്ററുകൾ ഖജനാവിലും അക്കൗണ്ടാഫീസിലും ജെ ഫാറത്തിൽവച്ചുകൊള്ളുന്നതും നിർദ്ദേശം ചെയ്തിരിക്കുന്നവിവരം ലഡ്ജറിൽ കുറിച്ചുകൊള്ളുന്നതും ആകുന്നു.

ബി. ൩. പബ്ലിക്ക് ഫണ്ടുകളുടേയൊ മൈനർമാർക്കുള്ള കണക്കുകളുടേയൊ സംഗതിയിൽ നിർദ്ദേശം അനുവദിക്കാവുന്നതല്ല.

സി. ഒരാളേയോ അല്ലെങ്കിൽ ഒന്നിലധികം ആളുകളെ കൂട്ടായിട്ടോ നിർദ്ദേശിക്കാൻ അനുവദിക്കുന്നതാകുന്നു. നിർദ്ദേശിക്കപ്പെട്ട ആളോ കൂട്ടായിനിർദ്ദേശിക്കപ്പെട്ടിട്ടുള്ളവരിൽ ആരെങ്കിലും ഒരാളോ നിക്ഷേപകന്റെ ജീവിതകാലത്തു മരിക്കുന്നതായാൽ നിർദ്ദേശം ഉടൻതന്നെ അസാധുവാകുന്നതാണ്. മരിച്ചുപോയവിവരം ഉടൻതന്നെ ട്രഷറിആഫീസരെ തെര്യപ്പെടുത്തേണ്ടത്

നിക്ഷേപകന്റെ ചുമതല ആയിരിക്കുന്നതും ട്രഷറിആപ്പീസർ നിർദ്ദേശിക്കപ്പെട്ടവരുടെ വകയ്ക്കായുള്ളരജിസ്റ്ററിൽവിവരം രേഖപ്പെടുത്തുകയും അക്കൌണ്ടാഫീസർക്ക് ഒരു റിപ്പോർട്ടയക്കുകയും ചെയ്യുന്നതും ആകുന്നു.

ഡി. നിക്ഷേപനാമന്റെ ദുർബലപ്പെടുത്തുന്നതുവരെ നിർദ്ദേശം ഊർജിതത്തിൽ ഇരിക്കുന്നതാണ് അതിലേക്ക് കെ ഫാറം ഉപയോഗിച്ചുകൊള്ളണം. ഫാറത്തിന്റെ രണ്ടുപ്രതിയിൽ ട്രഷറിആഫീസരുടെ മുമ്പാകെ വച്ച് ഒപ്പിടേണ്ടതും ആ ഉദ്യോഗസ്ഥൻ ൧൩-ബി-൧ ചട്ടത്തിൽ എന്നപോലെ സാക്ഷ്യപ്പെടുത്തേണ്ടതും അതിന്റെ ഒരുപ്രതി ദുർബലപ്പെടുത്തിയവിവരം നിർദ്ദേശിക്കപ്പെട്ടവരുടെ വകയ്ക്കായുള്ള രജിസ്റ്ററിൽ റിമാർക്കുകളിയിലും ചഡ്ഡറിലും എഴുതിയശേഷം നിക്ഷേപകൻ മടക്കിക്കൊടുത്തനിർദ്ദേശ പ്രഖ്യാപനത്തിന്റെ പ്രതിസഹിതം അക്കൌണ്ടാഫീസിലേക്ക് അയക്കേണ്ടതും ആകുന്നു. ട്രഷറിആഫീസരുടെ മുമ്പാകെവച്ച് പ്രഖ്യാപനം ചെയ്തഉടൻതന്നെ ദുർബലപ്പെടുത്തൽ നടപ്പിൽ വരുന്നതാകുന്നു.

ഇ. ഒരുമരണശാസനത്താൽ ഒരു നിർദ്ദേശത്തെ അസ്ഥിരപ്പെടുത്താവുന്നതാണ്. എന്നാൽ നീതിന്യായക്കോടതി മുമ്പാകെതെളിയിക്കപ്പെട്ട മരണശാസനങ്ങളെ മാത്രമേ അക്കൌണ്ടാഫീസർസമ്മതിക്കയുള്ളു.

എഫ്. ഒരുനിക്ഷേപകൻ മരിക്കുന്നതായാൽ നിർദ്ദേശിക്കപ്പെട്ടആളൊ കൂട്ടായിനിർദ്ദേശിക്കപ്പെട്ടവരോ ഉടൻതന്നെ നിർദ്ദേശസർട്ടിഫിക്കററിൽ നിക്ഷേപകന്റെ മരണത്തിയതി കുറിച്ചു അതും പാസ്പുസ്തകവും ട്രഷറിആഫീസർക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു. അവയെ ട്രഷറിആഫീസർ മുറയ്ക്കു അക്കൌണ്ടാഫീസർക്ക് അയക്കേണ്ടതാകുന്നു. നിക്ഷേപകന്റെ മരണം മുതൽ മൂന്നുമാസം കഴിയുകയും നിർദ്ദേശത്തെ അസ്ഥിരപ്പെടുത്തുന്നതായി വല്ല മരണശാസനത്തെ (വല്ലതുമുണ്ടെങ്കിൽ) പ്പററി ആ കാലത്തിനകം അക്കൌണ്ടാഫീസർക്ക് അറിവുകിട്ടാതിരിക്കുകയും ചെയ്താൽ കണക്കവസാനിപ്പിക്കുകയും കാര്യത്തിന്റെ അവസ്ഥപോലെനിർദ്ദേശിക്കപ്പെട്ടവനോ കൂട്ടായി നിർദ്ദേശിക്കപ്പെട്ടവർക്കൊനില്പുള്ളപണം കൊടുക്കുകയും ചെയ്വാൻ അദ്ദേഹം ഉത്തരവിടുന്നതാകുന്നു. അക്കൌണ്ടാഫീസരുടെ ഉത്തരവുകിട്ടിയശേഷം ശരിയായി ആൾബോദ്ധ്യപ്പെടുത്തി പണം വാങ്ങിക്കൊള്ളാൻ സംബന്ധപ്പെട്ട കക്ഷിക്കോ കക്ഷികൾക്കൊ ട്രഷറിആഫീസർ നോട്ടീസ്കൊടുക്കുന്നതായിരിക്കും. നിക്ഷേപകന്റെ മരണകാലത്തും നിർദ്ദേശിക്കപ്പെട്ട ആൾ മൈനരായിരുന്നാൽ ൩൭-ാം ചട്ടത്തിലും അക്കൌണ്ട്കോഡിൽ ൨൭൯-ാം വകുപ്പിലും നിശ്ചയിച്ചിട്ടുള്ള നടപടി അനുവർത്തിക്കേണ്ടതാകുന്നു.

പാസ്ബുക്കു.

൧൮. നിക്ഷേപകന്റെ പാസ്ബുക്കിൽ നിക്ഷേപകന്റെ വക നിക്ഷേപക്കണക്കിന്റെ നമ്പരും ഏതു ട്രഷറിയിൽ നിന്നു ബുക്കു കൊടുക്കപ്പെട്ടുവോ ആ ഖജനാവിന്റെ പേരും നിക്ഷേപകന്റെ പേരും തൊഴിൽ അല്ലെങ്കിൽ വൃത്തിയും മേൽവിലാസവും എഴുതുന്നതാകുന്നു. പാസ്ബുക്കിനെ ഹാജരാക്കാതെ ഒരിക്കലും ഒരു കണക്കിൽ പണം ഒടുക്കുകയാകട്ടെ ഒരു കണക്കിൽ നിന്നു പണം തിരിയെ പററുകയാകട്ടെ ചെയ്തുകൂടാ. പാസ്ബുക്കിൽ വരവുവച്ചിട്ടില്ലാത്ത വല്ല തുകയ്ക്കാകട്ടെ പാസ്ബുക്കിനെ വല്ല ആളും കൈവശത്തിലാക്കി നിക്ഷേപകന്റെ വകയായ വല്ല തുകയേയും വാങ്ങി കൈക്കലാക്കുന്നതു നിമിത്തം നിക്ഷേപകനു ഉണ്ടാകുന്ന വല്ല നഷ്ടത്തിനാകട്ടെ ഖജനാ ഉത്തരവാദിയായിരിക്കുന്നതല്ലാ.

൧൫. ഒരു നിക്ഷേപകനു ആദ്യമായി കൊടുക്കുന്ന പാസ്ബുക്കിനു ആകട്ടെ അദ്യത്തെ ബുക്കിനു തുടർച്ചയായി അയാൾക്കു കൊടുക്കുന്ന വല്ല ബുക്കിനാം ആകട്ടെ വിലവാങ്ങുന്നതല്ലാ. അങ്ങനെ തുടർച്ചയായി പാസ്ബുക്കുകൾ കൊടുക്കുമ്പോൾ ആദ്യത്തെ പാസ്ബുക്കിനെ ഖജനാവിൽ വെച്ചുകൊള്ളുന്നതാകുന്നു. എന്നാൽ ഒരു പാസ്ബുക്കു കളഞ്ഞുപോകയോ ചീത്തയായിപ്പോകയോ ചെയ്യുമ്പോഴൊ ഒരു നിക്ഷേപക്കണക്കു നിറുത്തിയ തിയതി മുതൽ ൬ മാസം കഴിയുന്നതിനു മുമ്പു ആക്കൌണ്ടു ആഫീസരുടെ അനുവാദത്തോടുകൂടി വല്ല നിക്ഷേപക്കണക്കു വീണ്ടും ആരംഭിക്ക ആകട്ടെ ചെയ്യുന്ന പക്ഷം, നിക്ഷേപകൻ പുതിയ ഒരു പുസ്തകത്തിനു അരരൂപാ വിലകൊടുക്കേണ്ടതാകുന്നു.

൧൬. നിക്ഷേപകൻ ഏതു ഖജനാവിൽ തന്റെ നിക്ഷേപക്കണക്കു വെക്കുന്നുവൊ ആ ഖജനാവിൽ തന്റെ ഇഷ്ടംപോലെ എത്ര എങ്കിലും പ്രാവശ്യം പണം ഒടുക്കിക്കൊള്ളുവുന്നതാകുന്നു: എന്നാൽ അക്കപ്പുറട്ടെ ഇത്രയേ ഒടുക്കാൻ പാടുള്ളു എന്നുള്ള കഴപ്പുന്നുകയെ കവിയരുതു. നിക്ഷേപകൻ ചെയ്യേണ്ടുന്നതെല്ലാം, പാസ്ബുക്കിനോടുകൂടി ഒടുക്കാനുള്ള പണത്തുകയെ താൻതന്നെ കൊണ്ടുപോകയൊ അയക്കയൊ ചെയ്കയും തുക പാസ്ബുക്കിൽ ചേർത്തു വരവു വച്ചിട്ടുണ്ടൊ എന്നും ആയാളുടെ പേരിൽ നിൽക്കുന്ന ആകത്തുക എഴുതി ഖജനാ ആഫീസർ ഒപ്പിടുകയും തിയതിമുദ്ര അടിക്കയും ചെയ്തിട്ടുണ്ടൊ എന്നു ബോധ്യപ്പെട്ടുകൊള്ളുകയും മാത്രമേയുള്ളു.

പണം തിരിച്ചുവാങ്ങിക്കുന്ന വിധം.

൧൭. നിക്ഷേപകനു പണം തിരിയെ വാങ്ങിക്കേണ്ടിയിരുന്നാൽ ഏതു ഖജനാവിൽ താൻ പണം നിക്ഷേപിച്ചിരിക്കുന്നുവൊ ആ ഖജനാവിൽ തന്റെ പാസ്ബുക്കിനേയും തിരിയെ വാങ്ങിക്കുന്നതിനുള്ള (ഇ) ലക്കം അപേക്ഷ ഫാറം ആ ഖജനാവിൽ കിട്ടുന്നതാകയാകൊണ്ടു അതിൽ തനിക്കു ചെല്ലാനുള്ള ബാക്കിത്തുക ഇത്ര എന്നും താൻ തിരിയെ എടുക്കാൻ ആഗ്രഹിക്കുന്ന തുക ഇത്ര എന്നും എഴുതി ഒപ്പിട്ട ആ അപേക്ഷാഫാറത്തേയും, ഹാജരാക്കേണ്ടതാകുന്നു. പാസ്ബുക്കിനേയും പണം തിരിയെ വാങ്ങിക്കുന്നതിനുള്ള അപേക്ഷയേയും ഹാജരാക്കുന്നതു ഒരു ഏജൻ്റ് ആണെങ്കിൽ പണം തിരിയെ വാങ്ങിക്കുന്നതിനുള്ള അപേക്ഷാഫാറം നിക്ഷേപകന്റെ കൈവശത്തിൽ നിന്നു പോകുന്നതിനു മുമ്പു അതിൽ ഏജൻ്റിന്റെ പേരും കയ്യൊപ്പും വച്ചിരിക്കേണ്ടതാകുന്നു.

൧൮. നിക്ഷേപകനു എഴുതാൻ കഴിവില്ലെങ്കിൽ അയാൾ തന്നെ ഹാജരായി തന്റെ അപേക്ഷയിൽ തന്റെ ഒപ്പായ അടയാളമൊ മുദ്രയൊ വെക്കേണ്ടതാകുന്നു. നേരിട്ടു ഹാജരാകുന്നതിനു അയാൾക്കു ഒട്ടും നിവൃത്തിയില്ലായിരുന്നാൽ അയാൾ തന്റെ അപേക്ഷയിൽ തന്റെ ഒപ്പായ അടയാളമൊ മുദ്രയൊ വച്ചു മാന്യനായ വല്ല സാക്ഷിയേയും കൊണ്ടു അതിനെ സാക്ഷ്യപ്പെടുത്തിക്കേണ്ടതാകുന്നു. അപ്പോൾ ട്രെഷറി ആഫീസർ നിക്ഷേപകനു ഹാജരാകാൻ കഴിവില്ലാതിരുന്നു എന്നുള്ളതിനേയും അപേക്ഷ വാസ്തവത്തിൽ ഉള്ളതാണെന്നുള്ളതിനേയും പററി തനിക്കു യുക്തം എന്നു തോന്നുന്ന വിധത്തിൽ ഉള്ള അന്വേഷണംകൊണ്ടു സംശയം തീർപ്പിപ്പെട്ടതിൽപിന്നെ അപേക്ഷയെ പാസ്ബുക്കിനോടുകൂടി ഹാജരാക്കുന്ന ആളുടെ കയ്യിൽ പണം കൊടുക്കേണ്ടതാകുന്നു. എഴുതാൻ കഴിവില്ലാത്ത നിക്ഷേപകനൊ എഴുതാൻകഴിവില്ലാത്ത ഒരുത്തനൊ ഒപ്പായ അടയാളമാകട്ടെ മുദ്രയാകട്ടെ പണം തിരിയെ വാങ്ങുന്ന സമയത്തു വെക്കുമ്പോൾ ഒടുക്കിയ ആളുടെയൊ ഒരുത്തന്റെയൊ (സംഗതിയുടെ സ്ഥിതിപോലെ) പരിചിതനും, ട്രെഷറി ആ

ഫീസക്കൊ ഖജനാവിലൊ മററുവല്ല ഉദ്യോഗസ്ഥനൊ അറിയാവുന്നവനും ആയ പണംകൊടുക്കുന്ന ഉദ്യോഗസ്ഥൻ അല്ലാത്ത മാന്യനായ ഒരു സാക്ഷി അതിൽ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാകുന്നു. നിക്ഷേപകനു ചെല്ലേണ്ടതായി അയാളുടെ പാസ്ബുക്കിൽ കാണിച്ചിട്ടുള്ള ബാക്കിതുക മുഴുവനും തിരിയെ വാങ്ങുന്നതിനു നിക്ഷേപകൻ ആഗ്രഹിക്കുന്നതായാൽ അയാൾ തന്റെ നിക്ഷേപക്കണക്കിനെ അവസാനിപ്പിക്കേണ്ടതാകുന്നു.

൧൯. മൈനർക്കുവേണ്ടി ആരംഭിച്ചിരിക്കുന്ന നിക്ഷേപക്കണക്കുകളിൽ നിന്നു പണം തിരിയെ വാങ്ങിക്കുന്ന സംഗതിയിൽ പണം തിരിയെ വാങ്ങിക്കുന്ന അപേക്ഷയിൽ അച്ഛനൊ കാരണവനൊ മററു രക്ഷാകനൊ താഴെ പറയുന്ന സർട്ടിഫിക്കെററ് എഴുതി ഒപ്പിടേണ്ടതാകുന്നു.

"തിരിയെ വാങ്ങിക്കാൻ ഉദ്ദേശിക്കുന്ന സംഖ്യ മൈനരുടെ ഉപയോഗത്തിനു ആവശ്യപ്പെട്ടിരിക്കുന്നു എന്നു ഞാൻ ഇതിനാൽ ഉറപ്പു പറയുന്നു."

൨൦. ഒരു മൈനർക്കുവേണ്ടി ആരംഭിച്ചിട്ടുള്ള ഒരുനിക്ഷേപക്കണക്കിൽ നിന്നു പണം തിരിയെ വാങ്ങിക്കുന്നതിനു അച്ഛനൊ കാരണവനൊ അച്ഛൻ മരിച്ചിരുന്നാൽ അമ്മയൊ അല്ലാത്ത വല്ല ആളും ആഗ്രഹിക്കുകയും ആ മൈനരുടെ രക്ഷകൻ എന്നുള്ള നിലയിൽ അതിലേയ്ക്കു അപ്രകാരം അവകാശപ്പെടുകയും ചെയ്യുന്ന പക്ഷം അയാളോടു താഴെ പറയുന്ന ചോദ്യങ്ങളും ആവശ്യമെന്നുതോന്നുന്നവയായ മററു ചോദ്യങ്ങളും ചോദിച്ചു ഉത്തരം പറയുന്നതിൽ ആവശ്യപ്പെടുന്നതും ആ അക്കൌണ്ട് ആഫീസരുടെ ഉത്തരവിന്മേൽമാത്രംപണം തിരിയെ വാങ്ങിക്കുന്നതിനു അയാളെ അനുവദിക്കുന്നതും ആകുന്നു.

(എ) മൈനരുമായിട്ടുള്ള ചാർച്ച എന്തു്?

(ബി) മൈനരുടെ അച്ഛനൊ അമ്മയൊ കാരണവനൊ മരിച്ചുപോയൊ? അല്ലെങ്കിൽ അച്ഛനമ്മമാർ ആകട്ടെ കാരണവൻ ആകട്ടെ മരിച്ചുപോയൊ? മൈനർക്കു അടുത്ത ഏതു ചാർച്ചക്കാരൻ ജീവിച്ചിരിപ്പുണ്ടു്?

(സി) മരണശാസനത്താലൊ മരുശാസനത്താലൊ തിരുവിതാംകോട്ടു നടപ്പുള്ള വല്ല റെഗുലേഷൻ അനുസരിച്ചൊ നിങ്ങൾ മൈനരുടെ രക്ഷകനായി നയമിക്കപ്പെട്ടിട്ടുണ്ടൊ?

കുറിപ്പു.—ഈ ചോദ്യത്തിനു ഉത്തരം 'അതെ' എന്നാണെങ്കിൽ അപേക്ഷിക്കുന്ന ആൾ 'തന്റെ' അവകാശത്തെ സ്ഥാപിക്കുന്നതിനു ആധാരഭൂതമായ കാരണങ്ങളെ ഹാജരാക്കണം.

(ഡി) അയാൾ നിങ്ങളോടുകൂടി താമസിക്കുന്നുവൊ? അയാൾ നിങ്ങളുടെ രക്ഷയിൽ ഇരിക്കുന്നുവൊ?

൨൧. തിരിയെ വാങ്ങിക്കാൻ പോകുന്ന തുക ഇത്രയെന്നു പാസ്ബുക്കിൽ എഴുതി പണം മുടക്കുന്നതിൽ എന്നപോലെ ആ പേരിൽ നീക്കിയിരിപ്പുള്ള തുകയും അതിൽ എഴുതി ട്രെഷറി ആഫീസരുടെ ഒപ്പും ആഫീസിലെ തീയതിമുദ്രയും വയ്ക്കേണ്ടതാകുന്നു. പിന്നീടു തുകയെ നിക്ഷേപകനൊ പാസ്ബുക്കും അപേക്ഷയും ഹാജരാക്കുന്ന ആൾക്കൊ കൊടുക്കുന്നതും എല്ലാ സംഗതികളിലും പണം കൊടുക്കുന്നതിനായി എഴുതിയിട്ടുള്ള സ്ഥലത്തു സ്റ്റാമ്പുകൂടാതെ അയാളുടെ രസീതു എഴുതിവാങ്ങേണ്ടതും ആകുന്നു.

പലിശ.

൨൨. ഇനി ഒരു അറിയിപ്പു കൊടുക്കുന്നതുവരെ പലിശമാസം ഒന്നുക്കു ൩ രൂപായ്ക്കു ൰ ചക്രംവീതം, അതായതു ആണ്ടേൽ നൂററിനു നഷ്ടിയിൽ സ്വല്പം കൂടുതൽവീതം, അനുവദിക്കുന്നതാകുന്നു. എന്നാൽ ൩ രൂപായുടെ വല്ലഗുണനസംഖ്യയിലും കവിഞ്ഞ ഒരു തുകയ്ക്കോ ൧൦,൦൦൦ രൂപായിൽ കവിഞ്ഞ തുകയ്ക്കോ പലിശ അനുവദിക്കുന്നതല്ല.

ഓരോ മാസത്തേയ്ക്കും ഈ പലിശ അനുവദിക്കുന്നതു ആ മാസത്തിന്റെ ൪-ാംനു-യുടെ അവസാനത്തിനും ആ മാസാവസാനത്തിനും നടക്കുന്ന കാലത്തിൽ ആ കണക്കിൽനിക്ഷേപിക്ക ചെല്ലേണ്ടതായി കാണുന്ന തുകകളിൽ ഏറ്റവും കുറഞ്ഞതായ തുകയിന്മേൽ ഉള്ള പലിശയായിരിക്കുന്നതാകുന്നു.

കുറിപ്പു:—ഒരു മാസം ൪-ാംനു-കഴിഞ്ഞതിൽപിന്നിട്ട ആരംഭിക്കുന്ന കണക്കിനു ആ മാസത്തിൽ പലിശ അനുവദിക്കുന്നതല്ല.

൨൩. ഒരു നിക്ഷേപക്കണക്ക അവസാനിപ്പിക്കുന്നതിനായി ഉത്തരവു കൊടുക്കപ്പെട്ടപ്പോൾ ഏതു മാസത്തിൽ ഉത്തരവു കൊടുക്കപ്പെടുന്നുവോ ആ മാസത്തിലെ ൧-ാംനു-മുതൽ പലിശ നിന്നുപോകും.

൨൪. നിക്ഷേപകൻ മരിച്ചുപോയാൽ അയാളുടെ നിക്ഷേപക്കണക്കിൽ ബാക്കിയുള്ള തുക വാങ്ങുന്നതിനു അവകാശം ഉള്ള ആളായി ഗവർമ്മെണ്ട് സമ്മതിക്കുന്ന ആൾക്കൊ ആളുകൾക്കൊ ഏതുമാസത്തിൽ നോട്ടീസ് അയക്കുന്നുവോ ആ മാസത്തിലെ ൧-ാംനു-മുതൽ അതിലേയ്ക്കുള്ള പലിശ നിന്നുപോകും.

കുറിപ്പു.—വല്ല നിക്ഷേപകന്റെയും മരണത്തെക്കുറിച്ചു മരിച്ചയാളുടെ നിയമപ്രകാരമുള്ള അവകാശിയുടെയൊ അവകാശികളുടെയൊ പേരോടുകൂടി അവരുടെ മേൽവിലാസസഹിതം ട്രെഷറിആഫീസർ അക്കൗണ്ടാഫീസിലേയ്ക്കു എഴുതിഅയക്കേണ്ടതാകുന്നു. അതിന്മേൽ ആവശ്യമുള്ള നോട്ടീസ് അക്കൗണ്ടാഫീസിൽനിന്നു അയയ്ക്കേണ്ടതാകുന്നു.

കുറിപ്പു(൨):നിക്ഷേപകന്മാരുടേയൊ അവകാശികളുടേയൊ ശരിയായ മേൽവിലാസം അറിയാൻ പാടില്ലാതിരിക്കുകയൊ അതിന്മേൽനോട്ടീസു നടത്താൻ ന്യായമായ വിധത്തിൽ സാധ്യമല്ലാതിരിക്കുകയൊ ചെയ്യുന്ന സംഗതികളിൽ ആ നോട്ടീസു ഒരു പരസ്യമായി സർക്കാർഗസററിൽ തുടർച്ചയായി മൂന്നു ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതായാൽ മേൽചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം നോട്ടീസു വേണ്ടവിധം നടത്തിയതായി വിചാരിക്കേണ്ടതാകുന്നു.

൨൫. മേല്പറഞ്ഞപ്രകാരം ഏറ്റവും കുറഞ്ഞതായി കാണുന്ന നീക്കിയിരിപ്പുതുകയ്ക്കു ഓരോമാസത്തേയ്ക്കും കണക്കുകൂട്ടുന്ന പലിശയെ ഓരോ ആണ്ടിലും ഓരോ നിക്ഷേപക്കണക്കിന്റെയും നീക്കിയിരിപ്പു തുകയോടു ചേർക്കുന്നതാകുന്നു.

൨൬. നിക്ഷേപകന്മാർ ആണ്ടവസാനത്തിനു പിന്നെ കഴിയുന്ന വേഗത്തിൽ തങ്ങളുടെ പാസ്ബുക്കുകളിൽ ആവശ്യമുള്ള വിവരങ്ങൾ ചേർക്കുന്നതിലേയ്ക്കായി അവയെ ഹാജരാക്കേണ്ടതും പാസ്ബുക്ക ഉടൻതന്നെ മടക്കിക്കിട്ടിയില്ലെങ്കിൽ കൊടുത്തവയ്ക്കു ഒരു രസീതു (എഫ്) ഫാറത്തിൽ വാങ്ങിക്കൊള്ളേണ്ടതുമാകുന്നു.

൨൭. കർക്കടകമാസം കഴിഞ്ഞതിൽപിന്നെ മൂന്നാംമാസം പലിശകൂടി എഴുതിയതിന്മേലല്ലാതെ, പാസ്ബുക്കിൽ നീക്കിയിരിപ്പുതുക എഴുതുന്നതല്ല.

നിക്ഷേപക്കണക്കുകൾ സ്ഥലംമാററി കൊടുക്കുന്നതു.

൨൮. ഒരു നിക്ഷേപക്കണക്കിനെ ഒരു സർക്കാർ ഖജനാവിൽ നിന്നു മററൊരു ഖജനാവിലേയ്ക്കു മാററണം എങ്കിൽ അങ്ങനെ മാററുന്നതിനു മുമ്പത്തെ മാസത്തിനു മുമ്പുതന്നെ ആ കണക്കു ഉണ്ടായിരുന്നാൽ ചെലവുകൂടാതെ തന്നെ നിക്ഷേപകനു അങ്ങനെ മാററിക്കാം. നിക്ഷേപകൻ തന്റെ നിക്ഷേപക്കണക്കിനെ ഇങ്ങനെ മാററിക്കാൻ ആഗ്രഹിക്കുന്നപക്ഷം, അയാൾ തന്നെ പാസ്ബുക്കിനെ ഖജനാവിലേയ്ക്കു പോസ്റ്റാഫീസുവഴിയായൊ അല്ലെങ്കിൽ അയക്കയൊ ചെയ്യേണ്ടതും രണ്ടു സംഗതിയിലും അങ്ങിനെ മാററിക്കുന്നതിലേയ്ക്കു (ജി) ഫാറത്തിൽ അപേക്ഷിക്കേണ്ടതും ആകുന്നു. പാസ്ബുക്കിനെ നിക്ഷേപകനു തന്നെ മടക്കി കൊടുക്കുന്നതും അതിനെ അയാൾ ഏതു ഖജനാവിലേയ്ക്കു അയാളുടെ നിക്ഷേപക്കണക്കിനെ മാററുന്നുവൊ ആ പുതിയ ഖജനാവിൽ കഴിയുന്ന വേഗത്തിൽ ഹാജരാക്കേണ്ടതും ആകുന്നു.

൨൯. നിക്ഷേപക്കണക്കുകളെ കർക്കടകമാസത്തിൽ ഒരു ഖജനാവിൽ നിന്നു മററൊരു ഖജനാവിലേക്കു മാററിക്കൂടാ. കണക്കു അവസാനിപ്പിക്കുന്നതിലേയ്ക്കു ഉത്തരവു കൊടുത്തിട്ടുള്ള നിക്ഷേപക്കണക്കുകളേയും മാററിക്കൂടാ.

കുറിപ്പ്—ഒരു നിക്ഷേപകന്റെ മരണത്തിനുശേഷം യാതൊരു കണക്കും മാററിക്കൂടുന്നതല്ല.

നിക്ഷേപക്കണക്കു അവസാനിപ്പിക്കൽ.

൩൦. നിക്ഷേപകൻ തന്റെ നിക്ഷേപക്കണക്കിനെ അവസാനിപ്പിക്കാൻ ആഗ്രഹിക്കുമ്പോൾ അയാൾ തന്റെ പാസ്ബുക്കിനെ പണം തിരിയെ കിട്ടുന്നതിനുള്ള അപേക്ഷ ഫാറത്തോടുകൂടി ഹാജരാക്കേണ്ടതാകുന്നു. ഹാജരാക്കുന്ന തീയതിക്കു മുമ്പുള്ള കലണ്ടർമാസത്തിന്റെ അവസാനം വരെ അയാളുടെ കണക്കിൽ ചെല്ലുവാനുള്ള പലിശ പാസ്ബുക്കിൽ ചേർക്കുന്നതും അവസാനത്തെ നീക്കിയിരിപ്പു തുക എന്താണെന്നു അക്കൌണ്ടു ആഫീസിൽ കണക്കുകൂട്ടി എഴുതുന്നതും ആകുന്നു. പിന്നീടു പണത്തെ നിക്ഷേപകനു കൊടുക്കുന്നതും അതിലേക്കു പാസ്ബുക്കിൽ അയാളുടെ രസീതു വാങ്ങി ആ പാസ്ബുക്കിനെ അക്കൌണ്ടു ആഫീസിലേക്കു ഖജനാവിൽ നിന്നു അയക്കുന്നതും ആകുന്നു.

൩൧. തിരിയെ പണം വാങ്ങിട്ടുള്ള ഒരു ആഴ്ചവട്ടത്തിൽ തന്നെ നിക്ഷേപക്കണക്കിനെ അവസാനിപ്പിയാവുന്നതാകുന്നു.

൩൨. ഈ ചട്ടങ്ങൾ അനുസരിച്ചു ഒരു നിക്ഷേപക്കണക്കിനെ അവസാനിപ്പിക്കുന്നതിനു ഉത്തരവു കൊടുത്തിട്ടുണ്ടെങ്കിൽ നിക്ഷേപകനോടു അയാളുടെ പാസ്ബുക്കിനെ ഹാജരാക്കുന്നതിനു ആവശ്യപ്പെടുന്നതായി ഒരു നോട്ടീസ് എഴുതി അയാൾക്കു അയക്കുന്നതാകുന്നു. അങ്ങിനെ നോട്ടീസ് അയച്ച തീയതി കഴിഞ്ഞതിൽ പിന്നെ ആ കണക്കിൽ പിന്നീടും പണം ഒടുക്കിയാൽ സ്വീകരിക്കുന്നതല്ല, ആ തീയതിക്കു മുമ്പിലത്തെ കലണ്ടർ മാസാവസാനം കഴിഞ്ഞതിൽ പിന്നെ നീക്കിയിരിപ്പുള്ള തുകക്കു പലിശ അനുവദിക്കുന്നതും അല്ല.

൩൩. ഒരു മൈനരുടെ പേർക്കു ആരംഭിക്കപ്പെട്ട ഒരു നിക്ഷേപക്കണക്കു അയാൾക്കു ൧൮ വയസ്സു തികയുമ്പോൾ അവസാനിക്കപ്പെടാതെ കിടക്കുന്നപക്ഷം ആ വയസ്സു തികയുമ്പോൾ അയാൾ അതിനെ അവസാനിപ്പിക്കേണ്ടതാകുന്നു, ൧൮ വയസ്സായതിൽ പിന്നിട്ടും ഒരു മൈനർ നിയമത്താൽ ആകട്ടെ ഒരു നീതിന്യായക്കോട്ടിലെ ഉത്തരവിനാൽ ആകട്ടെ ഒരു മൈനരായിത്തന്നെ ഇരിക്കുന്നപ

ക്കും ജൈനക്ക് ൧൮ വയസ്സാകുമ്പോൾതന്നെ അയാളുടെ രക്ഷകൻ ആ കണക്കിനെ അവസാനിപ്പിക്കേണ്ടതാകുന്നു. ജൈനക്ക് ഏതുമാസത്തിൽ ൧൮ വയസ്സ് ആകുന്നുവോ ആ മാസം കഴിഞ്ഞതിൽപിന്നെ ഉള്ളമാസത്തിലെ ഒന്നാംതീയതിക്ക്, ആ ജൈനക്കുവേണ്ടി ആരംഭിക്കപ്പെട്ടിരുന്ന കണക്കിന്മേൽ ഉള്ള പലിശ നിന്നുപോകും.

നിക്ഷേപകണക്കുവീണ്ടും ആരംഭിക്കൽ.

൩൪. ഒരിക്കൽ ഒരു നിക്ഷേപകണക്കു അവസാനിപ്പിച്ചിട്ടുള്ള ഒരു നിക്ഷേപകന് അങ്ങനെ അവസാനിപ്പിച്ച തീയതിമുതൽ ഒരു മാസം അവസാനിച്ചതിൽ പിന്നീടു അല്ലാതെ മററൊരു നിക്ഷേപകണക്കു ആരംഭിച്ചുകൂടാ. ആയതിനാൽ നിക്ഷേപകണക്കു ഉത്തരവിൻപ്രകാരം അവസാനിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ കണക്കിനെ അവസാനിപ്പിക്കാൻ ഉത്തരവു കൊടുത്ത അധികാരസ്ഥന്റെ അനുവാദം ഇല്ലാതെ യാതൊരു സംഗതിയിലും ഒരു പുതിയ നിക്ഷേപകണക്കു ആരംഭിച്ചുകൂടാ.

കാലഹരണംവന്ന നിക്ഷേപകണക്കുകൾ.

൩൫. താഴെവിവരിക്കുന്ന കാലങ്ങൾക്കു യാതൊരു കൊടുക്കൽ വാങ്ങലും നടത്തീട്ടില്ലാത്ത നിക്ഷേപകണക്കുകളെ കാലഹരണം വന്ന നിക്ഷേപകണക്കുകൾ ആയി ഗണിക്കുന്നതാകുന്നു. അങ്ങിനെയുള്ള നിക്ഷേപകണക്കുകളുടെ കാര്യത്തിൽ അക്കൌണ്ടാഫീസിലെ ഉത്തരവു മുഖേന്‍കൂട്ടി വാങ്ങാതെ പണം ഒടുക്കുകയോ തിരിയെ വാങ്ങിക്കുകയോ ചെയ്യുന്നതിനു അനുവദിക്കുന്നതല്ലാ.

നിക്ഷേപകണക്കിലെ നീക്കിയിരിപ്പുതുക പത്തുരൂപായിൽ കവിയാതിരിക്കുമ്പോൾ			൨ പൂർണ്ണസംവത്സരങ്ങൾക്കു യാതൊരു കൊടുക്കൽ വാങ്ങലും ചെയ്തിട്ടില്ലെങ്കിൽ
൧൦ രൂപായിൽ കവിയുകയും എന്നാൽ ൧൦൦ രൂപായിൽ കവിയാതിരിക്കുമ്പോൾ	൩	൪	൫
൧൦൦ രൂപായിൽ കവിഞ്ഞിരിക്കുമ്പോൾ	൬	ടി	ടി

കുറിപ്പ്—൧. ഈ ചട്ടത്തിൽ കൊടുക്കൽ വാങ്ങൽ എന്നതിനു പണം നിക്ഷേപിക്കയോ തിരിയെ വാങ്ങിക്കയോ ചെയ്യുന്നതു മാത്രം അല്ലാ പലിശചേർത്തു എഴുതുന്നതിനു പാസ് ബുക്കിനെ ഹാജരാക്കുന്നതു കൂടി അർത്ഥം ആകുന്നു.

൨. ഒരു കാലഹരണം വന്ന നിക്ഷേപകണക്കു ഗവർമ്മെണ്ടിലേക്കു ചേരുന്നില്ല. എന്നാൽ നിക്ഷേപകന്റെ അപേക്ഷയിന്മേൽ അതിനെ ഏതു കാലത്തിൽ എങ്കിലും വീണ്ടും ആരംഭിക്കാവുന്നതും അങ്ങിനെ പുനർജ്ജീവിക്കുമ്പോൾ എത്ര പലിശ കൂടിട്ടുണ്ടോ അതിനെ മുതലിനോടുകൂട്ടിച്ചേർക്കുന്നതും ആകുന്നു.

പിൻതുടർച്ചയവകാശവും രക്ഷകർത്തൃത്വവും.

(൩൬) അഞ്ഞൂറു രൂപായിൽ കവിയാത്തതുക സേവിംഗ്സ് ബാങ്കിൽ ബാക്കിയുള്ള ഒരു നിക്ഷേപകൻ മരിച്ചുപോയാൽ അവകാശികളുടെ അവകാശങ്ങളെയും മററും പററി തനിക്കു മതിയെന്നു തോന്നാവുന്നിടത്തോളം വിചാരണനടത്തിയശേഷം ശരിയായി നിയമാനുസൃതമായ പ്രമാണം ഹാജരാക്കാതെ മരിച്ചുപോയ ആളിന്റെ അവകാശികൾക്കു മേൽപറഞ്ഞ ബാക്കിതുക കൊടുക്കാൻ അക്കൌണ്ടാഫീസർ ഉത്തരവു കൊടുക്കാവുന്നതാകുന്നു. തുക ൨൦൦ രൂപായിൽ കവിഞ്ഞി

ത്തനാൽ അവകാശികളുടെ അവകാശത്തേയും മററും പററി ഗവൺമെൻറിനു ബോധ്യംവരികയും നിയമാനുസൃതമായ പ്രമാണം ഹാജരാക്കണമെന്ന് നിർബന്ധിച്ചാൽ അസാധാരണമായ താമസത്തിനും കഷ്ടതയ്ക്കും ഇടവരുന്നതാണെന്ന് ഗവൺമെൻറു വിചാരിക്കയും ചെയ്യുന്നപക്ഷം ഗവൺമെൻറ ആവശ്യപ്പെട്ടാവുന്ന ജാമ്യക്കാരോട് കൂടി ഒരു നഷ്ടോത്തരവാദക്കച്ചീട്ട എഴുതിവച്ചാൽ, ഗവൺമെൻറിൻെറ ഉത്തരവിന്മേൽ അതുപോലെ കൊടുക്കാവുന്നതാകുന്നു.

സംശയമുള്ള ഏതെങ്കിലും സംഗതിയിൽ നിയമാനുസൃതമായ പ്രമാണം ഹാജരാക്കിയാൽ മാത്രമെ പണം കൊടുക്കാൻ പാടുള്ളു.

൩൭. നിക്ഷേപകനു ഭ്രാന്തുപിടിക്കയൊ മററുവിധത്തിൽ അയാറം തൻെറ കാര്യം ഭരിക്കുന്നതിനു അശക്തൻ ആയിതീരുകയൊ ചെയ്കയും, അങ്ങനെ ഭ്രാന്തൊ അശക്തതയൊ ഉണ്ടെന്നു അക്കൌണ്ട് ആഫീസർക്കു ബോദ്ധ്യമാകുംവണ്ണം തെളിയിക്കപ്പെടുകയും ചെയ്താൽ ആ ആഫീസർ അയാളുടെ കണക്കുനിക്ഷേപത്തുകകളിൽ നിന്നു പണം യുക്തൻ ആയ ഏതു ആറംക്കും കൊടുക്കാവുന്നതാകുന്നു. നിക്ഷേപകൻെറ സ്വത്തിനെ ഭരിക്കുന്നതിനു ഒരു കമ്മററി ആക്കട്ടെ മാനേജർ ആക്കട്ടെ ക്രമപ്രകാരം നിയമിക്കപ്പെടുന്നപക്ഷം, ആ കമ്മററിക്കൊ മാനേജർക്കൊ അല്ലാതെ മററുവല്ല ആറംക്കു പണം കൊടുക്കുന്നതിനു ഈ വകുപ്പിൽ ഉള്ള യാതൊന്നും അധികാരപ്പെടുത്തുന്നില്ല.

൩൮. ഒരു മൈനർക്കുവേണ്ടി ആരംഭിച്ചിട്ടുള്ള നിക്ഷേപക്കണക്കിൽ നിന്നു ആ മൈനരുടെ രക്ഷകൻ എന്നുള്ള നിലയിൽ പണം തിരിയെവാങ്ങിക്കുന്നതിനു അഛനൊ അമ്മയൊ കാരണവനൊ അല്ലാത്ത വല്ല ആളും അവകാശപ്പെടുന്നതായാൽ, മൈനരുടെ ഉപയോഗത്തിനായി താഴെ പറയുന്ന വ്യവസ്ഥകറംക്കുപ്പെട്ടു, പണം തിരിയെ വാങ്ങിക്കുന്നതിനു അപേക്ഷകനെ അക്കൌണ്ടാഫീസർ അധികാരപ്പെടുത്താവുന്നതാകുന്നു.—

(എ) അപേക്ഷകൻ നിയമപ്രകാരം രക്ഷകൻ ആണെന്നു അവകാശപ്പെടുമ്പോറം, ആ അവകാശത്തിനു തെളിവു ഹാജരാക്കിയാൽ,

(ബി) അപേക്ഷകൻ മരണശാസനത്താലൊ മററു ശാസനത്താലൊ നിയമിക്കപ്പെട്ട രക്ഷകൻ ആണെന്നു അവകാശപ്പെടുമ്പോറം ആ അവകാശത്തെ സ്ഥാപിക്കുന്ന കാരണങ്ങളെ ഹാജരാക്കിയാൽ,

(സി) മററു സംഗതികളിൽ പണം വാങ്ങിക്കുന്നതിനു അപേക്ഷിക്കുന്ന ആളെക്കൊണ്ടു മരിച്ചവൻെറ സ്വത്തുവക കാര്യം നടത്താനുള്ള സർട്ടിഫിക്കെററ് ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതാകുന്നു.

പബ്ലിക് കണക്കുകറം.

൩൯. "പബ്ലിക് കണക്കുകറം" ആരംഭിക്കുന്നതിനേയും ആ കണക്കുകളിലുള്ള കൊടുക്കൽവാങ്ങലുകളേയും താഴെ എഴുതിയിരിക്കുന്ന ചട്ടങ്ങറം അനുസരിച്ചു നടത്തേണ്ടതാകുന്നു.

(എ) വല്ല ഡിസ്പെൻസറിയുടെയൊ ദേവസ്വത്തിൻെറയൊ മററു മതസ്ഥാപനത്തിൻെറയൊ പള്ളിക്കൂടത്തിൻേറയൊ ആർഫനേജിൻേറയൊ (അനാഥശാല) അതൈസലത്തിൻേറയൊ ലൈബ്രറിയുടേയൊ വക മുതലുകളുടെ ആകട്ടെ ഓഹരി കൊടുക്കുന്നവരുടെ തനിപ്പടിയുള്ള ധനം മാത്രം അല്ലാത്ത കാര്യങ്ങറംക്കായി ഓഹരി കൊടുത്തു ചേർക്കപ്പെട്ട മററുവല്ല മുതലുകളുടേയൊ ആകട്ടെ സിക്രട്ടറിമാരൊ ട്രെഷറർമാരൊ മാനേജർമാരൊ കണക്കുകറം ആരംഭിക്കാവുന്നതാകുന്നു. കുതിരപ്പന്തായം, പന്തുകളി, ബില്ലയാഡ്, മെസ്സ് മുതലായി കേ

വലം ചില ആളുകളുടെ മാത്രമായോ അവക്ക സ്വന്തമായോ ഉള്ള ഉദ്യോഗങ്ങളോടുകൂടിയ ഫണ്ടുകളുടെ വകക്ക കണക്കുകൾ ആരംഭിക്കുന്നതിന അനുവദിക്കാൻ പാടില്ലാ.

(ബി) മുൻസിപ്പാലിറ്റികളിലെ അധ്യക്ഷന്മാർ ... പരസ്പരസഹായസംഘം ... സംഘങ്ങളുടെ സെക്രട്ടറിമാർ, ട്രഷറർമാർ അധ്യക്ഷന്മാർ, ... ലേഷനിലെ ൪൨-ാം വകുപ്പിലെ വ്യവസ്ഥകൾപ്രകാരം ... യി നിയമിക്കപ്പെട്ടിട്ടുള്ള പരസ്പരസഹായസംഘം ... കണക്കുകൾ ആരംഭിക്കാൻ അനുവദിക്കാവുന്നതാകുന്നു.

(സി) ഗ്രഹങ്ങളിൽ നേരിടുന്ന ആപത്തുകൾക്ക നിവാരണമായി ... ഭോഗമായി പരസ്പരം വരികൊടുത്തു രൂപീകരിക്കപ്പെട്ടിട്ടുള്ള ... ഫണ്ടുകളുടെ സെക്രട്ടറിമാരും മാനേജർമാരും കണക്കുകൾ ... അനുവദിക്കാവുന്നതാകുന്നു.

(ഡി) തങ്ങളുടെ കീഴ്ജീവനക്കാരിൽ നിന്ന ഡിപ്പാർട്ടുമെൻറൽ ... ങ്ങൾക്കായി മനസ്സാലെയോ ഡിപ്പാർട്ടുമെണ്ട മുഖേനയോ, ... ളെ ശേഖരിക്കുന്ന റയിൽവെ കമ്പനികൾ, സ്റ്റീമർ കമ്പനികൾ, ... ർ സ്ഥാപനങ്ങളിലേയോ പൊതു സ്ഥാപനങ്ങളിലേയോ ഉദ്യോഗസ്ഥന്മാർ കണക്കുകൾ ആരംഭിക്കുന്നതിന അനുവദിക്കാവുന്നതാകുന്നു.

൪൦. മേൽ വിവരിച്ച വിധത്തിലുള്ള പബ്ളിക് അക്കൌണ്ടുകളെ ഡിസ്പെൻസറി ഫണ്ട്, പട്ടാളം വക ഉടുപ്പുവകയ്ക്കുള്ള ഫണ്ട്, ... പാഠശാലയിൽ മാക്കിന പണം കൊടുക്കുന്നതിനുള്ള ഫണ്ട്, എന്നിങ്ങനെ ഏതു കാര്യങ്ങൾക്കായി പണത്തെ ഉപയോഗപ്പെടുത്തുന്നുവോ ആ കാര്യങ്ങളെ വ്യക്തമായി കാണിക്കുന്നതായ പേരുകൾ കൊടുത്തു കണക്ക ആരംഭിക്കേണ്ടതാകുന്നു.

൪൧. ഫണ്ടിൻെറ ഉദ്ദേശത്തേയും അതിന്റെ ആദായത്തിനുള്ള ഉൽപത്തിയേയും സംബന്ധിച്ച വിവരങ്ങൾ രേഖാമൂലം കൊടുക്കേണ്ടതാകുന്നു.

൪൨. ഓരോ പുതിയ പബ്ലിക് അക്കൌണ്ടും ആരംഭിക്കും മുമ്പെ ... ലേക്ക അക്കൌണ്ട് ആഫീസർ അധികാരം കൊടുത്തിരിക്കേണ്ടതാകുന്നു.

൪൩. ആരംഭിച്ച ഒരു കണക്കിൻെറ ഉദ്ദേശം ചട്ടപ്രകാരം അപ്രകാരം ഒരു കണക്ക ആരംഭിക്കാൻ പാടില്ലാത്തതായിരുന്നാൽ ആ പബ്ലിക് കണക്കിനെ നിറുത്തിക്കളയണം എന്ന ആജ്ഞാപിക്കാൻ അക്കൌണ്ട് ആഫീസർക്ക അധികാരം കൊടുത്തിരിക്കുന്നു.

൪൪. ഒരു ഗവർണ്മെണ്ട് ഉദ്യോഗസ്ഥൻ ആ ഉദ്യോഗസ്ഥൻെറ നിലയിൽ ധരിച്ചിരിക്കുന്ന ഒരു പബ്ലിക് അക്കൌണ്ട് അല്ലാതെ ഒരു പബ്ലിക് അക്കൌണ്ടിൻെറ ധാരകൻ മാറിവരുന്ന എല്ലാ സംഗതിയിലും പുതുതായി ഒരു പ്രതിജ്ഞാപത്രം എല്ലാ വിവരങ്ങളോടുംകൂടി എഴുതേണ്ടതാകുന്നു. (൧൧-ാം വകുപ്പ് നോക്കുക).

൪൫. ൪-ാംവകുപ്പിൽ വിധിച്ചിരിക്കുന്ന അതിർത്തികൾ ഒന്നിലധികം സോപാധ്യോഗാംഗമായ കണക്കൊ പബ്ലിക് കണക്കൊ ആരംഭിക്കുന്നതിൽ നിന്ന യാതൊരു ആളേയും തടുക്കുന്നതായി ഉദ്ദേശിക്കപ്പെട്ടിട്ടില്ലാ.

൪൬. പബ്ലിക് കണക്കുകൾ രണ്ടോ അധികമോ ആളുകളുടെ പേരിൽ കൂട്ടായി ചേർത്തിരിക്കാവുന്നതും ആകുന്നു.

൪൭. നിക്ഷേപങ്ങൾക്കും (൭-ാം ചട്ടം) അതുപോലെതന്നെ പലിശ കണക്കു കൂട്ടുന്നതിനും (൨൨-ാം ചട്ടം) ഉള്ള ൧൦,൦൦൦ രൂപ എന്ന പരമാവധിതുക പബ്ലിക് അക്കൌണ്ടുകൾ ആയനിക്ഷേപങ്ങൾക്ക സംബന്ധിക്കുന്നതല്ലാ. എന്നാൽ യാതൊരു പബ്ലിക് അക്കൌണ്ടു വകയായും അതിലേക്ക ചെല്ലേണ്ടതായ തന്നാണ്ടത്തെ പലിശക്കുപുറമെ, ൨൦,൦൦൦ രൂപയിൽ കൂടുതലായ തുക യാതൊരു കാലത്തും ഉണ്ടായിരിക്കാവുന്നതല്ല. ൨൦,൦൦൦ രൂപയിൽ കവിഞ്ഞു യാതൊരു തുകയും പലിശക്കുട്ടുന്നതും അല്ല.

൪൭. എ. നിക്ഷേപിക്കയും തിരിയെ വാങ്ങിക്കയും ചെയ്യുന്ന തുകകളെ സംബന്ധിച്ച ൩൭-ം ൩൮-ം വകുപ്പുകളിൽ വിവരിച്ചിട്ടുള്ള നിയന്ത്രണങ്ങൾ പബ്ലിക് കണക്കുകൾക്ക സംബന്ധിക്കുന്നതല്ല.

൪൮. ഓരോ നിക്ഷേപകനും ഒപ്പിടേണ്ടതായി ൧൧-ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന പ്രതിജ്ഞാപത്രത്തിന്റെ ഫാറത്തിൽ "മറവല്ല സക്കാർസേവിംഗ്സ് ബാങ്കിലും എന്റെ പേരിൽ (അല്ലെങ്കിൽ മൈനരുടെ പേരിൽ) യാതൊരു നിക്ഷേപക്കണക്കും ഇല്ലാ എന്നും" എന്നുള്ള വാക്കുകളെ മുഴുവനും, ഒരു പബ്ലിക് അക്കൌണ്ടിന്റെ കാര്യത്തിൽ, വെട്ടിക്കളയേണ്ടതാകുന്നു.

൪൯. (൧) ഗവർണ്മെണ്ട്‌വക മുതലായുള്ളതോ.

(൨) ഗവർണ്മെണ്ടിലേക്ക മുതൽ വയ്ക്കാനായി സ്വീകരിച്ചിട്ടുള്ളതോ.

(൩) ഗവർണ്മെണ്ട്‌വകക്കായി ചിലവുചെയ്യുന്ന വകയ്ക്കു ഖജനാവിൽ നിന്നു വാങ്ങിച്ചിട്ടുള്ളതോ,

(൪) പണം ഗവർമ്മെന്റുവക മുതലായിരുന്നാൽ വല്ല നിയമവും അനുസരിച്ചു വല്ല സക്കാർ ഉദ്യോഗസ്ഥനോ കോർട്ടോ പിരിക്കുകയോ സ്വീകരിക്കുകയോ ഡിപ്പോസിറ്റായിവച്ചിരിക്കുകയോ ചെയ്യുന്നതോ,

ആയ യാതൊരുപണത്തിലേക്കും യാതൊരുകണക്കും അനുവദിക്കാവുന്നതല്ല.

കുറിപ്പു.—ഒരു പ്രത്യേക കേസിൽ പണത്തെ സക്കാർ സേവിങ്സ്ബാങ്കിൽ നിക്ഷേപിക്കണം എന്നു ആജ്ഞാപിച്ചു ഒരു നീതിന്യായ കോർട്ട് കൊടുക്കുന്നതായ ഒരു പ്രത്യേക ഉത്തരവിൻപടി ഒരു ജുഡിഷ്യൽ ഡിപ്പാസിററ വകയ്ക്കു ഒരു കണക്ക ആരംഭിക്കുന്നതിനെ ഈ ചട്ടങ്ങളിൽ യാതൊന്നും തടുക്കുന്നില്ല. അപ്രകാരം ഉള്ള ഒരു കണക്ക സ്വീകരിക്കപ്പെട്ടാൽ, സക്കാരല്ലാത്ത സാധാരണ കണക്കുകളെ ഭരിക്കുന്നതായ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും അതു സർവ്വപ്രകാരേണ ഉൾപ്പെട്ടിരിക്കയും ചെയ്യും.

ജാമ്യംവക നിക്ഷേപക്കണക്കുകൾ

൫൦. ജാമ്യംവക നിക്ഷേപക്കണക്ക ആരംഭിക്കുന്നതും അവയിലുള്ള കൊടുക്കൽവാങ്ങലുകളും താഴെ എഴുതിയിരിക്കുന്ന വിശേഷാൽ വ്യവസ്ഥകൾ അനുസരിച്ചു വേണ്ടതാകുന്നു.—

(എ) ജാമ്യം വെക്കേണ്ടവരായ സക്കാർ ജീവനക്കാരും കൺട്രാക്ടർമാരും ജാമ്യനിക്ഷേപങ്ങൾക്ക മാത്രം പ്രത്യേക കണക്കുകൾ ആരംഭിക്കുന്നതിനു അനുവദിക്കുന്നതാകുന്നു.

(ബി) ഓരോ പ്രത്യേക കണക്കിനും എത്രയും കൂടിയാൽ നിക്ഷേപിക്കാവുന്ന തുകയെ സംബന്ധിച്ചു ഈ ചട്ടങ്ങൾ ൭-ാം വകുപ്പിൽ വിധിച്ചിരിക്കുന്ന നിയന്ത്രണങ്ങളും നിക്ഷേപിക്കുന്നതായും തിരിയെ എടുക്കുന്നതായും ഉള്ള തുകകളെ സംബന്ധിച്ചു ഈ ചട്ടങ്ങളിൽ ൭-ാം വകുപ്പിലും ൯-ാം വകുപ്പിലും വിധിച്ചിരിക്കുന്ന നിയന്ത്രണങ്ങളും ജാമ്യംവക നിക്ഷേപങ്ങൾക്ക സംബന്ധിക്കുന്നതല്ല.

(സി) ഒരാൾ അയാളുടെ സ്വന്തം വകക്കായോ മററൊരാൾക്ക വേണ്ടിയോ ഒരു ജാമ്യനിക്ഷേപകണക്ക ആരംഭിക്കാവുന്നതാകുന്നു. എന്നാൽ ഒരേ പണിയേയോ കുത്തകയേയോ സംബന്ധിച്ചു ഒരേ ആൾക്ക വേണ്ടി ജാമ്യം വകയ്ക്കായി ഒന്നിലധികം കണക്കകൾ ആരംഭിക്കാവുന്നതല്ല.

(ഡി) ഒരേ പണിയോ കുത്തകയോ നടത്തുവാൻ ഏല്ക്കുന്ന ആളുടെ കൂട്ടപ്പേരിൽ ഒരു ജാമ്യനിക്ഷേപകണക്ക ആരംഭിക്കാവുന്നതാകുന്നു.

(ഇ) ഒരു കാലത്തു ഒന്നിലധികം പണിയോ കുത്തകയോ നടത്താൻ ഏല്ക്കുന്ന ഒരാൾ ഓരോന്നിനേയും സംബന്ധിച്ചു പ്രത്യേകം ഒരു കണക്ക ആരംഭിക്കാൻ സമ്മതിക്കാവുന്നതാകുന്നു.

(എഫ്) ഏതു ഉദ്യോഗസ്ഥന്റെ പേർക്ക ജാമ്യത്തുകയെ പണയമായി കൊടുത്തിരിക്കുന്നുവോ ആ ഉദ്യോഗസ്ഥന്റെ രേഖാമൂലമായും വെളിവായും ഉള്ള അനുവാദത്തോടു കൂടിയല്ലാതെ, നിക്ഷേപത്തുകയുടെ മുതലോ അതിന്മേലുള്ള വല്ല പലിശയോ സേവിങ്സ് ബാങ്കിൽ നിന്നു കിട്ടണം എന്നു മറെറാരു അവകാശവും താൻ പറയുന്നതെല്ലന്നും മേല്പറഞ്ഞ ഉദ്യോഗസ്ഥൻ ആ മുതലോ പലിശയോ മുഴുവനമൊ അതിന്റെ വല്ല ഭാഗമൊ കിട്ടണമെന്ന അവകാശപ്പെടുന്നതായാൽ ബാങ്ക് അതിനെ അയാൾക്ക കൊടുക്കുന്നതിനു യാതൊരു ആക്ഷേപവുമില്ലെന്നും ഒരുമ്പെടുന്നതായി (എച്ച്) നമ്പർ ഫാറത്തിൽ നിക്ഷേപകൻ ഒരു പ്രതിജ്ഞാപത്രം ഒപ്പിട്ടു കൊടുക്കുന്നതിനു അയാളോടു ആവശ്യപ്പെടുന്നതാകുന്നു.

(ജി) ജാമ്യ നിക്ഷേപങ്ങൾ കൊടുക്കുന്നവരായ ആളുകൾതന്നെ ഒപ്പുമാതൃകകൾക്കുള്ള പുസ്തകത്തിൽ ൧൩-ാം വകുപ്പു ഒപ്പിടുന്നതിനായി ഹാജരായേ തീരു എന്നില്ല. സംബന്ധപ്പെട്ട ഡിപ്പാർട്ട്മെണ്ടിലെ മേലധികാരിയോ അല്ലെങ്കിൽ ഒരു മജിസ്ട്രേട്ടോ ക്രമപ്രകാരം സാക്ഷ്യപ്പെടുത്തിയതായ ഒരു ഒപ്പുമാതൃക ഒപ്പിനെ വാങ്ങി ഒപ്പുമാതൃകയ്ക്കുള്ള പുസ്തകത്തിൽ ഫൈൽ ചെയ്തുവയ്ക്കാവുന്നതാകുന്നു.

(എച്ച്) മൂന്നുമാസക്കാലത്തേക്ക ഒരു നിക്ഷേപകണക്ക ഉണ്ടായിരിക്കുന്നതായാൽ അല്ലാതെ അതിനെ മറെറാരു സ്ഥലത്തേക്ക മാററിക്കൂടാ. (൧൯-ാം വകുപ്പു) എന്നുള്ള നിരോധനം ഏതു ഉദ്യോഗസ്ഥന്മാർക്ക് ആ കണക്കുകളെ പണയമായി വച്ചിരിക്കുന്നുവൊ ആ ഉദ്യോഗസ്ഥന്മാർ, പാസ്ബുക്കുകളോടുകൂടി അപേക്ഷിക്കുന്നതായാൽ, സ്ഥലം മാററാവുന്നതായ ജാമ്യം വക നിക്ഷേപകണക്കുകൾക്ക സംബന്ധിക്കുന്നതല്ല.

(ഐ) ജാമ്യക്കണക്കുകളുടെ കാര്യത്തിൽ, കണക്ക അവസാനിപ്പിക്കുമ്പോൾ (൩൦-ാം വകുപ്പിൽ) തുക പററിയതായി രസീതുകൊടുക്കുന്നതിനു നിക്ഷേപസ്ഥലമായ ഖജനാവിൽ നിക്ഷേപകൻ തന്നെ ഹാജരാകണമെന്നു നിർബന്ധിക്കണമെന്നില്ലാ. ഏതു ഡിപ്പാർട്ട്മെണ്ടു മേലധികാരിയുടെ പേർക്കോ ആഫീസ് മേലധികാരിയുടെ പേർക്കോ ആ ജാമ്യത്തെ പണയമായി വച്ചിരിക്കുന്നുവൊ ആ മേലധികാരി സാക്ഷ്യപ്പെടുത്തിയും പണം പററിയിരിക്കുന്നതായി പാസ്ബുക്കിൽ ഒപ്പിട്ടും പാസ്ബുക്ക കിട്ടുന്നതായാൽ നിക്ഷേപകന്റെ ചിലവിന്മേൽ അഞ്ചൽ ഹുണ്ടിയായി നിക്ഷേപകനു പണം അയക്കാവുന്നതാകുന്നു.

(ജെ) ൨൪-ാം വകുപ്പിൻപ്രകാരം ആവശ്യപ്പെട്ട അറിയിപ്പു ഏതു ഡിപ്പാർട്ടുമെണ്ടു മേലധികാരിയുടെ ആഫീസ് മേലധികാരിയുടെയോ പേർക്ക ജാമ്യത്തെ പണയം വച്ചിരിക്കുന്നുവൊ ആ മേലധികാരി ജാമ്യം നിക്ഷേപങ്ങളുടെ കാര്യത്തിൽ അയക്കേണ്ടതാകുന്നു.

പലവക.

൭൧. ഈ ചട്ടങ്ങളിലെ വ്യവസ്ഥകളെ നടത്തുന്നതിൽ വ്യാപകന്മാർ ആയ ഖജനാ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരോടല്ലാതെ മറ്റാരോടും നിക്ഷേപകന്റെ പേർ വിവരമൊ ഒടുക്കുന്നതൊ തിരിയെ വാങ്ങിക്കുന്നതൊ ആയ പണത്തുകയെപ്പറ്റിയുള്ള വിവരമൊ ഈ കൊടുക്കൽ വാങ്ങലിന്റെ നിയുക്തന്മാർ ആയ ഖജനാ ഡിപ്പാർട്ടുമെണ്ടിലെ ജീവനക്കാർ വെളിപ്പെടുത്തരുത്.

൭൨. ഏതു സമയത്തും ഈ ചട്ടങ്ങളെ ഭേദപ്പെടുത്താനൊ കൂടുതൽ ചട്ടങ്ങൾ നടപ്പാക്കാനൊ സർക്കാരിൽ അധികാരം ഉള്ളതാകുന്നു. അങ്ങിനെ ഭേദപ്പെടുത്തലൊ കൂടുതലൊ ചെയ്യുന്ന വിവരം മുൻകൂട്ടി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തപ്പെടുന്നതാകുന്നു.

ഫാറം എ.

ട്രെഷറി ആഫീസർ അവർകൾക്കു

ആ ട്രെഷറിയോടു ചേർന്ന സർക്കാർ സേവിങ്സ് ബാങ്കിൽ എന്റെ പേരിൽ അല്ലെങ്കിൽ (വേണ്ടി)
ഒരു നിക്ഷേപക്കണക്കു ആരംഭിക്കാൻ ഞാൻ അനുഗ്രഹിക്കുന്നു.

ആദ്യത്തെ നിക്ഷേപത്തുക രൂപാ ചക്രം ആകുന്നു.
സ്ഥലം അപേക്ഷകന്റെ പേരും ഒപ്പും
തീയതി ൧൦ ൽ
ഇരട്ടപ്പേരു.
മേൽവിലാസം
മററു വല്ല കൂടുതൽ വിവരങ്ങൾ.

ഫാറം ബി.

ഖജനാ
സേവിങ്സ്ബാങ്ക്.
നിക്ഷേപക്കണക്കു നമ്പർ

സർക്കാർ സേവിങ്സ്ബാങ്കിനുള്ള ചട്ടങ്ങളെ ഞാൻ വായിച്ചു (അല്ലെങ്കിൽ എന്നെ വായിച്ചു കേൾപ്പിച്ചു) എന്നും അവ എന്നെ ബാദ്ധ്യപ്പെടുത്തുന്നതായി ഞാൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു. മററു വല്ല ഖജനാ സേവിങ്സ്ബാങ്കിലും എന്റെ പേരിൽ (മൈനരുടെ പേരിൽ) യാതൊരു നിക്ഷേപക്കണക്കും ഇല്ലാ എന്നും ഈ നിക്ഷേപത്തുക എന്റേതാകുന്നു (മൈനരുടേതാകുന്നു) എന്നും
മൈനർ തീയതി ജനിച്ചു
എന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു. മൈനർ എന്റെ* ആകുന്നു
സേവിങ്സ്ബാങ്ക്സ് ചട്ടത്തിൽ ഒരു പകർപ്പും ഞാൻ വാങ്ങിച്ചിരിക്കുന്നു.

ട്രെഷറി ആഫീസരുടെ	നിക്ഷേപകന്റെ	ഒപ്പു
അടയാളം		മേൽവിലാസം
		തൊഴിൽ

* ഈ അടയാളം ഇട്ടിരിക്കുന്ന സ്ഥാനത്തു മൈനരുമായിട്ടുള്ള ബന്ധവും ഇന്നതെന്നു വിവരിക്കുക.

ഫാറം സി.

സേവിങ്സ് ബാങ്ക് പാസ് ബുക്ക്.

ട്രെഷറി

നിക്ഷേപക്കണക്ക നംബർ

തീയതി	ട്രെഷറിയിലെ മുദ്രയും മുതൽ പിടിക്കാറൻെറയൊ ഹെഡ്അക്കൌണ്ടൻറിൻേറയൊ ഒപ്പും.	ഓരോതവണയും പണം നിക്ഷേപിക്കയൊ തിരിയെവാങ്ങിക്കയൊ ചെയ്യുന്ന തുക (അക്ഷരത്തിൽ)	തുക						ഓരോ ഇടപാടുംനടന്നതിൽ പിന്നെ ഇരിപ്പുതുക			ട്രെഷറി ആഫീസരുടെ അടയാളം
			നിക്ഷേപിച്ച			തിരിയെവാങ്ങിച്ച						
			രൂപാ	ചക്രം	കാശു	രൂപാ	ചക്രം	കാശു	രൂപാ	ചക്രം	കാശു	

ഫാറം ഡി.

ഒപ്പുകൾക്കുള്ള പുസ്തകം.

തിയതി	പാസ്ബുക്കിന്റെ നംബർ	വിവരമായ പേരും മേൽവിലാസവും തൊഴിലും.	നിക്ഷേപകന്റെ ഒപ്പു.

ഫാറം ഇ.

പണം തിരിയെ വാങ്ങിക്കാനുള്ള അപേക്ഷ.

ഇന്ന സേവിങ്ങ്സ് ബാങ്കിൽ

ഇത്ര രൂപാ ചക്രം കാശു ഉള്ള എന്റെ ബാക്കി തുകയിൽ നിന്നും ഇത്ര (അക്ഷരത്തിൽ) രൂപാ എന്റെ ൦ാം നമ്പർ നിക്ഷേപകണക്കിൽ നിന്നും തിരിയെ വാങ്ങിക്കാൻ ഞാൻ ആഗ്രഹിക്കുന്നു ഇന്നാർ വശം ടി തുകയെ അയച്ചുതരാൻ അപേക്ഷിക്കുന്നു. അയാളുടെ ഒപ്പിന്റെ മാതിരി താഴെ ചേർത്തിരിക്കുന്നു.

തീയതി

നിക്ഷേപകന്റെ ഒപ്പ്

കാര്യസ്ഥന്റെയൊ ഭൃത്യന്റെയൊ ഒപ്പ്

കുറിപ്പു. നിക്ഷേപകൻ നേരിട്ടു സേവിങ്ങ്സ് ബാങ്കിലേക്കു പോകുന്നില്ലെന്നു വരികിൽ, പണം ഏതു കാര്യസ്ഥന്റെയൊ ഭൃത്യന്റെയൊ പക്കൽ കൊടുക്കേണമൊ അയാളുടെ പേരു എഴുതേണ്ടതും ആ കാര്യസ്ഥനൊ ഭൃത്യനൊ മേൽ ഒഴിച്ചുവച്ചിട്ടുള്ള സ്ഥലത്തിൽ പേരെഴുതി ഒപ്പിടേണ്ടതും ആകുന്നു. നിക്ഷേപകൻ നേരിട്ടു പണം വാങ്ങിക്കണം എന്നു ഉദ്ദേശിക്കുന്നു എങ്കിൽ മേൽ പറഞ്ഞ അപേക്ഷയിൽ ഒടുവിലത്തെ രണ്ടുവാചകങ്ങളെ വിട്ടുകളയണം

(അക്ഷരത്തിൽ) ഇത്ര രൂപാ കൊടുക്കണം

തീയതി മുദ്ര

ട്രെഷറി ആഫീസർ

മേൽ വിവരിച്ച തുക കൈപ്പററി എന്നു ഞാൻ സമ്മതിക്കുന്നു.

നിക്ഷേപകന്റെ ഒപ്പ്

അല്ലെങ്കിൽ കാര്യസ്ഥന്റെയൊ

ഭൃത്യന്റെയൊ ഒപ്പ്

നിക്ഷേപകന്മാർ അറിഞ്ഞു നടക്കേണ്ട സംഗതികൾ—

(i) പാസ്ബുക്ക കൊടുക്കുന്നതിനു മുമ്പെ എഴുതാനായിവച്ചിട്ടുള്ള സ്ഥലങ്ങളിൽ എഴുതേണ്ടവയെ നിങ്ങൾ തന്നെ എഴുതണം.

(ii) ഓരോ ഇടപാടിന്റെ അവസാനത്തിലും പാസ്ബുക്കിനെ ശ്രദ്ധാപൂർവ്വം പരിശോധിക്കണം.

(iii) വല്ല തെററൊ തിരുത്തലൊ കാണുന്നതായാൽ ട്രെഷറി ആഫീസരോടു നേരിട്ടു ബോധിപ്പിക്കണം.

(iv) നിങ്ങളുടെ പാസ്ബുക്കിനെ വളരെ ശ്രദ്ധയോടെ സൂക്ഷിക്കണം.

ഫാറം എഫ്.

നിക്ഷേപകന്റെ പാസ്ബുക്കിനു രസീതു.

(പാസ്ബുക്കിനെ അയാളുടെ പക്കൽ നിന്നും വാങ്ങി മേജർ ട്രെഷറിയിലേക്കൊ അക്കൌണ്ടാഫീസിലേക്കൊ അയക്കുമ്പോളെല്ലാം നിക്ഷേപകനു കൊടുക്കേണ്ടതാകുന്നു.)

ഡിവിഷൻ ട്രെഷറിയിലേക്കൊ അക്കൌണ്ടാഫീസിലേക്കൊ അയക്കുന്നതിലേക്കായി നിക്ഷേപകൻ ടുടെ നംമ്പർ അക്കൌണ്ടിന്റെ പാസ്ബുക്കു കൈപ്പററിയിരിക്കുന്നു പാസ്ബുക്കിൽ കൊള്ളിച്ചിരിക്കുന്നപ്രകാരം ഇന്നേദിവസം നിക്ഷേപകനു ചെല്ലേണ്ട ബാക്കി രൂപാ (അക്ഷരത്തിൽ

തീയതി മുദ്ര

സബ്ട്രെഷറി ആഫീസരുടെ ഒപ്പ്

൧൦൯ നു- നിക്ഷേപക്കണക്കു നംബരുവകയായ എന്റെ പാസ്ബുക്കിനെ തിരിയെ വാങ്ങിച്ചിരിക്കുന്നു.

നിക്ഷേപകന്റെ ഒപ്പു

നിക്ഷേപകനു അറിയിപ്പു.

പാസ്ബുക്കു തിരിയെ വാങ്ങിക്കുമ്പോൾ അതിനെ ശ്രദ്ധാപൂർവ്വം പരിശോധിക്കണം. അതിൽ വല്ല തിരുത്തലൊ ചുരണ്ടലൊ എഴുതാൻ വിട്ടുപോയതൊ വ്യത്യാസമോ ഉണ്ടെന്നുവരികിൽ ട്രെഷറി ആഫീസരോടു വല്ല സമാധാനത്തിനു ആവശ്യപ്പെടാതെതന്നെ മേജർട്രെഷറി ആഫീസക്കൊ അക്കൌണ്ടാഫീസിലേക്കൊ എഴുതി അയക്കേണ്ടതാകുന്നു.

ഫാറം ജി.

ട്രെഷറി ആഫീസർ അവർകൾക്കു

ട്രെഷറിവക നംബർ പാസ്ബുക്കിനെ ഇതോടെ ന്നിച്ചു ഹാജരാക്കിയിരിക്കുന്നു

എന്റെ സ്വന്തപേരിൽ

______________________________ ഉള്ളതായ നിക്ഷേപക്കണ

മൈനർ ( ) പേരിൽ

ക്കിനെ ട്രെഷറിയിലേക്കു മാററിത്തരണം എന്നു അപേക്ഷിച്ചു കൊള്ളുന്നു. ഇതോടുകൂടിഹാജരാക്കിയിരിക്കുന്ന പാസ്ബുക്കു താഴെ വിവരിച്ചിരിക്കുന്ന മേൽവിലാസത്തിൽ തിരിച്ചു അയച്ചുതരണമെന്നപേക്ഷിച്ചുകൊള്ളുന്നു.

സ്ഥലം }
തീയതി } ൧൦൯

നിക്ഷേപകന്റെ പേരും ഒപ്പ്.

പേരുവിവരവും }
മേൽവിലാസവും }

നിക്ഷേപകന്റെ മേൽവിലാസം.

ഫാറം എച്ച്.

പ്രതിജ്ഞാപത്രം.

ജാമ്യനിക്ഷേപക്കണക്ക
സേവിങ്ങ്സ് ബാങ്ക് സ്ഥലം }

൧	പേർ	
൨	ഉദ്യോഗപ്പേര	
൩	ജാമ്യത്തുക	
൪	ആദ്യത്തെ തവണ ഒടുക്ക തീയതി	

ഞാൻ ഠരം പ്രതിജ്ഞാപത്രമൂലം ഠരം ജാമ്യത്തുകയെ† പണമായി കൊടുത്തിരിക്കുന്നതായ *(ടെ) വെളിവാക്കും മേഖ്യളമായുള്ള അനുവാദത്തോടുകൂടി അല്ലാതെ ഠരം നിക്ഷേപത്തുകയുടെ മുതലൊ പലിശയൊ സേവിംഗ്സ് ബാങ്കിൽനിന്ന കിട്ടണമെന്ന യാതൊരു അവകാശവും പറയുന്നതല്ലെന്നും മേല്പറഞ്ഞ ഉദ്യോഗസ്ഥൻ ആ മുതലൊ പലിശയൊ മുഴുവനുമൊ അതിൻെറ വല്ല ഭാഗമൊ കിട്ടണം എന്ന അപേക്ഷപ്പെടുന്നതായാൽ അതിനെ അദ്ദേഹത്തിന ബാങ്കിൽ നിന്ന കൊടുക്കുന്നതിന ഞാൻ വിരോധം പറയുന്നതല്ലെന്നും ഇതിനാൽ ഞാൻ ഒരുമ്പെടുന്നു.

അനുവദിച്ചു ഒപ്പിട്ടു

നിക്ഷേപകൻെറ കൈയൊപ്പ്
തീയതി

ഡിപ്പാർട്ട്മെണ്ടിലെ
ആഫീസിലെ
മേലധികാരി ഉദ്യോഗസ്ഥൻ

ജാമ്യനിക്ഷേപക്കണക്ക എന്ന കണക്കിൽ വിവരിച്ചു കാണിച്ചിരിക്കുന്ന എന്നും അതിലെ നംബർ എല്ലാ രെജിസ്റ്ററുകളിലും അപ്രകാരം വ്യക്തപ്പെടുത്തിയിരിക്കുന്നു എന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഖജനാ

ട്രെഷറി ആഫീസർ

തീയതി

† ജാമ്യത്തുക പലതവണകളിലായിട്ട ഒടുക്കപ്പെടുന്നപക്ഷം ആവശ്യമുള്ള വേണ്ട കൂടുതൽ വിവരങ്ങൾ ചേർക്കപ്പെടണം.

* ഡിപ്പാർട്ട്മെൻറിലെ മേലധികാരിയായ ഉദ്യോഗസ്ഥൻെറയൊ അല്ലെങ്കിൽ ടിയാരാൽ അധികാരപ്പെടുത്തപ്പെട്ട ആഫീസരുടെയൊ ഉദ്യോഗപ്പേര എഴുതണം

ഫാറം വൈ.

ഒപ്പ് എഴുതി കാണിച്ചിരിക്കുന്ന (സ്ലിപ്പിന്റെ) ഇണ്ടു കടലാസിന്റെ മാതിരി നമ്പർ നിക്ഷേപ കണക്കു സൎക്കാർ സേവിങ്ങ്സ് ബാങ്കിലേക്കുള്ള ചട്ടങ്ങളെ ഞാൻ വായിച്ചു (അല്ലെങ്കിൽ എന്നെ വായിച്ചു കേൾപ്പിച്ചു) എന്നും അവ എന്നെ ബാദ്ധ്യപ്പെടുത്തുന്നതായി ഞാൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇതിനാൽ പ്രതിജ്ഞചെയ്യുന്നു. (മൈനർ ജനിച്ചു എന്നും)മററു വല്ല ഖജനാ സേവിങ്ങ്സ്ബാങ്കിലും എന്റെ പേരിൽ (മൈനരുടെ പേരിൽ)യാതൊരു നിക്ഷേപ കണക്കും ഇല്ലാ എന്നും ഞാൻ പ്രതിജ്ഞചെയ്യുന്നു.

ഒരു പാസ്ബുക്കു വാങ്ങിച്ചതായി ഞാൻ സമ്മതിക്കുന്നു.

തീയതി ൧൦൯

സാക്ഷി

പേരു നിക്ഷേപകന്റെയൊ മൈനരുടെ രക്ഷകർത്താവിന്റെയൊ പേരു

ഉദ്യോഗപ്പേരു

മറുവശം.

കുറിപ്പു.—൧. ഒപ്പുപുസ്തകത്തിൽ നിക്ഷേപകന്റെ കൈയ്യൊപ്പിലേക്കായി വിട്ടിരിക്കുന്ന സ്ഥലത്തിൽ ഝം തുണ്ടിനെ ഒട്ടിക്കണം.

൨. മൈനരെ സംബന്ധിക്കുന്നില്ലെങ്കിൽ വള്ളികൾക്കകത്തുള്ള വാക്കുകളെ വിട്ടുകളയണം.

ഫാറം വൈ ൨

"നിർദ്ദേശപ്രഖ്യാപനം"

... ... ട്രഷറിയിൽ എന്റെ സേവിംഗ്സ്.

ബാങ്കുകണക്കിൽ എനിക്കു വരുവാനുള്ള ബാക്കി തുക എന്റെ മരണശേഷം വാങ്ങാൻ അവകാശമുള്ള ആളായി * ... ... ഞാൻ ഇതിനാൽ നിർദ്ദേശിക്കുന്നു

നിക്ഷേപകന്റെ { ഒപ്പ് / മേൽവിലാസം / തൊഴിൽ

എന്റെ മുമ്പാകെ വച്ചു ഒപ്പിട്ടു.

നിക്ഷേപകൻ തന്നെ എന്നു എനിക്കു ബോദ്ധ്യം വന്നിട്ടുണ്ടു്.

* ഇവിടെ നിർദ്ദേശിക്കപ്പെടാൻ ഉദ്ദേശിച്ചിരിക്കുന്ന ആളിന്റെ പൂർണ്ണമായ പേരും വല്ല സംബന്ധവുമുണ്ടെങ്കിൽ അതും അയാളുടെ ജനന തീയതിയും ഇവിടെ എഴുതണം അയാളുടെ വീട്ടുപേരു, മുറി, പകുതി, പ്രവൃത്തി ഇവയും എഴുതണം.

ട്രഷറിആഫീസർ.

തീയതി

ഫാറം ജെ.

... ... ട്രഷറി

നിർദ്ദേശിക്കപ്പെട്ടവരുടെ രജിസ്റ്റർ

ക്രമനമ്പർ	കണക്കിന്റെ നമ്പർ	നിക്ഷേപകന്റെ പേര്	നിർദ്ദേശിക്കപ്പെട്ടവന്റെ				റിമാർക്ക്
			പേര്	ജനന തീയതി	സംബന്ധം	വീട്ടുപേര്, മുറി, പകുതി പ്രവൃത്തി	
൧	൨	൩	൪	൫	൬	൭	൮

ഫാറം കെ.

നിർദ്ദേശം ദുർബലപ്പെടുത്തൽ വക രജിസ്റ്റർ

....ട്രഷ
റിയിൽ എന്റെവക ....ാം-നമ്പർ സേവിങ്ങ്സ് ബാങ്ക കണക്ക
സംബന്ധിച്ച് ....ാണ്ട ചെയ്ത പ്രഖ്യാപനപ്രകാരമുള്ള നിർദ്ദേശ
ത്തെ റദ്ദുചെയ്യണമെന്ന് ഞാൻ ഇതിനാൽ അപേക്ഷിക്കുന്നു. എന്റെ കൈവ
ശമുള്ള നിർദ്ദേശപ്രഖ്യാപനത്തിന്റെ പ്രതി ഇതുസഹിതം മടക്കിയയച്ചിരിക്കുന്നു.

നിക്ഷേപകന്റെ { ഒപ്പ്
മേൽവിലാസം
തൊഴിൽ }

എന്റെ മുമ്പാകെവച്ചു ഒപ്പിട്ടു.
നിക്ഷേപകൻ തന്നെ എന്ന്
എനിക്ക് ബോദ്ധ്യംവന്നിട്ടുണ്ട്.

ട്രഷറിആഫീസർ
തിയതി..................

U

൧൦൮൭-ാമാണ്ടത്തെ ൩-ാം റെഗുലേഷൻ.

കോർട്ട്ഫീസിനെ സംബന്ധിച്ച നിയമത്തെ ഭേദപ്പെടുത്തുകയും വീണ്ടും നിശ്ചയപ്പെടുത്തുകയും ചെയ്യുന്നതിനായി ൧൦൭൩-മാണ്ടത്തെ ൪-ാം റെഗുലേഷൻ ൧൩-ം വകുപ്പു അനുസരിച്ചു ൧൯൧൨-ം വർഷം ഫെബ്രുവരിമാസം ൨൭-ാംനു-ക്കു ൧൦൮൭-മാണ്ടു കുംഭമാസം ൧൫-ാംനു നിശ്ചയിച്ച റെഗുലേഷൻ.

പീഠിക.

വ്യവഹാരങ്ങൾ, അപ്പീലുകൾ, മററു സിവിലും റെവന്യൂവും വിസ്താരപ്രവൃത്തികൾ ഇവയ്ക്കും ഹർജികൾക്കും കൊടുക്കേണ്ട ഫീസിനെ സംബന്ധിച്ച നിയമത്തെ ഭേദപ്പെടുത്തുകയും വീണ്ടും നിയമപ്പെടുത്തുകയും ചില ഇനത്തിലുള്ള ക്രിമിനൽ ഹർജികൾക്കു ഫീസ് ചുമത്തുകയും ചെയ്യുന്നതു യുക്തമായിരിക്കകൊണ്ടു ഇതിനാൽ നിയമപ്പെടുത്തുന്നതു എന്തെന്നാൽ.—

ചുരുക്കപ്പേർ.

൧. ഈ റെഗുലേഷൻ "കോർട്ട്ഫീസ് റെഗുലേഷൻ" എന്നു വിളിക്കപ്പെടുന്നതാകുന്നു.

സ്ഥലവ്യാപ്തി പ്രാരംഭം.

ഇതു തിരുവിതാംകോട്ടു സംസ്ഥാനം മുഴുവനും വ്യാപിക്കുന്നതാകുന്നു. ഇതു ൧൦൮൭-മാണ്ടു ഇടവമാസം ഒന്നാംതീയതി മുതൽ നടപ്പായി വരികയും ചെയ്യും.

റദ്ദുചെയ്യൽ.

൨. ൧൦൩൨-മാണ്ടത്തെ ഒന്നാം റെഗുലേഷനെയും ൧൦൩൭-മാണ്ടത്തെ മൂന്നാം റെഗുലേഷൻ ആയ സർക്കാർ കാര്യത്തിലേക്കായി ഭൂമി ഒഴിച്ചെടുക്കുന്നതിനുള്ള റെഗുലേഷൻ ൨൩-ം വകുപ്പിന്റെ ൨-ം പാരായേയും ഇതിനാൽ റദ്ദു ചെയ്തിരിക്കുന്നു.

൧-ാം അദ്ധ്യായം.

കോർട്ടുകളിലും പബ്ലിക് ആഫീസുകളിലും ഫീസ്.

കോർട്ടുകളിലൊ പബ്ലിക് ആഫീസുകളിലൊ ഫൈലാക്കുകയും മററും ചെയ്യുന്ന പ്രമാണങ്ങൾക്കുള്ള ഫീസ്.

൩. ഈ റെഗുലേഷനോടു ചേർത്തിരിക്കുന്ന ഒന്നാമത്തെയോ രണ്ടാമത്തെയോ പട്ടികയിൽ വിവരിച്ചിട്ടുള്ള യാതൊരു പ്രമാണത്തിനും ശരിയായുള്ള ഫീസ് ഇത്രയെന്നു ആ രണ്ടിലേതെങ്കിലും പട്ടികയിൽ കാണിക്കപ്പെട്ടിട്ടുള്ള തുകയിൽ കുറയാതെ ഉള്ള ഒരു ഫീ ആ പ്രമാണത്തിനായി ഒടുക്കിയാൽ അല്ലാതെ ആ പ്രമാണത്തെ യാതൊരു നീതിന്യായ കോർട്ടിലും ഫൈലാക്കുകയോ കാണിക്കയോ റിക്കാർഡ് ചെയ്കയോ (അല്ലെങ്കിൽ വല്ല പബ്ലിക് ആഫീസിലും സ്വീകരിക്കയോ അവിടെനിന്നും കൊടുക്കുകയോ) ചെയ്തുകൂടുന്നതല്ല.

ചില വ്യവഹാരങ്ങളിൽ കൊടുക്കാനുള്ള ഫീസു കണക്കുകൂട്ടൽ.

൪. ആദ്യവ്യവഹാരങ്ങളോ അപ്പീലുകളോ ആയ വ്യവഹാരങ്ങൾക്കു ഈ റെഗുലേഷൻപ്രകാരം കൊടുക്കേണ്ടതായ ഫീസിന്റെ തുകയെ താഴെ പറയുന്നതിന്മണ്ണം കണക്കു കൂട്ടേണ്ടതാകുന്നു:—

പണത്തിന

i. (വാരം)—പാട്ടം, പാട്ടം, മിച്ചവാരം, തീര്‍വ, ഒപ്പം ഇവയോ ഇവയുടെ സ്വഭാവമായിട്ടുള്ള മററു ദേയങ്ങളോ, നഷ്ടം അല്ലെങ്കില്‍ പ്രതിഫലമോ, ജീവനാംശമായി നല്‍കി വരുന്ന വച്ചിട്ടുള്ള മുതലിന്റെയോ വര്‍ഷാശനത്തിന്റെയോ അല്ലെങ്കില്‍ ഒരു നിശ്ചിതകാലം തോറും കൊടുക്കേണ്ടതായ മററു പണങ്ങളുടെയോ കുടിശ്ശികയോ, ഉള്‍പ്പെടെ പണം കിട്ടുന്നതിനായിക്കൊണ്ടുള്ള വ്യവഹാരങ്ങളില്‍ ഫീസ് അവകാശപ്പെട്ട തുകയ്ക്ക തക്കവണ്ണമായിരിക്കേണ്ടതാകുന്നു.

എന്നാല്‍ ജീവനാംശത്തിന്റെ കുടിശ്ശികയുള്ള ഒരു വ്യവഹാരത്തില്‍ ജീവനാംശം വാങ്ങുന്നതിനുള്ള അവകാശത്തെക്കുറിച്ച് ഉഭയവിരോധമായി തര്‍ക്കം ഉത്ഭവിച്ചാല്‍ ഈ വകുപ്പില്‍ രണ്ടാം ഖണ്ഡത്തിലെ വ്യവസ്ഥകളനുസരിച്ച് ഒരു കൂടുതല്‍ ഫീസ് ഒടുക്കുന്നതിന കോര്‍ട്ടില്‍ നിന്ന വാദിയോട് ആവശ്യപ്പെടേണ്ടതാകുന്നു.

ജീവനാംശത്തിനോ വര്‍ഷാശനങ്ങള്‍ക്കോ കാലാന്തരേണ കൊടുക്കേണ്ടതായ മററു പണങ്ങള്‍ക്കോ.

ii. ജീവനാംശത്തിനോ വര്‍ഷാശനത്തിനോ ഒരു നിശ്ചിത കാലാന്തരേണ കൊടുക്കേണ്ടതായ മററു പണത്തിനോ, ഉള്ള അവകാശത്തെ സ്ഥാപിക്കുന്നതിന ആയി കൊണ്ടുവരുന്ന വ്യവഹാരങ്ങളില്‍ ഫീസ് വ്യവഹാരവിഷയവസ്തുവിന്റെ വിലക്ക തക്കവണ്ണമായിരിക്കേണ്ടതും ആ വില ഒരു കൊല്ലത്തേക്ക കൊടുക്കേണ്ടതായി അവകാശപ്പെടുന്ന തുകയുടെ പത്തു ഗുണമായി വിചാരിക്കപ്പെടേണ്ടതും ആകുന്നു.

കമ്പോളവിലയുള്ള മററു ജംഗമവസ്തുവിന.

iii. പണമല്ലാത്ത ജംഗമവസ്തുവിനായിക്കൊണ്ടുള്ള വ്യവഹാരങ്ങളില്‍, ആ വ്യവഹാരവിഷയ വസ്തുവിന ഒരു കമ്പോളവിലയുള്ളപക്ഷം, ഫീസ് ആവലാധി കൊടുക്കുന്ന തീയതിയില്‍ അപ്രകാരം ഉള്ള വിലക്ക തക്കവണ്ണമായിരിക്കേണ്ടതാകുന്നു.

കമ്പോളവിലയില്ലാത്ത ജംഗമവസ്തുവിന.

iv. (എ) അവകാശത്തെപ്പററിയുള്ള ആധാരങ്ങളുടെ കാര്യത്തില്‍ എന്നപോലെ യാതൊരു കമ്പോള വിലയും ഇല്ലാത്ത ജംഗമവസ്തുവിന്നും.

ഇന്‍ജംക്ഷന്‍.

(ബി) ഒരു ഇന്‍ജംക്ഷന്‍ ഉത്തരവു ലഭിക്കുന്നതിന്നും,

കണക്ക തീര്‍ക്കലിന.

(സി) കണക്കുകള്‍ തീര്‍ക്കുന്നതിന്നും,

സങ്കട നിവൃത്തിക്ക.

(ഡി) (ഇതില്‍ മറെറാരു പ്രകാരം വ്യവസ്ഥപ്പെടുത്തീട്ടില്ലാത്തതായി) ഭൂമിയില്‍ നിന്നും ഉണ്ടാകുന്നതായ ഏതെങ്കിലും ആദായത്തിനുള്ള അവകാശത്തിന്നും,

ആയിക്കൊണ്ടുള്ള വ്യവഹാരങ്ങളില്‍ ഫീസ്, അപേക്ഷിച്ചിട്ടുള്ള സങ്കടനിവൃത്തിക്ക വച്ചിട്ടുള്ള വിലയുടെ സംഖ്യക്ക തക്കവണ്ണം, ആയിരിക്കേണ്ടതാകുന്നു.

അങ്ങനെയുള്ള എല്ലാ വ്യവഹാരങ്ങളിലും അപേക്ഷിച്ചിട്ടുള്ള സങ്കടനിവൃത്തിക്ക വാദി എന്തു വില വെക്കുന്നു എന്ന അയാള്‍ പറയേണ്ടതാകുന്നു.

നിലങ്ങള്‍ക്കും പുരയിടങ്ങള്‍ക്കും.

v. (എ) നിലത്തെയോ വീട്ടിനേയോ പുരയിടത്തെയോ വീണ്ടെടുക്കുന്നതിനായി ഒരു ഉടമ്പടിയെ അടിസ്ഥാനപ്പെടുത്തീട്ടുള്ളതല്ലാത്ത വ്യവഹാരങ്ങള്‍ക്കോ,

പാട്ടക്കാരെ ഒഴിപ്പിക്കുന്നതിനു.

(ബി) സ്ഥിരമായി നടപ്പിനു അവകാശം ഉള്ളവരൊ ഒരു ശാശ്വതമായ പാട്ടപ്രകാരമൊ ഇരുപത്തിയഞ്ചു വർഷത്തിൽ കവിഞ്ഞ ഒരു കാലത്തേക്കുള്ള ഒരു പാട്ടപ്രകാരമൊ അനുഭവിക്കുന്നവരൊ ആയ പാട്ടക്കാരേയൊ കുഞ്ഞപ്പാട്ടക്കാരേയൊ ഒഴിപ്പിക്കുന്നതിനൊ,

പൂർവക്രയാധികാരത്തെ നടത്തുന്നതിനു.

(സി) നിലത്തിന്റെയൊ വീട്ടിന്റെയൊ പുരയിടത്തിന്റെയൊ വിഷയത്തിൽ പൂർവക്രയാധികാരത്തെ നടത്തുന്നതിനൊ അല്ലെങ്കിൽ,

അവകാശസ്ഥാപന വിധി ലഭിക്കുന്നതിനു.

(ഡി) ഒരു അവകാശസ്ഥാപന വിധിയൊ ഉത്തരവൊ ലഭിയ്ക്കുന്നതു നിമിത്തം സിദ്ധിക്കേണ്ട സങ്കടനിവൃത്തിക്കുകൂടി അപേക്ഷിച്ചിരുന്നാലും ഇല്ലെങ്കിലും, അങ്ങിനെയുള്ള വിധിയൊ ഉത്തരവൊ ലഭിക്കുന്നതിനൊ ഉള്ള വ്യവഹാരങ്ങൾക്കൊ ഫീസ്.

വ്യവഹാരവിഷയവസ്തുവിന്റെ കമ്പോളവില്യ്ക്കു തക്കവണ്ണം ആയിരിക്കേണ്ടും ആ വിലയെപ്പററി തക്കം ഉണ്ടാകുന്ന സംഗതികളിൽ, ആ നിലമൊ പുരയിടമൊ ആണ്ടുതോറും ആദായം ഉണ്ടാകത്തക്കതാണെങ്കിൽ, കരം വല്ലതും ഉണ്ടെങ്കിൽ ആയതിനെ സർക്കാരിലേക്ക കൊടുത്തതുനീക്കി, ഉണ്ടാകുന്ന വാർഷികമൊത്തം ആദായത്തിന്റെ തുകയുടെ പത്തുഗുണം സംഖ്യയെ കമ്പോളവിലയായി വിചാരിക്കേണ്ടതാകുന്നു.

വൃക്ഷങ്ങളുടേയും ഗൃഹങ്ങളുടേയും വിഷയത്തിൽ പൂർവക്രയാധികാരത്തെ നടത്തുന്നതിനു.

vi. വൃക്ഷങ്ങൾ നിൽക്കുന്ന തറ ഒഴിച്ചു വൃക്ഷങ്ങളേയൊ ഗൃഹങ്ങളേയൊ വീണ്ടെടുക്കുന്നതിനു ഒരു ഉടമ്പടിയെ അടിസ്ഥാനപ്പെടുത്തിട്ടുള്ളതല്ലാത്ത വ്യവഹാരങ്ങളിലൊ അല്ലെങ്കിൽ ആ വസ്തുക്കളിന്മേൽ പൂർവക്രയാധികാരത്തെനടത്തുന്നതിനുള്ള വ്യവഹാരങ്ങളിലൊ ഫീസ് കമ്പോളവില അനുസരിച്ചിരിക്കേണ്ടതാകുന്നു.

ജപ്തി വിടുതൽ ചെയ്യുന്നതിനു.

vii. (സിവിലൊ ക്രിമിനലൊ റെവന്യൂവൊ ആയുള്ള) ജപ്തിയെ വിടുതൽ ചെയ്യുന്നതിനുള്ള വ്യവഹാരങ്ങളിൽ ഫീസ് ഏതു തുകയ്ക്കായി വസ്തു ജപ്തി ചെയ്യപ്പെട്ടുവൊ ആ തുകയ്ക്കു അനുസരിച്ചിരിക്കേണ്ടതാകുന്നു.

എന്നാൽ ആ തുക മുൻപറഞ്ഞിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ചു കണക്കുകൂട്ടിയ വസ്തുവിന്റെ കമ്പോളവിലയിൽ കവിയുന്നപക്ഷം വ്യവഹാരം ആ വസ്തുവിനെ വീണ്ടെടുക്കുന്നതിനായിരുന്നാൽ എങ്ങനെയൊ അതിന്മണ്ണം ഫീസിന്റെ തുകയെ കണക്കുകൂട്ടിക്കൊള്ളേണ്ടതാകുന്നു.

പ്രത്യേകവ്യവസ്ഥനടത്തികിട്ടുന്നതിനു.

viii. ഒരു കരാറിൻപ്രകാരം വ്യവസ്ഥപ്പെടുത്തിട്ടുള്ളതുപോലെ നടത്തിച്ചുകിട്ടുന്നതിനൊ വൃക്ഷങ്ങൾ ഉൾപ്പടെ സ്ഥാവരവസ്തുവിനെ വീണ്ടെടുക്കുന്നതിനൊ ഉള്ള വ്യവഹാരങ്ങളിൽ ആ വ്യവഹാരങ്ങൾ ഒരു ഉടമ്പടിയെ അടിസ്ഥാനപ്പെടുത്തി ഉണ്ടാകുന്നതായിരിക്കുമ്പോൾ ഫീസ്,

(എ) വിലയുടമ്പടിയുടെ സംഗതിയിൽ പ്രതിഫലത്തിന്റെ സംഖ്യക്കു തക്കവണ്ണവും,

(ബി) ഒററിയാചിരുന്നാൽ ഒററി കാണമായോ ഉറപ്പിക്കപ്പെട്ടതായി പറയപ്പെടുന്നതോ ആ കരാറിനാൽ സമ്മതിക്കപ്പെട്ടതോ ആയ അർത്ഥത്തിന്റെ തുകയ്ക്കു തക്കവണ്ണവും,

(സി) സ്ഥിരമായ നടപ്പിനു അവകാശം ഇല്ലാത്ത ജന്മകരം കൊടുക്കപ്പെട്ടതോ കൊടുക്കാമെന്നു സമ്മതിക്കപ്പെട്ടതോ ആയ പാട്ടങ്ങളുടെ സംഗതികളിൽ,

(ഏ) കാലസംഖ്യ വച്ചിട്ടില്ലാത്തതിനു മുൻകൂറോ കാഴ്ചയോ (പാരായം) വല്ലതും ഉണ്ടെങ്കിൽ ആയതും ഒരാണ്ടത്തെ പാട്ടപ്പണവും കൂടി വരുന്ന തുകയ്ക്കു തക്കവണ്ണവും,

(ബ) ഇരുപത്തഞ്ചുസംവത്സരത്തിൽ കവിയാതെ ഒരു കാലസംഖ്യ വച്ചിട്ടുള്ളതിനു മുൻകൂറോ കാഴ്ചയോ (പാരായം) വല്ലതും ഉണ്ടെങ്കിൽ ആയതും പാട്ടപ്പടിപാടിൻപ്രകാരം കൊടുക്കേണ്ടതായുള്ള മുഴുവൻ പാട്ടസംഖ്യയുടെ അഞ്ചിൽ ഒരുഭാഗവും കൂടിവരുന്ന തുകയ്ക്കു തക്കവണ്ണവും ആയിരിക്കേണ്ടതാകുന്നു.

ജന്മിയും കുടിയാനും തമ്മിൽ.

iv. ജന്മിയും കുടിയാനും തമ്മിലുള്ള താഴെ പറയുന്ന വ്യവഹാരങ്ങളിൽ ഫീസ്,

(എ) വാരം കൂട്ടുന്നതിനാണെങ്കിൽ കൂട്ടി കിട്ടണമെന്നു അവകാശപ്പെടുന്ന തുകയുടെ പത്തുഗുണത്തിനു തക്കവണ്ണവും,

(ബി) (ഏ) കാണപ്പാട്ട ആധാരങ്ങളോ പാട്ടപ്പടിപാട്ടങ്ങളോ അവയുടെ എതിരുകളോ ചൊല്ലിച്ചെഴുതുന്നതിലേക്കും (ബ) മറവല്ലസങ്കടനിവൃത്തിക്കുള്ള അപേക്ഷ കൂടാതെയിരുന്നാൽ വാരം കുറച്ചുകിട്ടുന്നതിനും (ന) ഒരു നിലത്തിലോ പുരയിടത്തിലോ നിന്നു കുടിയാനെ ജന്മി നിയമവിരോധമായി ഒഴിപ്പിച്ചിരിക്കുമ്പോൾ ആ നിലത്തിന്റെയോ പുരയിടത്തിന്റെയോ നടപ്പു വീണ്ടെടുക്കുന്നതിനും ആവലാധി കൊടുക്കുന്ന തീയതിക്കു അടുത്ത മുമ്പിലത്തെയാണ്ടിൽ ആ വസ്തുവിനു കൊടുക്കേണ്ടതായിരുന്ന വാരത്തിന്റെ സംഖ്യക്കു തക്കവണ്ണവും ആയിരിക്കേണ്ടതാകുന്നു.

പ്രതി തട്ടിക്കഴിപ്പാൻ നായിവാദിക്കുമ്പോൾ.

v. വല്ല വ്യവഹാരത്തിലും പ്രതി തട്ടിക്കഴിപ്പു ഉണ്ടെന്നു വാദിക്കുന്നതായാൽ, അതിലേക്കു അതിന്റെ വിവരങ്ങൾ അടങ്ങിയ ഒരു കാര്യവിവരപ്പത്രിക ഫൈൽ ചെയ്വാൻ അയാളോടു ആവശ്യപ്പെടേണ്ടതും അങ്ങനെയുള്ള കാര്യവിവരപ്പത്രികയെ അയാൾ കൊണ്ടുവരുന്ന ക്രാസ്‌വ്യവഹാരത്തിലെ അന്യായഹർജിയായി ഗണിക്കേണ്ടതും ഈ റെഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു അതിന്മേൽ കോർട്ടുഫീസ് അയാളുടെ പക്കൽ നിന്നു ഈടാക്കേണ്ടതും ആകുന്നു.

അപ്പീൽമെമ്മോറാണ്ഡത്തിനു ഫീസ്.

൭. (സർക്കാർ കാര്യത്തിലേക്കായി ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനുള്ള റെഗുലേഷനിലും വനം റെഗുലേഷനിലും വ്യവസ്ഥ ചെയ്തിരിക്കുന്ന അപ്പീൽ ഉൾപ്പെടെ) അപ്പീൽ മെമ്മോറാണ്ഡത്തിനൊ സിവിൽനടപടിനിയമം ൬൨൨-ാം വകുപ്പനുസരിച്ചു അപ്പീലിനെ ആക്ഷേപിക്കുന്ന മെമ്മോറാണ്ഡത്തിനൊ ഈ റെഗുലേഷൻ അനുസരിച്ചു അടക്കേണ്ടതായ ഫീസിന്റെ തുക, അതു അപ്പീൽ മെമ്മോറാണ്ഡത്തിലൊ ആക്ഷേപിക്കുന്ന മെമ്മോറാണ്ഡത്തിലൊ അവകാശപ്പെടുന്ന സങ്കടനിവൃത്തിക്കു മുൻ വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചു ഒരു വ്യവഹാരമായിരുന്നാലത്തെപ്പോലെ, കണക്കു കൂട്ടേണ്ടതാകുന്നു.

രണ്ടൊ അധികമൊ കാൎയ്യം ഉള്ളവ്യവഹാരങ്ങൾ.

൬. ഒരു വ്യവഹാരത്തിലെ അപ്പീൽ വ്യവഹാരത്തിലൊ രണ്ടൊ അധികമൊ വെവ്വേറെയുള്ള വിഷയങ്ങൾ ഉൾപ്പെട്ടിരുന്നാൽ ആ അവകാശങ്ങളിൽ ഓരോന്നിനുള്ള പ്രത്യേക വ്യവഹാരങ്ങളിൽ പ്രത്യേകം പ്രത്യേകമായി അന്യായഹർജികളൊ അപ്പീൽ മെമ്മൊറാണ്ഡങ്ങളൊ കൊടുക്കുന്നതായാൽ അവയ്ക്കു ഈ റെഗുലേഷൻപ്രകാരം എന്തുഫീസ് തീൎക്കേണ്ടിവരുമൊ അതിന്റെ ആകത്തുകയെ ആ അന്യായഹർജിക്കൊ അപ്പീൽ മെമ്മൊറാണ്ഡത്തിനൊ ചുമത്തേണ്ടതാകുന്നു.

അനേകം സങ്കടനിവൃത്തികൾക്കായി അപേക്ഷിച്ചിരിക്കുമ്പോൾ എത്രയും കൂടുതൽ ആയ ഫീസ്.

൭. ഒരേ വ്യവഹാരവിഷയത്തെപ്പററി അനേകം സങ്കടനിവൃത്തികൾ കാണിച്ചു അവയിൽ ഏതിനെങ്കിലും അപേക്ഷിച്ചിരുന്നാൽ ആ അന്യായ ഹർജിക്കൊ അപ്പീൽമെമ്മൊറാണ്ഡത്തിനൊ, ആ സങ്കടനിവൃത്തികളിൽ ഏതിനു കൂടുതൽ ഫീസുണ്ടൊ ആ ഫീസ് ചുമത്തേണ്ടതാകുന്നു.

കമ്പോളവിലനിൎണ്ണയിക്കാൻ അധികാരം.

൮. വൃക്ഷങ്ങൾ ഉൾപ്പെടെ ഏതെങ്കിലും സ്ഥാവരവസ്തുവിനു അന്യായഹർജിയിലൊ അപ്പീൽമെമ്മൊറാണ്ഡത്തിലൊ പറയപ്പെട്ടിരിക്കുന്ന കമ്പോളവില തെററായി കണക്കു കൂട്ടിട്ടുള്ളതാണെന്നു വിചാരിക്കുന്നതിനു കോട്ടിലേക്കു കാരണം കാണുന്നു എങ്കിൽ ഒടുക്കേണ്ടതായ ഫീസിനെ കണക്കു കൂട്ടേണ്ടതിലേക്കായി ആവശ്യപ്പെടാവുന്ന സ്ഥലവിചാരണയൊ മററൊ ചെയ്തു അതിനെപ്പററി കോർട്ടിൽ റിപ്പോർട്ടു ചെയ്യുന്നതിനു കോട്ടിൽനിന്നും തക്കതായ വല്ല ആളേയും കമ്മിഷനായി നിയമിച്ചയക്കാവുന്നതാകുന്നു. അങ്ങനെയുള്ള വല്ല വിചാരണയുടേയും ഫലമായി കമ്പോളവില കണക്കു കൂട്ടിട്ടുള്ളതു തെററായിട്ടാണെന്നു കോട്ടിൽ നിന്നും കാണുന്നു എങ്കിൽ അങ്ങനെ

തെററായി കണക്കുകൂട്ടിയാൽ നടപടി.

വച്ചിരുന്ന വില കൂടുതലായിരുന്നിട്ടുള്ളപക്ഷം ആ കൂടുതലിനായി ഒടുക്കിട്ടുള്ള ഫീസിനെ കോർട്ടിലെ യുക്തംപോലെ തിരിയെ കൊടുക്കാവുന്നതും കുറഞ്ഞുപോയിരുന്നപക്ഷം കമ്പോളവില ശരിയായി കണക്കു കൂട്ടപ്പെട്ടിരുന്നാൽ എത്ര കൂടുതലായി ഫീസ് തീൎക്കേണ്ടതായി വരുമൊ അത്രയും ഫീസ് കോർട്ടിൽ നിന്നും നിശ്ചയിക്കുന്ന ഒരു അവധിക്കകം ഒടുക്കുന്നതിനു കോർട്ടിൽ നിന്നു വാദിയോടു ആവശ്യപ്പെടേണ്ടതും ആകുന്നു. ആ അവധിക്കകം കൂടുതൽ ഫീസിനെ ഒടുക്കിയില്ലെങ്കിൽ വ്യവഹാരത്തെ തള്ളേണ്ടതാകുന്നു.

എന്നാൽ അപ്രകാരമുള്ള കൂടുതൽ ഫീസ് ഒടുക്കേണ്ട കാലാവധിയെ മുൻനിശ്ചയിച്ച കാലം അവസാനിക്കുന്നതിനു മുമ്പിലൊ പിമ്പിലൊ ആവശ്യം കോർട്ട് കൂട്ടി കൊടുക്കാവുന്നതാകുന്നു.

അനുഭവക്കാരുകൾക്കുള്ള വ്യവഹാരത്തിലും അപേക്ഷ തുകയിൽ നിന്നു കൂടുതലായ തുകയ്ക്കു തീൎപ്പാകുമ്പോഴും നടപടി.

൯. (മിൻപ്രാഫിക്റ്റ്സ്) അനുഭവക്കാരുകൾക്കൊ സ്ഥാവരവസ്തുവിനും അനുഭവക്കാരുകൾക്കും കൂടിയൊ കണക്കു തീൎക്കുന്നതിനൊ ഉള്ള വ്യവഹാരങ്ങളിൽ വിധിച്ചുകിട്ടിയ അനുഭവക്കാറൊ മുതലൊ വാദിക്കപ്പെട്ട അനുഭവക്കാറിലൊ അപേക്ഷിക്കപ്പെട്ട സങ്കടനിവൃത്തിക്കു വാദി വിലവച്ചിട്ടുള്ള തുകയിലൊ അധികപ്പെടുന്നു എങ്കിൽ വാസ്തവമായി ഒടുക്കിട്ടുള്ള ഫീസിനും ആവലാധിയിൽ അങ്ങിനെ വിധിച്ചുകിട്ടിയ അനുഭവക്കാറൊ മുതലൊ മുഴുവനും അടങ്ങിയിരുന്നാൽ കൊടുക്കേണ്ടിവരുമായിരുന്ന ഫീസിനും തമ്മിലുള്ള വ്യത്യാസം ആയ തുകയെ ഒടുക്കുന്നതുവരെ വിധി നടത്തരുതാത്തതാകുന്നു.

അനുഭവക്കാരിന്റെ വില വിധിനടത്തിൽവച്ചു തിട്ടപ്പെടുത്തി എന്നു വ ട്ടിരിക്കുമ്പോൾ, അങ്ങനെ തിട്ടപ്പെടുത്തുന്ന അനുഭവക്കാര അന്യായത്തിൽ ചോദിച്ചിരിക്കുന്ന അനുഭവക്കാരിനെക്കാൾ അധികപ്പെട്ടുന്നപക്ഷം വാസ്തവമായി ഒടുക്കീട്ടുള്ള ഫീസിനും മേൽപ്രകാരം തിട്ടപ്പെടുത്തിക്കണ്ട അനുഭവക്കാരുകൾ മുഴുവനും ആവലാധിയിൽ അടങ്ങിയിരുന്നാൽ ഒടുക്കേണ്ടി വരുമായിരുന്ന ഫീസിനും തമ്മിൽ ഉള്ള വ്യത്യാസം ആയ തുകയെ ഒടുക്കുന്നതുവരെ വിധിയെ മേൽ നടത്താതെ നിറുത്തിവെക്കേണ്ടതാകുന്നു.

കണക്കു തീർപ്പിക്കുന്നതിനോ ഭാഗം ചെയ്യുന്നതിനോ ഉള്ള വ്യവഹാരത്തിൽ വാദിയുടെ പക്കൽ നിന്നു വസ്തുവിനെ ഈടാക്കുന്നതിനു പ്രതിക്കു അവകാശം ഉണ്ടെന്നു കോർട്ട് കാണുന്നതായാൽ അതനുസരിച്ചു ഒരു വിധി കോർട്ട് കൊടുക്കാവുന്നതാകുന്നു. എന്നാൽ ഈ കൊടുക്കപ്പെട്ട സങ്കടനിവൃത്തിയുടെ മേൽ ഈ റെഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു പ്രതി കോർട്ടുഫീസ് ഒടുക്കുംവരെ പ്രതി അതിനെ നടത്തിച്ചു കൂടാത്തതാകുന്നു.

വിവരണം:—നംബർ പതിക്കുന്ന തീയതിമുതലും വിധി അവസാനമായി നടത്തിക്കൊടുക്കുന്ന തീയതിവരെയും ഉള്ള വ്യവഹാരവിഷയവസ്തുവിനു ചെല്ലേണ്ടതായി വരുന്ന അനുഭവക്കാരുകളുടെ സംഖ്യക്കോ പലിശക്കോ കോർട്ടുഫീസ് അസൽ വ്യവഹാരാധികാരമുള്ള കോർട്ടിൽ തീർപ്പുകൽപ്പിക്കുന്നതിനു അധികാരം ഉണ്ടെന്നു ഈ വകുപ്പിൽ യാതൊന്നുകൊണ്ടും അർത്ഥമാക്കുകയും അരുത്.

വില മതിപ്പിനെപ്പറ്റിയുള്ള തക്കങ്ങളിൽ തീർച്ച.	൨൦. ഈ റെഗുലേഷൻപ്രകാരം തീർപ്പിക്കേണ്ടതായ ഫീസിനെ നിശ്ചയപ്പെടുത്തുന്നതിലേക്കുള്ള വിലമതിപ്പിനെപ്പറ്റിയുള്ള എല്ലാ തക്കവും ഏതു കോർട്ട് മുൻപാകെ ഉത്ഭവിക്കുന്നുവോ ആ കോർട്ടിൽ നിന്നും അതതു തീരുമാനിക്കപ്പെടേണ്ടതാകുന്നു. വ്യവഹാരത്തെയോ അപ്പീൽവ്യവഹാരത്തെയോ തെററായി വിലമതിച്ചു എന്നുള്ള കാരണത്തിന്മേൽ

തള്ളുന്ന സംഗതികളിൽ ഒഴികെ കോർട്ടിലെ ഉത്തരവു ആ വിസ്താരപ്രവൃത്തിയിലെ കക്ഷികളെ സംബന്ധിച്ചിടത്തോളം അവസാന തീർച്ചയായിരിക്കയും ചെയ്യും.

എന്നാൽ അങ്ങനെയുള്ള വല്ല വിസ്താരപ്രവൃത്തിയും അപ്പീലായി കേൾക്കയോ പരിശോധിക്കയോ സംശയനിവൃത്തി വരുത്തുകയോ ചെയ്യുന്ന ഒരു കോർട്ടു മുമ്പാകെ വരികയും സങ്കടക്കാരനു ദോഷം വരത്തക്കവണ്ണം മേൽ പറയപ്പെട്ട തക്കം തെററായി തീരുമാനിക്കപ്പെട്ടതാണെന്നു ആ കോർട്ടിൽനിന്നു വിചാരിക്കയും ചെയ്യുന്നു എങ്കിൽ ഫീസ് ഒടുക്കാനുള്ള കക്ഷിയോടു ആ കോർട്ടിൽ നിന്നു നിശ്ചയിക്കുന്ന ഒരു അവധിക്കകത്തു (ഈ അവധിയെ തന്റെ യുക്തംപോലെ കൂട്ടിക്കൊടുക്കുന്നതിനു കോർട്ടിനു അധികാരമുണ്ട്.) ആ കൂടുതൽ ഫീസ് കൊടുക്കുന്നതിനു ആ കോർട്ട് ആജ്ഞാപ്പിക്കേണ്ടതും ആ കൂടുതൽ ഫീസ് ഒടുക്കാത്തപക്ഷം കൂടുതൽ ഫീസ് ഈടാക്കാനുള്ള ആ വ്യവഹാരത്തെയോ അപ്പീൽ വ്യവഹാരത്തെയോ ഹർജിയെയോ തള്ളേണ്ടതും ആകുന്നു.

കോർട്ടുഫീസ് തിരിച്ചു കൊടുക്കാൻ എപ്പോൾ കോർട്ടിനു ഉത്തരവു കൊടുക്കാം.	൨൧. താഴെ പറയുന്ന സംഗതികളിലും താഴെ വ്യവസ്ഥ ചെയ്യപ്പെട്ടിടത്തോളവും കോർട്ട്ഫീസിനെ തിരിച്ചു കൊടുക്കുന്നതിനു കോർട്ടുകൾ ഉത്തരവു കൊടുക്കാവുന്നതാകുന്നു:—

(എ) ഒരു വ്യവഹാരമോ അപ്പീൽ വ്യവഹാരമോ രാജിപ്പെട്ടു തീരുമ്പോഴോ അല്ലെങ്കിൽ യാതൊരു വിചാരണയും കൂടാതെ കക്ഷികളുടെ സമ്മതത്തിന്മേൽ മാത്രം ഒരു വ്യവഹാരം തീരുമാനിക്കപ്പെടുമ്പോഴോ കാര്യത്തി

ൻെറ അവസ്ഥപോലെ ആ അന്യായഹർജിക്കൊ അപ്പീൽ മെമ്മൊറാണ്ഡത്തിനൊ ഒടുക്കീട്ടുള്ള കോർട്ടുഫീസിൽ ഒന്നപാതിയും,

(ബി) ഒരു വ്യവഹാരം നൂതനമായി വിസ്തരിച്ചു തീരുമാനിക്കുന്നതിനു കീഴ്കോർട്ടിലേക്കു തിരിയെ അയക്കുമ്പോൾ,

(൧) റിമാൻഡ് ഉത്തരവിൽ വ്യവഹാരം മുഴുവനും അടങ്ങുന്നു എങ്കിൽ അപ്പീൽ മെമ്മൊറാണ്ഡത്തിനു ഒടുക്കിട്ടുള്ള കോർട്ടുഫീസ് മുഴുവനും,

(൨) റിമാൻഡ് ഉത്തരവിൽ വ്യവഹാരവിഷയ വസ്തുവിൻെറ ഭാഗമൊ ഭാഗങ്ങളൊ മാത്രം അടങ്ങുന്നു എങ്കിൽ ഏതു ഭാഗമൊ ഭാഗങ്ങളൊ സംബന്ധിച്ചു വ്യവഹാരത്തെ റിമാൻഡ് ചെയ്യൊ ആ ഭാഗത്തിനൊ ഭാഗങ്ങൾക്കൊ ഒടുക്കേണ്ടതായി വരുന്നിടത്തോളവും ഉള്ള ഫീസ് മാത്രവും,

(സി) ആദ്യവ്യവഹാരകോട്ടോ അപ്പീൽകോട്ടോ കക്ഷികളുടെ ഉദാസീനതയിൻപേരിലല്ലാതെ നിയമമൊ കാര്യമൊ തെററായി ധരിച്ചുപോയി എന്നുള്ള കാരണത്തിൻപേരിൽ അതിൻെറ മുൻപിലത്തെ വിധിയെ പുനർവിചാരണയിൽ മാററി വിധിക്കയൊ ഭേദപ്പെടുത്തുകയൊ ചെയ്യുമ്പോൾ,

(൧) മാററിവിധിക്കുന്ന സംഗതികളിൽ കോർട്ടിലേക്കു ഹർജികൾക്കു കൊടുക്കേണ്ടതായ ഫീസ് പോകെ പുനർവിചാരണക്കുള്ള അപേക്ഷക്കു ഒടുക്കീട്ടുള്ള ഫീസ് മുഴുവനും,

(൨) ഭേദപ്പെടുത്തുന്ന സംഗതികളിൽ, പുനർവിചാരണക്കുള്ള അപേക്ഷ വിധിയിൽ ഭേദപ്പെടുത്തപ്പെട്ട ഭാഗത്തിലേക്കു മാത്രം ആയിരുന്നാൽ എന്തു ഫീസ് കൊടുക്കേണ്ടിവരുമൊ അത്രയും ഫീസ് മാത്രവും ആകുന്നു.

എന്നാൽ ആദ്യത്തെ വിചാരണയിൽ ഹാജരാക്കാമായിരുന്ന തെളിവിനെ നൂതനമായി ഹാജരാക്കിയനിമിത്തം ആദ്യവിധി മുഴുവനുമൊ അതിൻെറ ഒരു ഭാഗമൊ മാററപ്പെടുകയൊ ഭേദപ്പെടുത്തപ്പെടുകയൊ ചെയ്താൽ ഈ വകുപ്പിൽ പറഞ്ഞ യാതൊന്നുംതന്നെ (സി) ഖണ്ഡപ്രകാരം ആ അപേക്ഷക്കാരനു ഫീസ് തിരിയെ വാങ്ങുന്നതിലേക്കു അവകാശം സിദ്ധിക്കുന്നതല്ലാ.

(ഡി) ഒരു കീഴ്കോർട്ട് തള്ളീട്ടുള്ള അന്യായഹർജിയേയൊ അപ്പീലിനേയൊ സ്വീകരിക്കുന്നതിനു ഒന്നാം അപ്പീൽകോട്ടോ രണ്ടാം അപ്പീൽകോട്ടോ സിവിൽ നടപടി നിയമത്തിൽ വിവരിച്ചിട്ടുള്ള കാരണങ്ങളിൽ വല്ലതിന്മേലും ഉത്തരവു കൊടുക്കുമ്പോൾ നൂതനമായി വിസ്തരിച്ചു തീരുമാനിക്കുന്നതിനു തിരിയെ അയക്കുന്ന സംഗതിയിൽ എന്നപോലെ ഫീസ് മുഴുവനുമോ അത്രയും ഭാഗമോ;

(ഇ) വിധിന്യായത്തിൻെറ പുനർവിചാരണക്കായി ഒരു അപേക്ഷ വിധിത്തീയതിമുതൽ തൊണ്ണൂറാംദിവസമൊ അതിൽപിന്നീടൊ മുഴുവൻഫീസ് ഒടുക്കിബോധിപ്പിക്കുമ്പോൾ താമസം അപേക്ഷകൻെറ ഉദാസീനതയാൽ ഉണ്ടായതല്ലെന്നു കോർട്ട് കാണുന്നതായാൽ ആ ദിവസത്തിനു മുമ്പു ആ അപേക്ഷ കൊടുത്തിരുന്നാൽ ഒടുക്കേണ്ടിയിരിക്കുമായിരുന്ന ഫീസിനെ കവിഞ്ഞുള്ളതായ ആ അപേക്ഷക്കു കൊടുത്തിട്ടുള്ള ഫീസിൻെറ അംശം.

വിധിയിൽ അപ്പീൽ ചെയ്യിട്ടില്ലാത്ത ഭാഗത്തെപ്പററി തക്കിക്കുമ്പോൾ കൂടുതൽ ഫീസ്

൧൨. വിധിയിൽ അപ്പീൽ ചെയ്യിട്ടില്ലാത്ത ഭാഗത്തെപ്പററി ഒരു അപ്പീൽ പ്രതിക്കു തക്കിക്കണം എന്നുണ്ടായിരുന്നാൽ ആ ഭാഗത്തെക്കൂടി അപ്പീൽ ആവലാധിയിൽ ഉൾപ്പെടുത്തിയിരുന്നാൽ കൂടുതലായി ഏതു ഫീസ് കൊടുക്കേണ്ടിവരുമൊ ആ കൂടുതൽ ഫീസിനെ വിചാരണക്കു വച്ചിരിക്കുന്നതിയതിക്കു ഏഴുദിവസം മുമ്പയൊ അല്ലെങ്കിൽ പ്രത്യേകമായ അപേക്ഷയിന്മേൽ കോർട്ടിലേക്കു യുക്തം എന്നു തോന്നി കൊടുക്കുന്ന കൂടുതൽ അവധിക്കകത്തൊ അപ്പീൽ പ്രതി കൊടുത്താലല്ലാതെ അതിലേക്കു പാടുള്ളതും അല്ലാ.

൧൩. ഈ റെഗുലേഷനിൽ അടങ്ങിയിട്ടുള്ള യാതൊന്നുകൊണ്ടും താഴെ പറയപ്പെടുന്ന പ്രമാണങ്ങൾ യാതൊരു ഫീസും ചുമത്തിക്കൂടുന്നതല്ല.—

ഏതുതരം പ്രമാണങ്ങൾക്ക വ്യാപ്തം.

(എ) വിധവകളുടെ അവസ്ഥപോലെ ഉള്ള ഫീസ് ചുമത്തേണ്ടവയല്ലാത്ത കയ്യ്വിവപ്പേരുകൾ,

(ബി) തെളിവുകൊടുക്കുന്നതിനൊ ആധാരങ്ങൾ ഹാജരാക്കുന്നതിനൊ ഒരു പ്രമാണം ഹാജരാക്കേണ്ട കാര്യത്തെപ്പററിയൊ ഒരു സാക്ഷിക്കൊ സാക്ഷികൾക്കൊ സമൻസ് അയപ്പാനുള്ള ആദ്യത്തെ അപേക്ഷ,

(സി) തടവിലൊ വല്ല ക്രിമിനൽ കോർട്ടിലൊ ആകട്ടെ അതിലെ ഉദ്യോഗസ്ഥന്മാരുടെ ആകട്ടെ തടങ്ങലിലൊ ഇരിക്കുന്ന ഒരു തടവുകാരൻ ബോധിപ്പിക്കുന്ന ഹർജിയൊ അപ്പീൽ ആവലാധിയൊ അവൻ എഴുതിയേല്പിച്ചു കൊടുക്കുന്ന വക്കാലത്തൊ ഇവയും തടവിൽ ഇരിക്കുന്ന സിവിൽ കടക്കാർ ബോധിപ്പിക്കുന്ന ഹർജികളും,

(ഡി) വിധി നടത്തുന്നതിന്റെ അതിലേക്ക സഹായമായി ചില നടപടികൾ കൂടി നടത്തണം എന്നു വിധിയുടമസ്ഥൻ ബോധിപ്പിക്കുന്ന ഹർജികൾ; എന്നാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫീസ ആദ്യത്തെ ഹർജിക്ക കൊടുത്തിരിക്കയും വിധിനടത്തൽ സംഗതി ഫൈലിൽ കിടക്കയും വേണം,

(ഇ) വ്യവഹാരങ്ങളിലെയൊ വിസ്താരപ്രവൃത്തികളിലെയൊ ജഡ്ജിമെണ്ടിന്റേയും വിധികളുടേയും ആകട്ടെ അല്ലെങ്കിൽ ഉത്തരവിന്റേയൊ റിക്കാർഡുകളുടേയൊ ആകട്ടെ പകൎപ്പുകിട്ടുന്നതിന്ന ഗവർണ്മെണ്ടിൽനിന്നു ചെയ്യുന്ന അപേക്ഷകൾ,

(എഫ്) വിധിനടത്തുന്നതിൽ വസ്തുക്കളെ ജപ്തിചെയ്യുന്നതിനുള്ള ആക്ഷേപങ്ങൾ ആ ആക്ഷേപങ്ങൾ ഗവർണ്മെണ്ടൊ ഗവർണ്മെണ്ടിനുവേണ്ടിയൊ കൊടുക്കുമ്പോൾ,

(ജി) അപ്പീലില്ലാത്ത വ്യവഹാരങ്ങളിൽ വിധി നടത്തുന്നതിന ഉള്ളതല്ലാത്ത മുൻസിഫ്മാരുടെ മുൻപാകെ കൊടുക്കുന്ന ഹർജികൾ,

(എച്ച്) ൧൧-ാം വകുപ്പനുസരിച്ചു തിരിച്ചു കൊടുക്കാൻ ഉത്തരവു കൊടുത്തിട്ടുള്ള ഉരുപ്പടികൾക്കുള്ള അപേക്ഷകൾ,

(ഐ) തിരുവിതാംകോട്ടു ശിക്ഷാനിയമത്തിൽ വിവരിച്ചിരിക്കുന്ന വിധത്തിൽ ഉള്ള ഒരു സർക്കാർജീവനക്കാരൻ കൊടുക്കുന്ന ക്രിമിനൽ ആവലാധികൾ.

(ജെ) അപേക്ഷക്കാരന്നു ഗവർണ്മെണ്ടിൽ നിന്നു ചെല്ലേണ്ടതായ പണം കിട്ടുന്നതിനായുള്ള അപേക്ഷ.

(കെ) സർക്കാർ കാര്യങ്ങൾക്കായി വസ്തു ഒഴിപ്പിച്ചു എടുക്കുന്നതിനെ സംബന്ധിച്ചു തൽക്കാലം നടപ്പിലിരിക്കുന്ന വല്ല നിയമവും അനുസരിച്ചു പൊന്നുംവില കിട്ടുന്നതിനുള്ള അപേക്ഷ,

(എൽ) വല്ല കുററത്തെയും സംബന്ധിച്ചു ഒരു പോലീസ് ആഫീസർക്കു കൊടുക്കുന്ന ഹർജിയൊ, അപേക്ഷയൊ, കുററവിവരണമൊ, അറിവൊ,

൨-ാം അദ്ധ്യായം.

പ്രാസസ്സ്ഫീസ്.

൧൪. ൧-ാമത. ഹൈക്കോട്ടിലും മററു സിവിൽ കോർട്ടുകളിലും ക്രിമിനൽകോർട്ടുകളിലും നിന്നു അയക്കപ്പെടുന്ന പ്രാസസ്സുകളെ നടത്തുന്നതിനു ചുമത്തേണ്ടതായ ഫീസും:

പ്രാസെസ്സ്ഫീസിനെപ്പററി ഹൈക്കോട്ടിൽ നിന്നു ചട്ടം ഉണ്ടാക്കാം.

൬-ാമതു. അപ്രകാരം ഉള്ള ഓരോ കോട്ടിലേക്കും പ്രാസെസ് നടത്തുന്നതിന വേണ്ടുന്ന ജീവനക്കാരുടെ എണ്ണവും അവരുടെ ശമ്പളവും,

൭-ാമതു. പ്രാസസ്ഫീസ് തിട്ടപ്പെടുത്തേണ്ട കാൎയ്യവും, വകക്ക ചട്ടങ്ങൾ ഹൈക്കോർട്ട് ഉണ്ടാക്കേണ്ടതാകുന്നു.

ഹൈക്കോർട്ടിൽനിന്നു അപ്പൊഴപ്പോൾ ആ ചട്ടങ്ങളെ ഭേദപ്പെടുത്തുകയും അവയിൽ കൂടുതൽ ചട്ടങ്ങൾ ഉണ്ടാക്കിച്ചേക്കയും ചെയ്യാവുന്നതാകുന്നു.

അങ്ങനെയുള്ള എല്ലാ ചട്ടങ്ങളേയും അവയിൽ ഭേദപ്പെടുത്തുകയും കൂട്ടുകയും ചെയ്യുന്നതിനേയും നമ്മുടെ ഗവൺമെണ്ട് സ്ഥിരപ്പെടുത്തുകയും അനുവദിക്കയും ചെയ്തതിന്റെശേഷം സക്കാർ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അതിന്മേൽ അവ നിയമപ്രാബല്യം ഉള്ളവയായിരിക്കുന്നതുമാകുന്നു.

റവന്യൂ കോർട്ടുകൾ നമ്മുടെ ഗവൺമെൻറു ഉണ്ടാക്കുന്ന ചട്ടങ്ങൾ അനുസരിച്ച് ക്രമപ്പെടുത്തപ്പെടുന്നതാകുന്നു. ഗവൺമെണ്ടിനു അങ്ങനെയുള്ള ചട്ടങ്ങളെ അതാതുകാലം ഭേദപ്പെടുത്തുകയും അവയോടു കൂടുതലായി ചട്ടങ്ങൾ ഉണ്ടാക്കിച്ചേക്കയും ചെയ്യാം.

അങ്ങനെയുള്ള എല്ലാ ചട്ടങ്ങളേയും അവയിൽ ഭേദപ്പെടുത്തുകയും കൂട്ടുകയും ചെയ്യുന്നതിനേയും സക്കാർ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അതിന്മേൽ അവ നിയമപ്രാബല്യം ഉള്ളവയായിരിക്കുന്നതുമാകുന്നു.

ഈ റെഗുലേഷൻ അനുവദിക്കപ്പെടുന്ന തീയതിക്കു നടപ്പിലിരിക്കുന്ന ചട്ടങ്ങൾ നൂതനചട്ടങ്ങൾ അനുവദിക്കപ്പെടുന്നതുവരെ മേലും നടപ്പായിരിക്കയും ചെയ്യും.

പ്രാസസ്ഫീസിനപട്ടിക.

൨൫. പ്രാസസ് നടത്തുന്നതിലേക്കു ചുമത്തേണ്ട ഫീസിനെ കാണിക്കുന്നതായി ഒരു പട്ടിക ഇംഗ്ലീഷിലും മലയാളത്തിലും തമിഴിലും അതാതു കോർട്ടിൽ എല്ലാവരും കാണത്തക്കതായുള്ള ഭാഗത്തു വയ്ക്കേണ്ടതാകുന്നു.

൭-ാം അദ്ധ്യായം.

ഫീസ് വസൂലാക്കേണ്ട വിധം.

ഫീസ് മുദ്രയായി വസൂലാക്കണം.

൨൬. ഈ റെഗുലേഷൻപ്രകാരം ചുമത്തപ്പെടുന്ന എല്ലാ ഫീസും മുദ്രയായിട്ടു വസൂലാക്കേണ്ടതാകുന്നു.

മുദ്രകൾ ഒട്ടുമുദ്രയോ അടിച്ച മുദ്രയോ ആയിരിക്കാം.

൨൭. ഈ റെഗുലേഷൻപ്രകാരം തീർപ്പിക്കേണ്ടതായ പല്ല ഫീസിനേയും കാണിക്കാനായി ഉപയോഗിക്കുന്ന മുദ്രകൾ നമ്മുടെ ഗവൺമെണ്ട്, അതാതു കാലം സക്കാർ ഗസററിൽ പരസ്യത്താൽ ആജ്ഞാപിക്കുന്നതുപോലെ, അടിച്ച മുദ്രയായിട്ടോ ഒട്ടുമുദ്രയായിട്ടോ ഏതാനുംഭാഗം അടിച്ചമുദ്രയും ഏതാനുംഭാഗം ഒട്ടുമുദ്രയും ആയിട്ടോ, ഇരിക്കേണ്ടതാകുന്നു.

മുദ്രകൾ കൊടുത്തയക്കുന്നതിനെയും അവയുടെ എണ്ണത്തെയും ചെലുത്തപ്പിക്കലിനെയും കണക്കുകൾ വയ്ക്കുന്നതിനെയും കുറിച്ചുള്ള ചട്ടങ്ങൾ.

൭൨. (എ) ഈ റെഗുലേഷൻപ്രകാരം ഉപയോഗിക്കാനുള്ള മുദ്രകൾ ഉണ്ടാക്കി കൊടുക്കുന്നതിനെയും;

(ബി) ഈ റെഗുലേഷൻപ്രകാരം ചുമത്തേണ്ടതായ വല്ല ഫീസും കണക്കുന്നതിനായി ഉപയോഗിക്കുന്നതിനുള്ള മുദ്രകളുടെ എണ്ണവും (അവകൾ അടിച്ച മുദ്രകളോ ഒട്ടുമുദ്രകളോ എന്നുള്ള) വിവരവും;

(സി) ചേതപ്പെട്ടോ കേടുവന്നോ പോയ മുദ്രകളെ എടുത്തു പുതുപ്പിക്കുന്ന കാര്യത്തെയും;

(ഡി) ഈ റെഗുലേഷൻപ്രകാരം ഉപയോഗിക്കപ്പെടുന്ന എല്ലാ മുദ്രകളുടെയും വകയ്ക്കു കണക്ക വയ്ക്കുന്ന കാര്യത്തെയും;

(ഇ) കോർട്ടുഫീസോ പ്രാസസ്ഫീസോ തിരിയെ കൊടുപ്പിക്കേണ്ട വിധത്തെയും;

(എഫ്) ൨൭-ാം വകുപ്പിൽ കാണിച്ചിരിക്കുന്ന വിധത്തിൽ കൂടുതലായ വിധത്തിൽ ആ മുദ്രകളെ റദ്ദ് ചെയ്യുന്നതിനെയും;

ക്രമപ്പെടുത്തുന്നതിനെപ്പററി ചട്ടങ്ങൾ നമ്മുടെ ഗവണ്മെണ്ട്, അങ്ങനെയുള്ള സംഗതിയിൽ, അപ്പഴപ്പോൾ ഉണ്ടാക്കാവുന്നതാകുന്നു.

അങ്ങനെയുള്ള ചട്ടങ്ങളെ എല്ലാം സർക്കാർ ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അതിന്മേൽ അവ നിയമപ്രാബല്യം ഉള്ളവയായിരിക്കുന്നതുമാകുന്നു.

തെററായി ഫീസുവാങ്ങിച്ച രേഖകളിൽ ശരിയായ ഫീസ് ചുമത്തുക.

൭൩. ഈ റെഗുലേഷൻ അനുസരിച്ചു ഒരു മുദ്ര ഉണ്ടായിരിക്കേണ്ടതായ യാതൊരു രേഖക്കും അതിന്നു ശരിയായ മുദ്ര പതിക്കുന്നതു വരെയും പതിച്ചാലല്ലാതെയും യാതൊരു സാധുതയും ഇല്ല.

എന്നാൽ ആ വല്ല രേഖയേയും തെററോ സൂക്ഷ്മക്കുറവോ നിമിത്തം ശരിയായ മുദ്ര പതിക്കപ്പെടാതെ വല്ല കോർട്ടോ കച്ചേരിയോ സ്വീകരിക്കയോ ഫൈലാക്കുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യുമ്പോൾ കാര്യത്തിന്റെ അവസ്ഥപോലെ സിവിലും ക്രിമിനലും കോർട്ടുകളിൽ അദ്ധ്യക്ഷം വഹിക്കുന്നയോ മുമ്പനായോ ഇരിക്കുന്ന ജഡ്ജിയോ, കച്ചേരിയിലെ മേലുദ്യോഗസ്ഥനോ, തന്റെ ഹൈക്കോർട്ടിലായിരുന്നാൽ ആ കോർട്ടിലെ ഏതെങ്കിലും ഒരു ജഡ്ജിയോ, താൻ യുക്തമെന്നു വിചാരിക്കുന്നുവെങ്കിൽ താൻ ആജ്ഞാപിക്കുന്ന മാതിരിയിൽ ആ രേഖയിൽ മുദ്ര പതിക്കുന്നതിനു ഉത്തരവു കൊടുക്കാവുന്നതാകുന്നു. അതനുസരിച്ചു ആ രേഖകൾക്കു മുദ്ര പതിക്കപ്പെട്ടാൽ അവയും അവ സംബന്ധമായ ഓരോ നടപടിയും അവ ആദ്യമെതന്നെ മുദ്ര പതിക്കപ്പെട്ടിരുന്നാൽ എന്നപോലെ സാധുവായിരിക്കുന്നതാകുന്നു.

കോർട്ട് ബാധ്യതപ്പെട്ട കക്ഷിക്ക നോട്ടീസ് കൊടുക്കയും അയാളുടെ പ്രതിവാദം കേൾക്കയും ചെയ്തതിന്റെശേഷം അയാൾ കൊടുക്കേണ്ടതും എന്നാൽ കൊടുത്തിട്ടില്ലാത്തതുമായ വല്ല കോർട്ട്ഫീസിനെയും, ഈടാക്കുന്നതിനുള്ള ചിലവുകളോടുകൂടി, അയാളിൽനിന്ന ഈടാക്കുന്നതിന സക്കാരിന അനുകൂലമായി ഒരു ആജ്ഞ കൊടുക്കാവുന്നതുമാകുന്നു. മേല്പറയപ്പെട്ട ആജ്ഞ സക്കാരിന അനുകൂലമായ ഒരു വിധിയായിരുന്നാൽ എന്നപോലെ സക്കാർ അതിനെ ഈടാക്കാവുന്നതാകുന്നു.

തെററു വരുത്തിയ രേഖ.

൨൦. വല്ല രേഖയെയും തെററു തിരുത്തുന്നതിനും കക്ഷികളുടെ ആദ്യ വിചാരത്തിന അനുരൂപമാക്കുന്നതിനും മാത്രമായിട്ടും ഭേദപ്പെടുത്തുമ്പോൾ അതിന ഒരു നൂതന മുദ്ര പതിക്കുന്നതു അവശ്യമില്ലാത്തതാകുന്നു.

മുദ്ര റദ്ദ് ചെയ്യൽ.

൨൧. ഈ റെഗുലേഷൻ അനുസരിച്ചു മുദ്ര ഉണ്ടായിരിക്കേണ്ടതായ യാതൊരു രേഖയെയും ആ മുദ്ര റദ്ദ് ചെയ്യപ്പെട്ടാലല്ലാതെ വല്ല കോർട്ടിൽ എങ്കിലും ആഫീസിൽ എങ്കിലും യാതൊരു വിസ്താരപ്രവൃത്തിയിലും ഫൈലാക്കയൊ ഉപയോഗപ്പെടുത്തുകയൊ ചെയ്തുകൂടുന്നതല്ല.

കോർട്ടൊ ആഫീസിലെ മേലധികാരിയൊ അതാതുകാലം നിയമിക്കാവുന്ന ഉദ്യോഗസ്ഥൻ അങ്ങനെയുള്ള വല്ല രേഖയെയും വാങ്ങിക്കുമ്പോൾ മുദ്രയുടെ വിലയെ കാണിക്കുന്ന തുകയെ കേടുവരുത്താതെ തന്നെ വച്ചുകൊണ്ടു അതിലുള്ള രൂപത്തെ ഉടൻതന്നെ തുളയടിച്ചു റദ്ദ് ചെയ്യേണ്ടതും അങ്ങനെ തുളച്ചെടുത്തതായ ഭാഗത്തെ ചുടുകയൊ മററുവിധത്തിൽ നശിപ്പിക്കയൊ ചെയ്യേണ്ടതുമാകുന്നു.

൪-ാം അദ്ധ്യായം.

പലവക.

ഫീസിനെ കുറയ്ക്കുന്നതിനൊ മാപ്പാക്കുന്നതിനൊ അധികാരം.

൨൨. നമ്മുടെ ഗവണ്മെണ്ട് അതാതുകാലം സക്കാർ ഗസററിൽ പരസ്യത്താൽ തിരുവിതാംകൂറു സംസ്ഥാനം മുഴുവനിലൊ അതിന്റെ വല്ല ഭാഗത്തിലൊ ഈ റെഗുലേഷനോടു ചേർത്തിരിക്കുന്ന പട്ടികകളിൽ വിവരിച്ചിരിക്കുന്ന എല്ലാമൊ ഏതെങ്കിലുമൊ ഫീസിനെ കുറവു ചെയ്കയൊ മാപ്പാക്കയൊ ചെയ്യാവുന്നതാകുന്നു. അതെവിധത്തിൽതന്നെ അപ്രകാരമുള്ള ഉത്തരവിനെ റദ്ദാക്കയൊ മാററുകയൊ ചെയ്യാവുന്നതുമാകുന്നു.

ക്രിമിനൽകോർട്ടുകളിൽ കൊടുക്കുന്ന ആവലാധികൾക്കുള്ള ഫീസിനെ തിരിച്ചു കൊടുക്കൽ.

൨൩. പോലീസ് ആഫീസർമാക്ക വാറണ്ടു കൂടാതെ പിടിക്കാവുന്നതായ കുററം അല്ലാത്ത ഒരു കുററത്തെ ഒരുത്തന്റെ മേൽ ചുമത്തി ആവലാധിയൊ ഹർജിയൊ എപ്പോൾ എങ്കിലും ഒരു ക്രിമിനൽ കോർട്ടുമുമ്പാകെ കൊടുക്കപ്പെടുമ്പോൾ ആ കോർട്ടിൽനിന്നും കുററം ചുമത്തപ്പെട്ട ആളിന്റെ പേരിൽ കുററം സ്ഥാപിക്കുന്നു എങ്കിൽ അവന്റെമേൽ നിശ്ചയിക്കുന്ന പ്രായശ്ചിത്തം കൂടാതെ ആ ഹർജിക്കൊ ആവലാധിക്കൊ ഒടുക്കീട്ടുള്ള ഫീസും കൂടി ആവലാധിക്കാരന അവനെക്കൊണ്ടു കൊടുപ്പിക്കുന്നതിന ആജ്ഞാപിക്കുകയും വേണം.

ഈ വകുപ്പിലെ മുമ്പിലത്തെ ഖണ്ഡത്തിൽ വിവരിച്ചിരിക്കുന്ന കേസുകളിൽ പ്രാസെസ്സുകൾ നടത്തുന്നതിനു ആവലാധിക്കാരൻ ഫീസ് അടച്ചിരിക്കുമ്പോൾ കോർട്ട് കുററം ചുമത്തപ്പെട്ടവന്റെമേൽ കുററം സ്ഥാപിക്കുന്നതായാൽ അവനോടു വിധിക്കുന്ന ശിക്ഷക്കു പുറമെ ആവലാധിക്കാരനു അപ്രകാരമുള്ള ഫീസിനെ കൂടി മടക്കി കൊടുക്കുന്നതിനു കുററക്കാരനോടു ആജ്ഞാപിക്കേണ്ടതാകുന്നു.

ഈ വകുപ്പു അനുസരിച്ചു മടക്കിക്കൊടുക്കാൻ ആജ്ഞാപിക്കുന്ന എല്ലാ ഫീസുകളേയും അവകോർട്ടു വിധിച്ച പിഴയായിരുന്നാൽ എന്നപോലെ ഈടാക്കാവുന്നതാകുന്നു.

൨൪. ശരിയായഫീസ് അടച്ചിട്ടില്ലാത്ത ഒരു രേഖയെ ഒരു ക്രിമിനൽ കോർട്ടിൽ ഫൈലാക്കുകയൊ കാണിക്കുകയൊ ചെയ്യുന്നതു, ആ കോർട്ടിലെ അദ്ധ്യക്ഷം വഹിക്കുന്നതിനു ജഡ്ജിയുടെ അഭിപ്രായത്തിൽ, നീതി തെററിപ്പോകാതെ തടുക്കുന്നതിനു ആവശ്യമായിരിക്കുമ്പോൾ എല്ലാ ൩-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും അങ്ങനെ ഫൈലാക്കുന്നതിനേയൊ ഹാജരാക്കുന്നതിനേയൊ തടുക്കുന്നതായി വിചാരിച്ചുകൂടാ.

ക്രിമിനൽ കേസുകളിൽ ശരിയായ ഫീസ് അടച്ചിട്ടില്ലാത്ത രേഖകളെ സ്വീകരിക്കുക.

൨൫. ഈ റെഗുലേഷൻ അനുസരിച്ചു ഉപയോഗിക്കേണ്ട മുദ്രകളുടെ വില്പനയേയും ഏതേതു ആളുകൾ മാത്രമെ അപ്രകാരം വില്പനകൾ നടത്താവു എന്നതിനേയും അങ്ങനെയുള്ള ആളുകളുടെ കൃത്യങ്ങളേയും പ്രതിഫലത്തേയും ക്രമപ്പെടുത്തുന്നതിലേക്കു ചട്ടങ്ങൾ നമ്മുടെ ഗവർണ്മെണ്ടു് അതാതു കാലം ഉണ്ടാക്കാവുന്നതാകുന്നു.

മുദ്രകളുടെ വില്പന.

അങ്ങനെയുള്ള എല്ലാ ചട്ടങ്ങളേയും സർക്കാർ ഗസെററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അതിന്മേൽ അവ നിയമപ്രാബല്യം ഉള്ളവയായിരിക്കുന്നതും ആകുന്നു.

ഈ വകുപ്പു അനുസരിച്ചു ഉണ്ടാക്കപ്പെട്ട വല്ല ചട്ടത്തേയും ലംഘിക്കുന്ന മുദ്രകൾ വില്ക്കാൻ നിയമിക്കപ്പെട്ട വല്ലയാളും അപ്രകാരം നിയമിക്കപ്പെടാതിരിക്കെ വല്ലമുദ്രയും വില്ക്കുകയൊ വില്ക്കാനായി കാണിക്കുകയൊ ചെയ്യുന്ന വല്ലയാളും ആറു മാസം കാലത്തോളം വരാവുന്ന തടവോ അഞ്ഞൂറു രൂപായോളം വരാവുന്ന പിഴയൊ അല്ലെങ്കിൽ രണ്ടുംകൂടെയൊ കൊണ്ടു ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

പട്ടിക ൧.

വിലയുടെ അവസ്ഥപോലുള്ള ഫീസിന്റെ വിവരം.

	വിവാദവിഷയത്തിന്റെ വിലയൊ സംഖ്യയൊ		തീൎപ്പിക്കേണ്ടതായ ഫീ
	താഴെ കാണിച്ചിരിക്കുന്ന തുകയിൽ കവിയുമ്പോൾ	താഴെ കാണിച്ചിരിക്കുന്ന തുകയിൽ കവിയാതെ ഇരിക്കുമ്പോൾ	
൧. വല്ല സിവിൽകോട്ടിലൊ റെവന്യൂകോട്ടിലൊ കൊടുക്കുന്ന എതിർ ആക്ഷെപഹൎജ്ജികൾക്കൊ ഈ റെഗുലെഷനിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ആവലാധികൾക്കൊ ഒരു പട്ടിക്കഴിക്കലിനെ പ്രതിപാദിക്കുന്ന പത്രികകൾക്കൊ അപ്പീൽ മെമ്മോറാണ്ഡത്തിനൊ	പണം	പണം	പണം
	൦	൧൦൦	൫
	൧൦൦	൨൦൦	൧൦
	൨൦൦	൩൦൦	൧൫
	൩൦൦	൪൦൦	൨൦
	൪൦൦	൫൦൦	൨൫
	൫൦൦	൬൦൦	൩൦
	൬൦൦	൭൦൦	൩൫
	൭൦൦	൮൦൦	൪൦
	൮൦൦	൯൦൦	൪൫
	൯൦൦	൧,൦൦൦	൫൦
	൧,൦൦൦	൧,൧൦൦	൫൫
	൧,൧൦൦	൧,൨൦൦	൬൦
	൧,൨൦൦	൧,൩൦൦	൬൫
	൧,൩൦൦	൧,൪൦൦	൭൦
	൧,൪൦൦	൧,൫൦൦	൭൫
	൧,൫൦൦	൧,൬൦൦	൮൦
	൧,൬൦൦	൧,൭൦൦	൮൫
	൧,൭൦൦	൧,൮൦൦	൯൦
	൧,൮൦൦	൧,൯൦൦	൯൫
	൧,൯൦൦	൨,൦൦൦	൧൦൦
	൨,൦൦൦	൨,൧൦൦	൧൦൫
	൨,൧൦൦	൨,൨൦൦	൧൧൦
	൨,൨൦൦	൨,൩൦൦	൧൧൫
	൨,൩൦൦	൨,൪൦൦	൧൨൦
	൨,൪൦൦	൨,൫൦൦	൧൨൫
	൨,൫൦൦	൨,൬൦൦	൧൩൦
	൨,൬൦൦	൨,൭൦൦	൧൩൫

വിലയുടെ അനുസരണപ്രകാരമുള്ള ഫീസിന്റെ വിവരം (തുടൎച്ച).

	വ്യവഹാരവിഷയത്തിന്റെ വിലയൊ സംഖ്യയൊ		തീൎപ്പിക്കേണ്ടതായ ഫീ
	താഴെ കാണിച്ചിരിക്കുന്ന തുകയിൽ കവിയുമ്പോൾ	താഴെ കാണിച്ചിരിക്കുന്ന തുകയിൽ കവിയാതെയിരിക്കുമ്പോൾ	
൧. വല്ല സിവിൽകോൎട്ടിലൊ റെവന്യുകോൎട്ടിലൊ കൊടുക്കുന്ന എതിർ ആക്ഷേപഹൎജികളൊ ഈ റെഗുലേഷനിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ആവലാധികളൊ ഒരു തട്ടിക്കഴിക്കലിനെ പ്രതിപാദിക്കുന്ന പത്രികകളൊ അപ്പീൽ മെമ്മോറാണ്ഡത്തിനൊ	പണം	പണം	പണം
	൨,൭൦൦	൨,൮൦൦	൧൪൦
	൨,൮൦൦	൨,൯൦൦	൧൪൫
	൨,൯൦൦	൩,൦൦൦	൧൫൦
	൩,൦൦൦	൩,൧൦൦	൧൫൫
	൩,൧൦൦	൩,൨൦൦	൧൬൦
	൩,൨൦൦	൩,൩൦൦	൧൬൫
	൩,൩൦൦	൩,൪൦൦	൧൭൦
	൩,൪൦൦	൩,൫൦൦	൧൭൫
	൩,൫൦൦	൩,൬൦൦	൧൮൦
	൩,൬൦൦	൩,൭൦൦	൧൮൫
	൩,൭൦൦	൩,൮൦൦	൧൯൦
	൩,൮൦൦	൩,൯൦൦	൧൯൫
	൩,൯൦൦	൪,൦൦൦	൨൦൦
	൪,൦൦൦	൪,൧൦൦	൨൦൫
	൪,൧൦൦	൪,൨൦൦	൨൧൦
	൪,൨൦൦	൪,൩൦൦	൨൧൫
	൪,൩൦൦	൪,൪൦൦	൨൨൦
	൪,൪൦൦	൪,൫൦൦	൨൨൫
	൪,൫൦൦	൪,൬൦൦	൨൩൦
	൪,൬൦൦	൪,൭൦൦	൨൩൫
	൪,൭൦൦	൪,൮൦൦	൨൪൦
	൪,൮൦൦	൪,൯൦൦	൨൪൫
	൪,൯൦൦	൫,൦൦൦	൨൫൦
	൫,൦൦൦	൫,൧൦൦	൨൫൫
	൫,൧൦൦	൫,൨൦൦	൨൬൦
	൫,൨൦൦	൫,൩൦൦	൨൬൫
	൫,൩൦൦	൫,൪൦൦	൨൭൦
	൫,൪൦൦	൫,൫൦൦	൨൭൫
	൫,൫൦൦	൫,൬൦൦	൨൮൦

വിലയുടെ അവസ്ഥാപാലുള്ളഫീസിന്റെ വിവരം (തുടൎച്ച).

	വിവാദവിഷയത്തിന്റെ വിലയൊ സംഖ്യയൊ — താഴെ കാണിച്ചിരിക്കന്ന തുകയിൽ കവിയുമ്പോൾ	വിവാദവിഷയത്തിന്റെ വിലയൊ സംഖ്യയൊ — താഴെ കാണിച്ചിരിക്കന്ന തുകയിൽ കവിയാതെ ഇരിക്കുമ്പോൾ	തിൎപ്പിക്കേണ്ടതായഫീ
൧. വല്ലസിവിൽ കോട്ടിലൊ റെവന്ന്യുകോട്ടിലൊ കെട്ടക്കന്ന എതിർ ആക്ഷേപഹൎജ്ജികൊ ഈറെഗുലേഷനിൽ മററു വിധത്തിൽ വ്യവസ്ഥചെയ്യിട്ടില്ലാത്ത ആവലാധികൊ ഒരു രട്ടികഴിക്കലിനൊ പ്രതിപാദിക്കന്ന പത്രികക്കൊ അപ്പീൽ മെമ്മോറാണ്ഡത്തിനൊ	പണം	പണം	പണം
	൫,൬൦൦	൫,൭൦൦	൨൮൫
	൫,൭൦൦	൫,൮൦൦	൨൯൦
	൫,൮൦൦	൫,൯൦൦	൨൯൫
	൫,൯൦൦	൬,൦൦൦	൩൦൦
	൬,൦൦൦	൬,൧൦൦	൩൦൫
	൬,൧൦൦	൬,൨൦൦	൩൧൦
	൬,൨൦൦	൬,൩൦൦	൩൧൫
	൬,൩൦൦	൬,൪൦൦	൩൨൦
	൬,൪൦൦	൬,൫൦൦	൩൨൫
	൬,൫൦൦	൬,൬൦൦	൩൩൦
	൬,൬൦൦	൬,൭൦൦	൩൩൫
	൬,൭൦൦	൬,൮൦൦	൩൪൦
	൬,൮൦൦	൬,൯൦൦	൩൪൫
	൬,൯൦൦	൭,൦൦൦	൩൫൦
	൭,൦൦൦	൭,൭൦൦	൩൭൮
	൭,൭൦൦	൮,൪൦൦	൪൦൬
	൮,൪൦൦	൯,൧൦൦	൪൩൪
	൯,൧൦൦	൯,൮൦൦	൪൬൨
	൯,൮൦൦	൧൦,൫൦൦	൪൯൦
	൧൦,൫൦൦	൧൧,൨൦൦	൫൧൮
	൧൧,൨൦൦	൧൧,൯൦൦	൫൪൬
	൧൧,൯൦൦	൧൨,൬൦൦	൫൭൪
	൧൨,൬൦൦	൧൩,൩൦൦	൬൦൨
	൧൩,൩൦൦	൧൪,൦൦൦	൬൩൦
	൧൪,൦൦൦	൧൪,൭൦൦	൬൫൮
	൧൪,൭൦൦	൧൫,൪൦൦	൬൮൬
	൧൫,൪൦൦	൧൬,൨൦൦	൭൧൪
	൧൬,൨൦൦	൧൬,൮൦൦	൭൪൨
	൧൬,൮൦൦	൧൭,൫൦൦	൭൭൦

വിലയുടെ അവസ്ഥപോലെയുള്ള ഫീസിന്റെ വിവരം (തുടൎച്ച).

	വിവാദവിഷയത്തിന്റെ വിലയൊ സംഖ്യയൊ		തീൎപ്പിക്കേണ്ടതായ ഫീ
	താഴെ കാണിച്ചിരിക്കുന്ന തുകയിൽ കവിയുമ്പോൾ	താഴെ കാണിച്ചിരിക്കുന്ന തുകയിൽ കവിയാതെ ഇരിക്കുമ്പോൾ	
൧. വല്ല സിവിൽ കോട്ടിലൊ റെവന്യൂ കോട്ടിലൊ കൊടുക്കുന്ന എതിർ ആക്ഷേപപത്രിക്കൊ ഈ റെഗുലേഷനിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ആവലാധിക്കൊ ഒരു തീൎപ്പിനെ പ്രതിപാദിക്കുന്ന പത്രികക്കൊ അപ്പീൽ മെമ്മോറാണ്ഡത്തിനൊ	പണം	പണം	പണം
	൧൭,൫൦൦	൧൮,൨൦൦	൭൯൮
	൧൮,൨൦൦	൧൮,൯൦൦	൮൨൬
	൧൮,൯൦൦	൧൯,൬൦൦	൮൫൪
	൧൯,൬൦൦	൨൦,൩൦൦	൮൮൨
	൨൦,൩൦൦	൨൧,൦൦൦	൯൧൦
	൨൧,൦൦൦	൨൧,൭൦൦	൯൩൮
	൨൧,൭൦൦	൨൨,൪൦൦	൯൬൬
	൨൨,൪൦൦	൨൩,൧൦൦	൯൯൪
	൨൩,൧൦൦	൨൩,൮൦൦	൧,൦൨൨
	൨൩,൮൦൦	൨൪,൫൦൦	൧,൦൫൦
	൨൪,൫൦൦	൨൫,൨൦൦	൧,൦൭൮
	൨൫,൨൦൦	൨൫,൯൦൦	൧,൧൦൬
	൨൫,൯൦൦	൨൬,൬൦൦	൧,൧൩൪
	൨൬,൬൦൦	൨൭,൩൦൦	൧,൧൬൨
	൨൭,൩൦൦	൨൮,൦൦൦	൧,൧൯൦
	൨൮,൦൦൦	൨൮,൭൦൦	൧,൨൧൮
	൨൮,൭൦൦	൨൯,൪൦൦	൧,൨൪൬
	൨൯,൪൦൦	൩൦,൧൦൦	൧,൨൭൪
	൩൦,൧൦൦	൩൦,൮൦൦	൧,൩൦൨
	൩൦,൮൦൦	൩൧,൫൦൦	൧,൩൩൦
	൩൧,൫൦൦	൩൨,൨൦൦	൧,൩൫൮
	൩൨,൨൦൦	൩൨,൯൦൦	൧,൩൮൬
	൩൨,൯൦൦	൩൩,൬൦൦	൧,൪൧൪
	൩൩,൬൦൦	൩൪,൩൦൦	൧,൪൪൨
	൩൪,൩൦൦	൩൫,൦൦൦	൧,൪൭൦
	൩൫,൦൦൦	൩൬,൭൫൦	൧,൫൪൦
	൩൬,൭൫൦	൩൮,൫൦൦	൧,൬൧൦
	൩൮,൫൦൦	൪൦,൨൫൦	൧,൬൮൦
	൪൦,൨൫൦	൪൧,൦൦൦	൧,൭൫൦

വിലയുടെ അവസ്ഥപോലുള്ള ഫീസിന്റെ വിവരം (തുടൎച്ച)

	വിവാദവിഷയത്തിന്റെ വിലയൊ സംഖ്യയൊ		തീൎപ്പിക്കേണ്ടതായ ഫീ
	താഴെ കാണിച്ചിരിക്കുന്ന തുകയിൽ കവിയുമ്പോൾ	താഴെ കാണിച്ചിരിക്കുന്ന തുകയിൽ കവിയാതെയിരിക്കുമ്പോൾ	
൧. വല്ല സിവിൽ കോട്ടിലൊ റെവന്യൂ കോട്ടിലൊ കൊടുക്കുന്ന എതിർ ആക്ഷേപഹൎജികൾക്കൊ ഈ റെഗുലേഷനിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ആവലാധികൾക്കൊ ഒത്ത തട്ടിക്കഴിക്കലിനെ പ്രതിപാദിക്കുന്ന പത്രികക്കൊ അപ്പീൽ മെമ്മോറണ്ടത്തിനൊ	പണം	പണം	പണം
	൪൨,൦൦൦	൪൩,൭൫൦	൧,൮൨൦
	൪൩,൭൫൦	൪൫,൫൦൦	൧,൮൯൦
	൪൫,൫൦൦	൪൭,൨൫൦	൧,൯൬൦
	൪൭,൨൫൦	൪൯,൦൦൦	൨,൦൩൦
	൪൯,൦൦൦	൫൦,൭൫൦	൨,൧൦൦
	൫൦,൭൫൦	൫൨,൫൦൦	൨,൧൭൦
	൫൨,൫൦൦	൫൪,൨൫൦	൨,൨൪൦
	൫൪,൨൫൦	൫൬,൦൦൦	൨,൩൧൦
	൫൬,൦൦൦	൫൭,൭൫൦	൨,൩൮൦
	൫൭,൭൫൦	൫൯,൫൦൦	൨,൪൫൦
	൫൯,൫൦൦	൬൧,൨൫൦	൨,൫൨൦
	൬൧,൨൫൦	൬൩,൦൦൦	൨,൫൯൦
	൬൩,൦൦൦	൬൪,൭൫൦	൨,൬൬൦
	൬൪,൭൫൦	൬൬,൫൦൦	൨,൭൩൦
	൬൬,൫൦൦	൬൮,൨൫൦	൨,൮൦൦
	൬൮,൨൫൦	൭൦,൦൦൦	൨,൮൭൦
	൭൦,൦൦൦	൭൩,൫൦൦	൨,൯൭൫
	൭൩,൫൦൦	൭൭,൦൦൦	൩,൦൮൦
	൭൭,൦൦൦	൮൦,൫൦൦	൩,൧൨൫
	൮൦,൫൦൦	൮൪,൦൦൦	൩,൨൯൦
	൮൪,൦൦൦	൮൭,൫൦൦	൩,൩൯൫
	൮൭,൫൦൦	൯൧,൦൦൦	൩,൫൦൦
	൯൧,൦൦൦	൯൪,൫൦൦	൩,൬൦൫
	൯൪,൫൦൦	൯൮,൦൦൦	൩,൭൧൦
	൯൮,൦൦൦	൧,൦൧,൫൦൦	൩,൮൧൫
	൧,൦൧,൫൦൦	൧,൦൫,൦൦൦	൩,൯൨൦
	൧,൦൫,൦൦൦	൧,൦൮,൫൦൦	൪,൦൨൫
	൧,൦൮,൫൦൦	൧,൧൨,൦൦൦	൪,൧൩൦
	൧,൧൨,൦൦൦	൧,൧൫,൫൦൦	൪,൨൩൫

വിലയുടെ അവസ്ഥപോലുള്ള ഫീസിന്റെ വിവരം (തുടൎച്ച)

	വിവാദവിഷയത്തിന്റെ വിലയുടെ സംഖ്യയോ		ചീട്ടിക്കേണ്ടതായ ഫീ
	താഴെ കാണിച്ചിരിക്കുന്ന തുകയിൽ കവിയുമ്പോൾ	താഴെ കാണിച്ചിരിക്കുന്ന തുകയിൽ കവിയാതെ ഇരിക്കുമ്പോൾ	
൧. വല്ല സിവിൽ കോട്ടിലൊ റെവന്യൂകോട്ടിലൊ കൊടുക്കുന്ന എതിർ ആക്ഷേപഹർജിക്കൊ ഈ റെഗ്ഗുലേഷനിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്യിട്ടില്ലാത്ത ആവലാധിക്കൊ ഒരു തട്ടിക്കഴിക്കലിനെ പ്രതിപാദിക്കുന്ന പത്രികക്കൊ അപ്പീൽ മെമ്മൊറാണ്ഡത്തിനൊ	പണം	പണം	പണം
	൧,൧൫,൫൦൦	൧,൧൯,൦൦൦	൪,൩൪൦
	൧,൧൯,൦൦൦	൧,൨൨,൫൦൦	൪,൪൪൫
	൧,൨൨,൫൦൦	൧,൨൬,൦൦൦	൪,൫൫൦
	൧,൨൬,൦൦൦	൧,൨൯,൫൦൦	൪,൬൫൫
	൧,൨൯,൫൦൦	൧,൩൩,൦൦൦	൪,൭൬൦
	൧,൩൩,൦൦൦	൧,൩൬,൫൦൦	൪,൮൬൫
	൧,൩൬,൫൦൦	൧,൪൦,൦൦൦	൪,൯൭൦
	൧,൪൦,൦൦൦	൧,൪൭,൦൦൦	൫,൧൮൦
	൧,൪൭,൦൦൦	൧,൫൪,൦൦൦	൫,൩൯൦
	൧,൫൪,൦൦൦	൧,൬൧,൦൦൦	൫,൬൦൦
	൧,൬൧,൦൦൦	൧,൬൮,൦൦൦	൫,൮൧൦
	൧,൬൮,൦൦൦	൧,൭൫,൦൦൦	൬,൦൨൦
	൧,൭൫,൦൦൦	൧,൮൨,൦൦൦	൬,൧൬൦
	൧,൮൨,൦൦൦	൧,൮൯,൦൦൦	൬,൩൦൦
	൧,൮൯,൦൦൦	൧,൯൬,൦൦൦	൬,൪൪൦
	൧,൯൬,൦൦൦	൨,൦൩,൦൦൦	൬,൫൮൦
	൨,൦൩,൦൦൦	൨,൧൦,൦൦൦	൬,൭൨൦
	൨,൧൦,൦൦൦	൨,൨൪,൦൦൦	൭,൦൦൦
	൨,൨൪,൦൦൦	൨,൩൮,൦൦൦	൭,൨൮൦
	൨,൩൮,൦൦൦	൨,൫൨,൦൦൦	൭,൫൬൦
	൨,൫൨,൦൦൦	൨,൬൬,൦൦൦	൭,൮൪൦
	൨,൬൬,൦൦൦	൨,൮൦,൦൦൦	൮,൧൨൦
	൨,൮൦,൦൦൦	൨,൯൪,൦൦൦	൮,൪൦൦
	൨,൯൪,൦൦൦	൩,൦൮,൦൦൦	൮,൬൮൦
	൩,൦൮,൦൦൦	൩,൨൨,൦൦൦	൮,൯൬൦
	൩,൨൨,൦൦൦	൩,൩൬,൦൦൦	൯,൨൪൦
	൩,൩൬,൦൦൦	൩,൫൦,൦൦൦	൯,൫൨൦
	൩,൫൦,൦൦൦	൩,൮൫,൦൦൦	൧൦,൨൨൦
	൩,൮൫,൦൦൦	൪,൨൦,൦൦൦	൧൦,൯൨൦

വിലയുടെ അവസ്ഥപോലുള്ള ഫീസിന്റെ വിവരം (തുടച്ച്)

	വിവാദവിഷയത്തിന്റെ വിലയുടെ സംഖ്യാ		തീർപ്പിക്കേണ്ടതായ ഫീ
	താഴെ കാണിച്ചിരിക്കുന്ന തുകയിൽ കവിയുമ്പോൾ	താഴെ കാണിച്ചിരിക്കുന്ന തുകയിൽ കവിയാതെയിരിക്കുമ്പോൾ	
൧. വല്ല സിവിൽ കോട്ടിലൊ റെവന്യൂ കോട്ടിലൊ കൊടുക്കുന്ന എതിർ ആക്ഷേപ ഹർജികൊ ഈ റെഗ്യുലേഷനിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ആവലാധികൊ ഒരു തട്ടുകഴിക്കലിനെ പ്രതിപാദിക്കുന്ന പത്രികക്കൊ അപ്പീൽ മെമ്മോറാണ്ഡത്തിനൊ)	പണം	പണം	പണം
	൪,൨൦,൦൦൦	൪,൫൦,൦൦൦	൧൧,൬൨൦
	൪,൫൦,൦൦൦	൪,൯൦,൦൦൦	൧൨,൩൨൦
	൪,൯൦,൦൦൦	൫,൨൫,൦൦൦	൧൩,൦൨൦
	൫,൨൫,൦൦൦	൫,൬൦,൦൦൦	൧൩,൭൨൦
	൫,൬൦,൦൦൦	൫,൯൫,൦൦൦	൧൪,൪൨൦
